# അമ്മയുടെ തിരുമുമ്പിൽ



ഡോ. കെ. ഭാസ്കരൻ നായർ

Digitized by Kerala Sahitya Akademi

# അമ്മയുടെ തിരുമുമ്പിൽ

Digitized by Kerala Sahitya Akademi

Digitized by Kerala Sahitya Akademi

# അമ്മയുടെ
# തിരുമുമ്പിൽ

AUTHOR'S COPY

**ഡോ. കെ. ഭാസ്കരൻനായർ**

പ്രസാധകർ:
മാതൃഭൂമി പ്രിൻറിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനി
ലിമിററഡ്, കോഴിക്കോട് — 673 001

1989 വില 30.00

Digitized by Kerala Sahitya Akademi

ഒന്നാം പതിപ്പ് 1989 ഏപ്രിൽ

All Rights Reserved

*Title: AMMAYUTE TIRUMUMBIL*
*Author: Dr. K. Bhaskaran Nair*

*Cover: Madanan*

*Price: Rs. 30.00*

*Printed by P. V. Chandran at the Mathrubhumi*
*M. M. Press, Calicut-1*

*Publishers:*
*The Mathrubhumi Printing & Publishing Co. Ltd.,*
*Calicut-673 001*

*April 1989*

Digitized by Kerala Sahitya Akademi

# അവതാരിക

ഡോ. കെ. ഭാസ്കരൻനായർ തൻെറ ജീവിതസായാഹ്നത്തിൽ (1970—'82) എഴുതിയ പത്തുലേഖനങ്ങളാണ് ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നത്. ഇവയിൽ മിക്കതിലും സ്വന്തം അനുഭവങ്ങളും വീക്ഷണഗതികളുമാണ് ഗ്രന്ഥകർത്താവ് വിവരിക്കുന്നത്. താൻ ജനിച്ചുവളന്ന ഇടയാറന്മുള എന്ന ഗ്രാമത്തിലെ ജീവിതത്തിലും, ആളുകളുടെ മനോഭാവത്തിലും ഉണ്ടായിവന്ന മാററങ്ങൾ അദ്ദേഹം വ്യക്തമായി കണ്ടു. പുരോഗതിയുടെ പേരിൽ വന്ന ഈ മാററങ്ങൾ ആ ഗ്രാമത്തിലെ ജീവിതത്തെ കുറേയൊക്കെ എളുപ്പവും സുഖപ്രദവും ആക്കിയെങ്കിലും, അതോടൊപ്പംതന്നെ സാംസ്കാരികവും ആധ്യാത്മികവുമായ അധഃപതനത്തിനും അവ വഴി തെളിച്ചു. ഭൗതികപുരോഗതിയുടെ ഈ മറുവശം അദ്ദേഹത്തെ വളരെയധികം വേദനിപ്പിച്ചു; കാരണം, പണം കൊടുത്തു വാങ്ങാൻ കഴിയാത്ത ചില കാര്യങ്ങളാണ് ഈ ജീവിതത്തിൽ അനല്പമായ ചാരിതാത്ഥ്യവും ധന്യതയും കലർത്തുന്നത്. അവയില്ലെങ്കിൽ ജീവിതം തുച്ഛവും സ്വപ്നസന്നിഭവുമാണെന്നു് അദ്ദേഹം കണ്ടു. തൻെറ അനുഭവങ്ങളേയും അടിയുറച്ച വിശ്വാസങ്ങളേയും ആസ്പദമാക്കി ലളിതവും മധുരവുമായ ഭാഷയിൽ എഴുതിയ ഈ ലേഖനങ്ങളിലാണ് ഗ്രന്ഥകർത്താവിൻെറ ഭാഷാനൈപുണ്യം ഏററവും വ്യക്തമായി കാണുന്നത്.

ശ്രീരാമകൃഷ്ണപരമഹംസൻ, ശ്രീ ചട്ടമ്പിസ്വാമികൾ മഹാകവി കുഞ്ഞിരാമൻനായർ എന്നിവരെപ്പററിയുള്ള ലേഖനങ്ങൾ ആഴ്ചപ്പതിപ്പുകളിലും മാസികകളിലും പ്രസിദ്ധപ്പെടുത്തിയപ്പോൾ വളരെപ്പേർ അവയെ പ്രശംസിക്കുകയുണ്ടായി. ഈ മഹാപുരുഷന്മാരുടെ സ്മരണയെ പുനരുജ്ജീവിപ്പിക്കുവാനും തന്മൂലം മാനുഷികമൂല്യങ്ങളോടു പൊതുവെ കാണുന്ന അവഗണന അല്പമൊന്നു കുറയ്ക്കുവാനും അവ കാരണമാകുമെന്ന വിശ്വാസത്തോടെ ലേഖനങ്ങൾ വീണ്ടും പൊതുജനസമക്ഷം സമർപ്പിക്കുന്നു.


—ബി. രാധാകൃഷ്ണൻ

Digitized by Kerala Sahitya Akademi

# ഉള്ളടക്കം


| | | |
|---|---|---|
| 1 | ഇന്നത്തെ രാജധർമ്മം | 1 |
| 2 | ആധുനികലോകത്തിൻെറ ശാപം | 9 |
| 3 | മായാദുഃഖം | 17 |
| 4 | അമ്മയുടെ തിരുമുമ്പിൽ | 31 |
| 5 | നാട്ടിൻപുറത്ത് | 65 |
| 6 | ശ്രീ ചട്ടമ്പിസ്വാമികരം | 98 |
| 7 | മാമ്മൻ പറഞ്ഞ കഥ | 108 |
| 8 | ശ്രീരാമകൃഷ്ണപരമഹംസൻ | 123 |
| 9 | അവധൂതനായ മഹാകവി | 129 |
| 10 | അഞ്ചിൽ ഒന്ന് | 136 |


Digitized by Kerala Sahitya Akademi



ഡോക്ടർ കെ. ഭാസ്കരൻനായർ

Digitized by Kerala Sahitya Akademi

Digitized by Kerala Sahitya Akademi

# ഇന്നത്തെ രാജധർമ്മം

നമ്മുടെ നാട്ടിൽ രാജവാഴ്ചയും രാജപ്രമുഖവാഴ്ചയും അവസാനിച്ചു. ജനങ്ങൾ തിരഞ്ഞെടുത്ത മന്ത്രിമാരുടെ ഭരണം തുടങ്ങിയ കാലത്ത് എനിക്കുണ്ടായ ഒരനുഭവം പറയട്ടെ. അന്ന് ഞാൻ ഒരു കോളേജദ്ധ്യാപകനായിരുന്നു. വിദ്യാഭ്യാസവകുപ്പിന്റെ ചുമതല വഹിച്ച മന്ത്രിയുടെ പാർട്ടിയിൽപ്പെട്ട പ്രമാണിയായ ഒരു നിയമസഭാംഗം എന്നെ കാണാൻ വന്നു. എനിക്ക് അദ്ദേഹത്തെ അല്പ സ്വല്പം പരിചയമുണ്ട്. ഞങ്ങൾ ഒരേ കാലത്താണ് കോളേജിൽ പഠിച്ചത്. അദ്ദേഹം അന്നുതന്നെ രാഷ്ട്രീയ പ്രവർത്തനം തുടങ്ങുകയും ശരിയായി പഠിക്കുവാനോ പഠിത്തം പൂർത്തിയാക്കുവാനോ കഴിയാതെ പിരിയുകയും ചെയ്തു. അതിനുശേഷം ഈ സംഭവം നടന്നപ്പോഴാണ് തമ്മിൽ കണ്ടത്. രാഷ്ട്രീയക്കാരൻ കോളേജദ്ധ്യാപകനെ കാണാൻ വന്നത് വിദ്യാലയങ്ങൾ തുറന്നപ്പോഴാണെന്നും ഏതോ വിദ്യാർത്ഥിയുടെ പ്രവേശനം സംബന്ധിച്ചാണെന്നും പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. ഇവിടെ വിദ്യാർത്ഥി നിയമസഭാംഗത്തിന്റെ മകൻതന്നെ ആയിരുന്നു. അയാൾക്ക് എം. എസ്സി. ക്ലാസ്സിൽ ചേരണം. ബി. എസ്സി. പരീക്ഷയിൽ 'ഉന്നത രണ്ടാംക്ലാസ്' കിട്ടിയിട്ടുണ്ട്. വെറും രണ്ടാംക്ലാസ്സായാലും പ്രവേശനം കിട്ടും. അതാണ് അടിസ്ഥാന യോഗ്യത. എം. എൽ. എ. വന്ന സമയത്ത് പ്രവേശനത്തിനുള്ള അപേക്ഷകൾ വന്നുതുടങ്ങിയിട്ടേയുള്ളു. ഞങ്ങൾ അല്പം പൂർവ്വകഥകളും കൂടുതൽ സമകാലീന ചരിത്രവും പറഞ്ഞശേഷം അദ്ദേഹം വന്ന കാര്യത്തിൽ പ്രവേശിച്ചു. ഞാൻ സ്ഥിതിവിവരങ്ങളെല്ലാം വിസ്തരിച്ചു പറഞ്ഞു. ആകപ്പാടെ ആറു സീറേറയുള്ളു. മററ് കോളേജുകളിലെങ്ങും ഈ വിഷയത്തിൽ എം. എസ്സി. കോഴ്സ് ഇല്ലാത്തതുകൊണ്ട് വളരെ

Digitized by Kerala Sahitya Akademi

യധികം അപേക്ഷകരുണ്ടാകും. അവരിൽനിന്ന് മുൻ പരീക്ഷയ്ക്ക് കിട്ടിയ മാക്കിൻെറ അടിസ്ഥാനത്തിൽ തിര ഞ്ഞെടുപ്പ് നടത്തേണ്ടതു് എങ്ങനെയെന്നു വിശദമായി നിർദ്ദേശിച്ചിട്ടുണ്ട്. അതുപ്രകാരം എല്ലാ അപേക്ഷകളും പരിഗണിച്ചതിനുശേഷമേ പ്രവേശനം കിട്ടുമോ എന്ന് പറയുവാൻ സാധിക്കുകയുള്ളു. ഇത് സർക്കാരു നടത്തുന്ന കോളേജായതുകൊണ്ട് ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധി ക്കേണ്ടതുണ്ടെന്ന് എടുത്തു പറയേണ്ടതില്ലല്ലോ.

എം. എൽ. എ. ഇതെല്ലാം ഒരു ചെവികൊണ്ടേ കേട്ടുള്ളു എന്നു് തോന്നി. അദ്ദേഹം പോകാനായി എഴു ന്നേററപ്പോൾ ഇങ്ങനെ പറഞ്ഞു. 'അതെല്ലാം നടക്കട്ടെ. എങ്ങനെയായാലും അഡ്മിഷൻ കൊടുക്കണം. അവൻ നല്ലപോലെ പഠിച്ച് ജയിക്കുകയും വേണം. അവൻെറ പേരും മററ് വിവരങ്ങളും ഈ കടലാസ്സിലുണ്ട്. അടുത്ത മാസം ആദ്യം അവനെത്തന്നെ ഇങ്ങോട്ടയയ്ക്കാം. എനിക്ക് വരാൻ സൗകര്യപ്പെടുമെന്നു തോന്നുന്നില്ല. ഞാൻ മന്ത്രി യെക്കൂടി കണ്ടിട്ടേ മടങ്ങിപ്പോവുകയുള്ളു. അദ്ദേഹത്തോടും ഇക്കാര്യം പറഞ്ഞേയ്ക്കാം.' ശരി, നമസ്തേ. യാത്രയും പറഞ്ഞു.

അപേക്ഷയ്ക്കുള്ള അവസാനത്തീയതി കഴിഞ്ഞു. ആക പ്പാടെ നൂററിയൻപതു് അപേക്ഷകളുണ്ടായിരുന്നു. എല്ലാം കൂടി ആപ്പീസിൽനിന്ന് എനിക്ക് അയച്ചുതന്നു. ഞാനും മററ് അദ്ധ്യാപകരും കൂടിയിരുന്ന്, വലിയ കടലാസുക ളിൽ വരയിട്ട് ഓരോ അപേക്ഷകൻേറയും പേരും മാർക്കും മററ് വിവരങ്ങളും അംഗീകൃത വ്യവസ്ഥയനുസരിച്ചു എഴു തിക്കൂട്ടി. മാക്കിൻെറ അടിസ്ഥാനത്തിൽ പ്രവേശന ത്തിന്ന് വിളിക്കേണ്ട ക്രമത്തിൽ പട്ടികയുണ്ടാക്കി. അതിൽ എ. എൽ. എ.യുടെ മകൻ എഴുപതാമത്തെ സ്ഥാ നത്തായിരുന്നു. അടുത്ത ദിവസം ആ വിദ്യാർത്ഥി അച്ഛൻെറ ഒരു കുറിപ്പുംകൊണ്ട് എന്നെ വന്നുകണ്ടപ്പോൾ യഥാർത്ഥ വിവരങ്ങളെല്ലാം ഞാൻ പറഞ്ഞുകേൾപ്പിച്ചു. അയാൾക്ക് വലിയ നിരാശയും സങ്കടവും ഉണ്ടായെങ്കിലും വസ്തുസ്ഥിതി ശരിക്കും ഗ്രഹിച്ച് എൻെറ നിസ്സഹായത

Digitized by Kerala Sahitya Akademi

മനസ്സിലാക്കിയതുപോലെ തോന്നി. എന്നല്ല, വേറെ ഏതു കോഴ്സിനു പോകാമെന്ന് ചോദിക്കുകയും ഉപരി പഠനത്തിന്റെ കാര്യത്തിൽ എന്റെ ഉപദേശങ്ങൾ അഭ്യേർത്ഥിക്കുകയുംചെയ്തു. അയാളോട് വളരെ സ്നേഹത്തിൽ പെരുമാറി സമാധാനിപ്പിച്ച് പറഞ്ഞയച്ചു എന്നാണ് ഞാൻ കരുതിയത്. പക്ഷേ ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ അച്ഛനും മകനുംകൂടി വീണ്ടും വന്നു. മകന്റെ മുഖത്ത് അന്നത്തെ നിരാശയും സങ്കടവും തന്നെ തങ്ങിനില്ക്കുന്നതായി കണ്ടു. എങ്കിലും, അച്ഛൻ വലിയ കോപത്തിലും ക്ഷോഭത്തിലുമാണ് പ്രത്യക്ഷപ്പെട്ടത്. ജനപ്രതിനിധിയും ഭരണകക്ഷിയിൽ പെട്ടവനുമായ തന്റെ മകന് 'ഒരു കോളേജഡ്മിഷൻ' കിട്ടുകയില്ലെങ്കിൽപിന്നെ എന്താണ് ഈ സ്വാതന്ത്ര്യത്തിന്റെയും സംവിധാനത്തിന്റെയുമെല്ലാം അർത്ഥം? രാജവാഴ്ച്ചക്കാലത്ത് ഇവിടെ ഇതുപോലെയുള്ള പല അനീതികളും നടക്കുമായിരുന്നു. നടന്നിട്ടുമുണ്ട്. പക്ഷേ അതൊന്നും ഇനിമേൽ സാധിക്കുകയില്ല. ഇവന് അഡ്മിഷൻ കൊടുക്കുമോ ഇല്ലയോ എന്ന് അറിയാനാണ് ഞാൻ വന്നിരിക്കുന്നത്.' എന്ന് അദ്ദേഹം ദൃഢസ്വരത്തിൽ പറഞ്ഞു.

ഒരു രക്ഷാകാർത്തവിന്റെ മനോവേദനയും പുതിയതായി കിട്ടിയ ഭരണാധികാരത്തിന്റെ അതിമോഹങ്ങളും മനസ്സിലാക്കുവാൻ കഴിവുണ്ടായിരുന്നതുകൊണ്ട് എനിക്കു ഒരു ക്ഷോഭവും ഉണ്ടായില്ല. ശാന്തതയും സൗമനസ്യവും കൈവിടാതെ ഞാൻ മറുപടി പറഞ്ഞു. 'അഡ്മിഷൻ കൊടുക്കുകയല്ല, കിട്ടുകയാണ്. ഇത് കോളേജധികാരികളുടെ ഇഷ്ടദാനമല്ല. പൊതുമുതൽ ചെലവഴിച്ച് നടത്തുന്ന ഇതുപോലെയുള്ള ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ഞങ്ങൾക്ക് പൊതുജനങ്ങളുമായി നേരിട്ട് ഇടപെടേണ്ടിവരുന്ന സന്ദർഭം ഇത് മാത്രമാണ്. അതിൽ അനീതിയും പരാതിയും ഉണ്ടാകരുതെന്ന് കരുതിത്തന്നെയാണ് എല്ലാവരും പ്രവർത്തിക്കുന്നത്. ഏററവും നീതിപൂർവ്വകമായ ചട്ടങ്ങളാണ് ഇക്കാര്യത്തിൽ ഉണ്ടാക്കിയിരിക്കുന്നത്. അതെല്ലാംരാ ജവാഴ്ച്ചക്കാലത്തേ ഉള്ളതുമാണ്.

Digitized by Kerala Sahitya Akademi

ഇന്നോ ഇന്നലയോ ഉണ്ടാക്കിയതല്ല. ഇതാ നോക്കണം. 'ഞാൻ അപേക്ഷകരുടെ മാക്കം മററും എഴുതിയ പട്ടിക യെടുത്ത് അദ്ദേഹത്തിൻെറ മുൻപിൽ വെച്ചു. മകൻെറ മാക്കനുസരിച്ചുള്ള സ്ഥാനം കാണിച്ചുകൊടുത്തു. 'കൂടുതൽ മാക്കുള്ള അപേക്ഷകർക്കു കൊടുക്കാതെ ഈ വിദ്യാത്ഥിക്കു പ്രവേശനം കൊടുത്താൽ അത് അവരോട് ചെയ്യുന്ന അനീതിയല്ലേ? അവക്കതു് സഹിക്കുമോ' എന്ന് ചോദിച്ചു. അദ്ദേഹം കടലാസുകരം രണ്ടുമൂന്നു പ്രാവശ്യം തിരിച്ചും മറിച്ചും നോക്കിയെങ്കിലും എൻെറ വാദഗതിയോ അതിൻെറ അടിസ്ഥാനത്തിലുള്ള രേഖകളോ ഗ്രഹിക്കുവാൻ ശ്രമിച്ചില്ല. അതെല്ലാം അപ്രസക്തമാണ് എന്ന് മുഖഭാവത്താൽ സൂചിപ്പിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു. 'ഈ കടലാസുകൊണ്ടുള്ള കളിയാണ് രാജ്യത്തെ നശിപ്പിച്ചതു്. ചുവപ്പുനാട! ഏതു കാര്യത്തിലും ചുവപ്പുനാട! ഇതു മാറണം. മാററണം. അതു സാധിക്കുമോ എന്നാണ് ഞങ്ങരം നോക്കുവാൻ പോകുന്നതു്. അപ്പോരം ഇവനു് അഡ്മിഷൻ കൊടുക്കാൻ ഒരു വഴിയുമില്ല, അല്ലേ? ഞാൻ പോകുന്നു.' •

നിസ്സാരമെന്ന് തോന്നാവുന്ന ഈ സംഭവമാണ് രാജ്യഭരണത്തെപ്പററി — രാജധമ്മത്തെപ്പററി — ചിന്തിക്കുവാൻ എന്നെ ആദ്യമായി പ്രേരിപ്പിച്ചതു്. എല്ലാവരും ശപിക്കുന്ന ഈ ചുവപ്പുനാടയാണ് സത്യത്തിൽ, ഈ രാജ്യത്ത് പൊതുകാര്യങ്ങളിൽ ഇത്രയുമെങ്കിലും ധമ്മാനുഷ്ഠാനത്തെയും നീതിപാലനത്തെയും നിലനിത്തുന്നതു്. പക്ഷേ നമ്മുടെ കഥാനായകനായ ജനപ്രതിനിധിക്ക് അതു് താൻ ഉദ്ദേശിച്ച കാര്യം സാധിക്കുന്നതിന്ന് തടസ്സമായിത്തീൻ. അതുകൊണ്ടു് അദ്ദേഹം അതിനെ ആക്ഷേപിച്ചു. അദ്ദേഹത്തിൻെറ പുത്രൻ മാക്കിൻെറ കാര്യത്തിൽ പത്താംസ്ഥാനത്ത് നിൽക്കുകയും, അയാളെ വിഗണിച്ചുകൊണ്ടു് എഴുപതാം സ്ഥാനത്തുള്ള മറെറാരു അപേക്ഷകനെ കോളേജിൽ പ്രവേശിക്കുകയും ചെയ്തെങ്കിൽ എന്തായിരിക്കും കോലാഹലം! 'ഇതിന് റൂളും ചട്ടവും രേഖയും ഒന്നുമില്ലേ? എൻെറ മകനെക്കാരം എത്രയോ കുറഞ്ഞ

Digitized by Kerala Sahitya Akademi

മാക്കുള്ള മററൊരു വിദ്യാൎത്ഥിക്ക് പ്രവേശനം കൊടുത്ത തായി അറിഞ്ഞല്ലോ. അതിൻെറ ന്യായമെന്തെന്നു എനിക്കറിയണം' എന്നായിരിക്കും അപ്പോഴത്തെ വാദം. 'അഡ്മിഷൻ കാര്യത്തിന് റൂളും രേഖയു യുമെല്ലാം എന്തിന്? അടിസ്ഥാനയോഗ്യതയുണ്ടെ ങ്കിൽ പ്രവേശനം കൊടുക്കാം, മറേറ അപേക്ഷകന് അതു ണ്ടായിരുന്നു, കൊടുത്തു. അത്രതന്നെ' എന്ന് ഉത്തരം പറഞ്ഞാൽ 'ഇത് നിങ്ങളുടെ തറവാട്ടുകാര്യമൊന്നുമല്ല, ഇഷ്ടംപോലെ കൊടുക്കാനും കൊടുക്കാതിരിക്കാനും. ഞാനിത് വിടാൻ പോകുന്നില്ല. ഈ രാജ്യത്ത് കേഴ് പ്പോരും കേഴ്വിയും ഉണ്ടോ എന്നും നീതിയും ന്യായവും നടക്കുമോ എന്നും നോക്കാൻ പോവുകയാണ്.' എന്നായി രിക്കും അടുത്ത പടി.

അന്നത്തെ കാര്യവും അദ്ദേഹം അവിടെ നിർത്തി യില്ല. മന്ത്രിയെ കണ്ടു. പരാതി പറഞ്ഞു. ഞങ്ങളുടെ കോളേജിലെ അഡ്മിഷൻ രീതികളെല്ലാം കുഴപ്പത്തിലാ ണെന്ന് അക്ഷേപിച്ചു. ഒരു വ്യക്തിയുടെയും ഒരു വിഷ യത്തിൻെറയും കാര്യം എടുത്തുചോദിക്കുന്നത് ശരിയ ല്ലെന്നു തോന്നിയതുകൊണ്ടാവാം എം. എസ്സി. കോഴ്സിന് ഓരോ വിഷയത്തിലും എത്ര സീററുവീതം ഉണ്ടെന്നും ഓരോന്നിലും ഏതടിസ്ഥാനത്തിലാണ് കുട്ടി കളെ ചേർക്കുന്നതെന്നും ഉടനെ അറിയിക്കുവാൻ കോളേ ജിലേയ്ക്കു് എഴുതിവന്നു. എത്രയോ വർഷങ്ങളായി അംഗീ കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നിയമാവലി യുടെ പകർപ്പോടുകൂടി എല്ലാ വിവരങ്ങളും ചേർത്ത് വിശദമായ മറുപടി പ്രിൻസിപ്പാൾ അയച്ചുകൊടുത്തു. അപ്പോൾ ആ നിയമാവലി ഗവർമ്മെണ്ട് നിർമ്മിച്ച താണോ എന്നും ആണെങ്കിൽ അതിൻെറ റഫറൻസ് ഏതെന്നും ചോദിച്ചു. സംഗതിവശാൽ ഈ ചോദ്യ ത്തിന് മറുപടി അയയ്ക്കേണ്ട ഭാരം എൻെറ തലയി ലാണ് വന്നു വീണത്. ഈ എഴുത്തുകുത്തിൻെറ ഉൽഭവം ഊഹിക്കുവാൻ സാധിച്ചതുകൊണ്ട് ഞാൻ നല്ലതുപോലെ ആലോചിച്ചുതന്നെ മറുപടി എഴുതി. അതിൻെറ ഏക

Digitized by Kerala Sahitya Akademi

ദേശരൂപം ഇതായിരുന്നു. 'ഒരു കോളേജിൽ വിദ്യാത്ഥി കളെ ചേർക്കുവാൻ പ്രിൻസിപ്പാളിന് പൂണ്ണമായ അധി കാരമുണ്ട്. അതിനായി ഗവർമ്മെണ്ടിൽനിന്ന് നിയമാ വലി നിമ്മിക്കുവാൻ ആവശ്യപ്പെടേണ്ട കാര്യമില്ല. വിദ്യാത്ഥിക്ക് അടിസ്ഥാനയോഗ്യതയുണ്ടോ എന്നു മാത്രമേ നോക്കേണ്ടതുള്ളു. സ്വകാര്യ ഉടമയിലുള്ള കോളേ ജുകഠം അങ്ങനെയാണ് ചെയ്യുവരുന്നത്. പക്ഷേ കഴി ഞ്ഞ കുറേ വർഷങ്ങളായി പല വിഷയങ്ങഠംക്കും സീററു ള്ളതിൽ കൂടുതൽ അപേക്ഷകരുണ്ടായപ്പോഠം അവരിൽ നിന്ന് തിരഞ്ഞെടുപ്പു നടത്തുന്നതിന് കോളേജധികൃതർ തന്നെ നിമ്മിച്ച നിയമാവലിയാണിത്. ഇതിലെ വ്യവസ്ഥകഠം ഏററവും നീതിപൂർവകമാണെന്ന് ഈ നിയമാവലി ആദ്യം നിമ്മിച്ചവരും ഇന്നുള്ളവരും കരു തുന്നു. ആറു സീററുള്ള ഒരു ഗ്രൂപ്പിൽ 150 അപേക്ഷകരു ണ്ടാകുമ്പോഠം മാർക്കിൻെറ മുറയനുസരിച്ച് ആറാംസ്ഥാന ത്തു നില്ക്കുന്ന അപേക്ഷകനെ തള്ളിയിട്ട് എഴുപതാം സ്ഥാനംമാത്രം കിട്ടിയവനെ പ്രവേശിപ്പിക്കുന്നത് അധ ർമ്മമാണെന്ന് പറയേണ്ടതില്ലല്ലോ. അങ്ങനെയുള്ള അന്യായം ഉണ്ടാകാതിരിക്കുന്നതിനുള്ള മുൻകരുതലാ ണിത്. ഈ നിയമാവലിക്കു കുററമോ കുറവുകളോ ഉള്ള തായി ബഹുമാനപ്പെട്ട ഗവമ്മെണ്ട് കരുതുന്നു എങ്കിൽ അവയെ ഒഴിവാക്കുന്ന റൂളുകഠം സദയം നിമ്മിച്ച് അയച്ചു തരുവാൻ അപേക്ഷിക്കുന്നു.'

പിന്നെ എന്തു നടന്നു എന്ന് അറിവില്ല. എം. എൽ. എ. അതിനുശേഷം വന്നില്ല. എന്നു തന്നെയല്ല, അടുത്ത വിദ്യാലയവർഷം ആരംഭിക്കാറായപ്പോഠം ഞങ്ങഠം അയച്ചുകൊടുത്ത നിയമാവലി അതേപടി സക്കാ റിൻെറ കീഴിലുള്ള എല്ലാ കോളേജുകഠംക്കും ബാധകമാ ക്കിക്കൊണ്ട് ഗവമ്മെണ്ടുതന്നെ ഉത്തരവിടുകയും ചെയ്യു. നിയമദേവതയെ കണ്ണുംകെട്ടി ത്രാസ്സും പിടിച്ചുനില്ക്കുന്ന സ്ത്രീരൂപത്തിൽ സങ്കല്പിച്ചിരിക്കുന്നതിൻെറ അത്ഥം എല്ലാ ഭരണാധികാരികളും മനസ്സിലാക്കിയിരിക്കേ ണ്ടത് അത്യാവശ്യമാണ്. സാമൂഹികജീവിതം എതിർ

Digitized by Kerala Sahitya Akademi

പ്പുകളും പ്രതിഷേധങ്ങളും അവയെക്കാരം ശക്തിയുള്ള നിശ്ശബ്ദശാപങ്ങളും ഇല്ലാതെ തൃപ്തികരമായി നില നില്ക്കണമെങ്കിൽ, ബന്ധുവെന്നോ ശത്രുവെന്നോ ഉള്ള ഭേദ ബുദ്ധിയില്ലാതെ എല്ലാവർക്കും ഒരുപോലെ നീതിലഭി ക്കണം; ലഭിക്കുന്നു എന്ന് ജനങ്ങരംക്ക് ബോധ്യമാവു കയും വേണം. ഒരു വ്യക്തിക്കോ ഒരു വിഭാഗത്തിനോ ഗുണം ചെയ്യുന്നതല്ല ഭരണരീതി, അഥവാ രാജധമ്മം. അങ്ങനെ സഹായിക്കുകയും ആനുകൂല്യങ്ങരം നൽകുകയും ചെയ്യേണ്ട കടപ്പാടുകരം ഭരണാധികാരികരംക്ക് ഉണ്ടാ കാം. ബഹുകക്ഷിരാഷ്ട്രീയത്തിൽ അവ ഉണ്ടാകുമെന്നത് തീർച്ചയുമാണ്. എങ്കിലും അത് ചെയ്യുന്നതിനാണ് അധികാരസ്ഥാനത്ത് അവരോധിക്കപ്പെട്ടിരിക്കുന്നത് എന്ന് സങ്കല്പിക്കുന്നതാണ് ആപത്ത്. ആരുടേയും ശുപാർശ കേരംക്കാത്തതുകൊണ്ടാണ് സ്വന്തം പാർട്ടി യിൽനിന്നുപോലും തന്റെ നേർക്ക് എതിർപ്പും വിമർശ നവും ഉണ്ടാകുന്നതെന്ന് നമ്മുടെ നാട്ടിലെ ഒരു മന്ത്രിക്ക് ഒരിക്കൽ പറയേണ്ടിവന്നു. അപ്പോരം പാർട്ടിക്കാർ പ്രത്യുത്തരം നൽകി 'ശുപാർശ കേരംക്കുവാനാണ് തങ്ങ ളിൽ ഒരാളെ കൊടിവച്ച കാറും കൊട്ടാരംപോലെയുള്ള വീടും കൊടുത്ത് മന്ത്രിയായി വാഴിച്ചിരിക്കുന്നത്. പാലം കെട്ടണമെന്നും റോഡ് വെട്ടണമെന്നും സ്കൂള് വേണ മെന്നും ആശുപത്രി സ്ഥാപിക്കണമെന്നും തൊഴിൽ കൊടു ക്കണമെന്നും പറയുന്നത് നിയമവിരുദ്ധമാകുമോ? അതാണ് നിയമമെങ്കിൽ സായിപ്പിന്റെയും രാജാവി ന്റെയും ഭരണവും സ്വാതന്ത്ര്യവും തമ്മിൽ എന്താണ് വ്യത്യാസം? ചിലരുടെ ശുപാർശകരം സ്വന്തം കാര്യം നേടുവാനുള്ളവയായിരിക്കാം. എന്നാൽതന്നെ എന്താണ് ദോഷം? അവര് മറ്റെങ്ങുനിന്നും വന്നവരല്ല. രാജ്യ ത്തിന്റെ അധീശന്മാരെന്നു പറയുന്ന പൊതുജനത്തിന്റെ ഭാഗംതന്നെയാണ്. വോട്ടുള്ളവരും അതു മന്ത്രിക്കുവേണ്ടി വിനിയോഗിച്ചവരുമാണ്. സ്വാതന്ത്ര്യത്തിന്റെ ഗുണ ഫലങ്ങരം ലഭിക്കുവാൻ അവർക്കും അവകാശമുണ്ട്.'

Digitized by Kerala Sahitya Akademi

ഇങ്ങനെയാണ് ജനകീയഭരണത്തിലെ ന്യായവാദങ്ങളും അവകാശവാദങ്ങളും പോകുന്നത്.

മനുഷ്യരോടുമാത്രമേ ഉത്തരവാദിത്വമുള്ളു. അവരോടുമാത്രമേ സമാധാനം പറയേണ്ടതുള്ളു എന്ന് വിശ്വസിക്കുന്ന പുതിയ രാജധർമ്മത്തിൻെറ ഏററവും വലിയ ദോഷം ഇതാകുന്നു. ഭൂരിപക്ഷത്തെ എങ്ങനെയെങ്കിലും സംതൃപ്തരാക്കി അടക്കിനിർത്തിയാൽ ഒന്നും പേടിക്കാനില്ല എന്ന വിചാരം ഭരണാധികാരികളെ അന്ധരാക്കുന്നു. നന്മതിന്മകളെപ്പററിയുള്ള ചിന്തപോലും ഇല്ലാതാകുന്നു. 'ഏററവും കൂടുതൽ ആളുകളുടെ ഏററവും വലിയ നന്മ എന്ന ആദർശം നിരാക്ഷേപമാണെന്നു തോന്നും. അതിൻെറ ആപത്ത് കിടക്കുന്നത് നന്മ' എന്തെന്നുള്ള സങ്കല്പത്തിലാണ്. സ്വാർത്ഥപൂർത്തിക്കുള്ള സൗകര്യം ലഭിക്കുന്നതാണ് നന്മ എന്ന് നിർവചിച്ചാൽ അതുകൊണ്ട് ദോഷമേ ഉണ്ടാവുകയുള്ളു. നിർഭാഗ്യവശാൽ ഫലത്തിലെങ്കിലും ആ നിർവചനമാണ് ആധുനികലോകം സ്വീകരിക്കുവാൻ ഇടയായിരിക്കുന്നത്. അതിൻെറ മഹാദുഃഖം മനുഷ്യവർഗം അനുഭവിക്കുകയും ചെയ്യുന്നു. നാമെല്ലാം ഒരിക്കലും ഒന്നുകൊണ്ടും തൃപ്തിവരാത്ത തിര്യക്കുകളായി രൂപാന്തരപ്പെട്ടിരിക്കുകയാണ്. നേരെമറിച്ച്, മനുഷ്യൻെറ ഇഷ്ടാനിഷ്ടങ്ങൾക്ക് അതീതമായി നിൽക്കുന്ന ഒരു അലൗകിക ശക്തിയോട് ഓരോ കർമ്മത്തിനും ഉത്തരവാദപ്പെട്ടിരിക്കുന്നു എന്നും, ആ ദൈവനീതിക്ക് ദാക്ഷിണ്യമില്ലെന്നും വിശ്വസിക്കുന്ന രാജധർമ്മം, സത്യസന്ധവും ആദർശനിഷ്ഠവുമാണെങ്കിൽ, ഭൂരിപക്ഷത്തെ മാത്രമല്ല ജനസഞ്ചയത്തെ മുഴുവനും അന്തർനേത്രങ്ങൾക്കുമുമ്പിൽ കണ്ടുകൊണ്ടേ ഏതുകാര്യവും ചെയ്യുകയുള്ളു. പതിനായിരംപേർക്ക് ഉയർന്ന വേതനമുള്ള തൊഴിലു കിട്ടും. അവരുടെ പിൻതുണ നേടാം, അത്രയും ഐശ്വര്യം കൈവരുത്താം എന്നു കണ്ട് പ്രകൃതിദത്തമായ വനമെല്ലാം വെട്ടിത്തെളിച്ച് മരമരച്ചു തുണിയുണ്ടാക്കുന്ന വൻകിട വ്യവസായം തുടങ്ങുകയും അത് പുരോഗതിയാണെന്നും രാജ്യത്തിന് നന്മയാണെന്ന് അഭിമാനിക്കുകയും

Digitized by Kerala Sahitya Akademi

തെരഞ്ഞെടുപ്പുകാലത്ത് ആ വ്യവസായംകൊണ്ട് ലാഭമുണ്ടാക്കുന്ന മുതലാളിമാരോട് ദശലക്ഷക്കണക്കിൽ സംഭാവന വാങ്ങുകയും, അതേ സമയം ആ വ്യവസായത്തിൽ നിന്ന് വിസർജ്ജിക്കപ്പെടുന്ന ഭയങ്കരമായ വിഷദ്രവ്യങ്ങൾ ഭൂമിയെയും ജലത്തെയും ദൂഷിപ്പിക്കുകയും ആ പ്രദേശത്ത് താമസിക്കുന്ന ലക്ഷക്കണക്കിലുള്ള ജനങ്ങളെ മഹാരോഗങ്ങൾക്കും ദുർമരണത്തിനും ഇരയാക്കുകയും ചെയ്യുന്നത് കാണാതിരിക്കുകയും മുറവിളികൂട്ടിയാലും കേൾക്കാതിരിക്കുകയും ചെയ്യുന്നത് രാജധർമ്മമല്ല. കണ്ണിൽചോരയില്ലാത്ത ക്രൂരകർമ്മമാണ്. ഭരണാധികാരികൾ ഭരണീയരെ അറിഞ്ഞുകൊണ്ട് ദ്രോഹിക്കുന്ന ഈ അസുരപദ്ധതി ഇന്ന് ലോകമാകെ പടർന്നുപിടിച്ചിരിക്കുകയാണ്. പുണ്യഭൂമിയായ ഭാരതത്തിലും അത് ഊർജ്ജസ്വലമായി ആരംഭിച്ചിട്ടുണ്ട്. അതു നമ്മെ എവിടെ എത്തിക്കും എന്ന് അനുഭവിച്ചറിയുവാൻ ഒരു തലമുറകൂടി കാത്തിരിക്കേണ്ടിവരും. അപ്പോഴേയ്ക്കും അതിൽനിന്നുള്ള മോചനവും അസാധ്യമായിത്തീരും.

# ആധുനികലോകത്തിൻെറ ശാപം

നീതി, ന്യായം, നിയമം എന്നൊക്കെ പറയുന്നത് വെറും ഭോഷ്ക്കുകളല്ലെന്നും പവിത്രമായ സങ്കല്പങ്ങളാണെന്നും അവയുടെ അടിസ്ഥാനത്തിൽ മാത്രമേ സാമൂഹിക ജീവിതം അല്പമെങ്കിലും തൃപ്തികരമായി നടക്കുകയുള്ളവെന്നും അവയെ ധ്വംസിക്കുന്നതും മറികടക്കുന്നതും അത്ര എളുപ്പമല്ലെന്നും വിശ്വസിച്ച് ജീവിക്കുന്നവൻ മഠയനാണെന്ന് ഓരോ ദിവസവും കഴിയുന്തോറും, കൂടുതൽ കൂടുതൽ തെളിഞ്ഞുകൊണ്ടിരിക്കുകയാണ്. തിരഞ്ഞെടുപ്പിലൂടെയും, മത്സരപരീക്ഷകളിലൂടെയും അംഗീകൃതമായ മററു മാർഗ്ഗങ്ങളിലൂടെയും അധികാരസ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കപ്പെടുന്ന ആളുകൾ ഈ സങ്കല്പങ്ങളെ അങ്ങേയററം

Digitized by Kerala Sahitya Akademi

മാനിച്ചില്ലെങ്കിൽ സംഘടിതജീവിതം സാദ്ധ്യമല്ലാതാകും. നിയമവും നീതിയുമെല്ലാം ദുരുദ്ദേശത്തോടുകൂടി ഏർപ്പെടുത്തിയിട്ടുള്ള കാര്യങ്ങളാണെന്നും അതെല്ലാം അർത്ഥശൂന്യമാണെന്നും പറയുവാൻ എളുപ്പമാണ്. പക്ഷെ, അങ്ങനെ ചില അംഗീകൃതസങ്കല്പങ്ങൾ ഇല്ലാതെ വരുമ്പോൾ മാത്രമേ അതുകൊണ്ടുണ്ടാകുന്ന ഭവിഷ്യത്ത് മനസ്സിലാകുകയുള്ളു. നമ്മുടെ സമൂഹത്തിലെ ഒരു പ്രധാന ഘടകമായ അദ്ധ്യാപകരുടെ കാര്യം നോക്കാം.

അദ്ധ്യാപകന്മാർ വിദ്യാസമ്പന്നരായിരിക്കണമെന്നും, ആദർശശുദ്ധിയോടെ ജീവിക്കണമെന്നും, കൃത്രിമങ്ങൾക്കും കത്തിത്തിരിപ്പുകൾക്കും ക്രയവിക്രയങ്ങൾക്കും നടക്കരുതെന്നും പറയുന്നത് കഥയില്ലായ്മയാണെന്ന് വാദിക്കാവുന്നതാണ്. വാദിക്കുന്നവരും ഉണ്ടായിരിക്കാം. തങ്ങൾക്ക് കിട്ടിയ സ്ഥാനത്തിൻെറ സൗകര്യങ്ങൾ ഉപയോഗിച്ച് ധനാർജ്ജനം നടത്തുകയാണ് അവർ ചെയ്യേണ്ടതെന്ന് പറയുകയാണെങ്കിൽ ഇന്ന് നിലവിലിരിക്കുന്ന മാത്സര്യജടിലമായ ജീവിതമൂല്യങ്ങളുടെ അടിസ്ഥാനത്തിൽ അത് തെററാണെന്ന് സ്ഥാപിക്കുവാൻ പ്രയാസമാണ്. ഭൗതികസമ്പത്താണ് ജീവിതവിജയത്തിൻെറ മാനദണ്ഡം. യുദ്ധത്തിലെന്നപോലെ ജീവിതത്തിലും വിജയമാണ് ലക്ഷ്യം. വിജയത്തിനു പകരംവയ്ക്കുവാൻ മറെറാന്നുമില്ല. ജയിച്ചില്ലെങ്കിൽ തോൽക്കും. തോൽവി പരമദുസ്സഹവുമാണ്. ഈ വാദഗതിയിൽ യുക്തിഭംഗമൊന്നുമില്ല. അതിൻെറ അക്ഷരാർത്ഥവും, ആന്തരാർത്ഥവും വ്യക്തമാണ്. അങ്ങനെ വിജയം കൈവരിക്കാത്തവൻ മഠയനാണെന്ന നിഗമനത്തിൽ നാം എത്തിച്ചേരുന്നു.

അദ്ധ്യാപകരുടെ നാടായ കേരളത്തിൽ ഈ മനോഭാവം ഉറച്ചുപോവുകയാണെങ്കിൽ അതിൻെറ ഫലം ഭയങ്കരമായിരിക്കും.

ഇവിടുത്തെ ജനസംഖയിൽ 30%ത്തോളം വിദ്യാർത്ഥികളാണ്. വിദ്യാഭ്യാസസമ്പ്രദായം നല്ലതായാലും, ചീത്തയായാലും ക്ലാസ്സിൽ കയറിയാലും, ഇല്ലെങ്കിലും, ഈ യുവജനങ്ങൾ മുഴുവനും അദ്ധ്യാപകരെ ''കണ്ടുപഠിക്കുക''യാ

Digitized by Kerala Sahitya Akademi

ണെന്ന വസ്തുത വിസ്മരിച്ചുകൂടാ. അവരുടെ നന്മ എന്നതു പോലെ തിന്മയും, അവർ കാണുന്നുണ്ട്. ഇത് രണ്ടും അവരുടെ മേൽ സ്ഥിരമായ സ്വാധീനം ചെലുത്തുന്നു മുണ്ട്.

ഏതു വസ്തുതയേയും വികടദീപ്തിയിൽ വീക്ഷിക്കുവാനും, ഏതു വിഷയത്തിലും വിനോദം വിളയിക്കുവാനും വിരുതനായിരുന്ന ഇ.സി.കൃഷ്ണപിള്ള തൻെറ വിപുലമായ സാഹിത്യസേവനത്തിന്നിടയ്ക്ക് വലിയവനേയും ചെറിയവനേയും യോഗിവര്യനേയും, ഭോഗലോലുപനേയും, കവിയേയും, പത്രാധിപരേയും എന്നുവേണ്ട ഭൂമുഖത്തുള്ള സകലരേയും ജീവനോടെ തൊലിയുരിച്ച് സംഹരിച്ചിട്ടുണ്ട്. ഒരൊററ മനുഷ്യൻ മാത്രമേ ഈ കൂട്ടക്കൊലയിൽനിന്ന് രക്ഷപ്പെട്ട്, ദേവലോകത്തോളം ഉയന്ന്, ഭക്ത്യാദരങ്ങളുടെ പ്രഭാവലയത്തിൽ മിന്നിത്തിളങ്ങിനിൽക്കുന്നുള്ളു. അത് ഒരു അദ്ധ്യാപകനാണ്—ദാരിദ്ര്യഭാരം ചുമന്ന് തന്നത്താൻ ചൂലെടുത്ത് വീട് അടിച്ചുവാരുന്ന ''ബാലികസ്സാർ''. കുബേരൻമാരുടേയും, പ്രതാപശാലികളുടേയും, ജീവിതത്തിൽ വിജയിച്ചവരെന്ന് സാമാന്യലോകം വാഴ്ത്തുന്നവരുടേയും ഇടയ്ക്ക്, സ്വഭാവമഹിമ ഒന്നുകൊണ്ട് മാത്രമാണ് സാധുവായ ഈ അദ്ധ്യാപകൻ ചിരംജീവിയായി വേർപിരിഞ്ഞ് നിൽക്കുന്നത്. ഘോരമായ ദാരിദ്ര്യം പോലും അദ്ദേഹത്തിന് ഭൂഷണമായി തീർന്നതുപോലെ തോന്നിപ്പോകുന്നു.

ഇങ്ങനെയുള്ള ആളുകളെ ഇന്ന് മഷിയിട്ട് നോക്കിയാലും കണ്ടുകിട്ടുകയില്ല. ജീവിതവിജയം നേടുവാനുള്ള വ്യഗ്രതയിൽ അദ്ധ്യാപകൻപോലും തൻെറ സ്ഥാനമഹത്ത്വം മറന്നിരിക്കുന്നു. ഈ തൊഴിലിന് വന്നതോടെ തൻെറ സ്വകാര്യ ജീവിതം അസ്തമിച്ചു എന്നും വിദ്യാത്ഥിലോകത്തിൻെറ ദൃഷ്ടിപഥത്തിലാണ് താൻ എപ്പോഴും നിൽക്കുവാൻ പോകുന്നതെന്നും അവരറിയുന്നില്ല. അദ്ധ്യാപകൻെറ വൈദഗ്ധ്യം മാത്രമല്ല, സ്വഭാവവും, സ്വകാര്യജീവിതവും സമുദായത്തിൻെറ സുസ്ഥിതിയേ

Digitized by Kerala Sahitya Akademi

ബാധിക്കുമെന്നുള്ളത് തീർച്ചയാണ്. മന്ത്രിമാരേയും ഭരണാധികാരികളേയും, സാങ്കേതിക വിദഗ്ധൻമാരേയും, പോലീസുകാരേയും അവരുടെ മക്കൾപോലും ''കണ്ടുപഠിക്കു''ന്നില്ല. എന്നാൽ അദ്ധ്യാപകനെ കണ്ടാണ് മററുള്ളവരുടെയെല്ലാം മക്കൾ പഠിക്കുന്നത്, അതുകൊണ്ട് അവർ നേരും, നെറിയും ഇല്ലാതെ വെറും രാഷ്ട്രീയക്കാരെപ്പോലെ ജീവിച്ചാൽ സമുദായത്തിന് ആപത്താണ്. അവർ ആദർശശാലികളും സത്യമുള്ളവരും ജീവിതശുദ്ധിയുള്ളവരും ആണെങ്കിൽ സമുദായത്തിൽ ഈ സത്ഗുണങ്ങൾ കൈവരും. ഇത് തത്വജ്ഞാനമൊന്നും അല്ല. കൺമുമ്പിൽ കാണുന്ന പരമാർത്ഥമാണ്.

പഠിപ്പിക്കുന്ന ജോലിയിൽനിന്ന് മാറി നാലഞ്ച് വർഷം കഴിഞ്ഞശേഷം ഒരവസരത്തിൽ സാഹിത്യവാസനയുള്ള ഒരു കോളേജ് വിദ്യാർത്ഥിയെ എനിക്ക് കാണുവാൻ ഇടയായി. സന്ദർഭവശാൽ ആരോ പരിചയപ്പെടുത്തിയതാണ്. എൻെറ കഥയൊന്നും അയാൾക്ക് അറിവുണ്ടെന്നു തോന്നിയില്ല. സാഹിത്യത്തിൽ താല്പര്യമുള്ള ഒരു ഉദ്യോഗസ്ഥൻ എന്ന നിലയിലാണ് സംസാരിച്ചത്. താൻ കഥയും കവിതയും ലേഖനങ്ങളും എല്ലാം എഴുതാറുണ്ടെന്നും, പക്ഷേ, എഴുതുന്നതെല്ലാം പ്രസിദ്ധപ്പെടുത്താൻ സാധിക്കുന്നില്ലെന്നും പറഞ്ഞു. അതുകൊണ്ടൊന്നും നിരാശപ്പെടരുതെന്ന് സമാധാനിപ്പിച്ചശേഷം ഞാൻ പഠിത്തകാര്യത്തെപ്പററി ചോദിച്ചു. ജന്തുശാസ്ത്രമാണ് പഠിക്കുന്നതെന്നും അതിൻെറ വിവിധ ശാഖകളിൽ ഭ്രൂണശാസ്ത്രമാണ് തനിക്ക് ഏററവും ഇഷ്ടമുള്ളതെന്നും ആ വിദ്യാർത്ഥി പറഞ്ഞു. വടക്കെ ഇന്ത്യയിൽ പഠിച്ച് അവിടെ കുറെനാൾ ജോലിയിൽ ഇരുന്നശേഷം ഇങ്ങോട്ടു പോന്ന സമർത്ഥനായ ഒരു യുവഅദ്ധ്യാപകനാണ് ആ വിഷയം പഠിപ്പിക്കുന്നത്. അദ്ദേഹം മുഷിഞ്ഞ് ജോലി ചെയ്യുമത്രെ. രാത്രിയിൽ വെളുക്കുവോളം ഉറക്കമിളച്ച് ലോകത്തിലുള്ള പുസ്തകങ്ങളെല്ലാം വായിച്ചാണ് ക്ലാസ്സിലേയ്ക്ക് വേണ്ട നോട്ടുകൾ തയ്യാറാക്കുന്നതെന്ന് പറയാറുണ്ട്.

Digitized by Kerala Sahitya Akademi

ഉയന്ന കോളേജ് ക്ലാസ്സിലെ പഠിത്തമാണെങ്കിലും വിദ്യാത്ഥികാംക്ക് അധികസമയവും കേട്ടെഴുത്താണ് ജോലി. അദ്ധ്യാപകൻ താൻ തയ്യാറാക്കിയ നോട്ട് വായിച്ച് കൊടുക്കുക, വിദ്യാത്ഥികാം എഴുതിയെടുക്കുക. ചിലപ്പോഴൊക്കെ ചിത്രങ്ങാം വരച്ച് വിശദീകരണങ്ങാം നൽകാറുണ്ട്. എന്നാലും നോട്ടാണ് വലിയ അനുഗ്രഹം. വിദ്യാത്ഥി കോളേജിലേയ്ക്കു് പോകുന്നവഴിയായിരുന്നതു കൊണ്ട് അയാളുടെ കയ്യിലുണ്ടായിരുന്ന നോട്ടുബുക്കുകളിൽ ചിലത് ഞാൻ വാങ്ങിച്ച് മറിച്ചുനോക്കി. അക്കൂട്ടത്തിൽ ഭ്രൂണശാസ്ത്രത്തിന്റെ നോട്ടും ഉണ്ടായിരുന്നു. അതിൽ ചില ഭാഗങ്ങാം വായിച്ചപ്പോാം അതിന്റെ രീതിയും മട്ടും, വളരെ പരിചയമുള്ളതുപോലെ തോന്നി. ധാരാളം അക്ഷരത്തെറ്റുകളും ഒന്നു രണ്ടു ഫലിതങ്ങളും അതിൽ കാണുകയുണ്ടായി. വിജയാശംസകാം നൽകി വിദ്യാത്ഥിയെ പറഞ്ഞയച്ചശേഷം ആ നോട്ടിനെക്കുറിച്ചു ഞാൻ വളരെനേരം ആലോചിച്ചുകൊണ്ടിരുന്നു. ഒടുവിൽ എനിക്കതിന്റെ പിടികിട്ടി. ആ ഫലിതങ്ങാം ഞാൻ 10, 12 കൊല്ലം മുമ്പ് എന്റെ ക്ലാസ്സിൽ പറഞ്ഞവയാണ്. അന്ന് 'കേട്ടെഴുത്ത്' സമ്പ്രദായം ആക്ഷേപകരമായിട്ടാണ് അദ്ധ്യാപകർ പൊതുവേ കരുതിയിരുന്നത്. ക്ലാസ്സിൽ പാഠങ്ങാം വിശദീകരിച്ചുകൊടുക്കുകയായിരുന്നു പതിവ്. അതിനായി കൈവശമുള്ള കലാവിദ്യകാം സമസ്തവും പ്രയോഗിക്കുകയും ചെയ്തിരുന്നു. ജന്തുശാസ്ത്രം വിവരണ പ്രധാനമായ ഒരു വിഷയമാണ്. സങ്കീണ്ണങ്ങളായ ആകൃതികളും വികസനക്രമങ്ങളും മററും വണ്ണിച്ച് മനസ്സിലാക്കിക്കൊടുക്കുന്നതിന് കൈയ്യും കലാശവും, കടവും, കളിമണ്ണും, കുഴലും, വണ്ണക്കടലാസും, കമ്പിയും, കയറും എല്ലാം ഉപയോഗിക്കണം. ഇതിനിടയ്ക്കു് വിദ്യാത്ഥികാം പ്രധാനമെന്നു തോന്നുന്ന കാര്യങ്ങാം സ്വന്തം വാചകങ്ങളിൽ എഴുതിയെടുക്കും. ഇങ്ങനെ ഫലിതപ്രിയനായ ഒരു വിദ്യാത്ഥി അന്ന് എഴുതിയെടുത്തതും എങ്ങനെയോ കൈമറിഞ്ഞ് തനിയ്ക്കു് കിട്ടിയതുമായ നോട്ട് വള്ളിപുള്ളി വിസഗ്ഗം വിടാതെ വായിച്ചുകൊടുക്കുകയാണ് ഞാൻ കണ്ട

Digitized by Kerala Sahitya Akademi

വിദ്യാത്ഥിയുടെ ആരാധനാപാത്രമായ അദ്ധ്യാപകൻചെയ്യ തെന്ന് ഞാൻ ഊഹിക്കുന്നു. പത്ത്, പന്ത്രണ്ട് വഷ്ത്തി നിടയ്ക്ക് പ്രസ്തുത വിഷയത്തിലുണ്ടായ വികാസമൊന്നും അദ്ദേഹം അറിഞ്ഞില്ല. പാഠപുസ്തകങ്ങളെ ആശ്രയിച്ച് മാത്രം അദ്ധ്യാപനം നടത്തുന്നതുതന്നെ അപര്യാപ്തമായി തീന്നിട്ടുള്ള ശാസ്ത്രവിഷയങ്ങളിൽ മററെവിടെയോ നിന്ന് കിട്ടിയ പഴയ നോട്ട് ചൊല്ലിക്കൊടുക്കുന്നതിൽ അദ്ദേഹ ത്തിന് അപാകം തോന്നിയില്ല. ഒരു പക്ഷെ അദ്ദേഹം അദ്ധ്യാപകവൃത്തി ഉദാസീനഭാവത്തിൽ കൈകാര്യം ചെയ്യു കയും ധനാജ്ജനത്തിനുതകുന്ന മററ് വ്യാപാരവ്യവസായാ ദികാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിയ്ക്കുകയും ചെയ്യുന്ന ആളായി രിയ്ക്കാം. ഇത്തരം അദ്ധ്യാപകന്മാർ ഇക്കാലത്ത് ധാരാളം ഉണ്ടെന്നുള്ളത് എല്ലാവക്കും അറിവുള്ള കാര്യമാണ്. വാടകക്കാറുകളുടെ ഉടമസ്ഥരാവുക, വസ്തുക്കൾ കുറഞ്ഞ വിലയ്ക്കു വാങ്ങി കൂടിയ വിലയ്ക്ക് വില്ക്കുക, ട്യൂഷൻ സ്ഥാപ നങ്ങൾ പരസ്യമായും രഹസ്യമായും നടത്തുക എന്നിങ്ങനെ പല വ്യവസായങ്ങളും ഉണ്ട്. ഇതെല്ലാം അധമ്മങ്ങളാ ണെന്ന് സൂചിപ്പിയ്ക്കുകയല്ല. കത്തവ്യബോധമുള്ള അദ്ധ്യാ പകന്മാർ ആക്ഷേപമായോ ചുരുങ്ങിയപക്ഷം അഭംഗി യായോ കരുതിയിരുന്ന കാര്യങ്ങളാണെന്നേ പറയുന്നുള്ളു.

സ്കൂൾ ക്ലാസ്സുകളിൽ എൻെറ കൂടെ പഠിച്ച ഒരു സുഹൃ ത്ത് 10, 40 വഷ്ത്തിനുശേഷം ഒരിയ്ക്കൽ എന്നെ കാണാൻ വന്നു. ഞാൻ കോളേജ്‌വിദ്യാഭ്യാസത്തിൻെറ ചുമതല വഹിയ്ക്കുന്ന ഉദ്യോഗസ്ഥനാണെന്ന് അറിഞ്ഞുകൊണ്ട് വന്നതാണ്. അദ്ദേഹം വളരെക്കാലം കേരളത്തിന്നു വെളി യിൽ ജോലിചെയ്തതിനുശേഷം നാട്ടിൽ തിരിച്ചുവരികയും ഒരു വീടു വയ്ക്കുവാൻ സ്ഥലം വാങ്ങുന്നതിന്നു ശ്രമിയ്ക്കുകയും ചെയ്ത കൂട്ടത്തിൽ ഒരു കോളേജദ്ധ്യാപകൻെറ വലയിൽപ്പെ ടുവാൻ ഇടയായി. ഈ ഇടപാടിൽ അദ്ദേഹത്തിന് എന്തോ ചതി പററി. കുറെ പണവും നഷ്ടമായി. ഇതേ പ്പററി പഴയ സ്നേഹിതനെക്കണ്ട് പരാതിപറയാൻ വന്ന താണ്. 'നിങ്ങൾ ഡയറക്ടറാണെന്നു പറഞ്ഞ് ഇതെല്ലാം

Digitized by Kerala Sahitya Akademi

കണ്ടുകൊണ്ടിരിയ്ക്കുന്നല്ലൊ, കഷ്ടം തന്നെ!' എന്നാണ് പറഞ്ഞത്.

'ഡയറക്ടർ അല്ല മന്ത്രിയായാലും ഇമ്മാതിരി കാര്യങ്ങളിൽ ഇടപെടുവാൻ ഒരു നിവൃത്തിയുമില്ല. കാലം മാറിയ വസ്തുത എൻെറ സ്നേഹിതൻ അറിഞ്ഞിട്ടില്ലെന്നാണല്ലോ തോന്നുന്നത്. എന്തെല്ലാം സ്വകാര്യവ്യവസായങ്ങൾ ഉണ്ടെന്ന് അറിഞ്ഞാൽതന്നെയും, അറിഞ്ഞതായി ഭാവിക്കുന്നതുപോലും ആപത്താണ്. അതിനെ സാധൂകരിക്കുക എന്നതായിരിയ്ക്കുകയല്ല അത്തരം ആളുകളുടെ പ്രതികരണം. മേലധികാരിയെ തേജോവധം ചെയ്യുക എന്നതാണ്....അപവാദം പ്രചരിപ്പിയ്ക്കും. പത്രക്കാരെ കൂട്ടുപിടിച്ച് ആക്ഷേപലേഖനങ്ങൾ എഴുതിക്കും. അല്ലെങ്കിൽ രാഷ്ട്രീയക്കാരുടെ സഹായത്തോടെ അയാളെ തൽസ്ഥാനത്തുനിന്നു് മാററുവാൻ ശ്രമിക്കും. ഇങ്ങനെ പല പ്രതിക്രിയകളുമുണ്ട്. ഇതിനൊന്നും ഇടയാകാതെയും ഇരയാകാതെയും കഴിഞ്ഞുകൂടണമെന്നുണ്ട്. മനസ്സിലായില്ലേ?'

'ഓഹോ, മനസ്സിലായി! നമ്മുടെ വിദ്യാർത്ഥികൾക്കാണ് എല്ലാവരെക്കാളും കൂടുതൽ മനസ്സിലായിട്ടുള്ളത്. അതിൻെറ തെളിവും കണ്ടുകൊണ്ടിരിയ്ക്കുകയല്ലേ? കാലമൊന്നും മാറിയിട്ടില്ല സ്നേഹിതാ, പഠിത്തമാണ് മാറിയത്.'' എന്നു പറഞ്ഞ് അദ്ദേഹം പോയി.

പഠിത്തമില്ലാത്തവൻെറ ദോഷവും ശത്രുതയും കൃത്രിമങ്ങൾപോലും സഹിയ്ക്കാം. പഠിത്തമുള്ളവരെന്നു പറഞ്ഞ് മാന്യത നടിച്ച് നടക്കുന്നവരുടെ ദോഷമാണ് ഭയങ്കരം. എന്തെന്നാൽ അത് ഒളിഞ്ഞും മറഞ്ഞുമാണ് പ്രവർത്തിക്കുന്നത്. ദ്വേഷിക്കപ്പെടുന്നവന് പിടികൊടുക്കരുതെന്ന് നിർബ്ബന്ധമുണ്ട്. പക്ഷെ അതോടൊപ്പം അവൻ അറിയണമെന്നും, ഒഴിഞ്ഞുപൊയ്ക്കൊള്ളണമെന്നും ആഗ്രഹമുണ്ട്. കാണുമ്പോൾ ചിരിയ്ക്കും, ആദരവും ഭാവിയ്ക്കും. പക്ഷെ പിരിഞ്ഞാലുടനെ തെറിയാണ് പറയുന്നത്. പഠിത്തവും, മാന്യതയുമെല്ലാം വെറും അഭിനയമാണെന്നു് തെളിയുന്നതിൽ വിരോധമില്ല. അതൊന്നും കാര്യമായി കരുതിയിട്ടില്ലെന്ന് തുറന്നു പറയുകയും ചെയ്യും. ഇങ്ങനെയുള്ളവർക്ക്

Digitized by Kerala Sahitya Akademi

മാനിക്കത്തക്കതായി ത്രിഭുവനത്തിൽ എന്തെങ്കിലും ഉണ്ടോ എന്നു് വിസ്മയിച്ചിട്ടുണ്ടു്. സത്യധമ്മങ്ങൾ പുല്ലാണ്, പഠിത്തം പുല്ലാണ്, മാന്യത പുല്ലാണ്, പദവിയും അധികാരവും പുല്ലാണ്, സംസ്കാരം പുല്ലാണ്, സമുദായം പുല്ലാണ്, വിദ്യാലയം പുല്ലാണ്, വിദ്യാത്ഥികൾ പുല്ലാണ്, സവ്വവും പുല്ല്; വെറും പുല്ല്, താൻ മാത്രം കേമൻ. ലോകം മുഴുവൻ തന്റെ ഇച്ഛയ്ക്കൊത്ത് നടക്കണം. അതാണ് സ്വഗ്ഗം. നടന്നില്ലെങ്കിൽ—ഇല്ലെങ്കിൽ—എന്താണ് ചെയ്യുക? നാല് തെറിപറയും. നല്ല കല്ലു വച്ച തെറി.

പഠിപ്പിക്കുന്നവരുടെ ഇടയ്ക്കും പഠിക്കുന്നവരുടെ ഇടയ്ക്കും ഇത്തരം മനുഷ്യരുണ്ടു്. ഹിററ്ലറും, മുസ്സോളിനിയും, സ്റ്റാലിനും, മാവോയും മററും ആദ്യകാലങ്ങളിൽ ഇങ്ങനെയുള്ളവർ—ആയിരുന്നിരിക്കും. പരമാധികാര സ്ഥാനങ്ങളിൽ എത്തിയപ്പോൾ നാക്കുകൊണ്ടു് തെറി പറയുന്നതിനു പകരം തോക്കുകൊണ്ടു് പറഞ്ഞുതുടങ്ങി എന്നേയുള്ളു. അധികാരം നിയമത്തിൽനിന്നോ ജനങ്ങളിൽനിന്നോ അല്ല. തോക്കിന്റെ കുഴലിൽനിന്നാണ് ജനിക്കുന്നതെന്ന് ഇക്കൂട്ടരിൽ ആരോ പറഞ്ഞത് ഇങ്ങനെയുള്ള, വെടിയുണ്ട വച്ച തെറിയാണ്.

ഇത്തരം ആളുകൾ എക്കാലത്തും ഉണ്ടായിരുന്നു എന്നു് പറഞ്ഞേയ്ക്കാം. ശരിയാണ്. പുല്ലിൽനിന്നു് പുല്ല് ജനിക്കുന്നു; പുളിമരം ഉണ്ടാകുന്നില്ല. അതെല്ലാവർക്കും അറിവുള്ളതാണ്. പക്ഷെ ഇക്കൂട്ടർ പെരുകിവരുന്നതിന്റെ രഹസ്യമാണ് മനസ്സിലാകാത്തത്. ജനപ്പെരുപ്പംകൊണ്ടു് അങ്ങനെ തോന്നുന്നതല്ല. ജനസംഖ്യയിൽ അവരുടെ അനുപാതം വർദ്ധിക്കുകയാണ്. വിളകളിൽ കള പെരുകി മനസ്സുമുട്ടുന്ന അനുഭവം. ആധുനിക ലോകത്തിന്റെ ശാപമാണിത്.

Digitized by Kerala Sahitya Akademi

# മായാദുഃഖം

എൻെറ കട്ടിക്കാലത്ത് ഞങ്ങളുടെ നാട്ടിൻപുറത്ത് ജീവിച്ചിരുന്ന കററിയിലെ കറുമ്പൻ എന്ന മനുഷ്യൻെറ ചിത്രം മനസ്സിൽ ഇപ്പോഴും മിഴിവോടെ നിൽക്കുന്നു. ഞാൻ ആദ്യം കാണുമ്പോഠംത്തന്നെ പടുവൃദ്ധനായിരുന്നു. നൂറുവയസ്സെങ്കിലും ആയിക്കാണുമെന്നാണ് എല്ലാവരും പറഞ്ഞത്. ആ പ്രദേശത്തുള്ളവരിൽ ഏററവും പ്രായം കൂടിയ ആളാണ് കറുമ്പനെന്ന് ആബാലവൃദ്ധം ജനങ്ങളും അംഗീകരിച്ചിരുന്നു. എത്ര വയസ്സായെന്ന് നേരിട്ട് ചോദിച്ചാലോ എന്ന് ഞാൻ പല പ്രാവശ്യവും ആലോചിക്കുകയുണ്ടായി. പക്ഷേ, അതുകൊണ്ട് ഒരു പ്രയോജനവും ഇല്ലെന്ന് കറുമ്പൻെറ മക്കഠംതന്നെ എന്നെ വിലക്കി. മരംവെട്ടിയും പാറപൊട്ടിയും ഉപജീവനം കഴിച്ചിരുന്ന അവർ നാലുപേരെയും എനിക്ക് നല്ല പരിചയമായിരുന്നു. 'ഞങ്ങഠംക്ക് ഞങ്ങളുടെ വയസ്സുപോലും നിശ്ചയമില്ല. പിന്നെ അച്ഛാച്ഛൻെറ കാര്യം ചോദിക്കാനുണ്ടോ?' എന്നാണ് മൂത്തമകനായ കറുത്തകുഞ്ഞ് പറഞ്ഞത്. അനുജന്മാരായ കൃഷ്ണൻ, നീലകണ്ഠൻ, പപ്പു എന്നിവരുടെ സ്ഥിതിയും അതുതന്നെയായിരുന്നു. പക്ഷേ കറുമ്പന് അധ്വാനശീലരായ ഈ മക്കളേക്കാഠം ആരോഗ്യമുണ്ടെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. അവരുടെ പല്ലും മുടിയുമെല്ലാം കൊഴിഞ്ഞുപോയിരുന്നു. എന്നാൽ കറുമ്പന് അങ്ങനെയുള്ള കേടുപാടുകളൊന്നും പററിയിരുന്നില്ല. തലനിറച്ച് മുടി; അത്ര കറുപ്പില്ലെങ്കിലും തീരെ നരച്ചതാണെന്നും പറഞ്ഞുകൂടാ. ഒരു പല്ലിനും കേടില്ല. ദിവസവും രണ്ടുതവണ മുറുക്കും. വെററിലയും പാക്കും ആരും ഇടിച്ചുകൊടുക്കേണ്ടിയിരുന്നില്ല. ഒരു പ്രയാസവും കൂടാതെ കടിച്ചു ചവയ്ക്കും. കൈയിൽ എപ്പോഴും ഒരു വടിയുണ്ടാവും. പക്ഷേ, അത് ഊന്നിയല്ല നടന്നിരുന്നത്. കടിക്കാൻവരുന്ന നായ്ക്കളെ ഓടിക്കാനുള്ള ആയുധമായി മാത്രമേ കരുതിയിരുന്നുള്ളു. ഇടവഴിയിൽ നില്ക്കുന്ന പശുക്കളെ കടന്നുപോകുവാനും അതു

Digitized by Kerala Sahitya Akademi

സഹായിച്ചു. ചില വൃദ്ധന്മാരെപ്പോലെ കണ്ണിൽക്കണ്ട വരോടെല്ലാം സംസാരിക്കുന്ന പ്രകൃതക്കാരൻ അല്ലാതിരുന്നതുകൊണ്ട് എനിക്കും കൂട്ടുകാർക്കും കറുമ്പനോട് അടുക്കുവാൻ ശങ്കയായിരുന്നു. നൂറുവർഷംമുമ്പുള്ള കഥകൾ കേൾക്കുവാൻ ഞങ്ങൾക്ക് അത്യധികമായ കൗതുകം തോന്നിയെങ്കിലും അതൊന്നും കറുമ്പനിൽനിന്നു കിട്ടുകയില്ലെന്ന് അറിഞ്ഞ് നിരാശപ്പെടേണ്ടിവന്നു.

## കറുമ്പൻെറ ഉപനിഷദ്ദർശനം

ഈ മനുഷ്യൻ പിന്നെയും പത്തുവഷത്തോളം ആരോഗ്യത്തോടെ ജീവിച്ചതിനുശേഷമാണ് കാലഗതിയെ പ്രാപിച്ചത്. അതിനുമുമ്പുതന്നെ ഒന്നുരണ്ടു മക്കൾ മരിച്ചു എന്നാണോർമ്മ. അവർക്കുണ്ടായ രോഗവും കഷ്ടപ്പാടുകളും ഒന്നും കറുമ്പൻ അനുഭവിച്ചില്ല. 'ഒരു ദിവസം പത്തുനാഴിക പുലർന്നപ്പോൾ കിട്ടാ എനിക്ക് വല്ലാതെ വരുന്നുവെന്നുപറഞ്ഞ് തിണ്ണയിലുതന്നെ, വെറും നിലത്തുകിടന്നു. ജീവനുംപോയി' എന്നാണ് കൂടെ താമസിച്ചിരുന്ന ഭാഗിനേയൻ പറഞ്ഞത്. ഈ കിട്ടൻ എന്ന ബന്ധു വിദ്യാഭ്യാസമൊന്നും ലഭിക്കാത്ത കൂലിവേലക്കാരനായിരുന്നെങ്കിലും നല്ല വാക്ചാതുര്യമുള്ള തത്വജ്ഞാനിയെപ്പോലെയാണ് പില്ക്കാലത്ത് പെരുമാറിയത്. കറുമ്പൻ മരിച്ച് എത്രയോ വർഷങ്ങൾക്കുശേഷം ഒരിക്കൽ നാട്ടിൽ ചെന്നപ്പോൾ ഞാൻ അയാളെ കാണുവാനിടയായി. അന്ന് എഴുപതുവയസ്സ് കഴിഞ്ഞിരുന്നു. ഞങ്ങൾതമ്മിൽ വളരെനേരം സംസാരിച്ചു. സ്വന്തം ആരോഗ്യത്തെപ്പററിയും നാട്ടിലെ സ്ഥിതിഗതികളെപ്പററിയും ലോകത്തിൽ വന്നുകൊണ്ടിരിക്കുന്ന മാററങ്ങളെപ്പററിയും ഞാൻ കിട്ടനോട് ചോദിച്ചു. അയാളുടെ മറുപടികളെല്ലാം 'കറുമ്പനമ്മാവൻ പറഞ്ഞതുപോലെ' എന്ന മുഖവുരയോടുകൂടിയാണ് ആരംഭിച്ചത്. ഇത് കൂടെക്കൂടെ കേട്ടപ്പോൾ ഞാൻ പറഞ്ഞു.

'കറുമ്പനെ ഞാനും കുട്ടിക്കാലത്തു കണ്ടിട്ടുണ്ട്. എത്ര വയസ്സായെന്ന് ചോദിക്കുവാൻ പലതവണ ഒരുങ്ങിയ

Digitized by Kerala Sahitya Akademi

താണ്. പക്ഷേ, തിരിഞ്ഞുനില്ക്കാതെ നടന്നുകളഞ്ഞതുകൊണ്ടു് ചോദിച്ചില്ല. കിട്ടൻ ചോദിച്ചിട്ടുണ്ടോ?'

കിട്ടന്റെ മറുപടി: 'കുഞ്ഞേ അതു് ഇന്നും നാളെയും പറഞ്ഞാൽ തീരാത്ത കഥയാണു്. ഞാൻ അങ്ങേരുടെ കൂടെ ഇരുപതുവർഷം ഒരേ പുരയിൽ താമസിച്ചു. അതിനിടയ്ക്കു് എത്രപ്രാവശ്യം ഈ ചോദ്യം ചോദിച്ചിട്ടുണ്ടെന്നു ദൈവത്തിനു മാത്രമേ അറിയാവൂ. അപ്പോഴെല്ലാം കൈമലർത്തിക്കാണിക്കുകയല്ലാതെ ഒരക്ഷരം ഉരിയാടിയിട്ടില്ല. എന്നെക്കാൾ എത്രയോ പ്രായക്കൂടുതലുള്ള പലരോടും ഇതേപ്പററി ഞാൻ അന്വേഷിച്ചിട്ടുണ്ടു്. അവക്കും നിശ്ചയമില്ല. അവർ കണ്ട കാലംമുതൽക്കു് ഇങ്ങനെതന്നെയാണു് ഇരിക്കുന്നതു് എന്നായിരുന്നു ഉത്തരം. എന്നിട്ടും ഞാൻ വിട്ടില്ല. അങ്ങേരേക്കാൾ പ്രായമുണ്ടെന്നു പലരും വിശ്വസിച്ചിരുന്ന പൂമാലപ്പുലക്കള്ളി മരിച്ചുവെന്നു കേട്ടപ്പോൾ അക്കാര്യവും പറഞ്ഞു് ഞാൻ അടുത്തുകൂടി. കുഞ്ഞുന്നാളിൽ അവരെ കണ്ടിട്ടുണ്ടോ എന്നും അവരുടെ കെട്ടിയവൻ ആ നാട്ടുകാരൻതന്നെ ആയിരുന്നുവോ എന്നും, ഏതു വീട്ടുകാരെ ആശ്രയിച്ചാണു് അവർ ജീവിച്ചതെന്നും മററും ചോദിച്ചു. പൂമാലയുടെ മരണവാർത്തയും എന്റെ ചോദ്യങ്ങളും ആ കള്ളക്കർക്കടകമാസത്തിലെ കാററുംപിശറും ഈറപ്പും തണുപ്പും എല്ലാംകൂടി മൂപ്പിന്നിനെ ചിന്താമഗ്നനാക്കി. നേരം വെളുക്കുന്നതിനുമുമ്പു് തുടങ്ങി തുമ്പിക്കൈവണ്ണത്തിൽ ഇടവിടാതെ പെയ്ത കൊടുംമഴ അപ്പോഴാണു് ഒന്നു തുള്ളിമുറിഞ്ഞതു്. പക്ഷേ, പിന്നെയും പുളിന്താനത്തുപാറയുടെ പടിഞ്ഞാറു ഭാഗത്തുനിന്നു മഴക്കാറു് കതിച്ചുകയറുന്നതുനോക്കി അല്പനേരം മിണ്ടാതിരുന്നതിനുശേഷം കറുമ്പനമ്മാവൻ ഇങ്ങനെ പറഞ്ഞു. 'എടാ എനിക്കു് ആറു വയസ്സുള്ളപ്പോൾ ഉമ്മിഴക്കത്തുതെക്കേതിലെ നങ്ങേലിയുടെ കല്യാണം നടന്നതു് നല്ല ഓർമ്മയുണ്ടു്. ഞാൻ രണ്ടുമൂന്നുദിവസം അവിടെത്തന്നെ ആയിരുന്നു. അവിടുത്തെ പത്തായപ്പുരയിൽ കെട്ടിത്തൂക്കിയിരുന്ന പഴക്കുലയിലെ കായു് എനിക്കു് ഇപ്പോഴും എണ്ണാം. അതിൽ നാലു് ഇരട്ടപ്പഴമുണ്ടായിരുന്നു.

Digitized by Kerala Sahitya Akademi

കല്യാണത്തിൻെറ തലേന്ന് പൂമാലയും കെട്ടിയോനും മുററത്തു വന്നുനിന്നു. അന്ന് അവളെ കണ്ടാൽ ആരും നോക്കിനിൽക്കും. തൊലിപ്പുറത്തുനിന്ന് എണ്ണ തൊട്ടെടുക്കാമെന്നു തോന്നും. അതിനേക്കാൾ ഇരുണ്ട് നെല്ലിൻ കററ കെട്ടിവച്ചതുപോലെയുള്ള മുടി. വെളുത്തു തിളങ്ങുന്ന വരിയൊത്ത പല്ല്. അവൾക്കു കിട്ടിയ ചെറുപുലയൻെറ പേരും യോജിച്ചു. അഴകൻ. കാഴ്ചയും കൊണ്ടുവന്ന അവർക്ക് പഴവും അരിയുണ്ടയും കൊടുക്കാൻ എന്നോടാണ് പറഞ്ഞത്. ആ കൊച്ചുപുലക്കള്ളി ഇരട്ടപെറുവാൻ ഇടയാകട്ടെ എന്നുകരുതി ഞാൻ ഇരട്ടപ്പഴം ഇരിഞ്ഞു കൊടുത്തു. അതു കണ്ടപ്പോൾ, അവൾ ചിരിച്ചത് എങ്ങനെ മറക്കും കൊച്ചുകിട്ടാ? അതേ എനിക്ക് ഓർമ്മയുള്ളു. പിന്നത്തേതെല്ലാം അങ്ങനെതന്നെ. ഇരുട്ടും, വെളുക്കും. മഴ പെയ്യും, പെയ്ത് തെളിയും. കാലത്തു പഴഞ്ചോററ്. ഉച്ചയ്ക്ക് ഒരു പുഴുക്കും കഞ്ഞീം. രാത്രിയിൽ ഉള്ളതുപോലെ വല്ലതും ഇത്രേം ഒരു ക്ഷീണം. മയക്കം, ഒരുറക്കം, അത്രതന്നെ. ഇതല്ലാതെ വയസ്സെന്ത്? പിറന്നാളെന്ത്? ആർക്കറിയാം. എന്തിന് അറിയണം? നീ വെറുതെ പിന്നേം പിന്നേം ചോദിക്കുന്നു. എനിക്ക് വേണ്ടാത്തത് നിനക്ക് എന്തിന്?' ഇതാണ് കുഞ്ഞേ കറുമ്പനമ്മാവൻെറ വയസ്സിൻെറ കഥ. അതിൻെറ സത്യം ബോധ്യമാകണമെങ്കിൽ എഴുപതു കഴിയണം. വിടുവായനായ ഈ കിട്ടനും അതു വെളിവായിത്തുടങ്ങി. ആ മൂപ്പീന്നിന് പൂമാലയും പഴക്കുലയും മരണംവരെ മനസ്സിൽ തെളിഞ്ഞുനിന്നു. ഈ എനിക്ക് എന്തോന്നിരിക്കുന്നു? എല്ലാം കിനാവ്. അതിലെങ്ങും മുട്ടിപ്പിടുത്തം പിടിക്കരുതേ.'

കുററിയിലെ കറുമ്പൻെറ ഉപനിഷദ്ദർശനവും അതിനു കിട്ടൻ നൽകിയ ഭാഷ്യവും അന്നെനിക്ക് കഥയില്ലായ്മയായി തോന്നി. പക്ഷേ, '37 ഡിഗ്രിയിൽ കവിയാത്ത ഊഷ്മാവിൽ ജലമയമായ ചുററുപാടുകളിൽ പ്രോട്ടീൻ പദാർത്ഥങ്ങൾ നിർമ്മിക്കുവാനുള്ള കഴിവിനാണ് ജീവൻ എന്നു പറയുന്നത്.' എന്ന പുതിയ ജീവശാസ്ത്രത്തിൻെറ

Digitized by Kerala Sahitya Akademi

(മോളിക്കുലോർ ബയോളജി) നിർവചനം കണ്ടപ്പോഠം ആ ഗ്രാമവൃദ്ധന്മാർ പറഞ്ഞതിലും അടിസ്ഥാനഭൂതമായ സത്യമുണ്ട് എന്നു ബോധ്യമായി. പ്രോട്ടീൻപദാൎത്ഥങ്ങഠം കൊണ്ടാണ് ജീവശരീരങ്ങഠം നിൎമ്മിക്കപ്പെടുന്നത്. മാംസവും രക്തവും തലച്ചോറും കൈയും കാലും കണ്ണും മൂക്കമെല്ലാം പ്രോട്ടീനാണ്. അതിൻെറ പ്രധാനഘടകം നൈട്രജൻ എന്ന മൂലകവും. ലളിതപദാൎത്ഥങ്ങഠം കൂട്ടിച്ചേർത്ത് പ്രോട്ടീൻവസ്തുക്കളെ ഉദ്ഗ്രഥനം ചെയ്യുന്നത് അതിസങ്കീർണ്ണമായ ഒരു രാസവിദ്യയാണ്. അതിൻെറ രഹസ്യങ്ങഠം ശാസ്ത്രത്തിന് മനസ്സിലായിത്തുടങ്ങിയിരിക്കുന്നു. മുന്നോട്ടല്ലാതെ പിന്നോട്ട് പോകുവാൻ അനുവദിക്കാത്ത കാലമാകുന്ന രാജപാതയിൽ നിരന്തരം നടന്നുകൊണ്ടിരിക്കുന്ന ഈ പ്രക്രിയയ്ക്കു് ഭൗതികമായ വീക്ഷണത്തിൽത്തന്നെ, യാതൊരു അൎത്ഥവുമില്ല. പ്രപഞ്ചത്തിൽ നടക്കുന്ന എത്രയോ രാസയോഗങ്ങളിൽ ഒന്നുമാത്രമായി ഭൗതികവിജ്ഞാനം ജീവചൈതന്യത്തെ വിശകലനം ചെയ്തിരിക്കുന്നു. നിശിതവും നിസ്സംഗവും നിർവികാരവുമായ ഈ അപഗ്രഥനത്തിൽ എല്ലാ മൂല്യങ്ങളും തിരോഭവിക്കുന്നു. അവിടെ വയസ്സുമില്ല, വളർച്ചയുമില്ല. സത്യജിജ്ഞാസയ്ക്കുപോലും പ്രസക്തിയില്ല. ഭൂതവും ഭാവിയും തുല്യം. രണ്ടിനും ഇടയ്ക്കുള്ളതും വായ്ത്തല പോലെ നേർത്തതും തുടർച്ചയായി മാറിക്കൊണ്ടിരിക്കുന്നതുമായ അതിർത്തി മാത്രമാണ് വർത്തമാനകാലം. അതിനുമേൽ നിന്നുകൊണ്ട് മനുഷ്യൻ കാണിക്കുന്ന ആവേശവും ആഹ്ലാദവുമെല്ലാം കഥയില്ലായ്മയാണ്. അവിടെ നിരന്തരമായ നശ്വരതയാണ് നടക്കുന്നത്. ബാഹ്യലോകത്തിൽനിന്ന് ഊർജ്ജവസ്തുക്കളായ പദാൎത്ഥങ്ങഠം (അതായത് ആഹാരസാധനങ്ങഠം) ഗ്രഹിക്കുകയും ദഹനം എന്ന നശീകരണക്രിയയ്ക്കു് അവയെ വിധേയമാക്കി വീണ്ടും ആഹാരം തേടുന്നതിനുവേണ്ടിയുള്ള യത്നത്തിന് ആവശ്യമായ ശക്തി ഉല്പാദിപ്പിക്കുകയുംചെയ്യുന്ന ഈ പ്രതിഭാസം അങ്ങേയററം അൎത്ഥശൂന്യമാണെന്ന്

Digitized by Kerala Sahitya Akademi

സ്പഷ്ടമല്ലേ? നാറാണത്തുഭ്രാന്തൻെറ ലീലാവിനോദം പോലും അതിൽനിന്നു ലഭിക്കുന്നില്ല.

കറുമ്പന് ജീവിതത്തോടുതോന്നിയ കറുമ്പിൻെറ അടിയിലുള്ള മഹാസത്യം ലോകത്തിന് കൈവിട്ടുപോയിരിക്കുന്നു. ആറാമത്തെ വയസ്സിൽ കളങ്കമറിയാത്ത കുട്ടിക്കാലത്ത് തനിക്കുണ്ടായ അല്പനേരത്തെ ആനന്ദമയമായ അനുഭൂതിവിശേഷം അതിനുശേഷം ഒരു നൂററാണ്ടുകാലം താൻ പേറിക്കൊണ്ടുനടന്ന അസ്ഥിതത്തേക്കാൾ ശ്രേഷ്ഠവും പ്രിയതരവുമാണെന്ന് ആ വൃദ്ധൻ തീർത്തുപറയുന്നു. അയാളുടെ ഭാഗിനേയൻ എഴുപതുവയസ്സു കഴിഞ്ഞപ്പോൾ അതു ശരിവയ്ക്കുന്നു. കറുമ്പൻെറ ആ കുട്ടിക്കാലത്തു—അതായത് പത്തൊമ്പതാം നൂററാണ്ടിൻെറ ആരംഭകാലത്തു—തന്നെയാണ് ലോകമാകെ മനുഷ്യൻെറ സംവേദനശക്തി ക്ഷയിക്കുവാൻ തുടങ്ങിയത്. പഞ്ചഭൂതപ്രപഞ്ചത്തിനെയല്ലാതെ മറെറാന്നിനെയും വിലമതിക്കുകയോ ശ്രദ്ധാർഹമായി കരുതുകപോലുമോ ചെയ്യാത്ത ജീവിതവീക്ഷണം അന്ന് നിലവിൽവന്നു. അതിൻെറ തേർവാഴ്ചയാണ് ഇന്നു നടക്കുന്നത്. അതിന് ശാസ്ത്രീയമനോഭാവമെന്നും യുക്തിചിന്തയെന്നും മാനുഷികമൂല്യമെന്നും മററുമുള്ള മനോഹരമായ പേരുകളും കിട്ടിയിട്ടുണ്ട്. പക്ഷേ, അതിൻെറ പ്രേരകശക്തി നൂറുശതമാനവും ഭൗതികമാണ്.

## പ്രാചീനസങ്കൽപത്തിൻെറ ആവർത്തനം

കുഷ്ഠരോഗത്തെ കേന്ദ്രവിഷയമാക്കി പ്രസിദ്ധമായ ഒരു നോവൽ (A BURNT OUT CASE) എഴുതിയ ഗ്രഹാം ഗ്രീൻ എന്ന ആംഗലസാഹിത്യകാരൻ, അത് ഇൻസ്റ്റാൾമെൻറ് പദ്ധതിയിലുള്ള മരണമാണെന്നും, ആധുനികമനുഷ്യനും അതുപോലെയുള്ള ദീർഘയാതനയ്ക്ക് ശപിക്കപ്പെട്ടിരിക്കുകയാണെന്നും പറയുകയുണ്ടായി. പ്രപഞ്ചകടാഹത്തിൽ നിറഞ്ഞുകവിയുന്ന മാധുര്യസൗന്ദര്യങ്ങൾ ആസ്വദിച്ച് അദ്ഭുതപ്പെടുവാനും ആനന്ദിക്കുവാനും, ലോകത്തിൻെറ ദുഃഖമോർത്തു വേദനിക്കുവാനും, വേദന

Digitized by Kerala Sahitya Akademi

യെന്തെന്ന് അറിയുവാൻതന്നെയും അവന് കഴിയാതായി രിക്കുന്നു. ആത്മാവ് ഉണങ്ങിപ്പോകുന്നതിൻെറ ലക്ഷണമാണ് ഇതെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. ഇന്നത്തെ ലോകത്തിന് കൈവന്നതായി നാം ഘോഷിക്കുന്ന സൗഭാഗ്യങ്ങളൊന്നും ഈ നഷ്ടത്തിന് പരിഹാരമാവുകയില്ല. വൈദ്യശാസ്ത്രം സാധിച്ച മഹാദ്ഭുതം പോലും വസ്തുനിഷ്ഠമായ വീക്ഷണത്തിൽ അത്ര വലിയ ഒരനുഗ്രഹമല്ലെന്ന് അഭിപ്രായമുള്ളവരുണ്ട്. രോഗങ്ങളെ നിയന്ത്രിച്ച്, വേദനയെ ശമിപ്പിച്ച്, ദുർമരണങ്ങൾ ഇല്ലാതാക്കി, ആയുർദൈർഘ്യം വർദ്ധിപ്പിച്ച് എന്നിങ്ങനെയുള്ള നേട്ടങ്ങൾ വ്യക്തികൾക്ക് (ഒരുപക്ഷേ) നല്ലതായിരിക്കാം. പക്ഷേ, സമൂഹത്തിന്, മനുഷ്യവർഗത്തിന്, അത് ദോഷം ചെയ്തു എന്ന് ഭാവി തെളിയിച്ചേയ്ക്കാം. ലോകത്തിന് വലിയ ഭാരവും ലോകജീവിതം ദുർവഹമായ ഭാരവും ആയി അനുഭവപ്പെടുന്ന എത്രയോ ദുർബലജന്മങ്ങളെ അകാലമരണം നൽകുന്ന മുക്തിക്കു വിധേയമാക്കാതെ ഈ വിദ്യ നിലനിർത്തിക്കൊണ്ടിരിക്കുകയാണ്. മററൊരു ആപത്ത്, ജനനവും മരണവും തുല്യബലത്തിൽനിന്ന് സമൂഹത്തിന് സുസ്ഥിതി നൽകുന്ന ജന്തുലോകനിയമത്തെ ലംഘിച്ച് ജനപ്പെരുപ്പം, ഭൂമിഭാരം എന്നീ മഹാസങ്കടങ്ങൾക്ക് അത് കാരണമാക്കിയിരിക്കുന്നു എന്നതാണ്. ഇത് ഈ ലോകത്തിൽ ദുരിതഭാരത്തെ അനുനിമിഷം വർദ്ധിപ്പിക്കുകയാണ്. മനുഷ്യസന്തതിയിൽ മൂന്നിൽ രണ്ടുഭാഗം ഇന്നനുഭവിക്കുന്ന തീവ്രദുഃഖത്തെ അപേക്ഷിച്ച് മരണം എത്രയോ ഭേദമാണെന്നുപോലും തോന്നിപ്പോകുന്നു.

വ്യക്തികൾക്കുണ്ടായ ഗുണഫലങ്ങളെക്കുറിച്ചും ഭിന്നാഭിപ്രായം ഇല്ലാതില്ല. വൈദ്യശാസ്ത്രഗവേഷണവും അടിക്കടി സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്ന ആരോഗ്യരക്ഷാനടപടികളും മനുഷ്യചിത്തത്തിൽ ആപൽക്കരമായ വ്യാമോഹങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. പ്രകൃതിയുടെ സ്ഥാനം വൈദ്യശാസ്ത്രവിദഗ്ദ്ധൻ അപഹരിച്ചിരിക്കുന്നു. ഏതു രോഗത്തേയും ചികിത്സിക്കുവാൻ തനിക്കു കഴിയു

Digitized by Kerala Sahitya Akademi

മെന്നും, ഒരു മരുന്നു ഫലിച്ചില്ലെങ്കിൽ കൂടുതൽ ഫലപ്രദ മായ മററൊരെണ്ണം നൽകാമെന്നും ഏതു വേദനയ്ക്കും പ്രതി വിധിയുണ്ടെന്നും എല്ലാ വേദനകളേയും ഇല്ലാതാക്കാ മെന്നും ഈ ആധുനിക വിദഗ്ദ്ധർ വ്യക്തികളെ വിശ്വസി പ്പിക്കുന്നു. രോഗശാന്തിക്ക് ഔഷധങ്ങളേക്കാരം പ്രകൃ തിയെ ആശ്രയിക്കുകയും സാധാരണഗതിയിലുണ്ടാകുന്ന പല രോഗങ്ങളേയും കാര്യമായി ഗണിക്കാതെ ശുഭപ്രതീ ക്ഷയോടെ ജീവിക്കുകയും വേദനകളെ സഹിക്കുകയും ചെയ്യുവാൻ ശീലിച്ചിരുന്ന മനുഷ്യവർഗം ഇന്ന് ആ കഴി വുകളെല്ലാം കൈവെടിഞ്ഞ് വൈദ്യശാസ്ത്രത്തിൻെറ അടിമത്തം സ്വീകരിച്ചിരിക്കുന്നു. ഒരു ചെറിയ പനി വന്നാൽ ഉടനെ പെൻസിലിൻ കുത്തിവയ്ക്കണമെന്ന് ശഠിക്കുകയും, രോഗങ്ങളെ ഞൊടിയിടകൊണ്ട് നുള്ളിയെ ടുക്കാത്ത ഡോക്ടറെ അവിദഗ്ദ്ധനെന്നും അനുകമ്പയില്ലാത്ത വനെന്നും അപലപിക്കുകയുംചെയ്യുന്ന സമ്പ്രദായം സർവ സാധാരണമായിട്ടുണ്ട്. പക്ഷേ, അതിനിടയ്ക്ക് വൈദ്യ ശാസ്ത്രത്തിനുതന്നെ ഈ വിഷയത്തിൽ വീണ്ടുവിചാരവും മനഃപരിവർത്തനവും വരുന്നതിൻെറ ലക്ഷണങ്ങരം കണ്ടു തുടങ്ങിയിട്ടുണ്ട്. 1979 ജൂലായ് മാസത്തിൽ റഷ്യയിൽ നിന്നും വന്ന ഒരു പത്രവാർത്തയിൽ, കിയെവ് നഗര ത്തിലെ സാംക്രമികരോഗഗവേഷണശാലയിലെ ശാസ്ത്ര ജ്ഞന്മാർ, പനിപിടിച്ചാൽ അത് വർദ്ധിക്കാതെ തടയു കയും ശക്തികൂടിയ മരുന്നുകരം പ്രയോഗിച്ച് അതിനെ പെട്ടെന്ന് ശമിപ്പിക്കുകയും ചെയ്യുന്നത് ആപത്താണെന്നു പ്രസ്താവിച്ചിരിക്കുന്നതു കണ്ടു. ശരീരം താനെതന്നെ അതിൻെറ സഹജമായ രീതിയിൽ പ്രസ്തുതരോഗലക്ഷ ണത്തെ നിയന്ത്രിക്കുവാൻ അനുവദിക്കുന്നതാണ് രോഗി ക്കു നല്ലതെന്ന് അവിടെ നടത്തിയ ഗവേഷണങ്ങരം തെളിയിച്ചിരിക്കുന്നുവത്രെ. ഇത് ഒട്ടുമിക്ക രാജ്യങ്ങ ളിലും നിലവിലിരിക്കുന്ന ഒരു പ്രാചീനസങ്കല്പത്തിൻെറ ആവർത്തനമല്ലാതെ മററൊന്നുമല്ല. ഏതായാലും രോഗ ത്തെയല്ല, രോഗിയെയാണ് ചികിത്സിക്കേണ്ടത് എന്ന തത്വജ്ഞാനത്തിന് അത് വീണ്ടും പ്രസക്തി നൽകുന്നു.

Digitized by Kerala Sahitya Akademi

ഈ സന്ദർഭത്തിൽ കുററിയിലെ കറുമ്പൻെറ ഭാഗിനേയനായ കൊച്ചുകുട്ടൻ അന്നത്തെ സംഭാഷണത്തിനിടയ്ക്കു ചോദിച്ച ഒരു ചോദ്യം ഓർമ്മയിൽവരുന്നു. 'കുഞ്ഞെ മററൊന്നും വിചാരിക്കരുത്. ഈ പഠിത്തമെല്ലാം പണത്തിനുവേണ്ടിയല്ലേ? അല്ലെന്ന് പറഞ്ഞാൽ ഞാൻ സമ്മതിക്കുകയില്ല. ഒരു അനുഭവം പറയാം. മററെങ്ങും കേട്ടതല്ല. എനിക്കുതന്നെ ഉണ്ടായതാണ്. ഉടയതമ്പുരാൻെറ കൃപകൊണ്ട് കറുമ്പനമ്മാവന് ഒരു ദീനവും വന്നില്ല. പക്ഷെ, അങ്ങേരുടെ ഇളയ പെങ്ങളായ എൻെറ അമ്മയ്ക്ക് എന്നും ദീനം ആയിരുന്നു. പച്ച മരുന്ന് പറിയ്ക്കാൻ ഞാൻ നടന്നതിന് കണക്കില്ല. ഒരു ദിവസംപോലും കഷായക്കലം അടുപ്പത്തുനിന്ന് ഇറക്കിയിട്ടില്ല. രാമക്കണിയാരുടെ ചികിത്സയായിരുന്നു. ചെന്നുകണ്ടു വിവരം പറഞ്ഞാൽ മരുന്ന് നിശ്ചയിക്കും. കൈപ്പുണ്യമുള്ളവനായിരുന്നു. അമ്മയ്ക്കും അങ്ങേയററത്തെ വിശ്വാസം. അതാണല്ലോ കാര്യം. വൈദ്യനിൽ വിശ്വാസമുണ്ടെങ്കിലേ ദീനം മാറൂ. എന്നാലും ഒരിക്കൽ കണിയാരുടെ മരുന്ന് ഫലിച്ചില്ല. ഞാൻ ചെന്ന് നല്ല വാക്ക് പറഞ്ഞ് അയാളെ കൂട്ടിക്കൊണ്ടുവന്നു കാണിച്ചു. മടിയിൽ കൊണ്ടുനടക്കുന്ന മരുന്നുപെട്ടിയിൽനിന്ന് ചന്ദനക്കട്ടപോലുള്ള ഒരു സാധനം എടുത്തു ഉരച്ച് ജീരകവെള്ളത്തിൽ കലക്കിക്കൊടുത്തു. എന്നിട്ടും അമ്മയുടെ വയററുവേദന മാറിയില്ല. ഒടുവിൽ എല്ലാവരുംകൂടി നിശ്ചയിച്ച്, ആശുപത്രിയിൽ കൊണ്ടുപോയി. അന്ന് അടുത്തെങ്ങും ആശുപത്രിയില്ല. അഞ്ചുനാഴിക ദൂരം എടുത്തുകൊണ്ടുപോകേണ്ടിവന്നു. അവിടെ എത്തിയപ്പോഴും അമ്മ വേദനകൊണ്ട് പിടയുകയാണ്. കുറേ നേരം കാത്തുനിന്നപ്പോൾ ഡോക്ടർ വന്നു. കുഴലു വെച്ചും തടവിയും മററും പരിശോധിച്ചു. നാഡി പിടിച്ചു നോക്കി. നാക്ക് നീട്ടി കാണിക്കാൻ പറഞ്ഞു. വയറൊഴിഞ്ഞുപോയോ എന്ന് ചോദിച്ചു. ഒടുവിൽ ചുമന്ന നിറത്തിലുള്ള ഒരു മരുന്നുകൊടുത്തു. അത് അകത്തുചെന്നപ്പോൾതന്നെ ആശ്വാസം കിട്ടി. ആശുപത്രി മരുന്ന് നല്ല കടുപ്പമുള്ളതല്ലേ? ആ മരുന്നുതന്നെ തന്നയയ്ക്കുകയും

Digitized by Kerala Sahitya Akademi

ചെയ്തു. അമ്മയുടെ ദീനം ഭേദമായി. അങ്ങനെ അവരെ രക്ഷിച്ച ആ മനുഷ്യനോടുള്ള നന്ദി കാണിക്കുന്നതിന്നു രണ്ടു മൂന്നുദിവസം കഴിഞ്ഞ് ഞാനും കറുമ്പനമ്മാവന്റെ മകൻ പപ്പുവുംകൂടി ഒരു വല്ലം നിറയെ ഏത്തക്കുലയും, കാച്ചിലും, ചേനയും, രണ്ടുമൂട് നല്ല മരച്ചീനിയും എടുത്തു കൊണ്ട് ഡോക്ടറുടെ വീട്ടിൽപോയി. ഞങ്ങൾ മാറി മാറിയാണ് അത്രടംവരെ അത് ചുമന്നത്. വിയത്തു കുളിച്ചുചെന്ന ഞങ്ങൾ ചുമട് തിണ്ണയ്ക്കിറക്കിവെച്ചു. അത് അകത്തുനിന്നു കണ്ട് വലിയ ദേഷ്യത്തിലാണ് പുള്ളിക്കാ രൻ ഇറങ്ങിവന്നത്. എന്നിട്ട് ഞങ്ങളെനോക്കി പറഞ്ഞ തെന്തെന്ന് അറിയാമോ? ഞാൻ വാഴയ്ക്കു കൊടുത്തല്ല മദ്രാ സിൽപോയി ഡോക്ടർ പരീക്ഷയ്ക്ക് പഠിച്ചത്. എനിക്ക് രൂപ തരണം. പണമിറക്കിയാലേ ദീനം പോകൂ. ഇതൊക്കെ കെട്ടിച്ചുമന്നുകൊണ്ടു വന്നിട്ട് ഒരു കാര്യവുമില്ല. ഇതുകേട്ട് ഞാനും പപ്പുവും ജീവശ്ശവങ്ങളായി. ഞങ്ങൾ ആരെന്നോ, ആരുടെ ദീനക്കാര്യത്തിനുവേണ്ടിയാണ് ചെന്നതെന്നോ ആ മനുഷ്യൻ ചോദിച്ചില്ല. അമ്മയെ ചികിത്സിച്ച കാര്യം ഓർമ്മിച്ചും കാണുകയില്ല. അതെല്ലാം അപ്പോഴെ മറന്നില്ലേ? എത്രയോ ദീനക്കാരാണ് ഓരോ ദിവസവും ആശുപത്രിയിൽ ചെല്ലുന്നത്. ഏതാ യാലും എന്റെ മനസ്സിൽനിന്ന് നന്ദിയും കടപ്പാടു മെല്ലാം പമ്പകടന്നു. അയാൾ വീട്ടിന്നകത്തേയ്ക്കുപോയ തക്കത്തിന് ഞാൻ പപ്പുവിനോട് കണ്ണുകാണിച്ചു. കുട്ടയും കുലയുമെല്ലാം അവിടെ കളഞ്ഞിട്ട് ഞങ്ങൾ ഞൊടിയിട യിൽ സ്ഥലം വിട്ടു. ഞാൻതന്നെ അദ്ധ്വാനിച്ച് ഉണ്ടാ ക്കിയതല്ലേ സഹിച്ചുകൊള്ളാം. ആ നല്ല വല്ലം പോയ തിലേ സങ്കടമുള്ളു. പക്ഷേ, അതുവിചാരിച്ച് അവിടെ നിന്നാൽ പന്തികേടാകും. പോട്ടെ. അയാൾ പണം കൊടുത്ത് പണം വാങ്ങിക്കാൻ പഠിച്ചു. ഞാൻ വാഴക്കുല കൊടുത്ത് ഈ പുത്തൻ പഠിത്തത്തെ വെറുക്കാനും പഠിച്ചു. എന്നും ദാരിദ്ര്യത്തിൽ കഴിഞ്ഞ ആ മൂത്ത കണിയാർ എത്ര ഭേദംകുഞ്ഞേ?'

Digitized by Kerala Sahitya Akademi

'എന്തുഫലം? അയാറം ദാരിദ്ര്യത്തിൽ കിടന്നു. അത്ര തന്നെ' എന്ന് ഞാൻ എടുത്ത വാശ്ശ് മറുപടി പറഞ്ഞു. അതിന്നു കിട്ടന്റെ പ്രത്യുത്തരം ഇതായിരുന്നു:

'ഞാൻ നോവിക്കാൻ പറഞ്ഞതല്ല. രാമക്കണിയാക്ക് പണത്തിന്നു മാത്രമെ പഞ്ഞമുണ്ടായുള്ളു. അന്ന് സ്നേഹത്തിന് ദാരിദ്ര്യമില്ലായിരുന്നു. ഈ പഠിത്തമെല്ലാം വന്നിട്ടും അതാണല്ലോ, കുഞ്ഞേ തീരെ ഇല്ലാത്തത്— സ്നേഹം?'

അനേകം വഷ്ങ്ങറംക്കു മുമ്പ് സാധുവായ ഒരു ഗ്രാമവൃദ്ധൻ പറഞ്ഞ പരാതിയാണിത്. അതിനുശേഷം വിദ്യാഭ്യാസവും ആധുനികവല്ക്കരണവും വളരെ അധികം വർദ്ധിച്ചു. എങ്കിലും ഈ മഹാസങ്കടം എത്രയോ കൂടുതൽ ദുസ്സഹമായിത്തീൻ എന്നതാണ് എല്ലാവരുടേയും അനുഭവം. അന്ന് മഹാത്മാഗാന്ധി എന്നൊരൊററ മനുഷ്യനിലാണ് ഈ രാജ്യത്തെ ജനങ്ങറം ഭാവിയെക്കുറിച്ചുള്ള എല്ലാ പ്രത്യാശകളും അപ്പിച്ചത്. അദ്ദേഹം,

'ലോകമേ തറവാട് തനിക്കീ,ച്ചെടികളും
പുൽകളും പുഴക്കളുംകൂടി തൻ കുടുംബക്കാർ
ത്യാഗമെന്നതേ നേട്ടം; താഴ്മതാനഭ്യുന്നതി'

എന്ന ആദർശത്തെ പിന്തുടന്ന്, 'പ്രണയത്താലെ ലോകം വെല്ലു'വാൻ യത്നിച്ച മഹാപുരുഷനായിരുന്നു. ആ ലക്ഷ്യത്തിൽനിന്ന് അണുമാത്രംപോലും വ്യതിചലിക്കാതെ ദീർഘമായ ജീവിതയാത്ര നിവ്വഹിച്ച് തന്റെ ആത്മതേജസ്സുകൊണ്ട് ഭുവനഗോളത്തെ മുഴവൻ പ്രശോഭിപ്പിക്കുകയുംചെയ്തു. എന്നാലും, ഇന്ത്യയുടെ ഒരത്ഥത്തിൽ മനുഷ്യരാശിയുടേയും ഭാഗ്യദോഷംകൊണ്ട് അദ്ദേഹം കൈവരുത്തുവാൻ അഭിലഷിച്ച ചരിത്രപരമായ മഹാപരിവത്തനം ഈ രാജ്യത്തുപോലും, ഉണ്ടായില്ല. സ്നേഹവും അഹിംസയും അന്ത്യോദയവും എല്ലാം സാമൂഹിക മനുഷ്യനെ അല്പകാലത്തേയ്ക്ക് വ്യാമോഹിപ്പിച്ച കാനൽജലങ്ങളായി കലാശിക്കുകയും ഭാരതീയരുടെ ബോധമണ്ഡലത്തിൽനിന്നുതന്നെയും അതിശീഘ്രം അപ്രത്യക്ഷമാവുകയും ചെയ്തു എന്നുതന്നെയുമല്ല, ഇന്നത്തെ പത്തുമുപ്പതുവഷ

Digitized by Kerala Sahitya Akademi

ത്തിനിടയ്ക്കു് ഈ രാജ്യത്തിന്റെ ഭാവിയേയും ഭാഗധേയ ത്തേയും കുറിച്ച് ഗുരുതരമായ ഭയാശങ്കകളും ഉളവായിരി ക്കുന്നു. ഇന്നത്തെ ലക്ഷണങ്ങൾ കാണുമ്പോൾ ഇവിടെ സ്നേഹത്തിൽ അധിഷ്ഠിതവും വർഗ്ഗ—വർണ്ണരഹിതവും സകല ജനങ്ങൾക്കും സാമാന്യസുഖങ്ങളെങ്കിലും ഉറപ്പുചെയ്യുന്നതു മായ ഒരു സാമൂഹിക വ്യവസ്ഥിതി ഉണ്ടാകുമെന്ന് ആർക്കു പറയാം? നേരെ വിപരീതമായ പരിവർത്തനവും ഉണ്ടാ യിക്കൂടായ്കയില്ല. ആധുനികകാലത്ത് പുരോഗതി ക്കെന്നതുപോലെ അധോഗതിക്കും അധികം സമയം വേണ്ട. ഇപ്പോൾത്തന്നെ ഉത്തരേന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ, നാട്ടുമ്പുറങ്ങളിലെങ്കിലും വ്യവസ്ഥാ പിതഭരണമെന്ന ഒന്ന് ഇല്ലാതായിരിക്കുന്നു എന്ന് അവി ടെനിന്ന് വരുന്ന ആളുകൾ പറയുന്നു. കൈക്കൂലിയും അഴിമതിയും, തെററും കുററകരവും ആണെന്ന സങ്കല്പം പോലും ഇല്ലാതായിരിക്കുന്നു. മുട്ടാളന്മാർ കോടതികൾക്കു നേരെ ഭീഷണിമുഴക്കിത്തുടങ്ങിയിരിക്കുന്നുവത്രേ. ആ രേയും ഒന്നിനേയും ഭയപ്പെടേണ്ട എന്ന ദുസ്ഥിതിയാണ് സംജാതമായിരിക്കുന്നത്. മററു രാജ്യങ്ങളിൽ ഇങ്ങനെ യുള്ള പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ പട്ടാളം ഭരണം പിടിച്ചെടുക്കുകയോ അതല്ലെങ്കിൽ ദേശാഭിമാനികളും ത്യാഗമൂർത്തികളുമായ ആദർശപുരുഷന്മാരുടെ പ്രചോദന ത്തിൽ വിപ്ലവം ഉണ്ടായി സാമൂഹിക വ്യവസ്ഥിതി ഉട ച്ചുവാർക്കപ്പെടുകയോ ചെയ്യുമെന്നാണ് അനുഭവം. അററ കയ്യായ ഈ രക്ഷാമാർഗ്ഗങ്ങളൊന്നും ഇന്ത്യയിൽ ഉണ്ടാകുന്ന ലക്ഷണമില്ല. ഭയാനകമായ അരാജകത്വത്തിലേയ്ക്കും കിരാതാവസ്ഥയിലേയ്ക്കുമല്ലേ നമ്മുടെ ജനസമൂഹം നീങ്ങി ക്കൊണ്ടിരിക്കുന്നതെന്നു ശങ്കിച്ചുപോകുന്നു. പോലീസുകാ രനെ പേടിച്ചാണ് സാമൂഹിക മനുഷ്യൻ മര്യാദക്കാര നായി ജീവിക്കുന്നതെന്ന് ലോകദ്വേഷികൾ പറയാറുണ്ട്. ഇതു ശരിയാണെങ്കിൽ മര്യാദയുടേയും മാന്യതയുടേയും മനഃസമാധാനത്തിന്റേയും കാലം കഴിഞ്ഞിരിക്കുന്നു എന്നും പറയണം. എന്തുകൊണ്ടെന്നാൽ കുരുന്തോട്ടിക്കു വാതം പിടിച്ചതുപോലെ, ഇന്ത്യയിൽ പോലീസുകാര

Digitized by Kerala Sahitya Akademi

ന്മാർ 'സമര'ത്തിനിറങ്ങിയിരിക്കുന്നു. കുററവാളികളോടല്ല, ഭരണകൂടത്തോട് സമൂഹത്തോട്. ഡമോക്രസിയിൽ സർവ്വാധിപതിയായും അവരോധിച്ചിരിക്കുന്ന ജനങ്ങളോടു തന്നെ! ഇന്നിപ്പോഠം പട്ടാളത്തെ ഇറക്കി പോലീസിനെ അമർച്ചചെയ്യുന്നു. നാളെ പട്ടാളത്തിനും ഈ പകർച്ചവ്യാധി ബാധിച്ചെന്നുവരും. അന്ന് ആരെ വിളിക്കും?

## മറുപുറമില്ലാത്ത മായാദുഃഖം

മാനുഷികമൂല്യങ്ങളെ വളർത്തുമെന്ന് പറയുന്ന പാശ്ചാത്യവിദ്യാഭ്യാസവും ആധുനികവൽക്കരണവും ജനകീയവ്യവസ്ഥിതിയും സോഷ്യലിസ്റ്റ്ചിന്താഗതിയും വന്നിട്ടും ഈ രാജ്യത്ത് കാട്ടുതീപോലെ പടർന്നുപിടിക്കുന്ന അർത്ഥലോഭവും സ്വാർത്ഥബുദ്ധിയുമാണ് ഈ മഹാവിപത്തിൻെറ മൂലകാരണം. കൊച്ചുകിട്ടൻ പറഞ്ഞതിൻെറ പൊരുളും ഇതുതന്നെയാണ്. അയാഠം ഗ്രാമീണജീവിതത്തിലെ ഒരു ചെറിയ സംഭവത്തിൽ നിന്ന് ഈ രഹസ്യം മനസ്സിലാക്കി. അഭിജ്ഞന്മാരെന്നും വിശാലവീക്ഷണമുള്ളവരെന്നും അഭിമാനിക്കുന്നവർക്കു രാജ്യം ഒന്നാകെ കീഴ്മേൽ മറിയുന്നത് കണ്ടിട്ടും ഈ സത്യം ഇനിയും ബോദ്ധ്യമായിട്ടില്ല. ഇന്ത്യയിലെ ബുദ്ധിജീവികഠംക്കും സാഹിത്യകാരന്മാർക്കും മോഹഭംഗം വന്നിരിക്കുന്നതായും ഈയിടെ പലരും പറയാറുണ്ട്. വാലും തലയും ഇല്ലാത്ത ആധുനികസാഹിത്യം അതിൻെറ ഫലമാണെന്നും പറയുന്നു. ശരിയാണ്. ഈ പുതിയ യുഗത്തിൻെറ ആരംഭം മുതൽക്ക് അവർ പുലർത്തിവന്ന മോഹങ്ങഠംക്ക് ഭംഗം സംഭവിച്ചിരിക്കുന്നു. ഇംഗ്ലീഷിൽ പഠിച്ചും ഇംഗ്ലണ്ടിൽപോയി പഠിച്ചും അക്ഷരവിദ്യയും പുസ്തകജ്ഞാനവും മാത്രം നേടിയും ഇന്ത്യയെ സ്വന്തമാക്കാമെന്നും അങ്ങേയററത്തെ സൗഭാഗ്യങ്ങഠം അനുഭവിക്കാമെന്നുമാണ് ഇതുവരെ അവർ കരുതിയിരുന്നത്. പക്ഷേ, ഇന്നിതാ ബുദ്ധിജീവികഠം എന്നോ, വിദ്യാഭ്യാസയോഗ്യത നേടിയവരെന്നോ പറയുവാൻ സാദ്ധ്യമല്ലാത്തവർ ഈ രാജ്യത്തെ പിടിച്ചടക്കിയിരിക്കുന്നു. അവരുടെ സ്വാധീ

Digitized by Kerala Sahitya Akademi

നവും സമ്പത്തും സൗഭാഗ്യങ്ങളും കാണുമ്പോഠം അക്ഷര വിദ്യക്കാക്ക് മോഹഭംഗം ഉണ്ടാകുന്നത് സ്വാഭാവികമാണ്. ജ്ഞാനവിജ്ഞാനങ്ങളുടെ സംസ്കാരമല്ല തനി വാണിജ്യസംസ്കാരമാണ് ഇന്ന് ലോകമാകെ നിലവിൽ വന്നിരിക്കുന്നത്. ഇന്ത്യയും അതിൽ വീണിരിക്കുകയാണ്. കച്ചവടക്കാരുടെയും കരിഞ്ചന്തക്കാരുടേയും കള്ളക്കടത്തുകാരുടേയും അവരുമായി ഒത്തുകളി നടത്തുന്ന രാഷ്ട്രീയക്കാരുടേയും സർവ്വാധിപത്യം ഉണ്ടായിരിക്കുന്നു. വിദ്യ ധനം ആയി രൂപാന്തരപ്പെടുമ്പോഠം ജീവിതത്തിനില്ലാത്ത ശാശ്വതഭാവം ഭൗതിക സമ്പത്തിനുണ്ടെന്ന മിഥ്യാബോധം പടർന്നുപിടിക്കുമ്പോഠം ഇങ്ങനെ സംഭവിക്കുമെന്നുള്ളത് തീർച്ചയാണ്. ഇന്ന് മോഹഭംഗം അനുഭവിക്കുന്നവരുടെ മുൻഗാമികളിൽനിന്നുതന്നെയാണ് ഈ രാജ്യം ഈ പുതിയ വിജയരഹസ്യങ്ങഠം പഠിച്ചത്. അവരാണ് ഭൗതികവാദത്തേയും ധനാരാധനയേയും അത്യുത്കൃഷ്ടതകരമായ ധർമ്മാചരണമായി ഉയർത്തിക്കാണിച്ചത്. അത് മററുള്ളവർ പരിപൂർണ്ണമായി അംഗീകരിക്കുകയും ജീവിതലക്ഷ്യമായി സ്വീകരിക്കുകയും ചെയ്തു. ആ വിഷവല്ലരിയാണ് ഇന്ന് ദേശീയ ജീവിതത്തിൽ ആകമാനം പടർന്നുകയറി കാടുപിടിച്ച് കലച്ചുമറിഞ്ഞുകിടക്കുന്നത്.

ഒരു നൂററാണ്ടുകാലം നഗ്നപാദനായി നടന്ന് നാട്ടിൻപുറത്തെ നനവുള്ള മണ്ണിന്റെ സ്പർശസുഖം അനുഭവിച്ച കററിയിലെ കറുമ്പനുപോലും ഈ ജീവിതം വെറുമൊരു സ്വപ്നമായിട്ടാണ് തോന്നിയത്. പൂമാലയുടെ പുഞ്ചിരി മാത്രമേ ആ മനുഷ്യന്റെ സ്മരണയിൽ അവസാനം വരെ നിലനിന്നുള്ളൂ. ഈ ലോകം മായയാണെന്ന് അനുഭവിച്ചറിയുമ്പോഠം അങ്ങനെയല്ലാത്ത അനുഭൂതികഠംക്കുവേണ്ടി മനുഷ്യഹൃദയം ദാഹിക്കുന്നത് സ്വാഭാവികമാണ്. ഈ വിഷയത്തിലാണ് ആധുനിക ഭൗതിക സംസ്കാരം മനുഷ്യരാശിയെ പരിപൂർണ്ണമായി വഞ്ചിച്ചത്. കറുമ്പനെപ്പോലെ ജീവിച്ച കോടിക്കണക്കിലുള്ള സാധുജനങ്ങളെ, നിലംതൊടാതെ നടക്കുകയും വൈദേശിക ധർമ്മം

Digitized by Kerala Sahitya Akademi

പ്രചരിപ്പിക്കുകയും ചെയ്ത ബുദ്ധിജീവികരം ഹൃദയശൂന്യമായ ഭൗതികവാദത്തിന്റെലസ്സ് തള്ളിവിട്ട് ഇന്നിതാ നന്മതിന്മകളുടെ വ്യത്യാസംപോലും അറിയാത്ത തിര്യക്കുകളായി രൂപാന്തരപ്പെട്ടത്തിയിരിക്കുന്നു. മറുപുറമില്ലാത്ത മായാദുഃഖമാണ് അവർ ഇന്നനുഭവിക്കുന്നത്. അവരുടെ ജീവിതത്തിൽ സങ്കല്പത്തിന്റെ സാന്ത്വനങ്ങളോ മുക്തിയുടെ പ്രതീക്ഷകളോ ഇല്ല. ഇതല്ലേ നരകം?

# അമ്മയുടെ തിരുമുമ്പിൽ

സമയം രാത്രി. ഞാൻ ഏകാകിയായി നാട്ടിൻപുറത്തെ ആ പഴയ അമ്പലത്തിന്റെ മുൻപിലുള്ള ആൽത്തറയിൽ മനോരാജ്യത്തിൽ മുഴുകി ഇരിക്കുകയാണ്. നല്ല നിലാവുണ്ട്. മകരമാസത്തിലെ പാലുപോലുള്ള പൂനിലാവ്. അല്പാല്പമായി മഞ്ഞുപൊഴിയുന്നുണ്ട്. അതിമനോഹരമായ വെള്ളിമേഘങ്ങരം ആകാശത്ത് ആട്ടിൻ പററങ്ങളെപ്പോലെ അണിനിരന്നു നിൽക്കുന്നു. ചുററുമുള്ള കുററിക്കാടുകരംക്കും അവയുടെ നിഴലുകരംക്കുപോലും എന്തെന്നില്ലാത്ത ഭംഗി കൈവന്നിരിക്കുന്നു. കാററില്ലെങ്കിലും മാംപൂവിന്റെ മണം നാലുപാടും പരക്കുന്നുണ്ട്. മണ്ണും പൂനിലാവും അനക്കമില്ലാതെ നില്ക്കുന്ന മരങ്ങളും എല്ലാം കൂടി ആ കുഗ്രാമത്തെ ശാന്തി നിറഞ്ഞ ഒരത്ഭുതലോകമാക്കി മാററി.

നടയടച്ചിട്ട് നേരം വളരെയായെങ്കിലും മതിൽക്കെട്ടിനു മുകളിൽ പൊങ്ങിക്കാണുന്ന ചെറിയ ശ്രീകോവിൽ ദിവ്യചൈതന്യത്തിന്റെ പ്രഭവസ്ഥാനമായി എനിക്കു തോന്നി. പകൽ സമയത്ത് ആ ആൽത്തറയ്ക്കു ചുററും നടക്കാറുള്ള ബഹളമെല്ലാം വെറും സ്വപ്നംപോലെ മാഞ്ഞുപോയി. ജീവിതം മുഴവനുംതന്നെ ഒരു സ്വപ്നമായി തോന്നി. ഈ അസ്ഥിരതകരംക്ക് നടുവിൽ എന്താണ് മനുഷ്യനെ കാലത്തിന്റെ പെരുവഴിയിലൂടെ മുന്നോട്ട്

Digitized by Kerala Sahitya Akademi

നയിക്കുന്നത്? ദിനരാത്രങ്ങളുടെ അവിരാമമായ ഈ ഘോഷയാത്രയുടെ അർത്ഥമെന്ത്? അൻപതുവർഷക്കാലം ആ ക്ഷേത്രത്തിൽ ശാന്തി കഴിച്ച് ആരോടും ഒരു പരാതിയും ഇല്ലാതെ ഒററ മുണ്ടും തോർത്തുമായി ജീവിതം നയിച്ച ശങ്കരൻപോററിയുടെ കഥയൊന്ന് ഓർത്തു നോക്കുക. എന്തായിരുന്നു അദ്ദേഹത്തിൻെറ ആദായമെന്നോ ആരാണ് വേതനം കൊടുത്തതെന്നോ, എനിക്ക് അറിഞ്ഞുകൂടാ. പക്ഷെ എഴുന്നേററു നടക്കാൻ കഴിയുമെങ്കിൽ വെളുക്കുന്നതിനു മുൻപുതന്നെ മുങ്ങിക്കുളിച്ച്, ഈറൻ തോർത്തുമുടുത്ത് അദ്ദേഹം അമ്പലത്തിലെത്തും. അറുപത്തിനാല് അനാചാരങ്ങളും ബഹുകണിശമായിത്തന്നെ അനുഷ്ഠിച്ചിരുന്നെങ്കിലും, ഇന്നത്തെ രീതി വെച്ചുനോക്കിയാൽ ആ മനുഷ്യന് എന്തെങ്കിലും ദുരാഗ്രഹമോ, പറയത്തക്ക ആഗ്രഹങ്ങൾ പോലുമോ ഉണ്ടായിരുന്നതായി കാണുന്നില്ല. ജീവിക്കണം എന്നൊരു താല്പര്യമുണ്ടായിരുന്നു. പക്ഷെ, ജീവിക്കുന്നതിനുവേണ്ടി പൂജ നടത്തുകയോ, പൂജ നടത്തുന്നതിനുവേണ്ടി ജീവിക്കുകയോ, ചെയ്തതെന്നു തീർത്തുപറയുവാൻ പ്രയാസമാണ്. ക്ഷേത്രത്തിൻെറ ഉടമസ്ഥർ മററാരോ ആയിരുന്നു. ആ മനുഷ്യനെ ആ ദിക്കിലുള്ളവർ അപൂർവ്വമായേ കണ്ടിട്ടുള്ളു. മറെറന്തോ തൊഴിലിൽ ഏർപ്പെട്ട് അന്യദിക്കിൽ എവിടെയോ കഴിഞ്ഞുപോന്നു. ശങ്കരൻപോററിയെയാണ് എല്ലാവരും ഉടമസ്ഥനായി കരുതിയതു്. അദ്ദേഹവും മററാർക്കോവേണ്ടി തൊഴിലുചെയ്യുകയാണെന്നു് ഭാവിച്ചില്ല. പൂജാദികൃത്യങ്ങൾ തൻെറ ചുമതലയാണെന്നും ജീവിതധർമ്മമാണെന്നും ആത്മാർത്ഥമായി വിശ്വസിച്ച് പ്രവർത്തിക്കുന്നതുപോലെ തോന്നി.

## അമ്മയ്ക്ക് വിളക്ക്

അതൊരു ഭഗവതി ക്ഷേത്രമാണ്. അവിടുത്തെ ദേവതയെ ആ നാട്ടുകാരെല്ലാം അമ്മയെന്നാണ് വിളിക്കുന്നത്. അമ്മ പലയാളുകൾക്കും പെററമ്മയെപ്പോലെ പ്രത്യക്ഷമായ പരമാർത്ഥമായിരുന്നു. അമ്മയോട് സങ്കടം പറയുകയും പരാതിപ്പെടുകയും പരിഭവിക്കുകയും പിണ

Digitized by Kerala Sahitya Akademi

ങ്ങുകയും നന്ദി പറയുകയും അഭ്യർത്ഥിക്കുകയും ചെയ്യുന്നതു് ആബാലവൃദ്ധം ജനങ്ങളും അനുവർത്തിച്ചുപോന്ന നടപടിയാണ്. ആ ദിക്കിലുണ്ടാകുന്ന ഏതു് ചെറിയ സംഭവത്തിന്റെയും ഉത്തരവാദിത്വം അമ്മയിലാണ് ആരോപിച്ചുവന്നതു്. ജനനവും മരണവും, ഐശ്വര്യവും അധഃപതനവും, വെയിലും, മഴയും, സുഖവും, ദുഃഖവും എന്നുവേണ്ട സർവ്വവും അമ്മ വരുത്തുന്നതാണ്. ഏതു് സങ്കടത്തിനും അവിടെ ചെന്നു് പറഞ്ഞാൽ പരിഹാരം ലഭിക്കും. അകൃത്യം ചെയ്താൽ ശിക്ഷയും നിശ്ചയമാണ്. ഉണരുന്നതും, ഉറങ്ങുന്നതും ഊണു കഴിക്കുന്നതും വിത്തു നനയ്ക്കുന്നതും കൊയ്ത്തു തുടങ്ങുന്നതും, കളം വിടുന്നതും, മുങ്ങിക്കുളിക്കുന്നതും, കുളിച്ചു കയറുന്നതും എല്ലാം അമ്മേ എന്നു വിളിച്ചുകൊണ്ടാണ്. അവിടത്തെ കൽവിളക്കുകളിൽ ഒന്നോ രണ്ടോ തുടം എണ്ണയൊഴിച്ചു് തിരികത്തിക്കുന്നതാണ് സാധാരണ ജനങ്ങളുടെ ഏററവും വലിയ വഴിപാടു്. അടുത്ത വീട്ടിലെ കൂട്ടുകാരിയുടെ ദീനം പൊറുക്കുവാൻവേണ്ടി വിളക്കു കൊളുത്താൻ പോകുന്ന പെൺകുട്ടികളെ ഞാൻ കണ്ടിട്ടുണ്ടു്. അതു് കഴിഞ്ഞാൽ പിന്നെ ഒരു ചികിത്സയും വേണ്ടെന്നാണ് അവർ ഉറപ്പായി വിശ്വസിച്ചതു്. ഓമല്ലൂർ മണ്ടകത്തിൽ ആണ്ടിലൊരിക്കൽ നടക്കുന്ന കാളച്ചന്തയിൽ കാളകളെ വാങ്ങാൻ പോകുന്നതിനു മുൻപ് കുളിച്ചുതൊഴുതു് വിളക്കു കൊളുത്തുന്ന കൃഷിക്കാരെയും കണ്ടിട്ടുണ്ടു്.

ആ നാട്ടിലെ ക്രിസ്ത്യാനികൾക്കും അമ്മയുടെ കാര്യത്തിൽ അടിയുറച്ച വിശ്വാസമാണ്. പ്രായമായവർക്കെങ്കിലും ഭക്തിയുമുണ്ടു്. കത്തനാരെ പേടിച്ചു് ആരും നേരെ നിന്നു് തൊഴുകയോ തനിയെചെന്നു് വഴിപാടുകൾ കഴിക്കുകയോ ചെയ്യാറില്ല. എങ്കിലും കാഞ്ഞിരംപറമ്പിൽ തോമാ എന്നൊരാൾ ഒരു ദിവസം വളരെ തിടുക്കത്തിൽ, മറെറവിടെയോ പോകാനെന്നപോലെ നടന്നുവരുന്നതും, കാലിൽ മുള്ളുകൊണ്ടു എന്നു് 'വെറുതെ നടിച്ചു് നിലകൊണ്ടതും' കണ്ണടച്ചു് തുറക്കുന്നതിനുമുമ്പ് കൈകൂപ്പി പ്രാർത്ഥിച്ചതും ഞാൻതന്നെ കണ്ടതാണ്. 'രാവിലെ തലവേദന

Digitized by Kerala Sahitya Akademi

വരുന്നു' എന്നു പറഞ്ഞ് അമ്പലത്തിലെ ചന്ദനം പതിവായി നെററിയിൽ പുരട്ടി നടക്കുന്ന മത്തായിയുടെ കഥയും പ്രസിദ്ധമാണ്. അയാാം തന്റെ മകളുടെ മകളാകാൻ മാത്രം പ്രായമുള്ള പെൺകുട്ടികളെ പോലും അമ്മയെന്നാണ് വിളിച്ചുവരുന്നതു്. ഇവക്കൊക്കെ നേരെ ചെന്നങ്ങ് തൊഴുതാൽ എന്തെന്ന് ബാലനായ ഞാൻ വിസ്മയിച്ചിട്ടുണ്ട്. അമ്പലത്തിൽ കേറിക്കൂടാ എന്ന വിലക്കുകൊണ്ടാണെന്ന് പറയാനില്ല. കോട്ടമതിലും, ഗോപുരവും ഒന്നുമില്ലാത്ത അമ്പലമാണത്. നടയ്ക്കു വെളിയിൽ നിന്നാൽ അകത്തുള്ളതു മുഴുവനും കാണും. അകത്തുകയറുവാൻ വിലക്കുള്ളവർ പുറത്തുനിന്നേ തൊഴാറുള്ളു. അതിമനോഹരമായ ഒരു ശിലാവിഗ്രഹമാണ് അവിടെ പ്രതിഷ്ഠിച്ചിരിക്കുന്നതു്. ഞാൻ കണ്ടിട്ടുള്ള മിക്ക വിഗ്രഹങ്ങളും ഏറെക്കുറെ രൗദ്രരസം പ്രദർശിപ്പിക്കുന്നവയാണ്. പക്ഷെ, അമ്മയുടെ മുഖത്ത് എപ്പോഴും ഒരു ചെറുപുഞ്ചിരി കളിയാടുന്നു. ശാന്തിക്കാക്ക് ഏതു് വിഗ്രഹത്തിലും ഏതു് രസവും കൈവരുത്തുവാൻ കഴിയും. ചന്ദനവും പൂവുംകൊണ്ട് കൃഷ്ണശിലയെ സജീവമാക്കുന്ന അത്ഭുതകല അവർ അഭ്യസിച്ചിട്ടുണ്ട്. നാളും, തിഥിയും നോക്കി ഓരോരോ രസങ്ങൾ അവർ വിഗ്രഹങ്ങളുടെ മുഖത്ത് പ്രദശിപ്പിക്കും. പക്ഷെ ശങ്കരൻപോററി ഒരിക്കലും അമ്മയുടെ മുഖത്തെ പുഞ്ചിരി മറയ്ക്കാറില്ല.

കിഴക്കൻ കാട്ടിൽ ഈറവെട്ടാൻ പോയ കണ്ടൻ പറയൻ അവന്റെ അനുഭവങ്ങൾ വർണ്ണിച്ചപ്പോൾ പറയുന്നു; 'അമ്മൻ' എപ്പോഴും തന്റെകൂടെ ഉണ്ടായിരുന്നു എന്ന്. ഇല്ലെങ്കിൽ പണ്ടുപണ്ടേ കടുവായുടെ വയററിൽ പോകമായിരുന്നു എന്നാണ് അവന്റെ വിശ്വാസം. അവൻ തൊപ്പിപ്പാളയും കയ്യിലെടുത്ത് തൈആലിന്റെ ചുവട്ടിൽ കണ്ണടച്ചുനിന്ന് ദീഘനേരം പ്രാത്ഥിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. വെററിലയും പാക്കും, മടക്കിവെയ്ക്കുകയും മഞ്ചാടിക്കുരു ശ്രീകോവിലിന്റെ നേക്ക് വലിച്ചെറിയുകയും ചെയ്യിരുന്നു.

Digitized by Kerala Sahitya Akademi

അമ്പലത്തിൻെറ വടക്കേ വീട്ടിൽ താമസിക്കുന്ന തീരെ മെലിഞ്ഞ കൊച്ചുനാരായണി ഇരട്ട പെററപ്പോൾ മററ് സ്ത്രീകൾ ചോദിച്ചത്—

'എൻെറ കൊച്ചുനാരായണീ നീ എങ്ങനെ ഈ ചുമട് പത്തുമാസം കൊണ്ടുനടന്നു?'

ഇതിന് അവൾക്ക് എപ്പോഴുമുള്ള മറുപടി ഇതായിരുന്നു—

'ഞാൻ ഒന്നുമറിഞ്ഞില്ലേ കൊച്ചേടത്തി. അമ്മയാണ് ചുമന്നത്. അമ്മയ്ക്ക് താങ്ങാൻ വയ്യാത്ത ചുമടുണ്ടോ?'

ഒരു കാശും കയ്യിലില്ലാതെ പുരപ്പണി തുടങ്ങിയ കിട്ടുപിള്ള പണിതീർന്ന് പാലുകാച്ചു നടത്തിയപ്പോൾ പറയുകയാണ്: 'എങ്ങനെ ഇത് സാധിച്ചുവെന്ന് എനിയ്ക്ക് അറിഞ്ഞുകൂടാ. എല്ലാം അമ്മ നടത്തിത്തന്നതാണ്.'

## കളിയും കാര്യവും

ഇതെല്ലാം കണ്ടും കേട്ടും വളർന്ന എൻെറ കാര്യം പറഞ്ഞാൽ അമ്മ എപ്പോഴും എൻെറ കൂടെയുണ്ട്. എൻെറ ജീവിതംതന്നെ അമ്മയുടെ മടിത്തട്ടിലാണ് നടക്കുന്നത്. ഞാൻ സ്വമേധയാ എങ്ങോട്ടും പോകാറില്ല. അമ്മ എന്നെ എടുത്തുകൊണ്ടു പോവുകയാണ് പതിവ്. വാസ്തവത്തിൽ അമ്മയാണ് പോകുന്നത്. ഞാൻ മർക്കടകിശോരന്യായേന അമ്മയുടെകൂടെ പോകുന്നു എന്നേ ഉള്ളൂ. അമ്മയുടെ ശരീരത്തോടുള്ള സമ്പർക്കം ഞാൻ എപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുന്നു. ജീവിതസുഖം മാത്രമല്ല മോക്ഷസുഖംപോലും ഈ സമ്പർക്കത്തിൽനിന്നും എനിക്കു ലഭിക്കുന്നു. അമ്മയുടെ ബാഹുക്കൾ എന്നെ വലയംചെയ്യുന്നതും എൻെറ ബാഹുക്കൾ അമ്മയെ വലയംചെയ്യുന്നതും എനിക്ക് അറിയാം. സമ്പർക്കം ഇല്ലെന്നു തോന്നുമ്പോഴാണ് ഞാൻ നാലുപാടും പകച്ചുനോക്കുന്നത്. ഒന്നും കാണുകയില്ല. പക്ഷേ തല ഒന്ന് ഉയർത്തിനോക്കുമ്പോൾ അമ്മ ചിരിച്ചുകൊണ്ടു നില്ക്കുന്നത് എനിക്കു കാണുവാൻ സാധിക്കും. ആ മുഖത്ത് എന്തു വാത്സല്യമാണ് പ്രകാ

Digitized by Kerala Sahitya Akademi

ശിക്കുന്നത്. എന്നെ അഭിഷേകംചെയ്യുന്ന ആ വാത്സല്യവായ്പ് വർണ്ണിക്കുവാൻ എനിക്കു കഴിവില്ല. എൻെറ ദുഃഖങ്ങളും ദ്വേഷങ്ങളും ഞാൻ അമ്മയെ അറിയിക്കുകയാണ് പതിവ്. ഏതിന്നും അമ്മയാണ് സാന്ത്വനവും സമാധാനവും തരേണ്ടത്. ഒരർത്ഥത്തിൽ പറഞ്ഞാൽ എനിക്ക് സ്വന്തമായി ഒന്നുമില്ല. സർവവും അമ്മയുടേതാണ്. എൻെറ വികാരങ്ങളും വിചാരങ്ങളുംകൂടി. എന്നെ നോവിക്കുമ്പോൾ അമ്മയ്ക്കാണ് വേദനയുണ്ടാകുന്നത് എന്ന് എൻെറ ശത്രുക്കൾ അറിയുന്നില്ല. അതോ, അറിഞ്ഞുകൊണ്ടു തന്നെ അമ്മയ്ക്കു വേദനയുണ്ടാകട്ടെ എന്നു കരുതി ഓരോന്നു ചെയ്യുകയാണോ? ഈ ലോകത്തിൽ അങ്ങനെയുള്ള ദുഷ്ടന്മാരും ഉണ്ടല്ലോ? അമ്മയുടെ കരുത്ത് എത്രയെന്നും അമ്മയ്ക്ക് എന്തെല്ലാം സഹിക്കുവാൻ കഴിയുമെന്നും ഈ മൂഢന്മാർ അറിയുന്നില്ല. അമ്മയുടെ കോപം ജ്വലിക്കുമ്പോൾ എന്തു സംഭവിക്കുമെന്നും അവർ ആലോചിക്കുന്നില്ല. പെൺസിംഹത്തെ അലട്ടുകയും ശല്യപ്പെടുത്തുകയും നോവിക്കുകയും ചെയ്യുന്നത് കളിയാണെന്നാണ് അവർ കരുതുന്നത്. ഒന്നുരണ്ടുപേരുടെ കളി അല്പമൊന്ന് അതിരുകടന്നപ്പോൾ സംഭവിച്ചത് എനിക്കറിയാം. അവരുടെ തല കണ്ടില്ല. മാറ് പിളർന്ന് ചോരയിൽ കുളിച്ചുകിടക്കുന്ന കബന്ധങ്ങൾമാത്രം ശേഷിച്ചു. അതുകണ്ടപ്പോൾ ഞാൻ വിറച്ചുപോയി. അമ്മയെ നോക്കിയപ്പോൾ ആകാശംമുട്ടി വളർന്നു നില്ക്കുന്നു. കണ്ണിൽ തീ എരിയുന്നു. ആയിരം ബാഹുക്കളും ഓരോന്നിലും ആയുധങ്ങളും കണ്ടു. മുടിക്കെട്ട് അഴിഞ്ഞുകിടക്കുന്നു. തലനാരിഴകൾ പത്തിവിരിച്ച സർപ്പങ്ങളായി മാറിയിരിക്കുന്നു. ആ രൂപം കളിക്കുവാൻ വന്ന ഭാഗ്യദോഷികൾ കണ്ടിരിക്കുകയില്ല.

എൻെറ ഉത്സാഹപ്രകടനവും വിഷാദചിന്തകളും ഒന്നും അമ്മ കാര്യമായി കരുതാറില്ല. അമ്മയ്ക്ക് അതെല്ലാം വെറും കുട്ടിക്കളിയും തേങ്ങിക്കരച്ചിലുമാണ്. വൻകാര്യങ്ങൾ സാധിച്ചുതന്നു എന്നഭാവത്തിൽ ചിലപ്പോഴൊക്കെ ഞാൻ അമ്മയെ നോക്കാറുണ്ട്. കണ്ണുനീരിൻെറ

Digitized by Kerala Sahitya Akademi

ഇടയിലൂടെയും നോക്കിയിട്ടുണ്ട്. ആ മുഖത്ത് ഒരു ഭാവ ഭേദവുമില്ല. ദിങ്മുഖങ്ങളിൽ ദൃഷ്ടിയുറപ്പിച്ച അക്ഷോഭ്യതയേ കണ്ടിട്ടുള്ളു. എന്താണ് അമ്മയുടെ വിചാരങ്ങളെന്ന് ഊഹിക്കുവാൻപോലും സാധിച്ചിട്ടില്ല.

എൻെറ കൂടെ എപ്പോഴും നടന്നാൽ മററുള്ള മക്കളുടെ കാര്യം ആരു നോക്കും എന്ന് ഞാൻ വിസ്മയിച്ചിട്ടുണ്ട്. ഞാൻ ജ്യേഷ്ഠനോടു ചോദിച്ചു. അമ്മ എവിടെയെന്ന്. 'എന്നെ തലോടിക്കൊണ്ടു നിൽക്കുന്നത് നീ കാണുന്നില്ലെ?' എന്നായിരുന്നു മറുപടി.

## സത്യത്തിൻെറ സന്നിധിയിൽ

ഞാൻ കണ്ണടച്ച് അമ്മേ എന്ന് മനസ്സിൽ സങ്കല്പിച്ചാൽ ആ പുഞ്ചിരി എനിക്ക് കാണാൻ കഴിയും. കണ്ണ് അടച്ചിരിക്കുമ്പോൾ എങ്ങനെയാണ് കാണുന്നതെന്ന് ഞാൻതന്നെ അദ്ഭുതപ്പെട്ടിട്ടുണ്ട്. പക്ഷേ ഈ കാര്യ സത്യമാണെന്ന് ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നു. അമ്മയുടെ പുഞ്ചിരി തെളിഞ്ഞുവരുമ്പോൾ എൻെറ സംശയം നീങ്ങിപ്പോകുന്നു. ഞാൻ എന്നെത്തന്നെ മറക്കുന്നു. ഞാൻ അമ്മയോട് ഒന്നും ചോദിക്കാറില്ല. എനിക്കു വേണ്ടതെന്തെന്ന് അമ്മയ്ക്ക് അറിഞ്ഞുകൂടെ? അതുകൊണ്ടു നിശ്ശബ്ദനായി 'അമ്മേ, അമ്മേ' എന്നു ധ്യാനിക്കുകയല്ലാതെ മറെറാന്നും ഞാൻ ചെയ്യാറില്ല. അമ്മയുടെ പുഞ്ചിരിപ്പൂനിലാവിൽ എൻെറ ജീവിതമാകുന്ന അരക്കാമ്പൽ വിരിയുന്നു. അതിൻെറ അഭീഷ്ടങ്ങളെല്ലാം സാധിച്ചതായുള്ള അനുഭൂതി ഉണ്ടാകുന്നു.

അന്ന്, ആ രാത്രിയിൽ അമ്മയുടെ തിരുമുമ്പിൽ, സകലതിനും സാക്ഷിയായി ഉയർന്നുനിൽക്കുന്ന അരയാലിൻെറ ചുവട്ടിലുള്ള കരിങ്കൽത്തറയിൽ ഏകാകിയായി, ഇരുന്നപ്പോൾ, മായയുടെ മനോഹരമായ മൂടുപടംകണ്ട് ഞാൻ മയങ്ങിപ്പോയെങ്കിലും രാത്രിയുടെ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ട് മരക്കൊമ്പുകൾക്കിടയിൽനിന്നു പുറപ്പെട്ട ഒരു നത്തിൻെറ കരച്ചിൽ എൻെറ ചേതനയെ തട്ടിയുണർത്തി, സത്യത്തിൻെറ സന്നിധിയിലേയ്ക്ക് ആന

Digitized by Kerala Sahitya Akademi

യിച്ചു. പതിഞ്ഞ താളത്തിൽ തുടങ്ങി അതിശീഘ്രം ആറാം കാലത്തിലെത്തിയ ആ ശബ്ദധോരണി ദിഗന്തങ്ങളിൽ മാറെറാലിച്ച്, സ്വർഗലോകത്തിൻെറ സുവർണ്ണ ഗോപുരങ്ങൾ അനുഭൂതിയിൽ ജനിപ്പിച്ചു. സത്യത്തിൻെറ മുഖം പൊന്നിൻതളികകൊണ്ട് മൂടപ്പെട്ടിരിക്കുന്നു (ഹിരണ്മയേന പാത്രേണ സത്യസ്യാപിഹിതം മുഖം) എന്ന ഉപനിഷദ്‌വാക്യം അനുഭൂതിയിൽ സാക്ഷാത്കരിക്കുവാൻ എനിക്ക് ഭാഗ്യമുണ്ടായി. പൊൻമയമായ ആ ആവരണം രത്നഖചിതവുമാണ്. നാം കാണുന്ന നക്ഷത്രങ്ങൾ അതല്ലേ തെളിയിക്കുന്നത്!

അന്നത്തെ ആ ദിവ്യാനുഭൂതിയിൽ അതിമനോഹരമായ ഈ മൂടുപടം മാറിയപ്പോൾ അമ്മയുടെ മുഖമാണ് ഞാൻ കണ്ടത്. എത്ര തേജോമയമായ മുഖം! എത്ര ആരാധ്യമായ രൂപം! എത്ര മധുരമായ മന്ദഹാസം! ഒരു കുഗ്രാമക്ഷേത്രത്തിൻെറ മുമ്പിൽ വച്ചാണ് അമ്മ എനിക്ക് ഈ ദർശനം നൽകിയത്. അതിനുശേഷം അനേകം വർഷങ്ങൾ കഴിഞ്ഞു. എൻെറ ജീവിതവും, വിശാലമായ ഈ ലോകംതന്നെയും, ആകപ്പാടെ മാറിപ്പോയി. എങ്കിലും ഈ അനുഭൂതി മിഴിവോടെ നിൽക്കുന്നു. അതിൻെറ നിത്യനൂതനമായ അർത്ഥമഹത്വം എന്നെ രോമാഞ്ചം കൊള്ളിക്കുന്നു. ഭൂചക്രവാളം ചന്ദ്രികയാൽ ആപ്ലാവിതമാകുമ്പോൾ, നിശാപുഷ്പങ്ങളുടെ സുഗന്ധം അന്തരീക്ഷവായുവിൽ പ്രസരിക്കുമ്പോൾ, രാത്രിയുടെ നിശബ്ദതയെ ഭഞ്ജിച്ചുകൊണ്ട് ഏകാകിയായ പക്ഷിയുടെ കൂജനം അകലേനിന്ന് കേൾക്കുമ്പോൾ അമ്മയുടെ കാരുണ്യപൂർണ്ണമായ മുഖം എനിക്ക് കാണുവാൻ സാധിക്കുന്നു. ഈ ലോകത്തിൽ എന്നെത്തന്നെയും ഞാൻ മറക്കുന്നു.

## ഗ്രാമത്തിൻെറ ചിത്രം

എൻെറ മനസ്സിൽ പ്രതിഷ്ഠിച്ചിരിക്കുന്ന മനോഹരവിഗ്രഹത്തിൻെറ പശ്ചാത്തലമായിട്ടാണ് ആ ഗ്രാമത്തെ ഞാൻ കാണുന്നത്. ആധുനിക പരിഷ്കാരത്തിൻെറ ആഘാതം അതിന്മേൽ മാററങ്ങൾ വരുത്തിയിട്ടുണ്ട്.

Digitized by Kerala Sahitya Akademi

യന്ത്രവാഹനങ്ങരം ഓടുന്ന നാട്ടുവഴിയുടെ പാശ്വങ്ങളെയാണ് അത് പ്രകടമായി ബാധിച്ചിട്ടുള്ളത്. അവിടെ നിന്നും അല്പം നടന്നാൽ വയലായി. അതിൻെറ അരികു് ചേന്ന് നീണ്ടു് വളഞ്ഞുപോകുന്ന ഒരു വരമ്പുണ്ടു്. നല്ല വണ്ണത്തിൽ ഉണ്ടാക്കീട്ടുള്ളതാണ്. രണ്ടുപേക്ക് അന്യോന്യം മുട്ടാതെ എതിർവഴിക്ക് കടന്നുപോകാൻ കഴിയും. പകൽസമയത്ത് വെയിലും നിഴലും ഇടവിട്ട് വീശിയ ആ നടപ്പാതയിലൂടെ ഗ്രാമസ്ത്രീകരം കുട്ടയും കൊണ്ടു് അകലത്തേയ്ക്കു് നടന്നുപോകുന്നതു കണ്ടാൽ വളരെ ആനന്ദം തോന്നും. അവർ സാവധാനം നടന്ന് നടന്ന് ഇടതുവശത്ത് നില്ക്കുന്ന ഇല്ലിമുളങ്കാടിൻെറ സമീപത്തുള്ള വളവു തിരിഞ്ഞ് അപ്രത്യക്ഷരാകുമ്പോരം സങ്കടവും ഉണ്ടാകും. കരപ്പുരയിടങ്ങരംക്കും ഈ വരമ്പിനും ഇടയ്ക്കു കൂടി ഒരു കൈത്തോടു് ഒഴുകുന്നുണ്ടു്. അററ വേനലിലും അത് വററുകയില്ല. ആ നടപ്പാത അമ്മയുടെ തിരുമുററത്താണ് ചെന്നുകയറുന്നത്. പ്രകൃതിസൗന്ദര്യത്തിൻെറ ശ്രീകോവിലിലേയ്ക്കല്ലാതെ മറെറങ്ങോട്ടും ഇത്ര ചേതോഹരമായ ഒരു പ്രയാണമാഗ്ഗം നയിക്കുകയില്ലെന്ന് ആക്കും ഊഹിക്കാവുന്നതേയുള്ളൂ.

അവിടെ ചെലവഴിച്ചതിൽ എത്രയോ അധികം വഷങ്ങരം ഞാൻ മററ് ദിക്കുകളിലും വൻനഗരങ്ങളിലും താമസിച്ചിട്ടുണ്ടു്. എന്നാലും എൻെറ ആത്മാവ് ആ സൗന്ദര്യക്ഷേത്രത്തോടു് ഒട്ടിപ്പിടിച്ചു കിടക്കുന്നു. ആ ദിക്കിനെ മാത്രമെ ഞാൻ സ്വന്തമെന്ന് കരുതുന്നുള്ളൂ. അതിശക്തമായ ചങ്ങലച്ചുററുകൊണ്ടു് അമ്മ എന്നെ കെട്ടിയിരിക്കുകയാണ് എന്നാണ് ഞാൻ വളരെക്കാലം വിചാരിച്ചത്. യഥാത്ഥ വസ്തുതകരം അന്നത്തെ ആ രാത്രിയിലേ എനിക്ക് മനസ്സിലായുള്ളൂ. ഞാനാണ് വിടാതെ പിടിച്ചിരിക്കുന്നത്. അമ്മയുടെ പാദങ്ങളോടു് ഞാൻ എന്നെത്തന്നെ വരിഞ്ഞുകെട്ടിയിരിക്കുകയാണ്. ഓരോ ദിവസം കഴിയുന്തോറും ഞാൻ വളരുന്നത് അനുസരിച്ച് കെട്ടിൻെറ മുറുക്കവും വർദ്ധിക്കുകയാണ്.

Digitized by Kerala Sahitya Akademi

വയലിൻെറ നടുക്ക് ഒരു ചെളിക്കുളം ഉണ്ട്. പശുക്കളെ കുളിപ്പിക്കുവാനാണ് അത് സാധാരണ ഉപയോഗിക്കുന്നത്. അട്ടയെ ഭയമില്ലാത്ത ചില മനുഷ്യരും കുളിക്കാറുണ്ട്. നല്ല നിരപ്പൊത്ത ഒരുപ്പു നിലമാണ്. ഓണം കഴിഞ്ഞ് കൃഷിയിറക്കും. മകരത്തിനുമുൻപ് കൊയ്യും. അതു കഴിഞ്ഞാൽ നിലം വെറുതെ കിടക്കുകയാണ്. ചില ആളുകൾ അങ്ങിങ്ങായി ചേമ്പു നടാറുണ്ട്. ആ വയലിൽ വിളയുന്ന താമരക്കണ്ണൻ ചേമ്പിന് സവിശേഷമായ സ്വാദുണ്ട്. വേവിച്ചാൽ വെണ്ണപോലെയിരിക്കും.

കാലാവസ്ഥയെക്കുറിച്ചുള്ള എൻെറ മാനസിക ചിത്രങ്ങൾ മുഴുവനും ആ വയലിൻെറ ഭാവഭേദങ്ങളെ ആധാരമാക്കിയുള്ളവയാണ്. ചിങ്ങമാസത്തിൽ അത് വരമ്പുകൾ ഇടിഞ്ഞും, നനഞ്ഞും, കുഴഞ്ഞും കിടക്കുന്നു. മലവെള്ളം കൊണ്ടുവരുന്ന എക്കൽ അടിഞ്ഞും നെല്ലിൻകുററികളും പാഴ്ചെടികളും അഴുകിച്ചേർന്നും മണ്ണിനു നല്ല വളം ഉണ്ടാകും. ചെളിക്കുളത്തിൽ നിറയെ ആമ്പലും വിരിയും. കളിമണ്ണെടുത്ത് കളിപ്പാട്ടങ്ങൾ ഉണ്ടാക്കുവാനും, പൂ പറിക്കാനും ഉള്ള സമയമാണ്. ആമ്പൽപൂവ് നീളമുള്ള തണ്ടോടുകൂടി പറിച്ചെടുക്കുവാനാണ് പ്രയാസം. തണ്ടു കൂടി ഉണ്ടെങ്കിലേ മാലയുണ്ടാക്കാൻ കഴിയൂ. അല്ലാതെ പൂവുകൊണ്ട് എന്താണ് പ്രയോജനം? തണ്ട് ചെറുതായി ഒടിച്ച്, എതിർവശങ്ങളിലേയ്ക്കു് തൊലിയുരിച്ച് അടത്തിയിട്ട്, മാലയാക്കാം. എൻെറ കൂട്ടുകാരനായ കൊച്ചുരാമൻ ഇതിൽ മഹാസമർത്ഥനായിരുന്നു. തണ്ടിൻെറ ഓരോ കഷണവും ഒരേ നീളത്തിൽ ഒടിച്ചെടുക്കുന്നതിലാണ് മാലയുടെ ഭംഗി. അത് അവനെപ്പോലെ ഭംഗിയായി ചെയ്യുവാൻ ഞങ്ങൾക്കാർക്കും സാധിച്ചിരുന്നില്ല. അവനുണ്ടാക്കുന്ന മാലകൾ അച്ചിലിട്ടെടുത്തപോലെയിരിക്കും. ഏതായാലും മാലയുടെ പുതുമ ഒരു മണിക്കൂർ നേരമേ നില്ക്കുകയുള്ളൂ. അതിനിടയ്ക്കു് പൂവും തണ്ടും എല്ലാം വാടും. അതു മതിയല്ലോ. അതിൽക്കൂടുതലുണ്ടോ കുട്ടികളുടെ കൗതുകം നില്ക്കുന്നു? വെള്ളത്തിലിറങ്ങി പൂ പറി

Digitized by Kerala Sahitya Akademi

കുന്നതിലാണ് രസം. പൂവുംകൊണ്ട് കരയ്ക്ക് കയറു മ്പോഠം ഒന്നും രണ്ടും അട്ടകഠം കടിച്ചിരിക്കും. കടിക്കു ന്നത് അറിയുകയില്ല. ഓരോരുത്തരും മററുള്ളവരുടെ ശരീരം പരിശോധിച്ചാണ് ആ വികൃതജീവികളെ കണ്ടു പിടിക്കുന്നത്. ഉടനെ ഒരാഠം ചുണ്ണാമ്പിന് ഓടും. അതു പ്രയോഗിച്ചാൽ മാത്രമെ അട്ട കടി വിടുകയുള്ളൂ. ഒരു ഈക്കിലിൻെറ അററത്ത് ചുണ്ണാമ്പെടുത്ത്, തല യുടെ സ്ഥാനത്ത്, കോളവായിൽ ചേത്ത്വെച്ചുകൊടു ത്താൽ തത്ക്ഷണം അട്ട ചുരുണ്ട് നിലത്തു വീഴും. കടിച്ച സ്ഥാനത്തുനിന്ന് രക്തം ഒഴുകുവാനും തുടങ്ങും. അതിന്നു പിന്നെ ചികിത്സ ചെയ്യണം. പലപ്പോഴും വെറും ചുണ്ണാമ്പു പുരട്ടുകയാണ് പതിവ്. അതിലും നല്ലത് ആ സാധനം വേനപ്പച്ചയുടെ ഇല പിഴിഞ്ഞെ ടുത്ത നീരിൽ കുഴച്ചിടുകയാണെന്ന് കുട്ടൻ കണ്ടുപിടിച്ചു. ഏതായാലും അല്പനേരം നീററലുണ്ടാകും. പക്ഷേ, ചോര നില്ക്കും.

കാണാൻ ഭംഗിയും മാലയുണ്ടാക്കുവാൻ രസവും ഉണ്ടെ ങ്കിലും ആമ്പൽപൂവിൻെറ മണം എനിക്ക് ഇഷ്ടമല്ല. അതു മൂക്കിൻെറ അടുത്തുവന്നാൽ മനം മറിപ്പുണ്ടാകും. ഇക്കാര ണത്താൽ ശ്വാസം പിടിച്ചുകൊണ്ടേ ഞാൻ മാല കഴു ത്തിൽ ഇടുകയുള്ളൂ. തണ്ടിൻെറ തണുപ്പും അതിന്മേലുള്ള രോമങ്ങളുടെ ഉറുത്തും ഞാൻ വെറുത്തു. അതുകൊണ്ട് ഞാനു ണ്ടാക്കിയ മാലകഠം പശുക്കുട്ടികളുടെയും പട്ടികളുടെയും കഴുത്തിലിട്ട് അവയുടെ പരിഭ്രമം കണ്ട് രസിക്കുകയായി രുന്നു പതിവ്.

ചിങ്ങമാസത്തിലാണ് തുമ്പികഠം കൂട്ടത്തോടെ ഇള കുന്നത്. അവ ആയിരക്കണക്കിൽ പറന്നുയന്ന് സൂര്യ പ്രകാശത്തിൽ കൂത്താടി നില്ക്കുന്ന കാഴ്ച ഞാൻ ഒരിക്കലും മറക്കുകയില്ല. ചുവപ്പുനിറമുള്ള കൊച്ചുകൊച്ചു വിമാന ങ്ങളെപ്പോലെയിരിക്കും. വയലിലെ ചെളിക്കുഴികളിൽ കെട്ടിനില്ക്കുന്ന വെള്ളത്തിൽ പൂഞ്ഞാൻ അഥവാ മനത്തു കണ്ണി എന്ന ചെറുമത്സ്യം ധാരാളമുണ്ടാകും. അവ ജലനി രപ്പിൽ നിശ്ചലമായി നില്ക്കുന്നത് കാണുവാൻ വളരെ

Digitized by Kerala Sahitya Akademi

കൗതുകമുണ്ട്. ഇങ്ങിനെ എപ്പോഴും മാനത്തു നോക്കി നിന്നാൽ അവയ്ക്ക് വിശപ്പടങ്ങുന്നതെങ്ങിനെയെന്ന് ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്. മാനത്തുകണ്ണിക്ക് തെളിനീരാണ് ഇഷ്ടമെങ്കിൽ ആരകന് ഇഴകിപ്പിടിക്കുന്ന ചെളിയിൽ മുഴകിക്കിടക്കുവാനാണ് ഇഷ്ടം. അതിൻെറ ആകൃതിയെന്തെന്നു വളരെനാൾ കഴിഞ്ഞതിനു ശേഷമേ എനിക്ക് മനസ്സിലായുള്ളൂ. ഒരുതരം പാമ്പായിരിക്കുമെന്നാണ് ആദ്യമൊക്കെ വിചാരിച്ചത്. ഒടുവിൽ ഒരു ദിവസം വളരെ ശ്രമംചെയ്തു. കൊച്ചുരാമൻ ഒരെണ്ണത്തെ പകുതി ജീവനോടെ പിടിച്ചു കൊണ്ടുവന്നു. നല്ല വെള്ളത്തിൽ കഴുകി നോക്കിയപ്പോഴാണ് മീനാണെന്ന് തെളിഞ്ഞത്. രാമൻ പിൽക്കാലത്ത് ഒരു പോലീസുകാരനായി.

## വയലിലെ കലാകാരൻമാർ

കന്നിമാസം കൃഷിയിറക്കുന്ന സമയമാണ്. അതുവരെ ഉടയവർ തിരിഞ്ഞുനോക്കാതെ കുട്ടികളുടെയും കന്നുകാലികളുടെയും വിഹാരരംഗമായികിടന്ന പാടത്ത് കൃഷിക്കാരും വേലക്കാരും ഉഴവുകാളകളും പണിയായുധങ്ങളും പ്രത്യക്ഷപ്പെട്ടുതുടങ്ങും. വരമ്പുകൾ ശരിപ്പെടുത്തുക, ഉഴുതും കിളച്ചും നിലം പാകപ്പെടുത്തുക എന്നിങ്ങനെയുള്ള ജോലികൾ ആരംഭിക്കും. അഴകൻ എന്നു പേരുള്ള മുടന്തനായ ഒരു പുലയൻ വരമ്പുവെയ്ക്കുന്നതിൽ പ്രസിദ്ധനായിരുന്നു. അറുപതിനുമേൽ പ്രായം കാണും. ഇത്ര പ്രസിദ്ധനായ ഈ വരമ്പുപണിക്കാരൻെറ കൈവേല കാണുന്നതിനായി ഞാൻ കാത്തുനിന്നിട്ടുണ്ട്. മുടന്തുള്ളതുകൊണ്ട് വികൃതമായ രീതിയിൽ ഏങ്കോണിച്ചാണ് അയാളുടെ നില്പ്. തുമ്പാകൊണ്ട് അല്പം ആഴത്തിൽ വെട്ടി ചെളിയെടുത്ത് അതിലെ വെള്ളം വാർന്നുപോകുവാൻ സമയം കൊടുത്ത ശേഷം വരമ്പിൻെറ വശത്ത് വെയ്ക്കുകയും അതു വഴുതിയിറങ്ങുന്ന മാത്രയിൽ അത്ഭുതകരമായ വേഗത്തിൽ, തുമ്പാ പൊക്കി അതിൻെറ അടിവശംകൊണ്ട് തേച്ച് പിടിപ്പിക്കുകയും ആണ് ചെയ്യുന്നത്. കണ്ടാൽ എളുപ്പമാണെന്ന് തോന്നും. പക്ഷേ വളരെസാമർത്ഥ്യവും, പരിചയവും, ആവ

Digitized by Kerala Sahitya Akademi

ശ്യമുള്ള ജോലിയാണ്. അഴകൻ ചെളിവെട്ടി വരമ്പിൽ തേച്ചുവെച്ചാൽ അത് ഇളകുകയില്ല. വെയിലു തെളിയു മ്പോൾ അത് ഉറച്ചു ബലപ്പെടുകയും ചെയ്യും. വരമ്പിൻെറ ഒരററത്തു തുടങ്ങി നല്ല നിരപ്പായി വടിവൊപ്പിച്ച്, ചെളി വെച്ച് പോകുന്നതു കണ്ടാൽ നോക്കിനിന്നുപോകും. നല്ല മിനുസത്തിൽ തേച്ചു പിടിപ്പിക്കുന്നതുകൊണ്ട് സൂര്യപ്രകാശം തട്ടുമ്പോൾ വരമ്പിൻെറ വശങ്ങൾ തിളങ്ങുന്നത് കാണാം. അഴകൻെറ ചെളിപുരണ്ട മുണ്ടും വെളുത്ത പാള ത്തൊപ്പിയും ഞാൻ വളരെ വ്യക്തമായി ഓക്കുന്നു. പിന്നിൽ മേല്പോട്ട് കൂത്ത് മുൻപോട്ട് നീണ്ട പിടിയോടു കൂടിയ തൊപ്പികൾ ഇപ്പോൾ കാണാനില്ല. ഗാന്ധിജി ആദ്യം കേരളത്തിൽ വന്നപ്പോൾ ഈ ജാതി തൊപ്പി ധരി ച്ചുനിന്ന ഒരാളിൽനിന്നും അത് വാങ്ങി, സ്വന്തം തല യിൽ വെച്ച് നോക്കിയതായി കേട്ടിട്ടുണ്ട്. ഇപ്പോഴത്തെ ചില ജോലിക്കാർ പ്ലാസ്റ്റിക് സഞ്ചികൾ അകത്തേക്കു് കുത്തിമടക്കി തൊപ്പിയായി ഉപയോഗിക്കാറുണ്ട്. നഗര പ്രാന്തത്തിൽ രണ്ട് വയൽപ്പണിക്കാർ ഏതോ സായി പ്പിൻെറ പഴയ പിത്ത്ഹാററ് ധരിച്ചുനിന്ന് കിളയ്ക്കു ന്നതും ഒരിക്കൽ കണ്ടത് ഓക്കുന്നു. അഴകൻെറ പാളത്തൊ പ്പിയുടെ ഭംഗി അവയ്ക്കൊന്നിനും ഇല്ല. അത് തൊപ്പി മാത്രമല്ല മുറുക്കാൻചെല്ലവും മണിപേഴ്സും, കൂലി വാങ്ങുന്ന കുട്ടയുംകൂടി ആയിരുന്നു. ഇടയ്ക്കിടയ്ക്ക് ജോലി നിത്തി തൂമ്പാ കൈ എത്തുന്ന ദൂരത്തിൽ നാട്ടിവെച്ച് ഇരു കൈകളും മുണ്ടിൽ നല്ലതുപോലെ തുടച്ച് തൊപ്പി എടുത്തു ശരീരത്തോടു ചേത്ത് മലത്തിപ്പിടിച്ചുകൊണ്ട് അതി നകത്തു കരുതിയിട്ടുള്ള സാധനങ്ങളെടുത്ത് മുറുക്കുന്നതു ക ണ്ടാൽ നമുക്കും ഒന്ന് മുറുക്കിയാൽ കൊള്ളാമെന്ന് തോന്നും.

കറുത്ത തേവനാണ് നിലം ഉഴുന്നതിൽ വിദഗ്ധൻ. വലതുകയ്യിൽ ഉയത്തിപ്പിടിച്ചിരിക്കുന്ന വടി ഓങ്ങുകയ ല്ലാതെ ഒരിക്കലും അയാൾ കാളയുടെ പുറത്ത് പ്രയോഗി ക്കുകയില്ല. തൻെറ കണ്ഠനാളം കൊണ്ടുള്ള പ്രഹരങ്ങളും, പ്രോത്സാഹനങ്ങളും ഏത് മടിപിടിച്ച കാളയേയും നട ത്തുവാനല്ല ഓടിക്കാനും മതിയാകുമെന്ന് അയാൾക്ക

റിയാം. കറുത്ത തേവൻ ഉഴവിനിറങ്ങീട്ടുണ്ടെന്ന് വയലിൻെറ മറേറ അററത്ത് നിന്നാൽ അറിയാം. ആ വിചിത്ര ശബ്ദങ്ങളും അസാധാരണമായ ഒരു സംഗീത മാധുരിയോടുകൂടിയ അവയുടെ ആരോഹണാവരോഹണങ്ങളും ഇപ്പോഴും കേരംക്കുന്നതുപോലെ തോന്നുന്നു.

കറുത്ത തേവൻ തന്നെയാണ് വിത്ത് നനച്ച് കിളിപ്പിക്കുന്നതും വിതയ്ക്കുന്നതും. മുളച്ചുതുടങ്ങിയ വിത്ത് 'പെററുവീണ ഒരു മനുഷ്യശിശുവിനെ എന്നപോലെയാണ് അയാരം കൈകാര്യം ചെയ്യുന്നത്. കരുത്തേറിയ ആ കറുത്ത കൈകരം എത്ര മൃദുലമായി, ആർദ്രമായി, പെരുമാറും!

ഒരൊററ നെന്മുളപോലും ഒടിയുകയില്ല. ഒരൊററ വിത്തുപോലും ചോർന്നുപോവുകയില്ല. ഒരു കൈകൊണ്ട് എടുക്കാവുന്ന ഒരു വട്ടിയിൽ നിറയെ വിത്തെടുത്തുകൊണ്ടാണ് അയാരം വിതയ്ക്കാൻ ഇറങ്ങുന്നത്. അത് ഇടതുവശത്ത് അരയോടുചേർത്തു പിടിച്ചുകൊണ്ട് വലതുകയ്യിൽ വാരി ഓരോ കണ്ടത്തിൻെറയും മൂലയ്ക്കുനിന്ന് തുടങ്ങി വിതച്ചുപോകുന്നത് കാണേണ്ട കാഴ്ചയാണ്. വിത്ത്മണികരം ഒന്നോടൊന്നു തൊടാതെ ഒരു നിശ്ചിത അകലത്തിൽ വിതറി വീഴുന്നു.

പിന്നെ കുറേനാളത്തേയ്ക്ക് വയലിൽ ഇറങ്ങുവാൻ സാദ്ധ്യമല്ല. കരയ്ക്കുനിന്നും വലിയ നടവരമ്പിൽനിന്നും കൊതിയോടെ നോക്കുകയേ നിവൃത്തിയുള്ളു. വെള്ളം വററുന്നതുവരെ മാനത്ത്കണ്ണികളെ കാണാം. ആരകനും ഉണ്ടായിരിക്കണം. വയലു മുഴവനും നല്ല നിരപ്പൊത്ത് തേച്ചുമിനുക്കിയ വരമ്പുകരംക്കിടയിൽ തങ്ങിനിൽക്കുന്ന ജലമായതോടെ, കാടും കളയുമില്ലാതെ മണ്ണിൻെറ നിറംമാത്രം പ്രദർശിപ്പിച്ചുകൊണ്ട് കളി കഴിഞ്ഞ് ഈറൻ ഉടുത്തതുപോലെ ശുദ്ധവൃത്തികിടക്കുന്ന കാഴ്ച കരള് കുളിർപ്പിക്കും. ഉടമസ്ഥന്മാർ അനുവദിച്ചാൽപോലും അങ്ങോട്ട് ഇറങ്ങുവാൻ ആരും മടിക്കും. ചിലകാലങ്ങളിൽ നീണ്ട കഴുത്തുള്ള വെളുത്ത കൊക്കുകരം പത്തും ഇരുപതും എണ്ണം ഒന്നിച്ച് വയലിൽ ഇറങ്ങാറുണ്ട്. വിത കഴിഞ്ഞിരിക്കുകയാണെന്ന വസ്തുത മനസ്സിലാക്കിയിട്ടോ

Digitized by Kerala Sahitya Akademi

എന്ന് തോന്നുമാറ്, അവ വളരെ സൂക്ഷിച്ച് കാലുകൾ നീട്ടിച്ചവിട്ടി കുറച്ചുനേരം എന്തൊക്കെയോ കൊത്തിത്തിന്നശേഷം പറന്നുപോകും. പിന്നെ അടുത്ത വർഷമേ അവയെ കാണുകയുള്ളൂ. നിരന്ന് പരന്ന് കിടക്കുന്ന പാടത്ത് തങ്ങിനിൽക്കുന്ന ജലത്തിൽ ശരന്മേഘങ്ങൾ നിറഞ്ഞ ആകാശവിതാനം പ്രതിഫലിക്കുന്നത് കണ്ട് ആനന്ദിച്ചിട്ടുണ്ട്. പ്രതിച്ഛായകൾ അയഥാർത്ഥങ്ങളാണ് എന്നാണ് പറയപ്പെടുന്നത്. ശരിയായിരിക്കാം. പക്ഷെ, ആ വയലിൽ കണ്ട പ്രതിച്ഛായകൾ മുകളിലുള്ള ആകാശത്തെക്കാൾ എത്രയോ ആകർഷകമായിട്ടാണ് എനിയ്ക്ക് തോന്നിയത്. ആകാശംതന്നെയും അയഥാർത്ഥമണല്ലോ. പിന്നെ അതിന്റെ പ്രതിച്ഛായയ്ക്ക് അപകർഷമെന്ത്? എന്നല്ല ആ മനോഹരദൃശ്യത്തിൽ അമ്മയുടെ വാത്സല്യവായ്പിന്റെ അനുഭൂതി എനിക്കുണ്ടാവുകയും ചെയ്തു.

## വളർച്ചയെന്ന അദ്ഭുതം

എത്ര പെട്ടെന്നാണ് നെൽച്ചെടികൾ മുളച്ചുപൊങ്ങുന്നത്. തുലാമാസം പകുതിയോടുകൂടിത്തന്നെ പാടം മുഴുവനും പച്ചനിറം അണിഞ്ഞുകഴിയും. ആദ്യമൊക്കെ അങ്ങുമിങ്ങും മാത്രമേ പച്ചത്തലപ്പുകൾ കാണുകയുള്ളൂ. ആ സമയത്ത് വയലിന് ഒരു ഭംഗിയുമില്ല. മണ്ണിന്റെ തവിട്ടുനിറവും അവിടെയവിടെയായി വെള്ളത്തിന്റെ തിളക്കവും ഊശാൻതാടിപോലെ നിൽക്കുന്ന നെൻമുളകളും എല്ലാംകൂടി വളരെ വിരസമായ ഒരു ചിത്രമാണ് പ്രദർശിപ്പിക്കുന്നത്. പക്ഷെ, അല്പം ദിവസംകൂടി കഴിഞ്ഞാൽ ഇടവരമ്പുകളല്ലാതെ മണ്ണും വെള്ളവും ഒന്നും കാണാത്ത മട്ടിൽ പച്ചനിറം വ്യാപിച്ചുകഴിയും. അത് അടിക്കടി ഇടതൂർന്ന് വരുന്നതും ക്രമേണ കാററിൽ ഇളകിത്തുടങ്ങുന്നതും കൗതുകകരമായ പരിവർത്തനങ്ങളാണ്. വളർച്ച എന്ന ഈ അത്ഭുതസംഭവം ഇല്ലായിരുന്നെങ്കിൽ പ്രകൃതി എത്ര അനാകർഷകമായിരിക്കും എന്ന് ഞാൻ ആലോചിച്ചിട്ടുണ്ട്. വെറും മാററമേ ഉള്ളൂ എങ്കിലും

Digitized by Kerala Sahitya Akademi

ഒരുവിധം സഹിക്കാം. അതുകൂടി ഇല്ലെങ്കിൽ ജീവിതം തന്നെ അസാദ്ധ്യമാകുമെന്നു ഭയപ്പെടേണ്ടിയിരിക്കുന്നു.

തുലാവർഷം വരുമ്പോഴാണ് നെല്ലിന്റെ വളർച്ചയ്ക്ക് വേഗം കൂടുന്നത്. ഓരോ ചെടിയും പെട്ടെന്ന് തഴയ്ക്കുന്നത് കാണാം. വരമ്പുകളിൽ പാഴ്ച്ചെടികളും പുല്ലും കാണുന്നു. ആ സമയത്ത് വളമിട്ട പാടത്തിന്റെയും ഇടാത്തതിന്റെയും വ്യത്യാസം സ്പഷ്ടമാകും. എന്നാലും ആകെക്കൂടി എന്തൊരു ഭംഗിയാണ്. ഒരററം മുതൽ മറേറയററം വരെ ഇടതടവില്ലാത്ത പച്ചനിറം. കാററു വീശുമ്പോൾ അതിൽ തിരമാലകൾ ഇളകും. നെല്ലോലകൾ തമ്മിൽ തമ്മിൽ ഉരസിയുണ്ടാകുന്ന ശബ്ദം കേൾക്കുവാൻ എനിക്ക് എന്തെന്നില്ലാത്ത രസമാണ്. അതു കേൾക്കുവാൻവേണ്ടി മാത്രം ആ വലിയ വരമ്പത്തുകൂടി ഞാൻ എത്രയോ പ്രാവശ്യം അങ്ങോട്ടുമിങ്ങോട്ടും നടന്നിട്ടുണ്ട്. വലിയ കാററു വരുമ്പോൾ നെൽച്ചെടികൾ നിലംപററെ കുനിയുന്നതും വീണ്ടും ഉയർന്നുവരുന്നതും അവയുടെ ശബ്ദത്തിന് കരച്ചിലിന്റെ സ്വഭാവം കൈവരുന്നതും ഞാൻ ഓർമ്മിക്കുന്നു. ഉച്ചതിരിഞ്ഞാണല്ലോ വലിയ മഴയും ഇടിയും മിന്നലും എല്ലാം ഉണ്ടാകുന്നത്. ആ സമയത്ത് വയലിനും അതിന്റെ മക്കളായ നെൽച്ചെടികൾക്കും അനുഭവിക്കേണ്ടിവരുന്ന കഷ്ടപ്പാടിനെക്കുറിച്ച് ഞാൻ വിഷാദിച്ചിട്ടുണ്ട്. പക്ഷേ, അടുത്തദിവസം കാലത്തു നോക്കുമ്പോൾ മുമ്പില്ലാതിരുന്ന ആരോഗ്യവും ആത്മശക്തിയും കൈവന്നിരിക്കുന്നത് കാണാം. നെല്ലോലകളിൽ ജലകണങ്ങൾ തങ്ങിനിൽക്കുന്നുണ്ടാവും. ആകപ്പാടെ ഒരു എണ്ണതേച്ചുകുളി കഴിഞ്ഞതുപോലെ തോന്നും.

നെല്ലിന് ചില കാലങ്ങളിൽ വമ്പിച്ച തോതിൽ പുഴ വീഴുന്നതു കണ്ടിട്ടുണ്ട്. വലിയ അത്യാഹിതമാണ് ഇത്. ചെടികളുടെ പച്ചനിറം മങ്ങുന്നതാണ് ഇതിന്റെ ആദ്യലക്ഷണം. ഓലകൾക്ക് മൂപ്പ് എത്തുന്നതിനുമുൻപ് മാത്രമേ ഇത് സംഭവിക്കുകയുള്ളു. വലിയ പുഴവീഴ്ചയുണ്ടാകുമ്പോൾ വയലിന് പാണ്ഡുപിടിച്ചതുപോലെ തോന്നും. അത് കാണുന്നത് വലിയ സങ്കടമാണ്.

Digitized by Kerala Sahitya Akademi

ഒരിക്കൽ ഇത് സംഭവിച്ചപ്പോൾ കൃഷിക്കാർ മററൊരു ദിക്കിൽപ്പോയി ഞാററ് വാങ്ങിക്കൊണ്ടുവന്ന് രണ്ടാമത് കൃഷിയിറക്കുകയുണ്ടായി.

വൃശ്ചികമാസത്തിൽ നെല്ലിന് കതിര് വരും. ചെടിത്തലകൾ ഗർഭിണികളുടെ വയറുപോലെ വീർത്തുവരുന്നതും നെല്ലോലകളുടെ കടുംപച്ചനിറം അല്പം ഒന്ന് വിളറുന്നതും കാണാം. ഈ സമയത്തിനുള്ളിൽ ഇടവരമ്പുകൾ ഉറയ്ക്കുകയും നിലം ഉണങ്ങുകയും ചെയ്തിരിക്കും. അതുകൊണ്ട് വയലിൽ ഇറങ്ങി നടക്കുവാൻ പ്രയാസമില്ല. വെയില് തെളിയുമ്പോൾ ഇങ്ങനെ വരമ്പുകളിൽക്കൂടി നടക്കുന്നത് വളരെ രസമാണ്. നെല്ലിൻെറ പൂവിനും നെൽച്ചെടിക്കു തന്നെയും നേരിയ ഒരു സുഗന്ധം ഉണ്ട്. അതിൻെറ സ്മരണ എങ്ങനേയോ എൻെറ മനസ്സിൽ തങ്ങിനിൽക്കുന്നു. വെരികിൻ പുഴുവിൻെറ സുഗന്ധവും ഇക്കാലത്ത് പാടത്തുനിന്ന് ലഭിക്കാറുണ്ട്. പ്രസ്തുത ജന്തുവിന് അരമുള്ള നെല്ലോലകളിൽ പുഴതേയ്ക്കുവാൻ വളരെ ഇഷ്ടമാണ്. അതിനെ പിടിക്കുവാൻ, കാണുവാൻ തന്നെയും പ്രയാസമുണ്ട്. പിടിച്ച് കൂട്ടിലിട്ടാലും പുഴ കിട്ടണമെങ്കിൽ അതിന് സന്മനസ്സുതോന്നണം.

മൂപ്പെത്തുമ്പോൾ ഉണ്ടാവുന്ന പരുപരുപ്പില്ലാതെ നല്ല പച്ചനിറവും അകത്തുപാലുമുള്ള ഇളയ നെന്മണികൾ കാണുന്നതുതന്നെ കൗതുകമാണ്. നീണ്ട തണ്ടിന്മേൽ വരിവരിയായി അണിനിരന്ന് അവ പ്രത്യക്ഷപ്പെടുന്നു. അവയുടെ ആരുകൾപോലും അപ്പോൾ മൃദുലമായിരിക്കും. നെന്മണിയിൽ പാൽനിറയുമ്പോഴാണ് കൃഷിക്കാരൻെറ ശത്രുവായ ചാഴി എന്ന വൃത്തികെട്ട പ്രാണിയുടെ ഉപദ്രവം ഉണ്ടാകുന്നത്. അതിൻെറ പേര് പറയുമ്പോൾ തന്നെ ഛർദ്ദിക്കുവാൻ തോന്നുന്നു. അത്ര ദുസ്സഹമായ നാററമാണ്. മെലിഞ്ഞ ഉടലും പച്ചനിറവും നീണ്ട കാലുകളും ഉള്ള ഈ പ്രാണി ചെടിത്തലകളിൽ പററിപ്പിടിച്ചിരിക്കുന്നത് വളരെ സൂക്ഷിച്ചു നോക്കിയാൽ മാത്രമെ കാണുകയുള്ളു. പിടിക്കാൻ ചെന്നാലും അത് പറക്കുകയില്ല. ഇരിക്കാൻ സമ്മതിക്കുകയില്ലാ എന്നുവരുമ്പോഴാണ് അത് ചിറക്

Digitized by Kerala Sahitya Akademi

വിടത്തി ദുർഗന്ധവും വമിച്ച് മററ് ചെടികളിലേയ്ക്ക് പറന്നുമാറുന്നത്. അങ്ങുമിങ്ങും മാത്രമേ ഉള്ളവെങ്കിൽ ചാഴിയുടെ ഉപദ്രവം സാരമില്ല. വല്യസൈന്യമായി പ്രത്യക്ഷപ്പെടുമ്പോഴാണ് കൃഷിക്കാർ പരിഭ്രമിക്കുന്നത്. അന്നൊക്കെ മന്ത്രവാദമായിരുന്നു, അതിനുള്ള പ്രതിവിധി. ഒരു ഓലക്കഷണത്തിൽ മന്ത്രമെഴുതി, നീണ്ട കമ്പിന്റെ അററത്ത് ഉറപ്പിച്ചുവെച്ച് നെല്ലിന്റെ ഇടയ്ക്ക് നാട്ടി നിർത്തും. ഇഞ്ചിപ്പുല്ലിന്റെ തണ്ടാണ് ഇതിന്നുപയോഗി ക്കാറുള്ളത്.

## മന്ത്രവും ചാഴിയും

വയലിന്റെ വടക്കേക്കരെയ്ക്ക് താമസിച്ചിരുന്ന രാമ ക്കണിയാർ മന്ത്രവാദത്തിലും വൈദ്യത്തിലും വിദഗ്ധനാ യിരുന്നു. മനോഹരമായ ഓലക്കുടകളും നിർമ്മിക്കും. അയാരം കുറിച്ചുകൊടുക്കുന്ന ഓലയാണ് ചാഴിയുടെ ഉപ ദ്രവത്തിന് പ്രതിവിധിയായി പ്രയോഗിച്ചുവന്നത്. ഒരിക്കൽ അതുകൊണ്ട് ഫലമുണ്ടായില്ല. ചാഴിവീഴ്ച അതിഭയങ്കരമാവുകയും ചെയ്തു. കരയ്ക്കു നിന്നാൽക്കൂടി നാററം കിട്ടും. നെന്മണികളെക്കാരം കൂടുതൽ പ്രാണിക ളുണ്ടായിരുന്നു എന്നു തോന്നി. ചെടിത്തലപ്പിൽ അവ യുടെ തിക്കും തിരക്കും എത്രയെന്ന് പറയാനില്ല. കൃഷി ക്കാരിൽ ചിലർ തെക്കൊരിടത്തുചെന്ന് പ്രസിദ്ധനായ മറെറാരു മാന്ത്രികനെ കൊണ്ടുവന്നു. കറുത്തുതടിച്ച ചുവന്ന കണ്ണുകളോടുകൂടിയ ഒരു ഭയങ്കര മനുഷ്യൻ. നല്ലപോലെ കള്ളുകുടിക്കുമെന്നും കേട്ടു. അയാരം കുറച്ചുനേരം വയലിൽ ഇറങ്ങിനടന്ന് നെൽച്ചെടികരം അല്പമൊന്നു കുലുക്കിയ പ്പോരം വലിയ ചാഴിപ്പററങ്ങരം പറക്കുന്നതു കണ്ടു. അവ യുടെ നാററംകൊണ്ട് അടുത്തെങ്ങും നില്ക്കുവാൻ സാധ്യ മല്ലായിരുന്നു. പാലുറച്ച് പതുക്കെപ്പതുക്കെ കുനിഞ്ഞു വരേണ്ട കതിർക്കുലകരം ചാഴി കടിച്ചതിന്റെ ഫലമായി നേരെ മുകളിലേയ്ക്ക് നിവർന്നു തോക്കുപിടിച്ചതുപോലെ നിൽക്കുകയാണ്. അതു മുഴവനും പതിരായിപ്പോകും. ഇത്ര ദുഃഖകരമായ കാഴ്ച വേറെയില്ല. അന്യദിക്കിൽ

Digitized by Kerala Sahitya Akademi

നിന്ന് വന്ന മന്ത്രവാദി മററാളുകളോടെല്ലാം അകന്നുനില്ക്കുവാൻ പറഞ്ഞതിനുശേഷം വരമ്പത്തിരുന്ന് എന്തൊക്കെയോ മന്ത്രം ചൊല്ലുകയും പൂജാകമ്മങ്ങരം നടത്തുകയും ചെയ്തു. അതിനിടയ്ക്ക് തന്റെ അരയിൽ തിരുകിയിരുന്ന വലിയ പിച്ചാത്തിയെടുത്ത് സ്വന്തം കൈവിരലിൽ വെട്ടി രണ്ടുമൂന്നുതുള്ളി രക്തം നിലത്തു വീഴ്ത്തിയെന്നും ഒരാരം പറഞ്ഞു. ഈ കമ്മങ്ങളെല്ലാം കഴിഞ്ഞ്, മന്ത്രോച്ചാരണങ്ങളോടുകൂടി അയാരം എഴുന്നേററ് ഒരു ചാഴിയെ പിടിച്ചെടുത്തുകൊണ്ട് വയലിൽനിന്ന് കരയ്ക്കുകയറി. കുറച്ചുദൂരം നടന്ന് അല്പം അകലെയുള്ള കുററിക്കാട്ടിൽ ചെന്ന് ആ പ്രാണിയെ 'ഛേ ഛോ' എന്ന് ആട്ടുന്നതുപോലെയുള്ള ഒരു വലിയ ശബ്ദത്തോടെ ഇലകരംക്കിടയിലേയ്ക്ക് എറിഞ്ഞു.

എന്തൊരദ്ഭുതം എന്ന് എനിക്ക് ഇന്നും മനസ്സിലായിട്ടില്ല. എന്നെങ്കിലും മനസ്സിലാക്കാൻ കഴിയുമെന്നും തോന്നുന്നില്ല. അടുത്തദിവസം പ്രഭാതമായപ്പോരം ആ വയലിലെ ചാഴിബാധ അവസാനിച്ചു. ഞാൻ ഇടവരമ്പിലൂടെ വളരെദൂരം നടന്നു നോക്കീട്ടും ഒരൊററ ചാഴിയെപ്പോലും കണ്ടില്ല. അതിന്റെ നാററവും ഇല്ലായിരുന്നു.

ഈ അദ്ഭുതം എങ്ങനെയാണ് സാധിച്ചതെന്ന് പ്രായമുള്ള പലരോടും ചോദിച്ചുനോക്കി. 'മന്ത്രത്തിന്റെ ശക്തിയല്ലാതെ എന്തോന്ന് പറയാനാ' എന്നായിരുന്നു എല്ലാവരുടേയും മറുപടി. അവരും എന്നെപ്പോലെതന്നെ അദ്ഭുതത്തിൽ കുഴങ്ങുകയാണെന്ന് എനിക്കു തോന്നി. രണ്ടുദിവസം കഴിഞ്ഞ് രാമക്കണിയാർ ആ വഴിവന്നപ്പോരം ഞാൻ ഓടിപ്പോയി അച്ഛന്റെ ചെല്ലത്തിൽനിന്നു വെററിലമുറുക്കാൻ എടുത്തുകൊണ്ടുവന്നു കൊടുത്തിട്ട് ഭയങ്കരനായ ആ മന്ത്രവാദിയുടെ അദ്ഭുതകൃത്യത്തെപ്പററി ചോദിച്ചു. 'ചാഴിയെ ഓടിച്ച കഥ കേട്ടില്ലേ രാമക്കണിയാരെ?'

'കേട്ടേ ! കേട്ടു, കേട്ടു. മഹാപാപി, ദുഷ്കമ്മി. ഉഗ്രമോത്രം ചെയ്ത് എത്രപേരെ കൊന്നവനാണ്?

Digitized by Kerala Sahitya Akademi

അവനും അങ്ങനെയേ ചാകത്തുള്ളൂ. കടുവായെ പിടിക്കുന്ന കിടുവ വരും. 'അടിയനിമ്മിണി ദൂരിശമുണ്ട്. വിട കൊള്ളട്ടെ' എന്നുപറഞ്ഞ് ആ കൊച്ചുമന്ത്രവാദിയും പൊയ്ക്കളഞ്ഞു. ആ അദ്ഭുതം ഇന്നും അങ്ങനെ ശേഷിക്കുകയാണ്.

അന്നത്തെ അനുഭവംകൊണ്ട് അപ്രതീക്ഷിതമായ മറെറാരനുഭവം ഉണ്ടായി. ആ മാന്ത്രികൻ തൻെറ പ്രാണിസംഹാരകർമ്മങ്ങൾ നടത്തിയ സ്ഥാനവും ചാഴിയെ ആവാഹിച്ചടക്കിയ കററിക്കാടും എൻെറ മനസ്സിൽ ഭയം ജനിപ്പിച്ചുതുടങ്ങി. ആ പ്രദേശത്തേയ്ക്ക് പോവുകയേ ചെയ്യാതായി. അവിടത്തെ അന്തരീക്ഷത്തിനുതന്നെ ഒരു കരുവാളിപ്പും ഭയങ്കരതയും കൈവന്നതുപോലെ എനിക്കു തോന്നി. അങ്ങോട്ടു നോക്കുന്നതുപോലും ഞാൻ വെറുത്തു. ചില സ്ഥലങ്ങൾക്ക് സ്വതേതന്നെ ഇങ്ങനെ 'മൂധേവിതുറന്ന' ഒരു സ്വഭാവമുണ്ട്. ഇപ്പറഞ്ഞ വയലിൻമൂലയും നേരത്തേതന്നെ അങ്ങനെയുള്ള സ്ഥാനം ആയിരുന്നിരിക്കാം. ചാഴി നിഷ്കാസനകർമ്മത്തിനു ശേഷമേ അത് എൻെറ ശ്രദ്ധയിൽപ്പെട്ടുള്ളൂ എന്നതായിരിക്കാം പരമാർത്ഥം. ഏതായാലും ആത്മാവിനു പിടിക്കാത്ത എന്തോ ഒന്ന് അവിടെ തങ്ങിനിൽക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു.

ചില സ്ഥലങ്ങൾ പ്രകൃതിഭംഗികൊണ്ട് നമ്മെ ആകർഷിക്കുന്നതുപോലെ മററു ചിലത് ഭംഗിയില്ലായ്മകൊണ്ടും പ്രത്യേകമായിത്തീരുന്നു. ഒരു പ്രസന്നതയും ഇല്ലാതെ, ഭീതിയും, വിഷാദവും, നിരാശതയും നിസ്സഹായതയും ജനിപ്പിക്കുന്ന സ്ഥലങ്ങൾ. നട്ടുച്ചയ്ക്ക് അങ്ങോട്ടു നോക്കിയാൽ നമുക്ക് പാതിരാത്രിയുടെ സ്മരണയുണ്ടാകും. പാതിരാത്രിയിൽ നോക്കിയാൽ ഭൗതികപ്രപഞ്ചത്തിൻെറ അനാദ്യന്തമായ അടിസ്ഥാന തമസ്സിലേയ്ക്ക് നോക്കുകയാണെന്നു തോന്നും. പ്രകൃതിയിൽ പ്രവഹിക്കുന്ന കാന്തിനദിയിലെ ചുഴലികളും മലരികളും നിറഞ്ഞ കയങ്ങളായി അവയെ കരുതാവുന്നതാണ്. അവിടെ അനേകം ജീവികൾക്ക് പ്രാണഹാനി സംഭവിച്ചിട്ടു

Digitized by Kerala Sahitya Akademi

ണ്ടെന്ന് നാം സംശയിച്ചുപോകും. അതിപ്രാചീനകാലത്ത് മനുഷ്യർ വനദേവതമാരേയും, യക്ഷികളേയും, ഭൂതപ്രേതപിശാചുക്കളേയും സങ്കല്പിച്ചതിൻെറ കാരണമെന്താണെന്ന് ഇമ്മാതിരി പ്രദേശങ്ങൾ കാണുമ്പോൾ ഏറക്കുറെ ഊഹിക്കുവാൻ സാധിക്കും.

## ഇടിക്കുളയുടെ പിശാച്

ഏതായാലും മേല്പറഞ്ഞ സ്ഥലത്തിൻെറ ഭയാനകസ്വഭാവം വർദ്ധിക്കുവാൻ സഹായിച്ച മററൊരു സംഭവവും ആയിടയ്ക്കുണ്ടായി. ഓലമെടയുന്നതിൽ അതിവിദഗ്ദ്ധനായ ഒരു ഇടിക്കുള ആ ദിക്കിൽ ഉണ്ടായിരുന്നു. മുടന്താണ്. ഒരു രാത്രിയും പകലുംകൊണ്ട് നൂറു മടൽ (200 കഷണം അല്ലെങ്കിൽ കീറ്) അയാൾ മെടയും. കതിർത്ത ഓലക്കെട്ടുകളുടെ സമീപത്തിരുന്ന് ഇടവും വലവും നോക്കാതെ അയാൾ ജോലിചെയ്യുന്നതു കണ്ടാൽ കൗതുകമാണോ, കഷ്ടതയാണോ തോന്നുന്നത് എന്നു പറയുവാൻ പ്രയാസമാണ്. ഒരു വൈവിധ്യവുമില്ലാതെ അറുമുഷിപ്പനായ ജോലി തുടരെ ചെയ്യുന്നതിനുള്ള സന്നദ്ധതയാണ് അയാളുടെ വൈദഗ്ദ്ധ്യത്തിൻെറ രഹസ്യമെന്ന് ഞാൻ കരുതുന്നു. കൈയെത്തുന്ന പാകത്തിന് കതിർത്ത ഓലക്കെട്ടുകൾ അഴിച്ചിട്ടുകൊടുക്കണം എന്നുമാത്രമേ അയാൾക്ക് നിർബന്ധമുള്ളു. അതല്ലെങ്കിൽ കൂടെക്കൂടെ എഴുന്നേൽക്കണം. അത് ഇടിക്കുളയ്ക്ക് വലിയ പ്രയാസമാണ്. വടികുത്തിക്കൊണ്ടേ എഴുന്നേററു നിൽക്കുവാനും നടക്കുവാനും കഴിയൂ. ഒരു ഓലക്കീറ് മെടഞ്ഞുകഴിഞ്ഞാൽ മററൊന്നു കയ്യെത്തിയെടുക്കാമെങ്കിൽ അയാൾക്ക് എഴുന്നേൽക്കാതെ കഴിക്കാം. സമയവും ലാഭമുണ്ട്.

ഇങ്ങനെ ഒരു രാത്രിയിൽ ഉറക്കമിളച്ചു ഓലമെടഞ്ഞുകൊണ്ടിരിക്കുമ്പോൾ ഇടിക്കുള അദ്ഭുതകരമായ ഒരു കാഴ്ചകണ്ടു. വയലിൻെറ ആ മൂലയ്ക്ക് എങ്ങനെ എന്ന് അറിഞ്ഞില്ല രണ്ട് വെളിച്ചങ്ങൾ പ്രത്യക്ഷപ്പെട്ടു. അവ വളരെനേരം തുള്ളിക്കളിച്ചു നില്ക്കുന്നതായും പതുക്കെപ്പെതുക്കെ അടുത്തു വരുന്നതായും അയാൾക്ക് തോന്നി. ഇതേ

Digitized by Kerala Sahitya Akademi

കുറിച്ച് അടുത്തദിവസം അയാറം നൽകിയ വിവരണം ഞാൻ വിശദമായി ഓർമ്മിക്കുന്നു.

'ആരോ ചൂട്ടുംകൊണ്ട് മീൻപിടിക്കാൻ ഇറങ്ങിയതായിരിക്കും' എന്ന് ആരോ പറഞ്ഞു. അതിന് അയാളുടെ മറുപടി.

'ഓലയും ഓലച്ചൂട്ടും കണ്ടിട്ടില്ലാത്തവനാണോ ഇടിക്കുള? അല്ലേലും വെള്ളമില്ലാത്തേടത്ത് എന്തോന്ന് മീൻപിടുത്തം? ഇടിക്കുള കണ്ടത് ചൂട്ടുമല്ല മനുഷ്യരുമല്ല.

'ഒടുക്കം എങ്ങോട്ടു പോയി ഇടിക്കുളേ?'

'അതല്ല്യോ അദ്ഭുതം! ഇങ്ങോട്ടുവന്നുകളയുമോ എന്നു പേടിച്ച് ഞാൻ കർത്താവേ എന്നു വിളിച്ചു. മെടയുകേം വിളിക്കുകേം—മെടയുകേം വിളിക്കുകേം! അങ്ങനെ അരനാഴിക കഴിഞ്ഞപ്പോറം വെട്ടം രണ്ടും നിന്നിടത്തുതന്നെ അണഞ്ഞ് ഇല്ലാണ്ടായി. എൻറച്ചോ! ഇനീം ഞാൻ രാത്രീല് ഒററക്കിരുന്ന് മെടയത്തില്ല.'

എന്താണ് ഇടിക്കുള ആ രാത്രിയിൽ കണ്ടതെന്ന് പലപ്പോഴും ഞാൻ ആലോചിച്ചിട്ടുണ്ട്. സ്വപ്നങ്ങറം മായയോ മതിഭ്രാന്തിയോ ആണെന്ന് വ്യാഖ്യാനിക്കുന്നവർ ഉണ്ടാകാം. അടുത്തദിവസം അയാളോട് സംസാരിച്ചവർ അധികവും അത്തരക്കാരായിരുന്നു. പക്ഷേ, ഇടിക്കുളയ്ക്കു് യാതൊരു സംശയവും ഉണ്ടായില്ല. താൻ കണ്ടത് പിശാചിൻെറ വിളയാട്ടമായിരുന്നു എന്ന് അയാറം ഉറപ്പായിത്തന്നെ വിശ്വസിച്ചു. അതു ശരിയാണെന്ന വിചാരം ഈ സംഭാഷണമെല്ലാം കേട്ടുകൊണ്ടു നിന്ന എൻെറ ബാലമനസ്സിലും അങ്കുരിച്ചു. ആ വിചാരം മാററിക്കളയുവാൻ ഇന്നുവരെ എനിക്ക് സാധിച്ചിട്ടില്ല. ആ വയലും അതിൻെറ പരിസരങ്ങളും എനിക്ക് ഏററവും പ്രിയപ്പെട്ട, ഞാൻ എന്നെന്നും ആരാധിക്കുന്ന, പുണ്യഭൂമിയാണ്. എൻെറ പൂർവപരമ്പരകളുടെ ചിതാഭസ്മം കലർന്നു കിടക്കുന്ന മണ്ണാണത്. അവിടുത്തെ ചെളിയിലും പൂവിലും പുഴുവിലും എൻെറ ആത്മാവ് അഭിനിവേശംകൊള്ളുന്നു. ആ മണ്ണിൽ ചവിട്ടുമ്പോറം

Digitized by Kerala Sahitya Akademi

ഞാൻ മററെല്ലാം മറക്കുന്നു. 'ഭുവനം ചന്ദ്രികയാൽ നിറയുന്ന' ഹേമന്തരാത്രികളിൽ, അമ്മയുടെ തിരുമുററത്തെന്നപോലെ ആ വയലിൻെറ കരയ്ക്കും ഞാൻ ദീർഘനേരം നിശ്ചലനായി നിന്നിട്ടുണ്ട്. അതൊരു സൗന്ദര്യതളിമംപോലെ ശോഭിക്കുന്നതുകണ്ട് ആനന്ദനിർവൃതി അനുഭവിച്ചിട്ടുണ്ട്. പക്ഷേ, ആ സൗന്ദര്യങ്ങളിൽപ്പോലും 'നെയ്പിലാലിമൂലയ്ക്കേ' കരിനിഴലുകൾ എന്നെ ഭയപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. അങ്ങോട്ടു നോക്കുമ്പോൾ കഴുത്തുമുതൽ കീഴ്പോട്ട്, നട്ടെല്ലിൻെറ ഇരുവശങ്ങളിലൂടെയും ഒരു കിടുകിടുപ്പ് പായുന്നതായി തോന്നും. അമ്മയുടെ മക്കൾക്ക് ആ സ്ഥലം നിഷിദ്ധമാണെന്ന് വിധിച്ചിട്ടുണ്ടായിരിക്കാം.

വൃശ്ചികം ധനു മാസങ്ങൾ നെൽ വിളയുന്ന കാലമാണ്. കാററടിക്കുമ്പോൾ നെൽച്ചെടികളിൽനിന്നും കേൾക്കുന്ന ശബ്ദംതന്നെ മാറുന്നു. പലതരം പക്ഷികളും വന്നുതുടങ്ങും. ക്രമേണ പാടത്തിൻെറ പച്ചനിറമില്ലാതാകും. നെല്ലോലകൾ ഉണങ്ങി, ചുളുങ്ങി, മടങ്ങി വീഴും. കതിർക്കുലകൾക്ക് അഗ്രിമസ്ഥാനം ലഭിക്കും. നല്ല വിളവുള്ള കാലങ്ങളിൽ അവ മണികൾ നിറഞ്ഞ് വളഞ്ഞ്, സ്വർണ്ണവർണ്ണത്തിൽ തിളങ്ങിനിൽക്കുന്നത് കണ്ട് ഞാൻ കോൾമയിർകൊണ്ടിട്ടുണ്ട്. അവയെ കൈത്തലത്തിൽ എടുത്ത്, ഭാരം നിർണ്ണയിക്കുവാൻ എന്നപോലെ പൊക്കിനോക്കുന്നത് വലിയ രസമാണ്. പക്ഷേ, ഒരു നെന്മണിപോലും ഉതിർന്നുപോകാതെ സൂക്ഷിക്കണം. വരമ്പുകളിൽക്കൂടി നടക്കുമ്പോഴും പ്രത്യേകം ശ്രദ്ധിക്കണം. തങ്ങളുടെ സർവസ്വവും തിരുമുൽക്കാഴ്ചവച്ചുകൊണ്ട് വീണുകിടക്കുന്ന വാർദ്ധക്യവിവശമായ നെൽച്ചെടികളെ ചവിട്ടിപ്പോകും. അതിലും വലിയൊരു പാപം സങ്കല്പിക്കുവാൻപോലും സാധ്യമല്ല. പാടത്തിൻെറ ഉടമസ്ഥരേയോ കൃഷിക്കാരേയോ കറുത്ത തേവനെപ്പോലുള്ള വളർത്തച്ഛൻമാരേയോ ഉദ്ദേശിച്ചല്ല ആ സാധുച്ചെടികൾ ഇങ്ങനെ സാഷ്ടാംഗപ്രണാമം ചെയ്യുന്നതെന്ന് എനിക്കു തോന്നിയിട്ടുണ്ട്. ആ വയലിൻെറയും

Digitized by Kerala Sahitya Akademi

ദേശത്തിൻെറയും മാത്രമല്ല, മൂന്നു ലോകങ്ങളുടെയും ഉടയവളായ അമ്മയെ ഉദ്ദേശിച്ചാണെന്ന് ഞാൻ വിശ്വസിക്കുന്നു. ആർക്കറിയാം, നാം കാണാതെ അമ്മ ആ വയൽ വരമ്പുകളിലൂടെ നടക്കുന്നുണ്ടാവും. ആ എഴുന്നെള്ളത്തിനെ അല്ലെ ഈ പുൽക്കൊടികാംപോലും കാത്തുനില്ക്കുന്നത്? അണിഞ്ഞൊരുങ്ങി, കണ്ണെഴുതി, പൊട്ടുതൊട്ടുനിൽക്കുന്ന ഈ സൗന്ദര്യധാമങ്ങളെ കണ്ടല്ലേ ക്രിസ്തുദേവൻ പറഞ്ഞത്:

'ചക്രവർത്തിയായി പൊന്നിൽക്കുളിച്ച്, മുടിചൂടി, വാഴുന്ന സോളമൻപോലും ഇവയെപ്പോലെ അലങ്കരിക്കപ്പെട്ടിട്ടില്ല.'

അമ്മയുടെ ആ വരവ് കാണണമെങ്കിൽ 'അർക്കാനലാദിവെളിവൊക്കെ ഗ്രഹിക്കുമൊരു കണ്ണിന്നു കണ്ണു മനമാകുന്ന' കണ്ണു തെളിയണം. ആ കണ്ണിനെയും അതിൻെറ കണ്ണായി നിൽക്കുന്ന പരംപൊരുളായ അമ്മയേയും അമ്മയുടെ അനുഗ്രഹക്രിയയേയും കുറിച്ചു മഹാസിദ്ധനായ ചട്ടമ്പിസ്വാമികാം പറയുന്നു:

ലോലക്കണ്ണാം സുമത്തിൻ ചെറുമുനയണുവോ–
  ളം ചുളിച്ചൊന്നു നോക്കും–
കാലത്തെല്ലാ പ്രപഞ്ചങ്ങളുമരനൊടിയാൽ–
  തോന്നി നിന്നങ്ങു മായും
കൂലം വിട്ടോരു ശക്തിയ്ക്കുടയവളവളെൻ
  ചിത്തരംഗത്തിലാടും–
ബാലപ്പെൺ കല്പകപ്പൂംകൊടി തവമനമാം
  ദാരുവിൽ ചുററിടട്ടെ.

മകരമാസത്തിൽ കൊയ്ത്തു തുടങ്ങും. അന്നു കുട്ടികാംക്കും കന്നുകാലികാംക്കും ഉത്സവമാണ്. പാടത്തു യഥേഷ്ടം ഓടിനടക്കാം. വരമ്പും കൃഷിയും ഒന്നും നോക്കേണ്ട. നിലം നല്ലതുപോലെ ഉണങ്ങിയിട്ടുണ്ടെങ്കിൽ പന്തുകളിക്കുകയും ചെയ്യാം. കൊയ്ത്തും മെതിയും പൊലിയും അളവും വയ്ക്കോൽ വാരലും എല്ലാം വേഗം കഴിയും. പിന്നെ മഴ തുടങ്ങുന്നതുവരെ അത് കുട്ടികളുടെ ലോകമാണ്. ആദ്യമൊക്കെ നെല്ലിൻകുററികാം കാലിൽ

Digitized by Kerala Sahitya Akademi

കൊള്ളുമ്പോഠം അസുഖം തോന്നും. പക്ഷേ, വളരെ വേഗം അതെല്ലാം മറക്കുവാൻ സാധിക്കുന്നു. പശുക്കഠം കടിച്ചും മനുഷ്യർ ചവിട്ടിയും കുററിയെല്ലാം ഒതുങ്ങുകയും ചെയ്യും. സ്കൂളിൽ പോകുന്നതും, ആററിൽ കുളിക്കാൻ പോകുന്നതും അമ്പലത്തിൽ പോകുന്നതും എല്ലാം പാടത്തു കൂടെയാവും. ഉടമസ്ഥാവകാശങ്ങളോ അതിർത്തിവരമ്പുകളോ ഒന്നും നോക്കേണ്ടതില്ല. ഇഷ്ടമുള്ള വഴിയേ നടക്കാം. എന്നാൽ വളരെ വേഗം ചില നടപ്പാതകഠം പ്രത്യക്ഷപ്പെടാറുണ്ട്. കളിക്കുവാൻ ഇറങ്ങുന്ന കുട്ടികളൊഴിച്ച് മററുള്ളവരുടെയെല്ലാം സഞ്ചാരം ആ പാതകളിലൂടെയാവും. നല്ല പ്രകാശമുള്ളപ്പോഠം അങ്ങേയററത്തുനിന്നു വരുന്ന ആളുകളെപ്പോലും ഒററനോട്ടത്തിൽ തിരിച്ചറിയുവാൻ സാധിക്കും. 'ശങ്കുപ്പിള്ള ഇറങ്ങിത്തിരിച്ചിട്ടുണ്ട്'. 'കറുത്തകുഞ്ഞ് എങ്ങോട്ടാണോ നീട്ടിച്ചവിട്ടുന്നത്?' 'കൊച്ചുകിട്ടൻ ഓലക്കുട കളഞ്ഞു ശീലക്കുടയാക്കിയല്ലോ.' 'മത്തായിയുടെ കാലിലെ ചുടുവാതം മാറിയിട്ടില്ല.' 'കുഞ്ഞുഞ്ഞൂട്ടിയുടെ പശുവിന് ചെനയുണ്ട്.' 'കോട്ടപ്പടിക്കലെ വല്യമ്മ വടിപിടിച്ചെങ്കിലും നടക്കുന്നുണ്ടല്ലോ?' 'മൂത്താശാരി ഇന്നു പണിക്ക് പോയില്ല്യോ'. 'വാലുങ്കലെ കുട്ടപ്പൻ പുസ്തകക്കെട്ടുംകൊണ്ട് ദാണ്ടെ കിടക്കുന്നു, തിത്താ തിത്തൈ' എന്നും മററുമുള്ള പ്രസ്താവനകഠം വയലിൻെറ കരയ്ക്കുനിൽക്കുന്നവരിൽനിന്നു കേഠംക്കാം. ഉത്സവം, കാളച്ചന്ത, കരിമ്പാട്ട്, പൂരപ്പണി, കല്യാണം തുടങ്ങിയുള്ള പലതും പിന്നത്തെ മാസങ്ങളിലാണ് നടക്കുന്നത്. ഉഷ്ണം വർദ്ധിക്കുന്നതിനെക്കുറിച്ചുള്ള പരാതിയും തുടരെ കേഠംക്കാം. രാത്രിയിൽ മഞ്ഞിനെക്കുറിച്ചും. അപൂർവമായി പകർച്ചവ്യാധികഠം പൊട്ടിപ്പുറപ്പെട്ടിട്ടുണ്ടെന്നു വാർത്തയും പരക്കാറുണ്ട്. പക്ഷെ ഒരിക്കലും നാടുനിരപ്പെ ദീനം വന്ന് ധാരാളം ആളുകഠം ഒന്നിച്ച് മരിക്കുന്ന അത്യാഹിതം ഉണ്ടായിട്ടില്ല.

നൊങ്ങണം പുല്ലുകൊണ്ടുള്ള വെടിക്കെട്ടാണ് വേനൽക്കാലത്ത് കുട്ടികളുടെ ഒരു വലിയ വിനോദം. ഉണങ്ങിയ പുല്ലു കെട്ടുകെട്ടായി ശേഖരിച്ചുകൊണ്ടുവന്ന് വയലിൽ

Digitized by Kerala Sahitya Akademi

ഒരു സ്ഥലത്ത് കൂട്ടിയിട്ട് സന്ധ്യയാകുമ്പോഠം അതു കത്തുമ്പോഠം, 'പടപടെ' എന്നൊരു ശബ്ദം ഉണ്ട്. വെടിയുടെ ഭീകരതയൊന്നും ഇല്ലെങ്കിലും കുട്ടികളുടെ ഈ വെടിക്കെട്ടും വളരെ രസമുള്ളതാണ്. മുതിന്ന ആളുകളും അത് കാണാൻ വരും. അനേകം ദിവസത്തെ ശ്രമംകൊണ്ടാണ് ആവശ്യമുള്ളത്ര നൊങ്ങണം പുല്ല് ശേഖരിക്കുന്നത്. പക്ഷേ വെറും പത്തുപതിനഞ്ച് മിനിട്ടുകൊണ്ട് അതെല്ലാം കത്തി തീരും. പ്രായമായവർ വളരെ ധനവ്യയം ചെയ്തു നടത്തുന്ന വെടിക്കെട്ടിൻെറ കഥയും ഏറെക്കുറെ ഇതുതന്നെയാണല്ലോ. ശബ്ദം മാത്രം കൂടുതൽ ഉണ്ടെന്നേയുള്ളു.

## വേനലും ഒരു കൂട്ടുകാരനും

കുംഭം മീനം മാസങ്ങഠം മാങ്ങ, ചക്ക, കാച്ചില്, ചേന, നേന്ത്രക്കായ്, ചേമ്പ് മുതലായ സാധനങ്ങഠം ധാരാളമുള്ള കാലമാണ്. പലപ്പോഴം മധുരക്കിഴങ്ങ്, നനക്കിഴങ്ങ് എന്നിവയും കിട്ടും. ഇവയിൽ ചിലതെല്ലാം അധികം തിന്നുന്നത് വയററിന് കേടാണ് എന്നു പറയും. മരച്ചീനിക്കും, കാച്ചിലിനും ഈ ദോഷം ഇല്ല. കുട്ടികഠംക്കു കാച്ചിലാണ് ഇഷ്ടം.

അതു വലിയ കഷണങ്ങളായി മുറിച്ച് പുഴുങ്ങി നല്ല എരിവുള്ള ചമ്മന്തിയുംകൂട്ടി എത്രവേണമെങ്കിലും തിന്നാം. വള്ളിക്കാച്ചിൽ എന്നൊരു ജാതിയുണ്ട്. അതിൻെറ കിഴങ്ങ് ചെറുതാണ്. പക്ഷെ ഭൂമിക്കടിയിലല്ല. പടന്നു കയറുന്ന വള്ളിയിൽ കുലകളായി തൂങ്ങിക്കിടക്കും. അത് മെഴുക്കുപുരട്ടി ഉണ്ടാക്കുവാൻ രസികനാണ്. ചുവന്ന നിറമുള്ള കാച്ചിലാണ് ചിലക്കു പ്രിയം. ചേന തിന്നാൽ തൊണ്ട ചൊറിയുമെന്ന് ഭയമുണ്ട്. ചൊറിയുകയില്ലെന്ന് ആരു പറഞ്ഞാലും കുട്ടികഠംക്ക് വിശ്വാസം വരുകയില്ല. എണ്ണയെല്ലാം വാൻപോയ ചേനഉപ്പേരി ചൂടോടെ കിട്ടിയാൽ അവരും വിടുകയില്ല.

കൊച്ചുരാമൻെറ വീട്ടിൽ അധികം പൊക്കമില്ലാത്ത ഒരു ആഞ്ഞിലിമരം ഉണ്ട്. അതിൽ കയറി ഇരുന്ന്

Digitized by Kerala Sahitya Akademi

ആവശ്യമുള്ളിടത്തോളം തിന്നതിനുശേഷം പഴുത്ത ചക്ക അധികമുണ്ടെങ്കിൽ ഞങ്ങൾക്ക് കൊണ്ടുവന്നു തരാറുണ്ടായിരുന്നു. അതിന്റെ പങ്കും അവന് കിട്ടണം. ഓരോ ആഞ്ഞിലിച്ചക്കയ്ക്കും ഓരോ രുചിയാണ് എന്നാണ് അവന്റെ വാദം. അതുകൊണ്ട് കൂട്ടുകാർക്ക് സമ്മാനം കൊടുത്ത ചക്കയും അവന് തിന്നണം. അതിന്റെ കുരുവൊന്നും തുപ്പിക്കളയുവാൻ അവൻ മിനക്കെടാറില്ല. വയലിന്റെ ഒരു മൂലയ്ക്ക് നല്ല തണുപ്പുള്ള സ്ഥലത്ത് നാലഞ്ചു കുട്ടികൾ വട്ടമിരുന്ന് ആഞ്ഞിലിച്ചക്ക തിന്നുമ്പോൾ മറ്റെല്ലാവരുടെയും മുമ്പിൽ ഒരു ചെറിയ കൂമ്പാരം കുരു ശേഷിക്കും. കൊച്ചുരാമന്റെ സ്ഥാനം ശൂന്യം.

ഒരു വേനൽക്കാലത്ത് ഈ വിഹാരങ്ങളിൽ ഒരു നായ്ക്കുട്ടിയും കൂട്ടുചേർന്നു. അത് എവിടെനിന്ന് വന്നു എന്ന് മനസ്സിലായില്ല. തനി നാടൻ പട്ടിയാണ്. പക്ഷേ ഈശ്വരൻ സംസാരിക്കാനുള്ള കഴിവ് കൊടുത്തില്ല എന്ന പരാധീനത മാത്രമെ അതിന് ഉണ്ടായിരുന്നുള്ളു. മററ് സകലതിലും അത് മനുഷ്യക്കുട്ടികളെപ്പോലെതന്നെയാണ് പെരുമാറിയത്. ഞങ്ങൾ പറയുന്നതു മുഴുവനും അതിന് മനസ്സിലാകും. ഞങ്ങൾ തിന്നുന്നതെല്ലാം അതും തിന്നും. ആഞ്ഞിലിച്ചക്കയുടെ ചുളയും കുരുവും മാത്രമല്ല ചക്കിണിയും മുള്ളും അതിനിഷ്ടമാണ്. ആമ്പൽപൂ പറിക്കുവാൻ ഞങ്ങൾ വെള്ളത്തിൽ ചാടുമ്പോൾ അതും ചാടും. കിളിത്തട്ടു കളിക്കുമ്പോൾ അതും ഓരോരുത്തരുടേയും കൂടെ മാറി മാറി ഓടും. അതിന് ചിരിക്കാനും വശമുണ്ടെന്ന് ഞങ്ങൾ കണ്ടു. നേരം വൈകി കൂട്ടുകാർ പിരിയുമ്പോൾ അതും എവിടെയോ പോകും. അടുത്ത ദിവസം ആദ്യം വരുന്നത് ആ കൂട്ടുകാരനാണ്. ഇങ്ങനെ ഇളവില്ലാതെ വാലാട്ടിയാൽ വേദനയെടുക്കുകയില്ലേ എന്ന് ഞാൻ സംശയിച്ചിട്ടുണ്ട്. പക്ഷേ ഒന്നാലോചിച്ചാൽ അതിൽ അത്ര വലിയ അത്ഭുതം തോന്നേണ്ട കാര്യമില്ല. മനുഷ്യരുടെ ചേഷ്ടകളിലും ഇതുപോലെയുള്ള പ്രതികരണങ്ങൾ കാണാവുന്നതാണ്. ചിലയാളുകൾ നിർത്താതെ സംസാരിക്കുന്നത് നമുക്കനുഭവമുണ്ടല്ലോ. അവരുടെ കണ്ഠനാള

Digitized by Kerala Sahitya Akademi

ത്തിനും ശ്വാസകോശത്തിനും വലിയ ക്ഷീണമൊന്നും ബാധിക്കുന്നതായി നാം കാണാറില്ല. ഇതിങ്ങനെ തുടരെ കേൾക്കുമ്പോൾ അവരുടെ പട്ടിയും അത്ഭുതപ്പെടുന്നില്ലെന്ന് ആരറിഞ്ഞു. താൻ മററ് ജന്തുക്കളെക്കാൾ വളരെ വിശേഷപ്പെട്ട ജീവിയാണെന്ന് മനുഷ്യൻ വെറുതെ അഹങ്കരിക്കുകയാണ്. തനിക്ക് യോജിച്ച ഒരു ദൈനംദിന പ്രപഞ്ചം സൃഷ്ടിച്ച് അതിൻെറ അളവുകോലുകൾ ഉപയോഗിച്ച് അന്യജീവികളെ തിരിഞ്ഞ് തള്ളി, തനിക്കു മാത്രമെ തൻെറ വൈഭവങ്ങൾ ഉള്ളൂ എന്ന് അവൻ വ്യാമോഹിക്കുന്നു. ഭിന്നങ്ങളായ ചുററുപാടുകളിലും സംസ്കാരങ്ങളിലും വളരുന്ന മനുഷ്യർക്കുപോലും അന്യോന്യം അന്തർഗ്ഗതങ്ങൾ അറിയിക്കുവാനും ഗ്രഹിക്കുവാനും അത്യധികമായ പ്രയാസം ഉണ്ട്. അപ്പോൾ പിന്നെ അന്യജന്തുക്കളുടെ കാര്യം പറയാനില്ല.

അന്ന് ഞങ്ങളുടെകൂടെ കളിക്കുവാനും ചിരിക്കുവാനും ഞൊങ്ങണംപുല്ലിന് തീപിടിക്കുമ്പോൾ ഞങ്ങളെപ്പോലെ തുള്ളിച്ചാടുവാനും കഴിവ് നേടിയ ആ നായ്ക്കുട്ടിക്ക് ഞങ്ങളെക്കാൾ എത്രയോ കൂടുതൽ ഭാവനാശക്തി ഉണ്ടായിരുന്നുവെന്ന് എനിക്ക് പലപ്പോഴും തോന്നിട്ടുണ്ട്. നായ്ക്കുട്ടികളുടെ ലീലകളിൽ അവയെ അനുകരിക്കുവാൻ ഞങ്ങളിൽ ഒരുവനും സാധിച്ചിട്ടില്ല. അഷ്ടസിദ്ധികൾ നേടിയ അത്ഭുതവ്യക്തികൾക്ക് മാത്രമേ അപൂർവ്വമായിട്ടെങ്കിലും അതിനുള്ള കഴിവ് ഉണ്ടാകുന്നുള്ളൂ. നാൽക്കാലിമൃഗങ്ങളോടു മാത്രമല്ല പക്ഷികളോടും ഉറുമ്പ് മുതലായ പ്രാണികളോടും അവയുടെ രീതിയിൽ രമിക്കുകയും കളിക്കുകയും ചെയ്ത മഹർഷിമാരെപ്പററിയുള്ള കഥകൾ പുരാണങ്ങളിൽ കാണാവുന്നതാണ്. ചൈനക്കാരുടെ ആക്രമണകാലത്ത് ഹിമാലയ പ്രദേശത്ത് യുദ്ധത്തിനുപോയ ഒരു കേരളീയയുവാവ് വിജനമായ ഒരു പർവ്വതപ്രാന്തത്തിൽ ശരീരം മുഴുവനും ഉറുമ്പ് പൊതിഞ്ഞു, ധ്യാനത്തിൽ ഇരിക്കുന്ന ഒരു താപസനെ കണ്ടതായും, പട്ടാളക്കാർ എല്ലാവരുംകൂടി ശബ്ദമുണ്ടാക്കിയപ്പോൾ അദ്ദേഹം ഉണർന്ന് ഉറുമ്പിൻപററത്തോട്

Digitized by Kerala Sahitya Akademi

ഇറങ്ങിപ്പോകുവാൻ പറഞ്ഞതായും അവ തൽക്ഷണം ആജ്ഞ അനുസരിച്ചതായും, അതുകണ്ട് അത്ഭുതപരതന്ത്രരായ ഭടന്മാർ അദ്ദേഹത്തിൻെറ മുമ്പിൽ നമസ്കരിച്ച്, കയ്യിലുണ്ടായിരുന്ന ആഹാരസാധനങ്ങൾ അദ്ദേഹത്തിന് കാഴ്ച വെച്ചതായും ഒരു അനുഭവകഥ ഞാൻ കേൾക്കുകയുണ്ടായി. കാക്കയെ ചരട്ടിച്ചതുപോലെയുള്ള കഥയല്ല. ഇമ്മാതിരി കാര്യങ്ങളിൽ ഒരു വിശ്വാസവുമില്ലാത്ത ഒരു ചെറുപ്പക്കാരനാണ് അത് പറഞ്ഞത്. അയാൾക്കുണ്ടായ അനുഭവവുമാണ്.

ബാല്യത്തിൽ അന്യജീവികളുടെ അന്തർഗതങ്ങളെ അബോധപൂർവമെങ്കിലും അത്യഗാധമായ അനുഭാവത്തോടെ മനസ്സിലാക്കുവാനുള്ള കഴിവ് എല്ലാ മനുഷ്യർക്കും ഉള്ളതായി തോന്നുന്നു. ചെന്നായ്ക്കൾ എടുത്തുകൊണ്ടുപോയി മുലകൊടുത്തു വളർത്തുന്ന മനുഷ്യശിശുക്കൾ ജന്തുക്കളെപ്പോലെ പെരുമാറുവാൻ ശീലിക്കുകയും ആകൃതിയിലൊഴികെ മറെറല്ലാ കാര്യങ്ങളിലും ചെന്നായ്ക്കളായി വളർന്നുവരുകയും ചെയ്യുതിന് എത്രയോ ഉദാഹരണങ്ങളുണ്ട്. പക്ഷേ, പ്രായമാകുന്നതോടെ മനുഷ്യൻ പ്രകൃതിയുടെ എല്ലാ വശങ്ങളേയും അനുഭാവപൂർവം കാണുവാനും മനസ്സിലാക്കുവാനുമുള്ള ഈ കഴിവ് കൈവിടും. അവൻ തൻെറ മനസ്സിനു ചുററും കോട്ടകെട്ടി, സ്വാത്മമൂർത്തിയായി, ആദ്ധ്യാത്മികമായ ഒരുതരം കാമലബാധയ്ക്ക് അടിപെട്ട് തൻെറ ഇടുങ്ങിയ ലോകംമാത്രം കണ്ടുകണ്ട് കണ്ണും കരളും തഴമ്പിച്ച് മററു മനുഷ്യരുടെ പരിദേവനങ്ങൾക്കുപോലും ബധിരനായി ജീവിതം തുടരുന്നു. പട്ടിയെ തല്ലുവാനും പശുവിനെ കൊല്ലുവാനും മാത്രമല്ല പരദ്രോഹം ചെയ്യുവാനും അന്യരാജ്യക്കാരെ ആക്രമിച്ച് കീഴടക്കുവാനും മഹാനഗരങ്ങളെ ബോമ്പിട്ട് ഭസ്മീകരിക്കുവാനും മനുഷ്യൻ നേടുന്ന ഹൃദയകാഠിന്യം ഈ സഹാനുഭൂതി കൈവിട്ടതിൻെറ ഫലമാകുന്നു.

കൊയ്ത്തുകാലത്തിൻെറ അവസാനവും കളം വീടലും, വിഷുവും പത്താമുദയവും കഴിയുമ്പോഴേയ്ക്കും ഇടിയും മിന്നലുമുള്ള ആദ്യത്തെ മഴയുംവരും. അതിനു

Digitized by Kerala Sahitya Akademi

ശേഷം വീണ്ടും ആകാശം തെളിയുകയും നിലം ഉണങ്ങുകയും ചെയ്യുമെങ്കിലും കുട്ടികളുടെ വിഹാരരംഗമായിരുന്ന വലയിൻെറ മട്ടൊക്കെ മാറിപ്പോകുന്നു. പിന്നെ അടുത്ത വർഷമേ ആ നല്ലകാലം വീണ്ടും വരുകയുള്ളൂ. രണ്ടോ മൂന്നോ മഴ കിട്ടുമ്പോഴേയ്ക്കു് ഉണങ്ങിക്കിടന്ന ചെടികളെല്ലാം തഴച്ചുതുടങ്ങും, നെല്ലിൻകുററികളിൽനിന്നുപോലും മുളകൾപൊട്ടുന്നതു കാണാം. പശുക്കൾക്ക് ഇതു വളരെ ഇഷ്ടപ്പെടുന്ന കാലമാണ്. അവയെ കുററിയടിച്ചു പല സ്ഥലങ്ങളിലായി മാററി മാററി കെട്ടിത്തീററുന്നത് കുട്ടികൾക്കും രസമാണ്. 'ഇക്കരെ നിൽക്കുമ്പോൾ അക്കരെ പച്ച' എന്ന പഴമൊഴി എത്ര പരമാർത്ഥമാണെന്ന് ഈ സമയത്താണ് മനസ്സിലാകുന്നത്. ഊരാകുളത്തുനില്ക്കുമ്പോൾ കമ്പിക്കീഴ്പള്ളത്തു ധാരാളം പുല്ലുണ്ടെന്നുതോന്നും. ഉടനെ പശുക്കളെയുംകൊണ്ടു് അങ്ങോട്ടു പോകും. അവിടെ ചെല്ലുമ്പോൾ ഊരാകുളം തന്നെയായിരുന്നു നല്ലതെന്നു തോന്നും. പശുക്കൾക്കും ഈ വ്യാമോഹങ്ങൾ ഉണ്ടാകുമോ എന്നു വിസ്മയിച്ചിട്ടുണ്ടു്. ഏതായാലും അടുത്തു കിട്ടിയത് തിന്നുക എന്ന നയമാണ് അവ സ്വീകരിക്കാറുള്ളത്. കയററിൽ പിടിച്ചു വലിച്ചുകൊണ്ടു പോയാൽ മാത്രമേ മറെറാരു കണ്ടത്തിലേയ്ക്കു പോവുകയുള്ളൂ. ചിലപ്പോൾ കൂട്ടുകാർ തമ്മിലും ഇക്കാര്യത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടാകാറുണ്ടു്. വാദിച്ചിട്ട് ഫലമില്ലെന്നു കാണുമ്പോൾ വിയോജിക്കുവാൻതന്നെ നിശ്ചയിച്ച് ഓരോരുത്തരും ഓരോ സ്ഥലത്തേയ്ക്കു പോകും.

## കറുത്ത മുഖങ്ങൾ

അങ്ങനെ മേടമാസവും ഇടവത്തിൻെറ ആദ്യഭാഗവും കഴിയുന്നു. പിന്നെ മഴക്കാലമാണ്. ആയിരം വേനലിന് അര വർഷം എന്നാണ് പറയുന്നത്. മഴ അടച്ചുപിടിച്ചാൽ വയലിലേയ്ക്കു് ഇറങ്ങുവാൻപോലും തോന്നുകയില്ല. മാനത്തു കാറു കൊള്ളുമ്പോൾ വയലിൻെറ മുഖഭാവംതന്നെ മാറുന്നതു കാണാം. വലിയ കാളിമയും പേടിപ്പെടുത്തുന്ന മൂകതയും വ്യാപിക്കുന്നു. ആ സമയത്ത്

Digitized by Kerala Sahitya Akademi

നിശ്ചലമായിക്കിടക്കുന്ന ചെളിക്കുളത്തിലേയ്ക്കു് നോക്കു വാൻതന്നെ ഭയമാകും. ആമ്പൽപ്പൂ പറിക്കുവാനിറങ്ങിയ അട്ടക്കയംതന്നെയോ അതെന്നു സംശയിക്കും. അതിനു മുമ്പില്ലാതിരുന്ന ആഴവും ഗാംഭീര്യവും കൈവന്നതു പോലെ തോന്നും. വയലിനു മുകളിൽ വട്ടമിട്ടു പറക്കുന്ന ഒരു പരുന്തും അപ്പോൾ പ്രത്യക്ഷപ്പെടും. അതിൻെറ വെള്ളനിറംപൂണ്ട കഴുത്തു കറുത്തിരുണ്ട മേഘങ്ങൾക്കെതിരെ തെളിഞ്ഞുകാണാം. എന്തിനാണ് ദിങ്മുഖങ്ങൾ ഭീകരഭാവം കൈക്കൊള്ളുമ്പോൾ അത് ഇങ്ങനെ പറന്നു യരുന്നതെന്ന് എനിക്കു മനസ്സിലായിട്ടില്ല. എത്ര ഉയരത്തിൽ പറന്നാലും നോട്ടം താഴോട്ടുതന്നെ. പരുന്ത് പാമ്പിൻെറ ശത്രുവാണെന്നാണ് പറയുന്നത്. ആകാശം ഇരുണ്ടുമൂടി; മഴച്ചാററലും ഉണ്ടാകുമ്പോൾ പാമ്പുകൾ അവയുടെ മാളങ്ങളിൽനിന്ന് പുറത്തുവരാറുണ്ട്. ഭൂമിക്ക് അടിയിലെ ചൂട് അത്ര ദുസ്സഹമായിരിക്കും. അപ്പോൾ അവയെ പിടിക്കാമെന്നു ആശിച്ചായിരിക്കുമോ പരുന്ത് ഇങ്ങനെ പറക്കുന്നത്?

പാടത്തിൻെറ മറുകരെനിന്ന് മഴ പെയ്തുവരുന്നതു കാണാൻ വളരെ രസമാണ്. വലിയ കാറും കോളും ഇല്ലെങ്കിൽ ചിലപ്പോൾ പകുതിദൂരം മാത്രമേ പെയ്യുകയുള്ളൂ. അതു തുമ്മാൻ വന്നിട്ട് തുമ്മാത്തതുപോലെയുള്ള അനുഭവമാണ്. പക്ഷേ, ഇടവപ്പാതിക്കു പത്തുവരെ എണ്ണുന്നതിനുമുമ്പ് മഴ ഇങ്ങെത്തും. പിന്നെ ഇടവിടാതുള്ള പെയ്ത്താണ്. ഹോ! എത്ര ദിവസമാണിങ്ങനെ ചെയ്യുന്നത്! വയലിൻെറ വരമ്പുകളെല്ലാം പെയ്തു നീററിൽ മുങ്ങിപ്പോകും. കുളമേത് കണ്ടമേത് എന്നു തിരിച്ചറിയാൻ സാധിക്കുകയില്ല. വലയിൻെറ അരികുചേർന്ന് ഇടവരമ്പിന് സമാന്തരമായി പോകുന്ന കൈത്തോട് നിറഞ്ഞൊഴുകും. മലയിൽനിന്നു വരുന്ന വെള്ളമെല്ലാം അതുവഴിയാണ് ആററിൽ എത്തുന്നത്. മഴ തോരുമ്പോൾ ആ തോട്ടിലെ ഒഴുക്ക് കാണുവാൻ കുട്ടികൾ വരമ്പിൽച്ചെന്ന് നിരന്നുനിൽക്കാറുണ്ട്. ഒഴുക്ക് അല്പം ശമിക്കുകയും വെള്ളം തെളിയുകയും ചെയ്യുമ്പോൾ

Digitized by Kerala Sahitya Akademi

തോട്ടിൽ ഇറങ്ങി കളിക്കുകയും ചെയ്യും. ഒരിക്കൽ കലങ്ങിമറിഞ്ഞ് ഊക്കോടെ ഒഴുകുന്ന വെള്ളത്തിൽ എങ്ങനെയോ അകപ്പെട്ടുപോയ ഒരു പാമ്പ്—ചേരയാണെന്നാണ് കൊച്ചുരാമൻ തീർത്തുപറഞ്ഞത്—കരയ്ക്കു കയറുവാൻ നിവൃത്തിയില്ലാതെ കഷ്ടപ്പെടുന്നതു ഞങ്ങൾ കണ്ടു. ഞങ്ങൾ നിന്ന സ്ഥാനത്ത് കയറിയേയ്ക്കുമെന്നു കണ്ടപ്പോൾ എല്ലാവരുംകൂടി പേടിച്ച് പിൻവശത്തുള്ള ചെളിയിൽ ചാടി രക്ഷപ്പെട്ടു.

ഇങ്ങിനെ കുറെ നാൾ തുടരെ മഴപെയ്യുമ്പോൾ ആററിൽ വെള്ളം പൊങ്ങും. കുട്ടികളും വലിയവരും ഒരുപോലെ കാത്തിരിക്കുന്ന ഒരു വിശേഷസംഭവമാണിത്. 'വെള്ളം ഇളകിയിട്ടുണ്ട്', നല്ല വരവാണ്. ഉച്ചയ്ക്കുശേഷം ഒരുക്കോൽ പൊങ്ങി.' മണലെല്ലാം മുങ്ങി.' എന്നിങ്ങനെയാണ് ആദ്യത്തെ വാർത്ത വരുന്നത്. അതു കിട്ടിയാൽ പിന്നെ ആററുവഴിക്ക് നിന്നു വരുന്നവരോടെല്ലാം അന്വേഷണമായി.

'വെള്ളം എങ്ങനെയിരിക്കുന്നു?'

ഹൊ! 'കൊണ്ടുപിടിച്ച വരവാ. വെളുക്കുന്നതിനുമുമ്പ് നാട്ടുവഴിയിൽ കേറുമെന്നാ തോന്നുന്നത്.' ഈ ഉത്തരം പ്രതീക്ഷയെ ആളിക്കത്തിക്കാം. ഒരാളോട് മാത്രം ചോദിച്ചാൽ ആക്കും തൃപ്തിയാവുകയില്ല. കാണുന്നവരോടെല്ലാം ചോദിക്കണം. വെള്ളം പൊങ്ങുന്നതിൻെറ വിവരം അംഗുലം കണക്കിൽ കിട്ടുകയും വേണം. ഇതിനിടയ്ക്ക് 'വെള്ളം ഇറക്കമൊണ്.' എന്ന് ആരെങ്കിലും പറഞ്ഞാൽ ആകപ്പാടെ നിരാശരായി. സത്യസന്ധമായ പ്രസ്താവനയാണെങ്കിൽപോലും അത് ചെയ്യുവനെ സംഹരിക്കാൻ തോന്നും. ആദ്യം കേൾക്കുമ്പോൾ അധികംപേരും അതു വിശ്വസിക്കുകയുമില്ല. വേനൽക്കാലം കഴിഞ്ഞാൽ വെള്ളം പൊങ്ങണമെന്നും വേഗം പൊങ്ങണമെന്നുമാണ്, എല്ലാവരുടേയും ആഗ്രഹം. ആററുതീരത്തും താണ സ്ഥലങ്ങളിലുമുള്ള വീടും കുടിലുമെല്ലാം വിട്ടൊഴിച്ച്പോകേണ്ടി വന്നാലും ആളുകൾ അത്ര വളരെ ദുഃഖിക്കാറില്ല. ഒട്ടുമിക്ക വീടുകളിലും ഒററത്തടി വള്ളങ്ങൾ കരുതിയിട്ടുണ്ടാവും.

Digitized by Kerala Sahitya Akademi

വള്ളംകളിയുടെ കൗതുഹലമാണ് കളികാരക്ക് ഉത്സാഹം വളർത്തുന്നത്. മലവെള്ളം, കൈത്തോടുകളും നീർച്ചാലുകളും വഴി, ആററിൻെറ ഇരുവശത്തുമുള്ള താണ പ്രദേശങ്ങളിൽ കയറുന്നത് ആരം കാത്തിരിക്കുന്നു. കൊച്ചു വള്ളങ്ങളുംകൊണ്ട് നിറഞ്ഞൊഴുകുന്ന നെട്ടായങ്ങളിൽ ചെന്ന് കളിക്കുവാൻ സാധ്യമല്ലല്ലോ. അതിന്നു തുനിഞ്ഞ സാഹസികനായ ഒരു ബാലൻ ഏതോ ഉരംവലിവിൽ അകപ്പെട്ട് വള്ളം മുങ്ങി കുടിച്ചു ചത്ത സങ്കടകരമായ കഥ ഇന്നും നാട്ടുകാർ പറയാറുണ്ട്.

മലവെള്ളം നാട്ടുവഴിയിൽ കയറുന്നതിനുമുമ്പുതന്നെ ഞങ്ങളുടെ വയലിൽ നിറയും. കൈത്തോട്ടിലെ ഒഴുക്ക് നില്ക്കുകയും ചെയ്യും. നടവരമ്പും വളരെ വേഗം മുങ്ങി പ്പോകും. വെള്ളം പൊങ്ങുന്നുവോ എന്ന് നിശ്ചയിക്കു വാൻവേണ്ടി വയലിൻെറ കരയ്ക്ക് അടയാളം വെച്ചുകൊ ണ്ടാണ് കുട്ടികരം കാത്തിരിക്കുന്നത്. ഒരാളിന് കഷ്ടിച്ചു നിലയുള്ള ആഴമായാൽ വള്ളംകളിക്ക് പാകമായി. പിന്നത്തെ കോലാഹലങ്ങരം ഒന്നും പറയാനില്ല. ആ ഹാരംപോലും ആവശ്യമില്ല എന്ന മട്ടിലാണ് കളിയുടെ ഉത്സാഹം. വള്ളം മുങ്ങിയും മുക്കിയും വെള്ളത്തിൽ ചാടിയും നീന്തിത്തുടിച്ചും വിഹരിക്കുന്നതിനിടയ്ക്ക് അറിഞ്ഞും അറിയാതെയും കുറെ വെള്ളം കുടിച്ചുപോകുന്ന തുകൊണ്ടും കൂടിയാണ് വിശപ്പ് അറിയാത്തത്. സന്ധ്യ യാകുമ്പോരം തീരെ മനസ്സില്ലാതെ വള്ളവും പിടിച്ച് കരയ്ക്ക് കയററി, വീട്ടിൽപോകും. അടുത്ത പ്രഭാതമാകു മ്പോഴേയ്ക്കും വെള്ളം താണുപോകുമോ എന്ന് ആശങ്കയോ ടുകൂടി ഉറങ്ങും. നേരം വെളുക്കുമ്പോരം സംശയിച്ചതിനു വിരുദ്ധമായ ഫലം കണ്ടു എന്നു വരാം. വെള്ളം വളരെയ ധികം പൊങ്ങിയിരിക്കും. അതിഭയങ്കരമായ മഴയും പെയ്തു ന്നുണ്ടാവും. അപ്പോരം വയലിലേയ്ക്ക് നോക്കിയാൽ ഭയം തോന്നും. മറുകര കാണുവാൻതന്നെ പ്രയാസമാകും. മല വെള്ളം നമ്മെ ഉപദ്രവിക്കാനും ആപത്തിൽപ്പെടുത്തുവാനും വട്ടം കൂട്ടുകയാണെന്നു് വിചാരിച്ചുപോകും. ഇക്കണക്കിനു പൊങ്ങിയാൽ വീട്ടിൽനിന്നുതന്നെ ഇറങ്ങേണ്ടിവരുമല്ലോ

Digitized by Kerala Sahitya Akademi

എന്ന് ഭയപ്പെട്ടും. നടപ്പാതകളെല്ലാം വെള്ളത്തിനടിയി ലായതുകൊണ്ട് ആളുകഠം വീട്ടുമുററത്തുകൂടി അങ്ങോട്ടു മിങ്ങോട്ടും പോകുന്നതു കാണാം. അവരിൽ ചിലർ വെള്ള പ്പൊക്കം വരുത്തിവെച്ച കെടുതികളെക്കുറിച്ചുള്ള കഥകളും പറയും. വൻമരങ്ങഠം പിഴുതുവീണതും വാഴത്തോട്ടങ്ങഠം മുഴുവനെ നശിച്ചതും കരിമ്പുകൃഷി നിശ്ശേഷം അഴുകിപ്പോ യതും മലംപാമ്പ് തൻെറ വീട്ടുമുററത്ത് അടിഞ്ഞുകയറി യതും ഒന്നുരണ്ടു പുരകളും അനേകം മൃതദേഹങ്ങളും ഒഴുകി പ്പോകുന്നത് കണ്ടു എന്ന് ആരോ പറഞ്ഞതും മററുമാണ് കഥകഠം. വെള്ളം സാധാരണയിൽ കവിഞ്ഞ് പൊങ്ങു കയും വലിയ കഷ്ടനഷ്ടങ്ങഠം ഉണ്ടാവുകയും ചെയ്യുമ്പോഠം കുട്ടികഠംക്കുപോലും ആദ്യം തോന്നിയ ഉത്സാഹവും സന്തോ ഷവും മങ്ങും. ഒരു കഷ്ടകാലത്തിൻെറ പ്രതീതി നാടൊക്കെ പരക്കും. എല്ലാവരും കൂടെക്കൂടെ ആകാശത്തു നോക്കി 'ഇന്നും തെളിയുകയില്ലെ? അമ്മേ ഇനീം കഷ്ട പ്പെടുത്തരുതേ.' എന്നു പറയുന്നതും കേഠംക്കാം.

വലിയ നാശം വരുത്തുന്ന വെള്ളപ്പൊക്കം അപൂർവ്വമാ യിട്ടേ ഉണ്ടാകാറുള്ളു. മൂന്നും നാലും തവണ മിതമായ രീതി യിൽ വെള്ളം ഇളകുകയാണ് പതിവ്. എത്ര പൊങ്ങി യാലും രണ്ടോ മൂന്നോ ദിവസത്തിൽ കൂടുതൽ വെള്ള ത്തിൻെറ ഊക്ക് നില്ക്കാറില്ല. വെള്ളം ഇറങ്ങുമ്പോഴും കുട്ടികഠംക്ക് കളിക്കുവാൻ സൗകര്യം ലഭിക്കും. പക്ഷെ ചവിട്ടുന്ന ദിക്കിലെല്ലാം ചളിയും അഴുക്കും ചവറും അടി ഞ്ഞു കിടക്കുന്നതുകൊണ്ട് ആ സമയത്ത് ആകപ്പാടെ ഒരു സുഖം തോന്നുകയില്ല. പക്ഷേ വെള്ളം കയറുമ്പോഠം കാണാറുള്ള ഒരു വൈഷമ്യം അപ്പോഠം അനുഭവപ്പെടുക യില്ല. അത് ഉറുമ്പിൻെറയും മററ് പ്രാണികളുടെയും ശല്യമാണ്. ഉറുമ്പ്, പൊങ്ങിക്കിടക്കുന്ന കരടിലും തുരു മ്പിലും പററങ്ങളായി കയറിക്കൂടി ഒഴുകിനടക്കുന്നതു കാണുമ്പോഠം ഒരുതരം ക്രൂരമായ വിനോദരസം തോന്നു മെങ്കിലും അത് കളിക്കുവാൻ ഇറങ്ങുന്ന കുട്ടികഠംക്ക് വലിയ ഉപദ്രവം ചെയ്യും. പല വലിപ്പത്തിലും ഈ ഉറു മ്പിൻ ചങ്ങാടങ്ങഠം ഒഴുകിനടക്കുന്നതുകാണാം. വെള്ളം

Digitized by Kerala Sahitya Akademi

ഇറങ്ങിത്തുടങ്ങുമ്പോഴേയ്ക്കു് ആ കരയ്ക്കു് അടിഞ്ഞുകയറു കയോ വെള്ളത്തിൽ മുങ്ങിമരിക്കുകയോ ചെയ്തിരിക്കും.

ഇങ്ങനെ അല്പസ്വല്പമായ ഉത്സാഹവും ഏറിയ പങ്കും മ്ലാനതയും കലന്നു് മഴക്കാലവും കടന്നുപോകും. അതു തീരു ന്നതുവരെ നാട്ടിലാകെ പട്ടിണിയും പഞ്ഞവുമാണു്. മഴ മാറി ആകാശം തെല്ലൊന്നു തെളിയുമ്പോൾ തോർത്തുടുത്തു്, മുണ്ടു് പുതച്ചു് വയലിന്റെ കരയ്ക്കുനിന്നു്, വെള്ളത്തിൽ മുങ്ങിമറിഞ്ഞ പ്രകൃതിയെ അവലോകനം ചെയ്യുന്ന വൃദ്ധ നോടു്,

'എന്താ ശങ്കുപ്പിള്ളേ എങ്ങനിരിക്കുന്നു?' എന്നു് ചോദിച്ചാൽ ഉത്തരം ഇതായിരിക്കും.

'എന്തോ പറയാനാ? കക്കടകമാസമല്ല്യോ. അമ്മ യുടെ നടയിൽചെന്നു് സങ്കടം പറയട്ടെ, അല്ലാതെ ആരി രിക്കുന്നു.'

പിന്നെയും ആണ്ടു പിറക്കും. ചിങ്ങമാസം വീണ്ടും വരും. ആ നാട്ടിൻപുറത്തെ ജീവിതം തുടർന്നുപോകും.

# നാട്ടിൻപുറത്ത്

വ്യവസായയുഗത്തിന്റെ പുകക്കുഴലുകളൊന്നും അ വിടെ പൊങ്ങിവന്നിട്ടില്ല. പക്ഷേ, ജീവിതത്തിന്റെ സ്വഭാവം ആകപ്പാടെ മാറിയിരിക്കുന്നതായിട്ടാണു് കണ്ടതു്. മുറുക്കാൻകടകളെല്ലാം ബീഡിക്കടകളായി മാറിയിരിക്കുകയാണു്. രണ്ടും മൂന്നും ആളുകൾ ഓരോ കടയിലും ചമ്രംപടിഞ്ഞിരുന്നു് മുറവും മടിയിൽവച്ചു് സദാസമയവും ബീഡി തെറുക്കുന്നതു് കാണാം. പത്തു പതിനഞ്ചു് കൊല്ലം മുമ്പു് വലിയ മുറുക്കുകാരായിരുന്ന ആളുകൾ ഇന്നു് ബീഡി വലിക്കാരായിരിക്കുന്നു. ഈ പരിവർത്തനത്തിനു് വ്യാഖ്യാനവുമുണ്ടു്.

''ഒന്നു മുറുക്കണമെങ്കിൽ നാലുകൂട്ടം അന്വേഷിക്കണം. എല്ലാം നല്ലതായി കിട്ടുകയുമില്ല. ഒന്നുകിൽ വെററില

Digitized by Kerala Sahitya Akademi

വാടിയിരിക്കും, അല്ലെങ്കിൽ ചുണ്ണാമ്പ് ഉണങ്ങിയിരിക്കും. പാക്കിൻെറ കാര്യമാണെങ്കിൽ വല്യ കഷ്ടം. നല്ല പഴക്കാപ്പാക്ക് കിട്ടാനേയില്ല. ആറുന്മുളപാക്ക് എന്നൊരു ജാതിയുണ്ടായിരുന്നു. അത് എതിലെ പോയെന്ന് ദൈവത്തിനറിയാം. വല്ലപ്പോഴും കാണാൻ കൊള്ളാവുന്ന പാക്ക് കണ്ട് ഉത്സാഹത്തോടെ മുറുക്കിയാൽ അത് ചൊരുക്കും. ബാക്കിയെല്ലാം ഒത്തു വന്നാലും പുകയിലയുടെ കാര്യം വിഷമംതന്നെ. ക്കുവയില ഉണക്കിയതു പോലെയുള്ള സാധനമാണ് പുകയില എന്ന് പറഞ്ഞ് എടുത്തുതരുന്നത്. എന്തു ചെയ്യും? ഈ ഗതികേടെല്ലാം ഓർത്തിട്ടാണ് ബീഡിയാക്കിയത്. എന്തൊരു സൗകര്യം. ശകലം തീ അന്വേഷിച്ചാൽ മതിയല്ലോ. പല്ല് തേയ്ക്കാനും പാടുപെടണ്ട. 'ഒണ്ടോ ഒന്നെടുക്കാൻ? ബീഡി.'

അടിയന്തിരങ്ങൾക്ക് ശ്രമിക്കാൻ വരുന്നവക്ക് മുൻപൊക്കെ മുറുക്കാൻ കൊടുക്കേണ്ടത് ഒരു ഉപചാരവും ആവശ്യവും ആയിരുന്നു. ഇന്നിപ്പോൾ വല്ല പടുകിഴവന്മാരും സ്ത്രീകളും മുറുക്കിയെങ്കിലായി. ബാക്കിയുള്ളവക്കെല്ലാം ബീഡി കൊടുക്കണം. ദേഹണ്ഡക്കാരൻ തയ്യാറാക്കുന്ന ഡാപ്പിൽ താഴത്തേ അററത്ത് 'ബീഡി (നല്ലത്) അഞ്ഞൂറ്' എന്ന് എഴുതീട്ടുണ്ടാവും. ഇത് അയാൾക്കും അസിസ്റ്റൻറുമാക്കും മാത്രമുള്ളതാണ്. വേറെയും ആവശ്യക്കാർ വരുമെന്നുള്ളതുകൊണ്ട്, ഇതിനു പുറമെ ഒരായിരം കൂടി വാങ്ങിയെങ്കിലേ തികഞ്ഞുപററുകയുള്ളൂ. വെററിലയും പാക്കും ഇടിച്ചുതിന്നുന്ന വൃദ്ധന്മാർ അതു വലിയ സൊല്ലയാണെന്ന് പറഞ്ഞ് ബീഡിവലിക്കാൻ ശീലിക്കുന്നത് അടിയന്തിരങ്ങൾക്ക് വരുമ്പോഴാണ്. അവരിൽ പലക്കും അത് ആദ്യമാദ്യം കത്തിച്ചു കൊടുക്കണം. ഭയങ്കരമായ തുമ്മൽ തുടങ്ങുന്നതുകൊണ്ട് ഉടനെ അകന്നു കൊള്ളുകയും വേണം.

വെററില മുറുക്കിൽനിന്ന് പുകവലിയിലേക്കുള്ള പരിവത്തനംപോലെതന്നെയാണ് കാപ്പിയിൽനിന്ന് ചായയിലേക്കുള്ളതും. സാധനം മാത്രമല്ല അതു കുടിക്കുന്ന ചുററുപാടുകളും മാറീട്ടുണ്ട്. പാൽ ഒഴിച്ചും ഒഴിക്കാതെയും

Digitized by Kerala Sahitya Akademi

പഞ്ചസാരയോ കരുപ്പട്ടിയോ ഉള്ളതുപോലെ ചേർത്തും കാപ്പിപ്പൊടിയില്ലെങ്കിൽ, കൊത്തമല്ലി വറുത്തുപൊടിച്ച് തിളപ്പിച്ചും കാലത്ത് കാപ്പിയുണ്ടാക്കി കുടിച്ചിരുന്നത് അവനവൻെറ വീട്ടിലാണ്. പക്ഷേ, ചായയ്ക്ക് എന്തുകൊണ്ടാണെന്ന് അറിഞ്ഞുകൂടാ വീട്ടിലെ അന്തരീക്ഷം പററുകയില്ലാ. അതിന് ചായക്കടയിൽതന്നെ പോകണം. അങ്ങോട്ടുള്ള തീർത്ഥയാത്ര ഇന്ന് നാട്ടിൻപുറത്ത് ഒഴിച്ചുകൂടാത്ത പ്രഭാതപരിപാടിയായി തീർന്നിരിക്കുകയാണ്. ഓരോ കടയിലേയും ചായയുടെ ഗുണദോഷങ്ങളെക്കുറിച്ച് വിമർശനങ്ങളും പൊതുസ്ഥലങ്ങളിൽ പതിവായി കേൾക്കാം.

''നാരായണൻ മനസ്സോടെ ചായയെടുത്താൽ നന്നാകും. അവന് നല്ലതും ചീത്തയും തിരിച്ചറിയാം. ആളുകളെ അറിയാം. പക്ഷേ, മറേറ മൂക്കിലിരിക്കുന്ന തീവിഴുങ്ങിപ്പക്ഷിയുണ്ടല്ലോ, അയ്യോ! അവൻ വിഷമാണ് കലക്കിത്തരുന്നത്. ചായപ്പൊടിയെന്നും പറഞ്ഞ് മൈലാഞ്ചി ഇടിച്ച് പൊടിച്ച് മരപ്പൊടിയും ചേർത്ത് പടമുള്ള കൂട്ടിലിട്ട് ഇപ്പോൾ വില്ക്കുന്നുണ്ട്. അതേ അവൻ വാങ്ങിക്കുകയുള്ളൂ. പകുതി വിലയേ ഉള്ളൂ. അതു കുടിക്കുന്ന കർമ്മദോഷിയുടെ കുടലുരുകിയാൽ അവനെന്ത്?''

പാടത്ത് പണിയെടുക്കാൻ പോകുന്ന കൂലിക്കാരും ആശാരിമാരും കല്ലുണിക്കാരും പാറപൊട്ടിക്കുന്നവരും അടുത്ത കാലത്തായി സ്കൂൾമാസ്റ്റർമാരും ഗൃഹനാഥന്മാരും എല്ലാം ചായക്കടകളിലെ 'നിത്യ'ന്മാരായിത്തീർന്നിരിക്കുകയാണ്. രാത്രിയിൽ ഉറങ്ങാൻ കിടക്കുന്നതുതന്നെ അടുത്ത ദിവസം കാലത്തെ നാരായണൻെറ ചായ കുടിക്കാമല്ലോ എന്ന പ്രതീക്ഷയോടുകൂടിയാണ്.

മനുഷ്യൻ കാപ്പി കുടിക്കാൻ പഠിച്ചതിൻെറ കാരണം തനിക്ക് മനസ്സിലാകുന്നുണ്ടെങ്കിലും ചായയുടെ കാര്യം ഒരു മഹാദ്ഭുതമായി ശേഷിക്കുകയാണെന്ന് എൻെറ ഒരു സ്നേഹിതൻ പറയുകയുണ്ടായി. ഈ ഇലപുഴുങ്ങിയ വെള്ളത്തിന് എന്തെങ്കിലും രുചിയോ, ഗുണമോ, ലഹരിയോ ഉള്ളതായി അദ്ദേഹത്തിനു തോന്നിയിട്ടില്ല. പക്ഷേ,

Digitized by Kerala Sahitya Akademi

നാട്ടിൻപുറത്തുകാരുടെ അഭിപ്രായം നേരെ മറിച്ചാണ്. സമയത്തിന്ന ചായ കടിച്ചില്ലെങ്കിൽ മരിക്കും എന്ന നില യാണ് വന്നിരിക്കുന്നത്.

വേറെയും മാററങ്ങളുണ്ട്. ആലും പോയി ആൽ ത്തറയും പോയി, അമ്പലത്തിലെ പൂജയും മുടങ്ങി. ശങ്കരൻപോററി മരിച്ചതിനുശേഷം ശാന്തിക്കാരെ ശരിക്ക് കിട്ടിയില്ല. നാലഞ്ചു വഷം അദ്ദേഹത്തിൻെറ ഇല്ലത്തു നിന്ന് ആരൊക്കെയോ വന്ന്, സമയം തെററിയെങ്കിലും മുട്ടശാന്തി നടത്താറുണ്ടായിരുന്നു. അവരെല്ലാവരും ക്രമേണ ഓരോ വഴിക്കു പോയി. പിന്നെ കുറേക്കാലത്തേയ്ക്ക് ആരുമില്ലായിരുന്നതുകൊണ്ട് പൂജ നടന്നില്ല. നട തുറക്കു വാൻപോലും ആളില്ലായിരുന്നു. ദേവതകൾക്കും ദുഷ്ഷാലം ഉണ്ട്. അപ്പോൾ ക്ഷേത്രത്തിൻെറ ഉടമസ്ഥൻ വളരെ പാടുപെട്ട് ദൂരെ എവിടെയോ ചെന്ന് ഒരു ചെറുപ്പക്കാ രനെ ശാന്തിക്ക് ഏർപാട് ചെയ്തിരിക്കുകയാണ്. അയാൾക്ക് ആറേഴ മൈൽ അകലെ ഒരു സക്കാർ ആഫീ സിൽ ശിപായി ജോലിയുണ്ട്. സൈക്കിളിലാണ് യാത്ര. ശാന്തിക്കു വരുന്നതും അങ്ങനെയാണ്. വെള്ളി യാഴ്ചതോറും വരാമെന്നായിരുന്നു ആദ്യത്തെ കരാർ. പക്ഷെ, ഇപ്പോൾ ഏതെങ്കിലും ഒരു ദിവസം എന്നാക്കി യിരിക്കുകയാണ്. അതും കാലത്തോ വൈകുന്നേരമോ സൗകര്യംപോലെ. ആളല്പം പരിഷ്കാരിയാണ്. മുടി വെട്ടിയിട്ടുണ്ടെങ്കിലും കാതിൽ കടുക്കനുണ്ട്. പൊട്ടു തൊടുക മാത്രമല്ല കണ്ണെഴുതുകയും ചെയ്യും. ബുഷ്ഷട്ട് ഇടുമെങ്കിലും അടിയിൽ പൂണുനൂൽ ഉണ്ട്. (ഇടയ്ക്ക് പറ യട്ടെ, ജാതിയിൽ പോററിയോ, നമ്പൂരിയോ, എമ്പ്രാനോ ഒന്നുമല്ലെന്നും ഇളയതാണെന്നും കേൾക്കുകയുണ്ടായി.) ബീഡിവലിയും ചായകടിയും എല്ലാമുണ്ടെങ്കിലും അമ്പ ലത്തിനകത്തു വച്ച് അതൊന്നും ചെയ്യുകയില്ല എന്ന് നിർബന്ധമാണ്. ആററിൽ പോയി മുങ്ങിക്കുളിച്ച് ശുദ്ധമായിട്ടേ പൂജ ചെയ്യുകയുള്ളൂ. അത്യാവശ്യത്തിനുള്ള മന്ത്രങ്ങളും സ്തോത്രങ്ങളും അറിയാവുന്ന ആളാണ്. ആപ്പീ സിൽനിന്നും അവധി കിട്ടിയാൽ ഗണപതിഹോമവും

Digitized by Kerala Sahitya Akademi

ഭഗവതിസേവയും നടത്തികൊടുക്കുവാൻ തയ്യാറാണെന്ന് പറയാറുണ്ടത്രെ. സൈക്കിറം ആണ് ജീവൻ. അതങ്ങ് മതിൽകെട്ടിനകത്ത് കൊണ്ടുവച്ചതിനുശേഷമേ മറെറന്തു കാര്യവും ഉള്ളൂ. ചില്ലറ അററകുററപ്പണികളും തന്നത്താൻ ചെയ്യും. ചില ദിവസം വന്ന വഴിക്ക് റിപ്പയർജോലി തുടങ്ങിയാൽ പൂജയ്ക്കു് സമയം കിട്ടിയില്ലെന്ന് വരും.

ക്ഷേത്രത്തിലെ പ്രതിഷ്ഠയായ അമ്മയുടെ വിഗ്രഹത്തിന് ഒരു കോട്ടവും തട്ടിയിട്ടില്ല. ഇപ്പോഴും മുഖത്ത് ആ പുഞ്ചിരി കളിയാടുന്നുണ്ട്. വിഗ്രഹങ്ങറം പിഴുതെടുത്ത്, കയ്യും ഒടിച്ചുകളഞ്ഞ് അമേരിക്കൻ ടൂറിസ്റ്റുകറംക്ക് വില്ക്കുന്ന ബിസിനസ്സുകാരുടെ പുതിയ തരം ക്ഷേത്രാരാധന അവിടെ ആരംഭിച്ചിട്ടില്ല. പക്ഷെ, കാണിക്കയിടുന്നതിനുവേണ്ടി വലിയ പൂട്ടും തുടലും ഇട്ടുവെച്ചിരുന്ന പെട്ടി ആരോ മോഷ്ടിച്ചുകൊണ്ടുപോയി എന്ന് കേട്ടു. അടുത്ത തലമുറയിൽ അമ്മയെ തൊഴുന്നതിന് അററലാൻറ് മ്യൂസിയത്തിൽ പോകണമെന്ന ദുര്ഗ്ഗതി വരാതിരിക്കട്ടെ. 'ചലനാത്മകമായ ഈ ലോകത്തിൽ, പരിവത്തനത്തിൻേറതായ ഈ കാലഘട്ടത്തിൽ', അമ്മേ: അവിടെത്തെ പുഞ്ചിരിയെങ്കിലും മാറാതെനിന്ന് സത്യത്തിൻെറയും നിത്യതയുടെയും സാന്നിദ്ധ്യം തെളിയിച്ച് ഭക്തജനങ്ങളെ അനുഗ്രഹിക്കട്ടെ എന്ന് പ്രാത്ഥിക്കുന്നു.

അമ്പലത്തിൻെറ മുൻവശത്തുള്ള വയലും അതിൻെറ അരുകുചേന്ന് പോകുന്ന നടവരമ്പും പണ്ടത്തെപ്പോലെ തന്നെ കിടക്കുന്നു. എങ്കിലും വരമ്പിൽക്കൂടി വലിയ ഗതാഗതമില്ല. കരയ്ക്കു് അതിന് സമാന്തരമായി വണ്ടി പോകത്തക്ക ഒരു റോഡ് പഞ്ചായത്തിൻെറ ഉത്സാഹത്തിൽ കെട്ടിയിട്ടുണ്ട്. ആളുകളെല്ലാം അതിലേയാണ് ഇപ്പോറം നടക്കുന്നത്. വെയിലു കൊള്ളാതെ പോകാം. ചെറുപ്പക്കാരിൽ പലക്കും സൈക്കിറം ഉണ്ട്. ഭാഗ്യക്കുറിയിൽ സമ്മാനം കിട്ടിയ ഒരാറം സ്ക്കൂട്ടർ വാങ്ങിക്കാൻ ആലോചിക്കുന്നതായും കേട്ടു. റോഡ് അത്ര നല്ലതല്ലെങ്കിലും ചിലപ്പോഴൊക്കെ ടാക്സി കാറുകറം അതിലെ ഓടുന്നതു കാണാം.

Digitized by Kerala Sahitya Akademi

വീടുകൾക്കാണ് ഏററവും വലിയ മാററം വന്നിരിക്കുന്നത്. ധാരാളം പുതിയ കെട്ടിടങ്ങൾ ഉണ്ടായിട്ടുണ്ട്. പതിനഞ്ചുസെൻറും, ഇരുപത് സെൻറും മാത്രമുള്ള തുണ്ടു പുരയിടങ്ങളിലാണ് സാമാന്യം വലിയ വീടുകൾ പണിഞ്ഞിരിക്കുന്നത്. ഓലമേഞ്ഞ വീടുകൾ ഇല്ലെന്നുതന്നെ പറയാം. ഓടിട്ടവയും കുറവാണ്. ഇപ്പോഴത്തെ പണിയെല്ലാം 'വാർപ്പാണെ'ന്നു പറയുന്നു. അതായത് സിമൻറ്—കോൺക്രീററ്. ഒന്നു രണ്ട് പുതിയ വീടുകൾ കണ്ടാൽ റേഡിയോ എടുത്തുവെച്ചിരിക്കുകയാണെന്ന് തോന്നും. അവയുടെ മേൽ ചെയ്തിരിക്കുന്ന ചായപ്പണിക്ക് ഒരു ഭംഗിയുമില്ല. പല ദിക്കിലും പായലും പിടിച്ചിരിക്കുന്നു.

പക്ഷേ ഉള്ളിൽ നല്ല സൗകര്യം ഉണ്ടായിരിക്കണം. പുതിയ വീടുകൾ എല്ലാംതന്നെ സിങ്കപ്പൂരിലും, പേർഷ്യയിലും പോയി പണമുണ്ടാക്കിയവരുടെ വകയാണ്. ഇംഗ്ലീഷ് ഭാഷ കഷ്ടിച്ച് എഴുതാനും വായിക്കാനും വശമാക്കിയശേഷം അനേകം ചെറുപ്പക്കാർ ജോലിയന്വേഷിച്ച് നാടുവിട്ടിട്ടുണ്ട്. എട്ടും പത്തും കൊല്ലം കഴിഞ്ഞു ധാരാളം പണവുംകൊണ്ട് തിരിച്ചുവരും. വീണ്ടും പോകും. ചിലർ മാസംതോറും പണമയക്കുന്ന പതിവുണ്ട്. ചില വീടുകളിൽനിന്ന് മൂന്നും നാലും പേർ ഇങ്ങനെ ജോലിക്കു പോയിട്ടുണ്ട്. അവിടുത്തെ ചെറിയ പോസ്റ്റാഫീസിൽ ഓരോ മാസവും ലക്ഷത്തിൽപ്പരം രൂപ മണിയോർഡറായി വരുന്നുണ്ട്. അതു മുഴുവനും വസ്തുവായും കെട്ടിടങ്ങളായും നിക്ഷേപിക്കപ്പെടുന്നു. ഉത്സാഹശാലികളായ ഈ ചെറുപ്പക്കാരുടെ അദ്ധ്വാനംകൊണ്ട് നാട്ടിൻപുറത്തിൻെറ മുഖഭാവംതന്നെ മാറിയിരിക്കുന്നു. അവരെ എത്ര ശ്ലാഘിച്ചാലും അധികമാവുകയില്ല. എന്നുവരികിലും ഈ പണക്കൊഴുപ്പിൻെറ ഫലമായി ഭൂമിക്ക് തീപ്പിടിക്കുന്ന വിലയായിരിക്കുന്നു. യാതൊരു ആദായവുമില്ലാത്ത വെറും തറസ്ഥപോലും ഏകദേശം പട്ടണത്തിലെ വില കൊടുക്കണം. സാധനങ്ങളുടെ വിലയും വേലക്കാരുടെ വേതനങ്ങളും പട്ടണത്തിലെ അത്രതന്നെ വദ്ധിച്ചിട്ടുണ്ട്. ആശാരിമാ

Digitized by Kerala Sahitya Akademi

രേയും കല്പണിക്കാരേയും ചോദിക്കുന്ന കൂലികൊടുത്ത് പിടിച്ചുവലിച്ച് കൊണ്ടുപോവുകയാണ്. നിയന്ത്രണ മുള്ള സാധനങ്ങൾ എല്ലാംതന്നെ കരിഞ്ചന്തയിൽ അന്യാ യവില കൊടുത്താണ് വാങ്ങുന്നത്. മററ് വിധത്തിൽ കിട്ടാനില്ല.

വലിയ തെങ്ങിൻ പുരയിടങ്ങളും വിസ്താരം കൂടിയ വയലുകളും വാങ്ങുവാൻ അന്യദിക്കുകളിൽനിന്നുപോലും ആളുകൾ വരാറുണ്ട്. അന്വേഷണത്തിൽ അവരും 'പേഷ്യ ക്കാരോ ആഫ്രിക്കക്കാരോ' ആണെന്ന് മനസ്സിലാകും. കയ്യിലുള്ള വൻ തുകകൾ ചൂടോടെ വസ്തുവിൽ സ്ഥാപി ക്കാനുള്ള വ്യഗ്രതയാണ് അവർ കാണിക്കുന്നത്. അത്ര വലിയ തക്കവും വിലപേശലും ഒന്നും നടക്കാറില്ലെന്ന് പറയുന്നു.

'ഈ വസ്തു വില്ക്കാൻ പോവുകയാണെന്ന് കേട്ടു. എന്തു വില കിട്ടണമെന്നാണ് ഉദ്ദേശം?'

'നാല്പത്തയ്യായിരം'.

'അതിനില്ല. സ്വല്പം ഒന്ന് മയപ്പെടുത്തി പറ യരുതോ?'

'നിവൃത്തിയില്ല.'

'എന്നാൽ അങ്ങിനെയിരിക്കട്ടെ. ഇവിടെ കാണു മല്ലോ. ഞാൻ ഉച്ചതിരിഞ്ഞു വരാം.'

ഉച്ചതിരിയുമ്പോൾ 'പുള്ളിക്കാരനേയും' കൊണ്ടാണ് വരുന്നത്. നാല്പത്തയ്യായിരമെങ്കിൽ നാല്പത്തയ്യായിരം. ആധാരച്ചിലവ് പുറമെയും.

'നാളത്തന്നെ ആധാരം എഴുതണം. നീട്ടിവെക്കാൻ നിവൃത്തിയില്ല. തിരിച്ചുപോകാൻ തിരക്കുണ്ട്. ടിക്ക റെറടുത്തുകൊണ്ടാണ് വന്നത്.

'അത്ഥം കടിച്ചിട്ട്' സൈ്വരക്കേട് അനുഭവിക്കുന്ന ചില 'പുള്ളികൾ' ഇതിലും തിടുക്കത്തിലാണ് വരു ന്നത്. തങ്ങൾ താമസിക്കുന്ന വീടും പുരയിടവും ഈ ജന്മത്തോ അടുത്ത ജന്മത്തോ വിൽക്കണമെന്ന് യാതൊരു ഉദ്ദേശവുമില്ലാതെ കഴിയുന്ന ഭേദപ്പെട്ട ആളുകളുടെ അടുത്തു ചെന്ന് ഒരു മുഖവുരയും കൂടാതെ,

Digitized by Kerala Sahitya Akademi

'ഇതിങ്ങ് വിലയ്ക്ക് തരുമോ? നല്ല വില തരാം.' എന്ന് ചോദിക്കും. ഈ സമീപനത്തിൽ നീരസം തോന്നിയ ഉടമസ്ഥൻ ഇങ്ങിനെ മറുപടി പറയും:

'നിങ്ങാം ആര്? ഇതെന്ത് മര്യാദ. ഇത് എൻെറ തറവാടാണ്, ഈ മണ്ണ് മുഴവനും മൂടത്തക്കവെണ്ണം പവൻ നിരത്തിവെച്ചാലും ഇത് ഞാൻ വിൽക്കുകയില്ല. പോകണം.'

തിട്ടക്കൊരൻ നിരാശയോടെ തിരിച്ചുപോകും. അതിനിടയ്ക്ക് ആത്മഗതമായി ഇത്രയുംകൂടി പറയും.

'ഇത്ര കോപിക്കാൻ എന്തോന്ന്. പവൻ വേണമെങ്കിൽ അതിനും പഞ്ഞമില്ല. വിൽക്കാതെ ഗതിയുണ്ടോ മൂപ്പീന്നേ? ഇന്നല്ലെങ്കിൽ നാളെ കണ്ടോളാം.'

ഇത് ഒരു വ്യക്തിക്കല്ല. ഒരു വ്യവസ്ഥിതിക്ക് നൽകുന്ന താക്കീതാണ്. ഭൂസ്വത്തിനോട് സവിശേഷമായ മമതാബന്ധം പുലർത്തുകയും അതു വിട്ടുകൊടുക്കുകയില്ലെന്ന് വാശിപിടിക്കുകയും ചെയ്യുന്ന മനോഭാവത്തോടാണ്. 'പുള്ളിക്കാരൻെറ' പ്രതിഷേധം. അതും കുറഞ്ഞ വിലയ്ക്ക് വാങ്ങി കൂടിയ വിലയ്ക്ക് കൈമാറേണ്ട ഉരുപ്പടിയല്ലാതെ മറ്റൊന്നുമല്ല. പൂർവ്വസ്വത്താണ്. പാരമ്പര്യമായി കിട്ടിയതാണ്, തറവാടാണ്, എന്നൊക്കെ പറയുന്നത്, വെറും കഥയില്ലായ്മയാണ്. മണ്ണാങ്കട്ട അല്ലാതെന്ത്? പണമാണ് കാര്യം. അതിനേക്കാം വലുതും വിലപിടിച്ചതും എന്തിരിക്കുന്നു.

പവൻെറ കാര്യം പറഞ്ഞതും സത്യമാണ്. അത് കിട്ടാനും പ്രയാസമില്ല. നാട്ടിൻപുറത്ത് ധാരാളം സ്വർണ്ണം വന്നിറങ്ങീട്ടുണ്ടെന്ന് ആവശ്യമുള്ളവർക്കൊക്കെ അറിയാം. മദ്ധ്യപൂർവ്വദേശത്ത് ജോലിക്കുപോയി വരുന്നവർ കൊണ്ടുവരുന്നതാണെന്നാണ് പറയുന്നത്. ഇതെല്ലാം ഗൃദ്ധ്റനേത്രന്മാരായ കടൽച്ചുങ്കം അധികാരികളുടെ പിടിയിൽപ്പെടാതെ എങ്ങിനെ കടത്തിക്കൊണ്ടുവരുന്നുവെന്ന് ഈശ്വരന് മാത്രമെ അറിയാവൂ. ഏതായാലും തനി പവനായും കട്ടിപ്പൊന്നായും ധാരാളം സ്വർണ്ണം കിട്ടാനുണ്ടെന്നുള്ളത് സത്യമാണ്. ചിലപ്പോാം അത് നമ്മുടെ അടുത്തേയ്ക്ക്

Digitized by Kerala Sahitya Akademi

നടന്നുവരുന്നതും കാണാം. സന്ധ്യ കഴിയണം. കല്യാണത്തിന് ആഭരണമുണ്ടാക്കുവാൻ ആലോചന നടക്കുമ്പോഠം, അപരിചിതരോ ആപൽക്കാരികളോ ആയ ആളുകഠം ആരും ഇല്ലെങ്കിൽ അങ്ങേപ്പുറത്ത് ഒരു ചെറിയ ചുമ കേഠംക്കാം.

'ആരാ അത്? ഇങ്ങോട്ട് വരാമല്ലോ.'

'ഓ! ഞാനാ, കല്യാണം ഉറച്ചെന്ന് കേട്ടു.'

'പൊന്ന് കിട്ടത്തില്ലെന്നും പറയുന്നു' പവൻ മതിയെങ്കില് നാലഞ്ച് എടുക്കാൻ ഉണ്ടായിരുന്നു. ചെറുക്കൻ കൊണ്ടുവന്നത്.'

എന്ന് പറഞ്ഞുകൊണ്ട് സ്വർണ്ണം നമ്മെ സമീപിക്കും. ആവശ്യം ഉണ്ട്, നല്ല വിലയും കിട്ടും എന്ന് ബോദ്ധ്യമായാൽ നാലഞ്ചല്ല, നാല്പതും, അൻപതും വരെ നമ്മുടെ മുൻപിൽ വന്നെത്തും. പക്ഷെ, നേരം നല്ലതുപോലെ ഇരുട്ടണം. പണവും കയ്യോടെ കൊടുക്കണം.

കുട്ടിക്കാലത്തുതന്നെ അച്ഛനും അമ്മയും മരിച്ച് പഠിപ്പും മുടങ്ങി വഴിയാധാരമായ ഒരു പയ്യനും പേഷ്യയ്ക്ക് പോയി. ജോലി അരിവെപ്പായിരുന്നു എന്നാണ് ശ്രുതി. പക്ഷേ. അവൻ അഞ്ചുകൊല്ലം കഴിഞ്ഞ് മടങ്ങി വന്നപ്പോഠം പേർഷ്യയിലെ പ്രധാനമന്ത്രി അല്ലെങ്കിൽ അപ്രധാനമന്ത്രിയെങ്കിലും ആയിരുന്നു എന്നാണ് നാട്ടുകാർക്കു തോന്നിയത്. അവൻ ഒരു കാറിലും പെട്ടികളും സഞ്ചികളും വേറൊരു കാറിലും വന്നിറങ്ങി. കറുപ്പ് കണ്ണടയും, മേൽമീശയും, കഴുത്തിൽ സ്വർണ്ണമാലയും റിസ്റ്റ്‌വാച്ചും ടെറിലിൻ സൂട്ടും, കയ്യിൽ ട്രാൻസിസ്റ്റർ റേഡിയോയുമായി പ്രത്യക്ഷപ്പെട്ട അവനെ ബന്ധുക്കഠംപോലും ആദ്യം തിരിച്ചറിഞ്ഞില്ല. ആളുകഠം പകച്ച് നോക്കുന്നതുകണ്ടു.

'ചേട്ടൻ എന്നെ മറന്നു അല്ലേ?' എന്ന് അടുത്ത് നിന്ന ആളിനോട്, കണ്ണട മാററി മീശതടവി, അല്പം ഉദ്ധതമായ പുഞ്ചിരിയോടെ ചോദിച്ചപ്പോഠം:

''ആ....ഹാ........? നീയോ? ഞാൻ മറെറന്തോ ആലോചിച്ചുകൊണ്ട് നിന്നുപോയി കുഞ്ഞേ'' എന്ന്

Digitized by Kerala Sahitya Akademi

പറഞ്ഞ് അവരാം അവനെ കെട്ടിപ്പിടിച്ചു. ഉടനെതന്നെ എല്ലാവരും ഉററ ബന്ധുക്കളായി. പെട്ടികളിറക്കി, ടാക്സിക്കാരുമായി അവൻ ആവശ്യപ്പെട്ടില്ലെങ്കിലും അവർ ഒററക്കെട്ടായിനിന്ന് തർക്കിച്ചു. വലിയ സ്നേഹപ്രകടനങ്ങരം നടന്നു. അങ്ങനെ ആദ്യത്തെ രംഗം അവസാനിച്ചു.

അവൻ നാലുമാസത്തോളം അവിടെ താമസിച്ചു. അതിനിടയ്ക്കുണ്ടായ പരിവർത്തനം കഴത്തിന് ചുററും നാക്കുള്ള ഗോവിന്ദപ്പിള്ള തന്നെ വർണ്ണിച്ചുകേരംക്കണം. കൊണ്ടുവന്ന കാശെല്ലാം തീർന്നപ്പോരം അവൻ ഓരോ സാധനങ്ങളായി വിററുതുടങ്ങി. സിഗററ്റ് മാററി ബീഡിയാക്കി. ട്രാൻസിസ്റ്ററും, റിസ്റ്റ്വാച്ചും, കണ്ണടയും, ഉടുപ്പും, കാലുറയും, പെട്ടികരംപോലും വിററ് രണ്ടുമാസം കൊണ്ടു അവൻ പണ്ടത്തെപ്പോലെ വഴിയാധാരമായി. ആഹാരമില്ലെങ്കിലും കുടിയ്ക്കാതെ നിവർത്തിയില്ലെന്ന് വന്നു. എന്തെങ്കിലും ഒരു സാധനം വിൽക്കുന്ന ദിവസം മുഴുവനും അവൻ കള്ളഷാപ്പിൽ തന്നെ കഴിച്ചുകൂട്ടും. ഇങ്ങനെ സർവ്വവും നശിച്ചു അങ്ങേയററം പററിയപ്പോരം അവൻ വീണ്ടും നാടു വിട്ടു. കടല് നീന്തിയെങ്കിലും പേർഷ്യയിലെത്തും എന്ന് പറഞ്ഞുകൊണ്ടാണത്രെ പോയത്. പോയതാരും കണ്ടില്ല. യാത്രയയക്കാനും ആളില്ലായിരുന്നു. അവൻ ഗതികെട്ടു എന്ന് പറഞ്ഞത് വെറും സൂത്രമായിരുന്നുവെന്നും, അവനും പവൻ കൊണ്ടുവന്നിരുന്നു എന്നും മടക്കയാത്രയ്ക്കുള്ള മുൻകരുതലായി അത് ബോംബെയിൽ ആരെയോ ഏല്പിച്ചിരിയ്ക്കുകയായിരുന്നു എന്നും പറയുന്നവരുണ്ട്. ഏതായാലും അവൻ ലക്ഷ്യസ്ഥാനത്ത് ചെന്നെത്തി പഴയ ജോലിയിൽ വീണ്ടും പ്രവേശിച്ചതായി മററാരുടേയോ കത്തിൽനിന്നു നാട്ടിൽ വിവരം ലഭിച്ചു.

അത് നാടുവിട്ടവരുടെ കഥ. ഒരിടത്തും പോകാനില്ലാതെ അവിടെത്തന്നെ കഴിഞ്ഞവരുടെ കാര്യത്തിലും വലിയ മാററങ്ങളുണ്ടായി. അഴകനും, കറുത്ത തേവനും എല്ലാം കാലയവനികയിൽ മറഞ്ഞു. അവരുടെ മൂത്ത മക്കരം മാത്രം ഇപ്പോഴും കൃഷിജോലിയ്ക്കു് പോകുന്നുണ്ടു്. ഇളയ മക്കളെല്ലാം ഓരോരോ സർക്കാർ ഉദ്യോഗങ്ങളിൽ

Digitized by Kerala Sahitya Akademi

പ്രവേശിച്ച് അന്യദിക്കിലാണ്. ഒരത്ഥത്തിൽ അവർ ചെയ്യുന്നതും കൃഷിതന്നെ. ഫയലുകളാണ് വിളയുന്നതെന്നേ വ്യത്യാസമുള്ള. ഹരിജനങ്ങളായതുകൊണ്ട് വല്ലവിധവും സ്കൂം വിദ്യാഭ്യാസം പൂത്തിയാക്കിയാൽ ഉടനെ ജോലി കിട്ടും. ശമ്പളത്തിൽ ഒരു പങ്ക് അവർ വീട്ടിലേക്കും അയച്ചുകൊടുക്കും. കൃഷിവേലയ്ക്കുള്ള കൂലി പണ്ടത്തേതിൽനിന്നു എത്രയോ മടങ്ങ് വർദ്ധിച്ചിട്ടുണ്ടെങ്കിലും ഒരു തരത്തിലും തികഞ്ഞുപററുന്നില്ലെന്നാണ് മണിയോഡ്റും കാത്തു നാട്ടിലിരിക്കുന്നവർ പറയുന്നത്. പണ്ട് നെല്ലായിട്ടായിരുന്നു കൂലി കൊടുത്തിരുന്നത്. ഉച്ചയ്ക്ക് ആഹാരവും കൊടുക്കും. ഇന്ന് ആ സമ്പ്രദായം മാറിപ്പോയി. ഉറുപ്പിക കണക്കിലാണ് കൂലി. ആഹാരത്തിൻെറ കാര്യത്തിൽ തീരെ താല്പര്യവുമില്ല. അതിന്നുള്ള തുക കൂടി കൂലിയിൽക്കൂട്ടി കൊടുത്താൽമതി. അതുംകൊണ്ട് ചായക്കടയെ ശരണം പ്രാപിക്കയാണ് ഇപ്പോഴത്തെ പരിപാടി.

ലിഫ്ററ് ഇറിഗേഷനും പാക്കേജ് പദ്ധതിയും എല്ലാം വന്നിട്ടുണ്ടെങ്കിലും കൃഷികൊണ്ട് കാര്യമായ ആദായം ഒന്നും ഇല്ലെന്നാണ് പറയുന്നത്. മരത്തോണിയും, ഇലച്ചക്രവും ഉപയോഗിച്ചുള്ള ''തേക്ക് ചവിട്ടും'' ആവശ്യമില്ലാത്തതുകൊണ്ട് അദ്ധ്വാനത്തിന് വളരെ ആശ്വാസമുണ്ട്. എങ്കിലും കൂലിച്ചിലവ് ദുവ്വഹമായിരിയ്ക്കുകയാണ്. രാസവളങ്ങരം ഇടാതെ ഒന്നും വിളയുകയില്ല. പണ്ടൊന്നും ഇത്തരം വളത്തെപ്പററി കേട്ടിട്ടുപോലും ഇല്ല. ചാണകവും ചാമ്പലും പച്ചിലവും മററുമായിരുന്നു വളം. ഇന്നിപ്പോരം അതൊന്നും പോര. കൃത്രിമവളംതന്നെ ഇടണം. വിത്തും വളവും വേലക്കൂലിയും വെള്ളക്കരവും എല്ലാം കൂട്ടിനോക്കുമ്പോരം കൃഷികൊണ്ട് നഷ്ടമേയുള്ള എങ്കിലും നിലം തരിശിടുന്നത് നാണക്കേടായതുകൊണ്ടും നല്ല അരിയുടെ ചോറ് ഉണ്ണാമെന്നുള്ളതുകൊണ്ടും ഈ ജോലി തുടരുന്നു എന്നു മാത്രം. കന്നുകാലികരംക്ക് വൈക്കോല് കിട്ടുമെന്നുള്ള വിചാരവും ഉണ്ട്. തീരെ നിവൃത്തിയില്ലെന്നുകണ്ട് ചിലയാ

Digitized by Kerala Sahitya Akademi

ളുകറം ഉയൻന്ന പാടങ്ങളിൽ കരിമ്പുകൃഷി തുടങ്ങിയിട്ടുണ്ട്. അതിനും പണം വാരിക്കോരി ചെലവാക്കണം.

ദീനവും ദണ്ഡവും വളരെ കുറഞ്ഞിട്ടുണ്ട്. പണ്ടൊക്കെ സാധാരണ രോഗങ്ങറംകൊണ്ടുപോലും ജനങ്ങറം വളരെ ദുരിതം അനുഭവിച്ചിരുന്നു. അൻപതു വയസ്സ് ആകുമ്പോറംതന്നെ ശരീരശക്തികറം ക്ഷയിച്ചുതുടങ്ങും. വാദ്ധക്യത്തിൻെറ അവശതകറം പ്രത്യക്ഷപ്പെടും. എണ്ണയും കുഴമ്പും നവരക്കിഴിയും പിഴിച്ചിലും, കഷായവും കഴഞ്ചക്കോലും, വെററിലയിടിക്കുവാനുള്ള കല്ലും കുഴവിയും കോളാംപിയും സാർവ്വത്രികമായിരുന്നു. സറംഫോണാമൈഡും പെൻസിലിനും വൈററമിൻ ഗുളികകളും വന്നതോടെ ഇതൊക്കെ മാറിപ്പോയി. എഴുപതും എൺപതും കഴിഞ്ഞവരും വഴിയില്ലാതെ നടക്കുന്നു. ആദ്യം നാലു കാലിലും, പിന്നെ രണ്ടു കാലിലും ഒടുവിൽ മൂന്നുകാലിലും നടക്കുന്ന ജന്തു എന്ന പ്രാചീന നിർവ്വചനം മനുഷ്യന് യോജിക്കാതായിരിക്കുന്നു. പ്രായംകൊണ്ട് കൂനിപ്പോയവരെ കാണാനേയില്ല. വാതരോഗവും സർവ്വാംഗവേദനയും ഒരിക്കലും കരിയാത്ത വ്രണങ്ങളുംകൊണ്ട് വൃദ്ധജനങ്ങറംപോലും കഷ്ടപ്പെടുന്നില്ല. പല്ലുവേദനയും, മുഴങ്കാലിനെ ബാധിക്കുന്ന പുഴക്കടി (എക്സിമ)യും മാത്രമേ മാറാരോഗങ്ങളായി കാണുന്നുള്ളു. അടുത്ത കാലത്തായി വായുവിൻെറ കോപവും (ഗ്യാസ്ട്രബിറം) ഉണ്ട്, ദന്തരോഗങ്ങറം സർവ്വസാധാരണമായിരിക്കുന്നതിൻെറ കാരണം വ്യക്തമല്ല. ആഹാരസാധനങ്ങളുടെയോ അവ പാകം ചെയ്യുന്നതിൻെറയോ കുഴപ്പമായിരിക്കാം. മായം ചേർക്കാത്ത ഒരു സാധനവും വാങ്ങാൻ കിട്ടുകയില്ലെന്നാണല്ലൊ അധികാരികറംപോലും പറയുന്നത്. വായുകോപത്തിൻെറ കാരണം തീർച്ചയായും ഇതാണ്. പുഴക്കടിയുടെ കാരണം സോപ്പാണെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. നിർമ്മാണത്തിൻെറ വൈകല്യം മൂലം അതിൽ അവശേഷിക്കുന്ന ക്ഷാരവസ്തുക്കറം തൊലിക്ക് കേടുവരുത്തുകയും അങ്ങനെയുണ്ടാകുന്ന വിടവുകളിലും രോഗകാരണമായ ജീവി (പൂപ്പൽപോലെയുള്ള ഒരു സസ്യമാണിത്) ശരീരത്തിൽ കടന്നുകൂടുക

Digitized by Kerala Sahitya Akademi

യുമാണ് ചെയ്യുന്നതെന്ന് തോന്നുന്നു. ദേഹത്ത് പുരട്ടുന്ന സോപ്പ് വെള്ളമൊഴിക്കുമ്പോൾ കീഴോട്ട് ഒലിച്ചിറങ്ങി മുഴങ്കാലിലെ രോമങ്ങൾക്കിടയിൽ തങ്ങിനിൽക്കും. അതെല്ലാം തേച്ചിളക്കിക്കളയുവാൻ വളരെ ബുദ്ധിമുട്ടുണ്ട്. അതിനൊക്കെ എവിടെയാണ് സമയം? സോപ്പും പുരട്ടി കുറെ വെള്ളം കോരിയൊഴിച്ചാൽ കുളിയായി. കുനിഞ്ഞു നിന്നു മുഴങ്കാലിൽ പററിയിരിക്കുന്ന സോപ്പെല്ലാം തേച്ചു കളയുവാൻനിന്നാൽ ജോലിയ്ക്ക് പോകാൻ ബസ്സ് കിട്ടുകയില്ല.

സന്ധ്യാകാലത്ത് കുട്ടികളുടെ നാമസങ്കീർത്തനങ്ങൾ കേൾക്കാനില്ല. അതിനുപകരം പുതിയ വീടുകളിൽ സ്ഥാപിച്ചിട്ടുള്ള റേഡിയോകളിൽക്കൂടി വരുന്ന സിനിമാപ്പാട്ടുകളാണ് നാട്ടിൻപുറത്തെ അന്തരീക്ഷത്തിൽ മുഴങ്ങുന്നത്. എവിടെയെങ്കിലും കല്യാണമോ മററ് ആഘോഷങ്ങളോ ഉണ്ടെങ്കിൽ ഉച്ചഭാഷിണിയുടെ ഭയങ്കരശല്യവും അനുഭവിക്കണം. ലോകത്തിന് ആധുനികകാലത്തുണ്ടായ ഏററവും വലിയ ശാപം ഇതാകുന്നു. ആററംബോമ്പു വീണാൽ ഉടനെ മരിക്കുമല്ലോ. ഉച്ചഭാഷിണി ജീവജാലത്തെ കൊല്ലാതെ കൊല്ലുന്നു. രാഷ്ട്രീയപ്രസംഗങ്ങൾക്കും സ്കൂൾ വാർഷികങ്ങൾക്കും മാത്രമല്ല ഈ ആസുരയന്ത്രം ആവശ്യമായി വന്നിരിക്കുന്നത്. കരയോഗത്തിനും വിവാഹത്തിനും ഷഷ്ടിപൂർത്തിക്കും സപ്താഹപാരായണത്തിനും ജ്ഞാനസ്നാനത്തിനും ഭജനയ്ക്കും എല്ലാം ഇതു കൂടിയേ തീരൂ. നാട്ടിൻപുറത്തെ ശബ്ദവ്യത്യാസത്തിന് ആശ്വാസകരമായ ഒരു മറുവശമുണ്ട്. ത്രിസന്ധ്യകളിലും, ചിലപ്പോൾ രാപ്പകൽ ഭേദമില്ലാതെ തുടർച്ചയായും, കേൾക്കുന്നവരുടെ ഹൃദയം ദ്രവിക്കുമാറ്, നിസ്സഹായതയുടെ കാഹളമെന്നപോലെ വൃദ്ധജനങ്ങളുടെയും രോഗികളുടെയും കണ്ഠനാളങ്ങളിൽനിന്ന് പുറപ്പെട്ടിരുന്ന 'നാരായണ' 'ദൈവമേ' 'കർത്താവേ' ഇങ്ങിനെയുള്ള ദീനമായ വിളികളും ഇപ്പോൾ കേൾക്കാറില്ല. ഈശ്വരവിശ്വാസം കുറഞ്ഞതാണ് ഇതിൻെറ കാരണമെന്ന് വ്യാഖ്യാനിക്കാവുന്നതാണ്. എന്നാൽ നിസ്സ

Digitized by Kerala Sahitya Akademi

ഹായതയുടെയും ദുരിതാനുഭവങ്ങളുടെയും രൂക്ഷത കുറഞ്ഞതുകൊണ്ടാണെന്ന് കരുതുകയാണ് ഭേദം.

പല വീടുകളിലും അമ്മയും അച്ഛനും മാത്രമേയുള്ളു. മക്കളെല്ലാം പ്രായമായി ജോലി കിട്ടിയും വിവാഹം ചെയ്തും അന്യദിക്കിലാണ്. തുണക്കുപോലും ആളില്ലാതെയാണ് വൃദ്ധജനങ്ങൾ പലരും കഴിയുന്നത്. തങ്ങളെപ്പോലെയുള്ള ആളുകൾ ധാരാളമായി മററ് വീടുകളിൽ ഉണ്ടെന്നുള്ള സമാധാനമേയുള്ളു. വസ്തുക്കളുള്ളവർ വളരെ ബുദ്ധിമുട്ടി അവ കൃഷിചെയ്യുന്നു. ഇല്ലാത്തവർ മക്കൾ മണിയോർഡറായി അയയ്ക്കുന്ന പണംകൊണ്ട് ചെലവ് കഴിക്കുന്നു. അവരുടെ ജീവിതം തിന്നുകയും ഉറങ്ങുകയും തപാൽശിപായിയെ കാത്ത് ഇരിക്കുകയും ആയി പരിണമിച്ചിരിക്കുന്നു.

ഈ പരിവർത്തനങ്ങളും പരിഷ്ക്കാരങ്ങളുമൊക്കെ ഉണ്ടെങ്കിലും, നാട്ടിൻപുറത്ത് ആകപ്പാടെ ചുററിനടന്ന് നോക്കിയാൽ സംതൃപ്തി എന്ന സങ്കല്പംപോലും നാടുവിട്ടിരിക്കുകയാണെന്നുതോന്നും. ജീവിതമത്സരത്തിൻെറ രൂക്ഷതയും തന്മൂലമുള്ള പ്രയാസങ്ങളും എല്ലാവരുടേയും മുഖത്തു നിഴലിക്കുന്നുണ്ട്. പണത്തെ ചുററിയുള്ള സംസാരമേ എവിടെയും കേൾക്കാനുള്ളു. അത് ജനങ്ങളുടെ മനസ്സിനെ പൂർണ്ണമായി കീഴടക്കിയിരിക്കുകയാണ്. അതിൻെറ മുട്ടുകൾ ഏററുള്ള വേദനയാണ് ഏററവും ദുസ്സഹമായിരിക്കുന്നത്. ഈ സങ്കടങ്ങൾ മനുഷ്യകൃതമാണെന്ന് എല്ലാവർക്കുമറിയാം. പണമെന്ന സാധനംതന്നെ മനുഷ്യൻ സൃഷ്ടിച്ചതാണല്ലോ.

നേരെ മുമ്പോട്ട് നോക്കിയല്ല, മുഖം അല്പം കുനിച്ച് ഭൂമിയെ നോക്കിയാണ് എല്ലാവരും നടക്കുന്നത്. സമസ്ത ജീവജാലത്തിനും ശരണവും അഭയവുമായി എന്നും നില കൊള്ളുന്നത് ഭൂമിയിലാണല്ലോ. പട്ടണങ്ങളിലെ രീതിയും ഏറെക്കുറെ ഇതുതന്നെയാണ്. ഉഷ്ണമേഖലയിലെ സൂര്യപ്രകാശത്തിൻെറ തീക്ഷ്ണതയായിരിക്കാം ഈ സ്വഭാവത്തിൻെറ മൂലകാരണം. എന്തെന്നാൽ ശീതമേഖലകളിൽ ഇങ്ങനെയല്ല കാണുന്നത്. അവിടെയും കഠിനമായ

Digitized by Kerala Sahitya Akademi

ജീവിതമത്സരവും മനഃക്ലേശവും അസംതൃപ്തിയും നിലവി ലുണ്ട്. എങ്കിലും മനുഷ്യർ നടക്കുന്ന രീതിക്ക് വ്യത്യാ സമുണ്ട്. അവരുടെ നോട്ടം നേരെ ദിങ്മുഖങ്ങളിലേ യ്ക്കാണ് ലക്ഷീകൃതമായിരിക്കുന്നത്. ഇങ്ങിനെയൊക്കെ യുള്ള വ്യാഖ്യാനങ്ങൾ നൽകാമെങ്കിലും വദ്ധിച്ചുവരുന്ന ജീവിതക്ലേശങ്ങൾ മനുഷ്യരുടെ മുഖഭാവത്തെത്തന്നെമാററി യിട്ടുണ്ടെന്നുള്ളത് തക്മെററ സംഗതിയാകുന്നു.

'ഞാൻ നോക്കിയണക്കെ സായിപ്പ് ഭരിക്കുന്നതും നാട്ടുകാരൻ ഭരിക്കുന്നതും തമ്മിൽ ഒരു വ്യത്യാസവും കാണു ന്നില്ല. നമ്മളെപ്പോലുള്ളവക്ക് എന്നും കഷ്ടപ്പാടുതന്നെ. ആര് പല്ലക്കേറിയാലും എൻമകൻ ചുമക്കണം.'

'ഒണ്ട് പണിക്കരെ, ഒണ്ട്,—വെത്യാസമില്ലെന്ന് പറഞ്ഞാൽ ഒക്കത്തില്ല. സായിപ്പ് അവൻെറ ഗുണത്തി നുവേണ്ടി കേറിവന്ന് ഭരിച്ചതാ. നമ്മുടെ കൊള്ളരുതാ യ്മകൊണ്ടാണെന്ന് വെച്ചോ. എന്നാലും അവൻ അടവും സൂത്രോം ഒന്നും എടുത്തില്ല. കൊള്ളയ്ക്കു വന്നതാണെന്ന് അവനും നമുക്കും അറിയാം. കൊള്ളയടിച്ചുണ്ടാക്കിയത് മുഴവനും അവൻ അങ്ങ് ദൂരെ സൊന്തരാജ്യത്തേയ്ക്ക് കൊണ്ടു പോകുകയുംചെയ്തു. അതൊന്നും നമ്മളാരും കണ്ടില്ല. ഗാന്ധി പറഞ്ഞപ്പോഴാ പഠിപ്പുള്ളവൻപോലും കണ്ണ് തുറ ന്നത്.'

'നാട്ടുകാരൻ ഭരിക്കുന്നത് നമ്മുടെ സൊന്തമാണെന്നും കണ്ണല്ലാത്തതെല്ലാം പൊന്നാക്കാമെന്നും പറഞ്ഞോണ്ടാ. വോട്ട് പിടിക്കാൻ വരുമ്പഴത്തെ ചിരിയും ചെമ്മന്ത്രോം കണ്ടാൽ മയങ്ങിപ്പോകും. എന്നിട്ടോ? കൊള്ള തന്നെ കൊള്ള! അതും എത്രയാണെന്നറിയാമോ? അൻപതിനാ യിരത്തിൻെറം അഞ്ചരലക്ഷത്തിൻെറ കണക്കെല്ലാം പോയി. ഇപ്പോൾ കോടിയുടെ കണക്കാണ് കേൾക്കു ന്നത്. അതിലൊന്നും വെത്യാസമില്ല. പക്ഷേ, ഈ കൊള്ളയടിച്ചുണ്ടാക്കിയ മൊതലെല്ലാം നമ്മുടെ കണ്ണുദൃ ഷ്ടിക്ക് മുമ്പിൽവെച്ച് തന്നത്താൻ തിന്നുകയാണ്. അതാണ് പണിക്കരേ സഹിക്കാൻ വെഷമം—സഹി ക്കാൻ വെഷമം!'

Digitized by Kerala Sahitya Akademi

ഈ മട്ടിലുള്ള സംഭാഷണം പല ദിക്കിലും കേൾക്കാം. സത്യമല്ലെ? ആരോടാണ് പരാതി പറയുന്നത്? ആരെയും കാണുന്നില്ല. പണ്ടെങ്ങും നാട്ടിൻപുറത്ത് ജനങ്ങളുടെ ദൈനംദിന ചിന്തയിൽ ഭരണാധികാരികൾക്കോ അവരുടെ നന്മതിന്മകൾക്കോ സ്ഥാനമില്ലായിരുന്നു. അവരെല്ലാം ദൂരെ എവിടെയോ ഇരുന്ന് വൻകാര്യം നോക്കുന്ന ആളുകൾ. അവൻ നല്ലതായാലെന്ത്, ചീത്തയായാലെന്ത്? അവരുമായി നേരിട്ടിടപെടുന്നവരും അവരെ ചുററിപ്പററി നില്ക്കുന്നവരും മാത്രം അതിൻെറ ഗുണദോഷങ്ങൾ അനുഭവിക്കുന്നു. നിശ്ചിതസമയത്ത് നികുതി കൊടുക്കണം. പോലീസിനെ ഭയപ്പെടണം, ഇത്രയുമല്ലാതെ മറെറാരു കാര്യത്തിലും ഭരണവുമായി സാമാന്യജനങ്ങൾ ഇടപെട്ടിരുന്നില്ല. പ്രപഞ്ചഗതിയെ ഏതോ അദൃശ്യശക്തികൾ നിയന്ത്രിക്കുന്നു. അവയുടെ പ്രവത്തനത്തിൽ അന്തർഭവിച്ചിരിക്കുന്ന നീതിധർമ്മങ്ങളെപ്പററി എല്ലാവക്കും ബോധമുണ്ടായിരുന്നു. ജീവിതത്തിലെ സുഖദുഃഖങ്ങൾ അവയെ അനുസരിക്കുകയും അനുസരിക്കാതിരിക്കുകയും ചെയ്യുന്നതിൻെറ ഫലമാണെന്ന് അവർ വിശ്വസിച്ചിരുന്നു.

പക്ഷേ ഇന്നത്തെ കഥ അതൊന്നുമല്ല. ജനങ്ങൾക്കു വേണ്ടി ജനങ്ങൾ നടത്തുന്ന ജനങ്ങളുടെ ഭരണമാണ് നിലവിൽ വന്നിരിക്കുന്നത് എന്നുള്ള പല്ലവി മുടങ്ങാതെ കേട്ടു കേട്ട് മനുഷ്യരുടെ മനോഭാവം മാറിപ്പോയിരിക്കുന്നു. അദൃശ്യശക്തികളോ, അത്ഭുതജീവികളോ അജ്ഞാതഹസ്തങ്ങളോ ഒന്നുമല്ല ലോകകാര്യങ്ങൾ നിയന്ത്രിക്കുന്നതെന്നും തങ്ങളെപ്പോലെയുള്ള സാധാരണ മനുഷ്യരുടെ കൈയിലാണ് അതിൻെറയെല്ലാം ചരടുകൾ കിടക്കുന്നതെന്നും എല്ലാവക്കും മനസ്സിലായിരിക്കുന്നു. അങ്ങിനെയാണെങ്കിൽ ഭരണാധികാരത്തെ അത്ര വളരെ ഭയപ്പെടുവാൻ എന്തിരിക്കുന്നു? പോലീസുകാരൻെറ അധികാരം മന്ത്രിയുടെ ഒപ്പിനേയും, മന്ത്രിക്കു് ഒപ്പിടുവാനുള്ള അധികാരം ജനങ്ങളുടെ വോട്ടിനുമേലും ആണല്ലോ ആശ്രയിച്ചിരിക്കുന്നത്. ഈ വസ്തുത വളരെ പെട്ടെന്നാണ് ആളുകൾക്ക് മനസ്സിലായത്. ഈ ബോധോദയം നല്ലതാണെന്നും

Digitized by Kerala Sahitya Akademi

അതിനുമേലാണ് ജനാധിപത്യം ഉറച്ചുനിൽക്കുന്നതെന്നും വ്യാഖ്യാനിക്കാവുന്നതാണ്. വ്യാഖ്യാനിച്ചിട്ടുമുണ്ട്. പക്ഷെ, ഫലത്തിൽ ഇതിൻെറ അർത്ഥം ഭരണാധികാരത്തോടും നിയമത്തോടും രാജ്യനീതിയോടും മനുഷ്യർക്ക് ബഹുമാനമില്ലാതായി എന്നാണ്. ഇതെല്ലാം നമുക്ക് ആവശ്യംപോലെ 'ആക്കുകയും അഴിക്കുകയും' ചെയ്യാവുന്ന ഏർപ്പാടുകളാണെന്ന് ശുദ്ധ പാമരന്മാർക്കുപോലും സ്പഷ്ടമായിരിക്കുന്നു. നികുതികൊടുക്കുവാനുള്ള ബാദ്ധ്യതയിൽനിന്നും, എല്ലാവരും അറിയെ ചെയ്ത കുററങ്ങളുടെ കാര്യത്തിൽപോലും നിയമാനുസൃതമായ ശിക്ഷയിൽനിന്നും, പലരും മുറയ്ക്ക് രക്ഷപ്പെടുന്നതും അവർ കാണുന്നുണ്ട്. ചുരുക്കത്തിൽ ആധുനികപരിഷ്കാരം വന്ന് ഈശ്വരൻെറ നിയമത്തോടുള്ള ബഹുമാനവും ഭയവും ഇല്ലാതാക്കി. അതിൻെറ പുറകെ ജനാധിപത്യം വന്ന് മനുഷ്യൻെറ നിയമങ്ങളോടുള്ള ഭയവും ഇല്ലാതാക്കി. ഇനി ആരെ പേടിക്കണം? എന്തിനെ ബഹുമാനിക്കണം?

## 3

നഗരവും നാട്ടിൻപുറവും പണ്ടുമുതൽക്കേ വിരുദ്ധ പ്രകൃതികളാണെന്നും ഭിന്നങ്ങളായ ജീവിതമൂല്യങ്ങളാണ് അവയെ ഭരിക്കുന്നതെന്നും പറയാറുണ്ട്. നാട്ടിൻപുറത്തെ ധനവും വിഭവങ്ങളും തുടരെ വന്ന് വീഴുന്നതുകൊണ്ടാണ് നഗരങ്ങൾ സമൃദ്ധിയിൽ കഴിയുന്നതെന്നും ആക്ഷേപമുണ്ട്. ഇന്നത്തെ പരിതസ്ഥിതിയിൽ ഈ അഭിപ്രായങ്ങൾ ശരിയാണെന്ന് തോന്നുന്നില്ല. ധനവും വിഭവങ്ങളും ഇന്ന് നഗരങ്ങളിൽനിന്ന് നാട്ടിൻപുറത്തേക്കും തുടർച്ചയായി പ്രവഹിക്കുകയാണ്. കൃഷിചെയ്തും കൂലിവേല ചെയ്തും കിട്ടുന്ന ആദായത്തെ മാത്രം ആശ്രയിച്ചും അല്പം സുഖവും അധിക കഷ്ടപ്പാടുമായി ജീവിതം നയിച്ചിരുന്ന ഗ്രാമീണരും ഇന്നു നഗരങ്ങളിൽനിന്ന് മണിയോഡർ ആയി വരുന്ന പണംകൊണ്ടാണ് ജീവിതച്ചെലവുകൾ ഏറിയകൂറും നിർവ്വഹിക്കുന്നത്. പട്ടണങ്ങളിലും ഫാക്ടറികളും ഉണ്ടാക്കി അയയ്ക്കുന്ന പല സാധനങ്ങളും

Digitized by Kerala Sahitya Akademi

ഇവക്ക് ആവശ്യമായിത്തീന്നിട്ടുമുണ്ട്. ഈ ലക്ഷ്യത്തെ മുന്നിൽ കണ്ടുകൊണ്ടാണ് നാട്ടിൻപുറത്തുള്ള എല്ലാവരും തന്നെ കുട്ടികളെ വിഭ്യാഭ്യാസം ചെയ്യിക്കുന്നത്. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയാൽ ഉടനെതന്നെ ആൺകുട്ടികളും പെൺകുട്ടികളും ജോലിയ്ക്കുപോകണമെന്നു മിക്കവരും ആഗ്രഹിക്കുന്നു.

പെൺകുട്ടികൾക്കു ക്ലാക്കുദ്യോഗവും അദ്ധ്യാപകവൃത്തിയുമാണ് വിധിച്ചിട്ടുള്ളത്. ജോലിക്കുവേണ്ടി അവരെ പലപ്പോഴും അന്യദിക്കുകളിൽ അയക്കേണ്ടിവരുന്നു. ഇതിൽ അച്ഛനമ്മമാക്ക് വളരെയധികം മനോവേദനയുണ്ട്. പക്ഷെ, എന്താണ് ചെയ്യുക? ജോലിയ്ക്കു വിടാതെ വെറുതെ വീട്ടിൽ നിറുത്തുന്നത് അതിനെക്കാൾ സങ്കടമാണ്. ഉദ്യോഗമുണ്ടെങ്കിൽ പെൺകുട്ടികളെ വിവാഹം ചെയ്ത് കൊടുക്കാനും എളുപ്പമുണ്ട്. ഭാര്യയ്ക്കും ഭർത്താവിനും ജോലിയുണ്ടെങ്കിൽ ഇക്കാലത്ത് കഷ്ടിച്ച് ജീവിക്കാനുള്ള വക കിട്ടും. അതുകൊണ്ട് ഒട്ടുമിക്ക ചെറുപ്പക്കാരും ഉദ്യോഗമുള്ള പെണ്ണിനെയാണ് അന്വേഷിക്കുന്നത്.

മേലാധികാരികളെയും മന്ത്രിമാരെയും കണ്ട് ശുപാശ് ചെയ്ത് സാധിക്കേണ്ട കാര്യങ്ങൾ വർദ്ധിച്ചിരിക്കുന്നതുകൊണ്ട് രാഷ്ട്രീയനേതാക്കന്മാക്കു മുൻപിലത്തെക്കാൾ പ്രമാണിത്തം കൈവന്നിട്ടുണ്ട്. അവർ മുഖേനയാണ് ജനാധിപത്യത്തിൽ ശുപാശ്കൾ മുഖ്യമായി നടക്കുന്നത്. തന്മൂലം അവക്ക് ജോലിത്തിരക്കും ആദായവും വർദ്ധിച്ചിട്ടുണ്ട്. പലരും പ്രതിഫലത്തിൻെറ നിരക്ക് നിശ്ചയിച്ചിട്ടുണ്ടെന്ന് പറയുന്നു. കാര്യം സാധിച്ചുകൊടുത്താൽ എത്ര, സാധിച്ചില്ലെങ്കിൽ എത്ര, രണ്ടാമതും ശ്രമിക്കണമെങ്കിൽ എത്ര എന്നൊക്കെ. ഇതിൽതന്നെയും ഒരാളുടെ കാര്യത്തിനുമാത്രമായി പോവുകയാണെങ്കിൽ പ്രതിഫലത്തിന് പുറമെ, വൻതോതിലുള്ള യാത്രച്ചെലവും ആവശ്യക്കാർ വഹിക്കണം. ചിലക്ക് എല്ലാം മുൻകൂറായി കൊടുക്കണമെന്നും പറയുന്നു. ഉല്പാദനം വർദ്ധിപ്പിച്ചാൽ മാത്രമെ ഐശ്വര്യം ഉണ്ടാവുകയുള്ളു എന്ന് അർത്ഥശാസ്ത്ര

Digitized by Kerala Sahitya Akademi

വിദഗ്ധന്മാർ പറയുന്നത് അബദ്ധമാണ്. സ്വന്തം സന്താനങ്ങളെയല്ലാതെ മററൊന്നും ഉല്പാദിപ്പിക്കാത്തവർ ഇന്ന് വലിയ ധനികന്മാരായി തീർന്നിട്ടുണ്ട്. സോഷ്യലിസം വിളഞ്ഞുപഴുത്ത് ഉല്പാദനമെല്ലാം പൊതു ഉടമയിലാകുമ്പോൾ അധികാരികളും അവരുടെ മേൽ സമ്മർദ്ദം പ്രയോഗിച്ച് സാധിക്കേണ്ട കാര്യങ്ങളും വർദ്ധിക്കും. അപ്പോൾ ഇത്തരം നിരുല്പാദകധനികന്മാരുടെ എണ്ണവും പെരുകുമെന്നുള്ളത് തീർച്ചയാണ്.

ആകപ്പാടെ നോക്കിയാൽ, വിദ്യാഭ്യാസമെന്നും വികസനപദ്ധതിയെന്നും വ്യവസായവൽക്കരണമെന്നും. രാഷ്ട്രീയപ്രവർത്തനമെന്നും സർക്കാർകാര്യമെന്നും പത്രധർമ്മമെന്നും ഒക്കെ പറയുന്ന ഈ സംരംഭങ്ങളെല്ലാം ജന്തുസാധാരണമായ ഉദരഭരണയത്നത്തിൻെറ പുതിയ രൂപങ്ങളല്ലാതെ മററൊന്നുമല്ലെന്ന് കാണാം. നാട്ടിൻപുറത്തു നിലവിൽ വന്നിരിക്കുന്ന നൂതനവ്യവസ്ഥിതിയിൽ—അതിനാണല്ലോ പരിഷ്കാരം എന്നു പറയുന്നത്—ജീവിതത്തിന് ഇതല്ലാതെ മററാരർത്ഥവും ഇല്ലെന്നായിരിക്കുന്നു. മററൊന്നിനും ആർക്കും സമയമില്ല. ഒന്നിലും ഒരു താല്പര്യവുമില്ല. കൊച്ചുകുട്ടികൾപോലും കൂട്ടുചേർന്ന് കളിക്കുന്നതോ നിർദ്ദോഷമായ ബഹളം കൂട്ടുന്നതോ മരത്തിൽ കയറുന്നതോ ഓലപ്പീപ്പിയുണ്ടാക്കി ഊതുന്നതോ, വണ്ടിയുരുട്ടുന്നതോ ഒന്നും കാണുന്നില്ല. അവർ ഒന്നുകിൽ പുസ്തകച്ചുമടുമായി സ്കൂളിൽ പോകും. അല്ലെങ്കിൽ കുട്ടയും കുപ്പിയും പേറിക്കൊണ്ട് റേഷൻകടയുടെ മുമ്പിൽ കാത്തുനിൽക്കും. ഓലപ്പീപ്പിയെക്കാൾ എത്രയോ നല്ലതാണ് പ്ലാസ്റ്റിക് വിസിലെന്നും ഇല്ലിക്കമ്പും ഈർക്കിലിയും വെള്ളയ്ക്കയുംകൊണ്ടുണ്ടാക്കുന്ന വണ്ടികളെക്കാൾ എത്രയോ സുഖമായി ഓടുന്നതാണ് ചിന്തിക്കടയിൽ കിട്ടുന്ന ചുവന്ന ചായമിട്ട പാവബസ്സെന്നും ഞാൻ ധരിച്ചുവെച്ചിരിക്കുന്നു. കുറച്ചുകാലം മുൻപുവരെ അവയെങ്കിലും വാങ്ങിച്ച് കളിക്കണമെന്ന് അവർക്ക് മോഹമുണ്ടായിരുന്നു. വാങ്ങിച്ചുകൊടുത്താൽ ഉത്സാഹത്തോടെ കളിക്കുകയും ചെയ്യുമായിരുന്നു. ഇപ്പോൾ അതും പോയി. ഒരു നല്ല ശതമാനം

Digitized by Kerala Sahitya Akademi

കുട്ടികഠം സ്കൂളിൽ പോകുന്നതുതന്നെ ഉച്ചക്കഞ്ഞി ഓത്തിട്ടാണെന്നു് പറയുന്നു.

ദാരിദ്ര്യത്തെ നിമ്മാജ്ജനം ചെയ്യേണ്ടതും സമ്പദ് വ്യവസ്ഥയെ സ്വയം പര്യാപ്തമാക്കി മുന്നോട്ടു് കുതിപ്പിക്കേണ്ടതും ഇന്ത്യയെ ഒരു ആധുനികരാഷ്ട്രമാക്കി ഉയത്തേണ്ടതും അനേകം നൂററാണ്ടുകളായി നിലനില്ക്കുന്ന അന്ധതാമിസ്രങ്ങളെ അകററേണ്ടതും എല്ലാം അത്യാവശ്യകാര്യങ്ങളാണ്. പക്ഷേ, അതിനുവേണ്ടി കൊച്ചുകുട്ടികളുടെ പിഞ്ചുഹൃദയങ്ങളിൽപോലും ഇന്നത്തെ ഈ ധനോപാസനയുടെ വിഷം കുത്തിവെച്ചു്, അവരെയും രാപകൽ ഇളവില്ലാതെ മുതിന്നവർ തിരിച്ചുകൊണ്ടിരിക്കുന്ന ഈ 'ചക്രയന്ത്ര'ത്തിൽ കെട്ടിയിട്ടു് വട്ടത്തിൽ വലിച്ചിഴയ്ക്കുന്നത് ഈശ്വരൻ പൊറുക്കുകയില്ല. സ്കൂളില്ലാത്ത സമയത്ത് അവക്ക് കളിക്കുവാൻ അറിഞ്ഞുകൂടെന്നായിരിക്കുന്നു. അവരുടെ സംഭാഷണമെല്ലാം സിനിമയെ പററിയാണ്. കളിക്കണമെങ്കിൽ അത് അദ്ധ്യാപകരും മററ് അധികാരികളും 'സ്കൂഠംതലത്തിലും, ജില്ലാതലത്തിലും സംഘടിപ്പിക്കണം' കുട്ടികഠംക്കുവേണ്ടി. നിയമവും നിർദ്ദേശവും കോശിക്കമ്മീഷൻെറ ശുപാർശകഠം അനുസരിച്ച് വിദഗ്ധന്മാരായ അധികാരികഠം സംഘടിപ്പിക്കുന്ന ഇത്തരം ഉത്സവങ്ങളിലും മേളകളിലും വെറും പാവകളെപ്പോലെ ഈ ചെറുപൈതങ്ങഠം പങ്കെടുക്കുന്നത് കണ്ടുകൊണ്ടിരിക്കുന്നതുപോലും മഹാസങ്കടമാണ്. ദേശീയ നേതാക്കന്മാരെയും വികസന പദ്ധതികളെയും കുടുംബാസൂത്രണത്തെയുംകുറിച്ച് അധ്യാപകർ എഴുതിക്കൊടുത്ത് കാണാപ്പാഠം പഠിപ്പിച്ച പാട്ടുകളും, ഈ രാജ്യത്ത് ഇന്നുവരെ ഒരു കൃഷിപ്പണിക്കാരനും ധരിച്ചുകണ്ടിട്ടില്ലാത്ത വേഷത്തിൽ കൊയ്ത്തരിവാളും പിടിച്ചുകൊണ്ട് വട്ടത്തിൽ ഓടിനടന്ന് കതിരറുക്കുന്നതുപോലെയുള്ള ആംഗ്യങ്ങളും, ക്രാഫ്ററ് അദ്ധ്യാപകൻെറ ആശയം അനുസരിച്ച് സംഘടിപ്പിച്ച് ഡാൻസ് എന്നു പറയുന്ന ഉഡാൻസുകളും, സിനിമാകഥകളിലെ മാതൃകയിൽ സംവിധാനംചെയ്ത നാടകങ്ങളും, ഒന്നാം സമ്മാനം നേടുവാൻവേണ്ടി നടക്കുന്ന

Digitized by Kerala Sahitya Akademi

കായികമത്സരങ്ങളും കാണുമ്പോഠം കുട്ടികഠംക്ക് മാന സോല്ലാസവും ഹൃദയസംതൃപ്തിയും ലഭിക്കുമെന്നാണ് ഇതെല്ലാം സംഘടിപ്പിക്കുന്നവർ വ്യാമോഹിക്കുന്നത്. കുട്ടികളുടെ കളിയിൽ മുതിന്നവർ ഇടപെട്ട് എന്തു കളിക്ക ണമെന്നും എങ്ങനെ കളിക്കണമെന്നും എന്താണ് കളിയുടെ ടെക്നിക് എന്നും നിർദ്ദേശങ്ങഠം നൽകുന്നത് പാപമാണ്. ഏതു മണികെട്ടിയ വിദഗ്ദ്ധൻെറ സിദ്ധാന്തമോ പദ്ധ തിയോ ആയാലും അതു് അബദ്ധവുമാണ്. അവരെ അവ രുടെ ഇഷ്ടത്തിന് കളിക്കാൻ വിടണം. അതിനുവേണ്ട സൗകര്യങ്ങഠം ഉണ്ടാക്കിക്കൊടുക്കുന്നതു മനസ്സിലാക്കാം. പക്ഷെ, അതിനപ്പുറം പോയാൽ അത് കളിയല്ലാതാകും. ആയിരവും രണ്ടായിരവും കുട്ടികളെ ഒന്നിച്ച് കളിയിൽ പങ്കെടുപ്പിക്കാം എന്ന് കരുതുന്നത് തന്നെ കഥയില്ലായ്മ യാണ്. അപ്പോഴാണ് സംഘടിപ്പിക്കലും സംവിധാനം ചെയ്യലും സ്റ്റേജും സ്റ്റേഡിയവും നിർമ്മിക്കുവാൻവേണ്ടി കുട്ടികളെക്കൊണ്ട് മൈക്കാട്ടുവേല ചെയ്യിക്കലും എല്ലാം ആവശ്യമായിവരുന്നത്. കുറച്ചുപേർ അദ്ധ്യാപകർ പഠി പ്പിച്ച കളികഠം പ്രദർശിപ്പിക്കുന്നവരും, ബാക്കിയുള്ള ബഹു ഭൂരിപക്ഷം വായുംപൊളിച്ചു കുത്തിയിരിക്കുന്ന പ്രേക്ഷ കരും ആയി മാറും. അരങ്ങത്തുവന്ന് ആരോ പറഞ്ഞു കൊടുത്തതുപോലെ തുള്ളുന്നവനു് കടലുപിണക്കവും മുൻ വശത്ത് കോട്ടുവായിട്ടുകൊണ്ട് നോക്കിയിരിക്കുന്നവനു് 'എന്നാലും എന്നെക്കൂടി ഈ കളികഠംക്ക് ഒന്നിനും എടു ത്തില്ലല്ലോ' എന്ന ഇച്ഛാഭംഗവും മാത്രം ശേഷിക്കും. കുട്ടി കഠം കൊച്ചുകൊച്ചു സംഘങ്ങളായി സ്വയം നിയന്ത്രിച്ചും ആത്മപ്രകാശനത്തിനുള്ള ആഭ്യന്തരപ്രേരണയെ അനുസ രിച്ചും കളിക്കുന്ന കളി മാത്രമേ കളിയാവുകയുള്ളു. അതു കൊണ്ടു മാത്രമേ ജീവചൈതന്യം നാമ്പെടുക്കുന്ന ആ പ്രായ ത്തിൽ അവരുടെ ഹൃദയത്തിൽ ആനന്ദവും ധന്യതയും ജനിക്കുകയുള്ളു. ബാല്യകാലത്തെക്കുറിച്ചെങ്കിലും ഖേദവും വേദനയും കലരാത്ത സ്മരണകളോടുകൂടി പ്രാരബ്ധജടില മായ ഈ ജീവിതയാത്ര തുടരുവാൻ ഇതുമാത്രമേ സഹായി ക്കുകയുള്ളു.

Digitized by Kerala Sahitya Akademi

ജീവിതക്ലേശങ്ങളിൽ മുഴകിമറിയുന്ന മുതിന്ന തല മുറയുടെ ഇടപെടലും നിർദ്ദേശങ്ങളും 'സംഘടിപ്പിക്കലും' ഒന്നുമില്ലാതെ കളിയ്ക്കുവാനുള്ള സ്വാതന്ത്ര്യം നാട്ടിൻപുറത്തെ കുട്ടികളുടെ ജന്മാവകാശമായിരുന്നു. ആരുടെയും സഹാ യമോ സംഭാവനയോ അഭ്യർത്ഥിക്കാതെ പുസ്തകത്തിലോ അദ്ധ്യാപകരിലോ സിനിമയിലോനിന്ന് ആശയങ്ങൾ കടം വാങ്ങാതെ തങ്ങൾക്കു ചുററും കാണുന്ന ഗ്രാമപ്രകൃതി യുടെ ലാവണ്യത്തിൽ ലയിച്ച് ഭാവഭേദങ്ങൾ അനുസ രിച്ച് എന്തിനെന്ന് ചിന്തയില്ലാതെ, മററാരെയോ കാണിക്കുവാനെന്ന ഉദ്ദേശമില്ലാതെ തന്നത്താൻ മറന്നു്, പരമമായ സംതൃപ്തി അനുഭവിച്ചുകൊണ്ടാണ് അവർ കളി ച്ചിരുന്നത്. ഈ മനോഭാവങ്ങൾ ആകപ്പാടെ മാറിപ്പോ യിരിക്കുന്നു. കളിതന്നെ ഇല്ലാതായിരിയ്ക്കുന്നു.

ഇതുമൂലം സമുദായത്തിലുണ്ടാകുന്ന ദോഷം ഈ കുട്ടി കൾ വളൻവരുമ്പോഴാണ് അറിയാൻ പോകുന്നത്. ആധു നിക പരിഷ്കാരം വ്യക്തിയുടെ സ്വാതന്ത്ര്യം വീണ്ടെടുക്കുന്ന തിനും പരിപോഷിപ്പിക്കുന്നതിനുമാണ് ഏററവും കൂടുതൽ ഉപകരിച്ചിട്ടുള്ളതെന്ന് പറയാറുണ്ട്. പക്ഷെ വ്യക്തി യെന്നൊരു സാധനവും സങ്കല്പവും ഇല്ല എന്ന മനോഭാവ ത്തോടുകൂടിയാണ് ഇന്നത്തെ കുട്ടികൾ വളരുന്നതു്. സമൂഹം മാത്രമേ സത്യമായിട്ടുള്ളുവെന്ന അനുഭവമാണ് അവക്ക് ആദ്യം മുതൽക്കെ ലഭിക്കുന്നത്. ജീവിതത്തിൻെറ ധന്യതയും സംതൃപ്തിയും പുറത്തുനിന്ന് മററുള്ളവരുടെ നിർദ്ദേശങ്ങളിലും പരിശ്രമങ്ങളിലുംനിന്ന് കൈവരേണ്ട അനുഭൂതികളാണെന്ന വിശ്വാസം ബാല്യം മുതൽക്കു് തന്നെ മനസ്സിൽ വേരുറച്ചിരിക്കുന്ന മനുഷ്യന് എന്ത് സ്വാതന്ത്ര്യം? എന്ത് അന്തസ്സ്? അവൻ എന്നും സമൂഹ ത്തിൻെറ അടിമയാണ്. 'ബഹുമാനിക്കാ ഞാൻ ആരെയും തൃണവൽ' എന്ന് അട്ടഹസിച്ചുകൊണ്ട് ഭൂമികുലുക്കി നട ന്നാലും അവൻ സ്വന്തം ജീവിതത്തിനുമുമ്പിൽ അന്തസ്സി ല്ലാത്തവനാണ്. ഞാൻ കാണിക്കുന്നത് വെറും കാപട്യ മാണെന്നു് അവനുതന്നെ അറിയാം. ലോകജീവിതം 'ഭാരവാഹികൾ സംഘടിപ്പിച്ച ഒരു കലോത്സവമാ

Digitized by Kerala Sahitya Akademi

ണെന്നും അത് പക്ഷപാതദൂഷിതമാണെന്നും താൻ അതിൽ വെറുമൊരു പ്രേക്ഷകൻ മാത്രമാണെന്നും ഉറക്കം വന്നാലും കൂട്ടുകാർ ചിരിക്കുമ്പോൾ ചിരിക്കുകയും കയ്യടിക്കുമ്പോൾ കയ്യടിക്കുകയും മാത്രമേ ചെയ്യേണ്ടതുള്ളൂ എന്നും അവൻ വിശ്വസിച്ചുപോകുന്നു. ഈ വിശ്വാസത്തെ മുൻനിർത്തിയുള്ള മനുഷ്യജന്മം വ്യർത്ഥമാണ്. അതിൽ ശൂന്യതാബോധവും നിരാശയുമല്ലാതെ ഉൾക്കനമുള്ള അനുഭൂതികളൊന്നും ഉദിക്കുകയില്ല. ഒന്നുകൊണ്ടും തൃപ്തിയില്ലാതെ, എന്തുകിട്ടിയാലും മതിവരാതെ അറുതിയില്ലാത്ത ലോഭമോഹങ്ങൾക്ക് അടിമപ്പെട്ട് സുഖവും ശാന്തിയും എന്തെന്നറിയാതെ കാനൽജലത്തെ പിന്തുടരുന്ന കാലിക്കൂട്ടത്തെപ്പോലെ സമ്പത്തിനെ മാത്രം ലക്ഷ്യമാക്കി 'പുരോഗമിക്കുന്ന' മനുഷ്യസമൂഹത്തിൽ വ്യക്തിക്ക് അന്തസ്സും സ്വാതന്ത്ര്യവുമുണ്ടെന്ന് പറയുന്നത് കഥയില്ലായ്മയാണ്.

വിദ്യാർത്ഥികളും യുവജനങ്ങളും അച്ചടക്കമില്ലാതെ പെരുമാറുന്നതായും ഭാരവാഹികൾ വളരെ ശ്രമംചെയ്ത് സംഘടിപ്പിച്ചതും ഏററവും ഭംഗിയായി നടക്കേണ്ടതുമായ സദസ്സുകളിൽ ബഹളം കൂട്ടുന്നതായും കലാപ്രകടനങ്ങൾ അലങ്കോലപ്പെടുത്തുന്നതായും എല്ലാ ദിക്കിലും പരാതിയുണ്ട്. ആധുനിക വിദ്യാഭ്യാസം അറിവുനൽകുന്നതല്ലാതെ മര്യാദ പഠിപ്പിക്കുന്നില്ലെന്ന ആക്ഷേപവും കേൾക്കാം. മാന്യത എന്ന സങ്കല്പംപോലും അറിഞ്ഞിട്ടില്ലാത്ത മട്ടിലാണത്രെ ചെറുപ്പക്കാർ പെരുമാറുന്നത്. ഇതിൽ ആരും അത്രവളരെ അത്ഭുതപ്പെടേണ്ടതില്ല. ജീവിതത്തിൻെറ അരങ്ങത്തും അണിയറയിലും പ്രവേശിപ്പിക്കാതെ, അതിൻെറ പ്രക്രിയകളിൽ പങ്കെടുക്കുന്നു എന്ന അനുഭൂതി ലഭിക്കുവാൻ അവസരം നൽകാതെ വെറും പ്രേക്ഷകരും ശ്രോതാക്കളും ആയി നിന്ന് രസിച്ചുകൊള്ളുവാൻ യുവമനസ്സുകളെ അനുശാസിച്ചാൽ ഇതേ സംഭവിക്കുകയുള്ളൂ. ഇന്നത്തെ കുട്ടികൾ വളരുകയല്ല, വളർത്തപ്പെടുകയാണ് ചെയ്യുന്നത്. അവക്ക് കളിയിലോ കാര്യം നടത്തിപ്പിലോ ആത്മപ്രകാശനത്തിൻെറ അനുഭൂതി ലഭിക്കുന്നില്ല. അവൻ ജീവിതത്തെ അകത്തുനിന്ന് അനുഭവിച്ചറിയുന്നില്ല.

Digitized by Kerala Sahitya Akademi

അവർക്ക് ശൈശവം മുതല്ക്കുതന്നെ രക്ഷിതാക്കൾ 'വേണ്ട തെല്ലാം ചെയ്തുകൊടുക്കും'. കളിയും പഠിത്തവും എല്ലാം ഏറ്റവും നവീനമായ സിദ്ധാന്തപദ്ധതികളനുസരിച്ച് കൊടുക്കും. എപ്പോഴൊക്കെ ചിരിക്കണമെന്നും എങ്ങിനെയാണ് കരയേണ്ടതെന്നും പറഞ്ഞുകൊടുക്കും. ലോകത്തിന്റെ വൈചിത്ര്യവും പ്രകൃതിയുടെ സൗന്ദര്യവും വർണ്ണിച്ചുകൊടുക്കും. ഈ പദ്ധതി പൂർണ്ണവിജയത്തിലെത്തിയതിന്റെ ഫലമാണ് നാം കാണുന്നത്. തങ്ങൾക്കുവേണ്ടി ഈ ജീവിതം ചുമതലപ്പെട്ടവർ ജീവിച്ചുകൊടുക്കുമെന്ന് അവർ പ്രതീക്ഷിക്കുന്നു. ഇത് സാദ്ധ്യമല്ലെന്ന് കാണുമ്പോഴാണ് അവർ മായാവിഭ്രമത്തിൽനിന്ന് ഒരു ഞെട്ടലോടുകൂടി ഉണരുന്നത്. തങ്ങൾ കളിപ്പിക്കപ്പെട്ടെന്ന് അവർ മനസ്സിലാക്കുന്നു. ഈ മോഹഭംഗമാണ് ഇന്നത്തെ യുവജനങ്ങളുടെ ഇടയ്ക്ക് കാട്ടുതീപോലെ പടർന്നു പിടിച്ചിരിക്കുന്നത്. ലോകം തങ്ങളെ വെറുത്താലും വേണ്ടുകില്ല ജീവിതം എന്തെന്ന് അനുഭവിച്ചറിയണമെന്ന് അവർ ആവേശം കൊള്ളുകയാണ്.

വിദ്യാഭ്യാസം ഏറെക്കുറെ സാർവത്രികമായിട്ടുണ്ടെങ്കിലും സ്കൂളും കോളേജും 'പോളിയും' (പോളിടെക്നിക്ക്) ട്യൂട്ടോറിയലും, നാടുനീളെ കാണാമെന്നു വരികിലും വിദ്യയ്ക്കും വിജ്ഞാനത്തിനും പറയത്തക്ക വികാസമൊന്നും വന്നിട്ടുള്ളതായി അനുഭവപ്പെടുന്നില്ല. ഇപ്പറഞ്ഞ സ്ഥാപനങ്ങളെല്ലാംകൂടി പൊതുജനങ്ങളുടെ മനസ്സിൽ ഒരു വൻകിട വ്യവസായത്തിന്റെ പ്രതീതിയാണ് ജനിപ്പിക്കുന്നത്. അവിടെ നൽകപ്പെടുന്ന വിദ്യാഭ്യാസത്തിന്റെ പുതുമയും സവിശേഷതയും പ്രാധാന്യവും ആരുടെയും എതിർപ്പിനേയോ ശ്രദ്ധയേപ്പോലുമോ ആകർഷിക്കുന്നില്ല. വിദ്യാർത്ഥികൾക്കുതന്നെയും അതിലൊന്നും പറയത്തക്ക ഉത്സാഹമൊന്നും കാണുന്നില്ല. അവിടത്തെ സമരങ്ങളെയും അഴിമതികളെയും ജോലിക്കാരുടെ പ്രശ്നങ്ങളെയും കുറിച്ചുള്ള നിരൂപണങ്ങൾ എവിടെയും കേൾക്കാം. വിദ്യാലയങ്ങൾ രാഷ്ട്രത്തിന്റെ ഭാഗധേയം നിർണ്ണയിക്കുന്ന സ്ഥാപനങ്ങളാണെന്ന് പണ്ടേ പറയാ

Digitized by Kerala Sahitya Akademi

റുണ്ട്. വിദഗ്ധന്മാരുടെ റിപ്പോർട്ടുകളിലും ബിരുദദാന പ്രസംഗങ്ങളിലും ഈ പ്രസ്താവന ഇന്നും ആവർത്തിച്ചു പോരുന്നു. പക്ഷേ എന്താണ് അതിൻെറ അത്ഥമെന്ന് വിദ്യാത്ഥികളും രക്ഷിതാക്കളും പൊതുജനങ്ങളും മനസ്സിലാക്കിയിട്ടില്ല. വ്യക്തിയുടെയും സമൂഹത്തിൻെറയും ഉൽക്കർഷത്തിനുള്ള ഉപായങ്ങൾ കണ്ടുപിടിക്കുന്നതും പരീക്ഷിച്ചുനോക്കുന്നതും അവിടെയാണെന്നു പറഞ്ഞാൽ വിവരമുള്ളവർ ചിരിക്കും എന്ന നില എത്തിയിട്ടുണ്ട്. എങ്കിലും സമകാലീനമായ ഒരുദാഹരണം നോക്കാം. നമ്മുടെ വികസനപദ്ധതികളും വ്യവസായങ്ങളും കാർഷിക പരിപാടികളും കടുംബാസൂത്രണംപോലും അന്യരാജ്യങ്ങളിൽനിന്നു കിട്ടുന്ന ആശയങ്ങളെ ആശ്രയിച്ചാണ് നടത്തപ്പെടുന്നത്. അവിടെ സർക്കാറോ രാഷ്ട്രീയനേതാക്കന്മാരോ പത്രക്കാരോ അല്ല ഇതെല്ലാം കണ്ടുപിടിക്കുന്നത്. അവയുടെ ഉറവിടം വിദ്യാലയങ്ങളാണ്. ഗവേഷണം എന്നു പറയുന്ന പ്രക്രിയയിൽനിന്നാണ് അവ ജനിക്കുന്നത്. അതിപ്രധാനമായ ഈ പ്രക്രിയ ഫലപ്രദമായി നടക്കുന്നതിന് സ്കൂളും കോളേജും ബിരുദാനന്തര പഠനവും ഗ്രന്ഥശേഖരവും ഗവേഷണശാലകളും എല്ലാം ആവശ്യമാണ്. പക്ഷേ, നമ്മുടെ വിദ്യാലയങ്ങൾക്ക് ഇങ്ങനെയൊരു ധമ്മം പരോക്ഷമായിട്ടെങ്കിലും നിർവഹിക്കാനുണ്ടെന്ന് ഈ രാജ്യത്ത് ആർക്കും ബോധ്യമായിട്ടില്ല. ആധുനികജീവിതത്തിന് ആവശ്യമുള്ള സാധനങ്ങൾ ഇറക്കുമതിചെയ്യാമെന്നാണ് ആദ്യമൊക്കെ കരുതിയിരുന്നത്. അത് പരാശ്രയമാണ്, വ്യയഹേതുകവുമാണ് എന്നു കണ്ടപ്പോൾ എല്ലാം ഇവിടെത്തന്നെ ഉണ്ടാക്കാമെന്ന് നിശ്ചയിച്ചു. പക്ഷേ, അതുകൊണ്ട് പരാശ്രയം തീരുന്നില്ല. സാധനങ്ങൾക്കുപകരം ഇന്ന് ആശയങ്ങൾ ഇറക്കുമതിചെയ്യുന്നു എന്നേ വ്യത്യാസമുള്ളൂ. എന്നാണ് ഈ സങ്കടം തീരാൻ പോകുന്നത്? നമ്മുടെ വിദ്യാഭ്യാസത്തിന് അതിൻെറ ധമ്മവും കർത്തവ്യങ്ങളും നിർവഹിക്കുവാൻ എന്നെങ്കിലും ശക്തിയുണ്ടാകുമോ?

Digitized by Kerala Sahitya Akademi

## 4

നാട്ടിൻപുറത്ത് നിലവിൽവന്നിരിക്കുന്ന മനോഭാവങ്ങളും അവിടുത്തെ കുട്ടികളിൽപ്പോലും കാണുന്ന ഉത്സാഹമില്ലായ്മയും എൻെറ ഉള്ളിൽ ഭയം ജനിപ്പിക്കുന്നു. അവിടുത്തെ ജീവിതവും സ്വപ്നാടനത്തിൻെറ സ്വഭാവം കൈക്കൊള്ളുകയല്ലെ എന്ന് ഞാൻ സംശയിച്ചുപോകുന്നു. മുൻകാലത്ത് എന്തൊക്കെ കുററവും കുറവുകളും ഉണ്ടെങ്കിലും അതിന് ജാഗ്രദവസ്ഥയുടെ ബോധസമഗ്രതയും അകൃത്രിമത്വവും ഉണ്ടായിരുന്നു. ആരും ഭാവനയിൽ ജീവിക്കുന്നതായി തോന്നിയിരുന്നില്ല. എല്ലാവരുടേയും അനുഭൂതികൾക്ക് പത്തരമാററും തികഞ്ഞു കണ്ടിരുന്നു. ഇന്ന് നഗരത്തിൽനിന്ന് ചെല്ലുന്ന സന്ദർശകന് നല്ല അന്തസ്സിൽ ഇരിക്കുവാൻ ഒരു നാൽക്കാലിയെങ്കിലും കിട്ടും. കാപ്പിയോ ചായയോ ഇഷ്ടംപോലെ ചോദിക്കാം. പുതുധനികന്മാരുടെ ബംഗ്ലാവുകളിൽ ചെന്നാൽ 'ബോൺവിററ', 'ഓവൽടിൻ', 'ഹാർലിക്സ്', എന്നു തുടങ്ങിയ ദീനക്കാർക്ക് കൊടുക്കുന്ന പാനീയങ്ങളും ഉണ്ടെന്നു പറയും. എല്ലാം പാൽപ്പൊടി കലക്കിയതിലോ ടിന്നിൽ അടച്ചുവരുന്ന പാൽക്കുഴമ്പിലോ ഉണ്ടാക്കിയതായിരിക്കുമെന്നേയുള്ളു. ഏതായാലും ഇന്നും സൽക്കാരത്തിനു കുറവൊന്നും ഇല്ല. നാട്ടിൻപുറത്ത് താമസിക്കുന്നെങ്കിലും നഗരങ്ങളിലെ ജീവിതരീതി പരിചയിച്ചിട്ടുള്ളവരും പുലർത്തിക്കൊണ്ടിരിക്കുന്നവരുമാണെന്ന് അതിഥിയെ മനസ്സിലാക്കുവാനുള്ള വ്യഗ്രത പ്രകടമായി കാണാം. എന്നുവരികിലും കൊരണ്ടിപ്പലക നീക്കിയിട്ടു കൊടുത്ത് വിരുന്നുകാരനോട് ഇരിക്കുവാൻ പറഞ്ഞ ശേഷം ഗൃഹനാഥൻതന്നെ അകത്തുപോയി പഴുത്തുകിടക്കുന്ന വരിക്കച്ചക്ക എടുത്തു കൊണ്ടുവന്ന് മുമ്പിൽവച്ചു തന്നെ മുറിച്ച്, നല്ല ചുളയുള്ള ഭാഗം കുഞ്ഞ് ചെത്തി അരക്കു തുടച്ച്, ചകിണി ഇളകുവാൻവേണ്ടി ഞെളിച്ചു മലർത്തി ഇരുകൈകളും നീട്ടി കാഴ്ചവെയ്ക്കുന്ന ആ പഴയ സമ്പ്രദായത്തിൽ അന്തർഭവിച്ചിരുന്ന അതിപ്രധാനമായ ഏതോ ഒരു ഘടകം ഇന്നില്ലാതായിരിക്കുന്നു. അതിൽ

Digitized by Kerala Sahitya Akademi

ഭംഗിവാക്കും ലോഹ്യം പറയലും ഒന്നുമില്ല. ചേഷ്ട കരംക്കും അനുഭവങ്ങരംക്കും അതിപ്രകടമായ ഒരു ആജ്ജവം ഉണ്ടായിരുന്നു. എല്ലാം ഭാവനയിൽ നടക്കുന്ന സംഭവങ്ങ ളാണെന്നു തോന്നിയിരുന്നില്ല. ജീവിതത്തിൻെറ സ്പർശ സുഖം എല്ലാവരും അനുഭവിച്ചിരുന്നു.

ഈ മാററം മനുഷ്യരെ വലിയ സ്വാർത്ഥമൂത്തികളും ആക്കിയിരിക്കുന്നു. ഓരോരുത്തരും ആത്മാവിനുചുററും ഒരു കോട്ടമതിൽ കെട്ടിക്കൊണ്ടാണ് നടക്കുന്നതെന്ന് തോന്നിപ്പോകുന്നു. പൊതുനന്മയെന്നും പരോപകാര മെന്നും മററും പറയുന്ന കാര്യങ്ങരം വെറും പുസ്തകമൂല്യ ങ്ങരം ആയിരിക്കുകയാണ്. നമ്മുടെ വിദ്യാലയങ്ങളിൽ പൗരധമ്മം എന്നൊരു വിഷയം പഠിപ്പിക്കാറുണ്ടല്ലോ. ഇതു തുടങ്ങിയിട്ട് പത്തുമുപ്പതുവർഷം ആയിട്ടുണ്ടാവും. ആദ്യം ഇത് പ്രത്യേകം ഒരു വിഷയമായിരുന്നു. ഇപ്പോരം സാമൂഹ്യപാഠങ്ങളുടെ ഭാഗമാണെന്നു തോന്നുന്നു. ഏതാ യാലും ഇത് പഠിപ്പിക്കാൻ തുടങ്ങിയതിനുശേഷമാണ് മനുഷ്യർക്ക് യാതൊരു ധമ്മബോധവും ഇല്ലാതായിരിക്കു ന്നത്. എല്ലാവക്കും മൗലികാവകാശങ്ങളെക്കുറിച്ചുള്ള അറിവ് മാത്രമല്ല ആവേശവുമുണ്ട്. അതു മുഴുവനും പിടിച്ചെടുക്കാതെ അടങ്ങുകയില്ല എന്ന വാശിയും വന്നി ട്ടുണ്ട്. പക്ഷെ കടമകളെക്കുറിച്ചോ കർത്തവ്യങ്ങളെക്കു റിച്ചോ നല്ല കാര്യങ്ങരംക്കുവേണ്ടി ഒത്തൊരുമിച്ചു പ്രവർ ത്തിച്ചാൽ ഉണ്ടാകുന്ന ഗുണങ്ങളെക്കുറിച്ചോ ഒരു ബോധവു മില്ല. എല്ലാവർക്കും ഉപകാരപ്പെടുന്ന വഴി വെട്ടുവാനും ചിറകെട്ടുവാനും കുളം തേകുവാനും വഴിയമ്പലം കെട്ടി മേയാനും മാത്രമല്ല, കള്ളനെ പിടിക്കാനും ആഭാസന്മാരെ മര്യാദ പഠിപ്പിക്കാനും പൊതുസ്ഥലങ്ങരം കയ്യേറുന്നവരെ ചെറുക്കാനുംകൂടി നാട്ടുമ്പുറത്തുള്ളവർ ഒത്തൊരുമിച്ചു പ്രവർ ത്തിക്കാറുണ്ടായിരുന്നു. ഇന്ന് അങ്ങനെയൊന്നും നടക്കു ന്നില്ല. അതെല്ലാം സർക്കാറോ മററധികാരികളോ ചെയ്യട്ടെ എന്നാണ് പരക്കെയുള്ള മനോഭാവം. തനിക്കു ഗുണമുള്ളതും നിഷ്പ്രയാസം ചെയ്യാവുന്നതുമായ കൃത്യ ങ്ങരം, വേറെ ചുമതലക്കാർ ഉണ്ടെന്നുകണ്ടാൽ സ്വയം

Digitized by Kerala Sahitya Akademi

ചെയ്യുകയില്ല എന്ന നിലയാണ് വന്നിരിക്കുന്നത്. അങ്ങനെ ചെയ്താൽ തനിക്കുണ്ടാവുന്ന ഗുണത്തെക്കുറിച്ചല്ല മററവനുണ്ടാകുന്ന ലാഭത്തെക്കുറിച്ചാണ് ആദ്യത്തെ ചിന്ത. അവൻ അത്ര മിടുക്കനായി ജോലി ചെയ്യാതെ ശമ്പളം വാങ്ങാൻ നോക്കേണ്ട എന്ന വാശി. റോഡ് വൃത്തിയാക്കി വയ്ക്കാൻ ചുമതലപ്പെട്ടവരും മുനിസിപ്പാലിററിയിൽനിന്നും വേതനം വാങ്ങുന്നവരുമായ തൂപ്പുകാരെ തോല്പിക്കുവാൻവേണ്ടി വീട്ടിലെ ചവറെല്ലാം പടിക്കൽ തന്നെ വാരിയിടുന്ന സമ്പ്രദായം പട്ടണങ്ങളിൽ കണ്ടിട്ടുണ്ട്. ഇപ്പോഠം നാട്ടിൻപുറത്തും ഏറെക്കുറെ ഇതുതന്നെയാണ് സംഭവിക്കുവാൻ തുടങ്ങിയിരിക്കുന്നത്. അവിടെ തൂപ്പുകാരും തോട്ടികളും ഒന്നുമില്ലെങ്കിലും അവനവൻെറ ചുമതലകളുടെ പരിധി എല്ലാവർക്കും കൃത്യമായി അറിയാം. അതിൽക്കൂടുതലായി വരവണ്ണത്തിൻെറ വിട്ടുവീഴ്ചപോലും ചെയ്യുവാൻ ആർക്കും സമ്മതമല്ല. രാഷ്ട്രീയക്കാരുടെ ഭാഷയിൽ പറഞ്ഞാൽ ഒരു 'മിനിമം പരിപാടി'യുടെ മനോഭാവമാണ് എല്ലാവരും സ്വീകരിച്ചിരിക്കുന്നത്.

ഞാൻ എത്രയോ സ്നേഹിക്കുകയും കുട്ടിക്കാലത്ത് എന്നെ എന്തെന്നില്ലാതെ ആനന്ദിപ്പിക്കുകയുംചെയ്ത ആ നാട്ടിൻപുറത്തും ജീവിതം ഇങ്ങനെ മാറിപ്പോയതോർത്ത് വ്യാകുലമനസ്സനായി. വേനൽക്കാലത്ത് ഒരു ദിവസം വൈകുന്നേരം അല്പം അകലെ പുഞ്ചപ്പാടത്തിന് അഭിമുഖമായി നിൽക്കുന്ന വല്യപ്പാറയിലേയ്ക്കു് ഞാൻ നടക്കാൻ പോയി. മലയും പാടവും സന്ധിക്കുന്ന സ്ഥലമാണ് ആ പാറ. അത് കുന്നിൻചെരുവിൽനിന്ന് വിശാലമായ വയലിലേയ്ക്കു് തള്ളിനിൽക്കുകയാണ്. ഒരു ഊക്കൻ ഒററക്കല്ലുപോലെ, പാടത്തുനിന്ന് കിഴക്കാംതൂക്കായി ഉയർന്നു കാണുന്ന അതിൻെറ പ്രധാനഭാഗത്തിന് നൂറടിയെങ്കിലും പൊക്കമുണ്ട്. ആ വശത്തുനിന്ന് പാറപ്പുറത്തു കയറുവാൻ സാദ്ധ്യമല്ല. പിൻഭാഗത്ത് കുന്നിൻപുറത്തുകൂടി കയറി ചെന്നാലും പാടത്തിൻെറ നേരെ മുകളിൽ പാറയുടെ മേൽത്തട്ടിൻെറ അരികിലേക്ക് ആരും പോകാറില്ല. തല ചുററുകയും കാലുകഠം പെരുക്കുകയും ചെയ്യുമത്രെ. പാറയുടെ

Digitized by Kerala Sahitya Akademi

മുൻവശം അത്രുഷ്ക്ക് രുക്കായിട്ടുള്ളതാണ്. കാല് ഇടറിയാൽ നേരെ പാടത്തേ വീഴുകയുള്ളു. വീണാൽ പിന്നെ നോക്കുകയും വേണ്ട. പണ്ട് അതിൻെറ അടുത്തെങ്ങും കുടി പാർപ്പില്ലാതിരുന്നതുകൊണ്ടും പിന്നിൽക്കൂടി ചെന്നെത്തുവാനുള്ള വഴി ദുർഘടമായിരുന്നതുകൊണ്ടും വികൃതിക്കുട്ടികാംപോലും അങ്ങോട്ട് പോയിരുന്നില്ല. അവിടെ പാമ്പും പിശാചും പതിയിരിക്കുകയാണെന്നുള്ള വിശ്വാസവും പരക്കെയുണ്ടായിരുന്നു.

ചില വീടുകളുടെ മുററത്ത് വൈക്കോൽക്കെട്ടുകളിൽ നിന്നു വീണ നെന്മണികാം കൊത്തി തിന്നുകൊണ്ട് നിന്ന കോഴികളുടെ ഇടയ്ക്കുകൂടി നടന്ന്, മഴക്കാലത്ത് വെള്ളമൊഴുകുന്ന തോടുകളിൽ ഇറങ്ങിയും പാഴ്ച്ചെടികളിൽ പിടിച്ച് കയ്യാലകളിൽ കയറിയും, കരിയിലയുടെ ഇടയ്ക്കുകൂടി ഓടുന്ന അരണയുടെ ശബ്ദംകേട്ട് ഞെട്ടിയും, പാറയുടെ പിൻവശത്ത് എത്തി. അപ്പോഴാണ് പുഞ്ചപ്പാടത്തിൻെറ കരയ്ക്കുകൂടിവന്ന് വളഞ്ഞുപുളഞ്ഞ് പിന്നിലുള്ള ചെറിയ പാറക്കെട്ടുകളെ സ്പർശിച്ചുകിടക്കുന്ന ഒരു പുതിയ റോഡ് കണ്ടത്. അതിലേക്കൂടി ലോറി പോയതിൻെറ ലക്ഷണങ്ങളും കണ്ടു. പാറക്കൂട്ടത്തിലേയ്ക്ക് കയറിയപ്പോഴാണ് കാര്യം മനസ്സിലായത്. അവിടെനിന്നു വലിയതോതിൽ കല്ല് പൊട്ടിച്ച് പല ദിക്കിലേയ്ക്കും കൊണ്ടുപോകാറുണ്ട്. ഒരു പക്ഷേ കടലിൽ ഇടുന്ന കല്ലും ഇവിടെനിന്ന് പോകുന്നതായിരിക്കാം. അന്ന് പകലും ധാരാളം ജോലി നടന്നതായിതോന്നി. നാലഞ്ചു സ്ഥലത്തു വെടിവെച്ചു പൊട്ടിച്ച വലിയ പാറക്കഷണങ്ങാം കൂടിക്കിടക്കുന്നുണ്ട്. ഓരോ സംഘം ജോലിക്കാർ ഓരോ സ്ഥാനം തെരഞ്ഞെടുത്തിരിക്കുകയാണ്. അവിടെ തമിര് അടിച്ചു പകുതിയായ അനേകം വെടിക്കുഴികാം കണ്ടു. എല്ലാം കടലാസും ഇലയും ചകിരിയും മററും ചുരുട്ടി തിരുകിവെച്ച് അടച്ചിരിക്കുകയാണ്. അടുത്ത ദിവസം വീണ്ടും തമിരടിച്ച് കുഴി മുഴുവനാക്കി അതിൻെറ അകത്തുവീണ വെള്ളമെല്ലാം തുടച്ചുണക്കി വെടിമരുന്നിട്ട് തീകൊളുത്തുവാനുള്ള തിരിയും വെച്ചു, ചെങ്കല്ലിടിച്ച് കയററി അടപ്പും

Digitized by Kerala Sahitya Akademi

ഉറപ്പിച്ചതിനുശേഷം ആളുകൾ മാറിനിൽക്കുവാൻവേണ്ടി കൂകിവിളിച്ച് തീ കൊളുത്തും. വെടി പൊട്ടുമ്പോൾ പാറ പിളർന്ന് തെറിക്കും. പാറയുടെ പുറം കറുപ്പാണെങ്കിലും അകം വെളുത്തതാണ്. അകലെനിന്നു നോക്കിയാൽപോലും പൊട്ടിത്തെറിച്ച കല്ല് തിരിച്ചറിയാം. കഠിനമായ അദ്ധ്വാനമുള്ള ജോലിയാണ്. കരിങ്കല്ല് അടിച്ച് തുളയ്ക്കുകയല്ലേ? എന്നാലും അനേകം ആളുകൾ അതുകൊണ്ട് ജീവിക്കുന്നു.

പൊട്ടിച്ച് കൂട്ടിയിരിക്കുന്ന കല്ലിൻെറ പുറത്തുകൂടി വളരെ സൂക്ഷിച്ച് നടന്നും ചാടിയും വലിയ പാറയുടെ മുകളിലെത്തി. ഒന്നുരണ്ടുപ്രാവശ്യം ചവിട്ടിയ കല്ല് ഇളകുകയാൽ മറിഞ്ഞുവീഴുമോ എന്ന് ഭയപ്പെട്ടു. പക്ഷെ വീണില്ല. കല്ലിൻെറ കോണും മൂലയും തട്ടി കാലും മുറിഞ്ഞില്ല. മൂർച്ചയുള്ള സാധനമാണ്. പിച്ചാത്തിപോലെ മുറിയും. കല്ലിനോടടുത്താൽ ചോര കാണാതെ വിടുകയില്ല എന്നാണ് പറയാറുള്ളത്. പാറയുടെ മുകളിൽ ചെന്നുനിന്ന് നാലുചുററും നോക്കിയപ്പോൾ കണ്ട കാഴ്ച എങ്ങനെയാണ് വർണ്ണിക്കുന്നത്? പ്രകൃതിസൗന്ദര്യത്തിൻെറ ഒരു പ്രളയംതന്നെ കണ്ടു എന്ന് പറയാം. ഒരു വശത്ത് ഫലവൃക്ഷങ്ങൾ തിങ്ങിനിൽക്കുന്ന മലകൾ. മറു വശത്ത് വിശാലമായ നെൽപ്പാടം. ഏകദേശം ഒരു മൈൽ വടക്ക്മാറി പടിഞ്ഞാറോട്ട് ഒഴുകുന്ന പുഴയുടെ സ്ഥാനം ഊഹിച്ചെടുക്കുവാനേ കഴിഞ്ഞുള്ളു. വൃക്ഷങ്ങൾ അത്ര നിബിഡമായിട്ടാണ് നിൽക്കുന്നത്. അടുത്തു കാണുന്ന വൃക്ഷങ്ങൾ എന്തൊക്കെ എന്ന് തിരിച്ചറിയാം. ആഞ്ഞിലി, മാവ്, പ്ലാവ്, തെങ്ങ്, എന്നൊക്കെ പറയുവാൻ സാധിക്കും. പക്ഷെ അകലെ കാണുന്നത് കടും പച്ചയായ കാട് എന്നേ തോന്നുകയുള്ളു. കടലോരപ്രദേശങ്ങളിലെപ്പോലെ തെങ്ങ് മാത്രമല്ല കാണുന്നത്. മററ് വലിയ വൃക്ഷങ്ങളും ധാരാളം ഉണ്ട്. ഇവയിൽ ഭൂരിപക്ഷവും താനെ കിളുത്ത് വന്നതാണ്. മനുഷ്യൻ ഭാവിയെക്കുറിച്ചുള്ള ചിന്തയില്ലാതെ തൽക്കാലത്തെ ആദായം മാത്രം നോക്കി വലിയ തോതിൽ വെട്ടിനശിപ്പിച്ചിട്ടും

Digitized by Kerala Sahitya Akademi

വൃക്ഷങ്ങരം ഭൂമിക്ക് നൽകുന്ന ഹരിതകഞ്ചുകം ഇല്ലാതായി ട്ടില്ല. ധാരാളം ജനവാസമുള്ള പ്രദേശമാണെങ്കിലും ആ പാറയിൽനിന്ന് നോക്കിയാൽ ഒരൊററ വീടുപോലും കാണുകയില്ല.

പടിഞ്ഞാറോട്ട് ചക്രവാളംവരെ പരന്നുകിടക്കുന്ന പുഞ്ചപ്പാടം പ്രകൃതിയുടെയും മനുഷ്യൻെറയും നെടുനാളത്തെ സഹകരണം കൊണ്ടുണ്ടായ ഒരു സൗന്ദര്യതളിമം എന്നേ പറയാനുള്ളു. കൊയ്ത്തുകഴിഞ്ഞ സമയമായിരുന്നു. ഇട യ്ക്കിടയ്ക്ക് ചെറുതും വലുതുമായ അനേകം തുരുത്തുകളുണ്ട്. അവ നിറയെ വൃക്ഷങ്ങളാണ്. ആറംപ്പാപ്പും ഉണ്ടായിരി ക്കണം. അസ്തമിക്കാറായ സൂര്യൻെറ പ്രകാശം തുരുത്തുക ളുടെ ഇടയ്ക്കുകൂടി കടന്നുവന്ന് പാടത്ത് വ്യാപിക്കുകയും അതിൻെറ വരമ്പുകളും വഴിത്താരകളും വ്യക്തമാക്കുകയും ചെയ്തു. അങ്ങകലെ ഒരു തുരുത്തിൻെറ സമീപത്ത് വയ ലിൽ കുററിയടിച്ച് കെട്ടിയിരിക്കുന്ന പശുവിൻെറ രൂപം കണ്ടു. സൂര്യപ്രകാശം വ്യാപിച്ചപ്പോരം അതിൻെറ കയർ പോലും കാണാമായിരുന്നു. ക്രമേണ വെളിച്ചംകുറഞ്ഞ പാടത്തു മുഴവനും നിഴലായി. നേരംഇരുട്ടുകയാണ്. പശു മേച്ചിൽ നിർത്തി തുരുത്തിൻെറ നേക്കു തിരിഞ്ഞുനിന്നു ഉട സ്ഥൻ വന്ന് അഴിച്ചുകൊണ്ടുപോകുവാൻ കാത്ത് നിൽക്കു കയാണ്. പക്ഷെ ആരും വരുന്നില്ല. അത് വാലാ ട്ടിയും കുളമ്പിളക്കിയും കയറിൽ ആഞ്ഞ് വലിഞ്ഞും അക്ഷമ കാണിച്ചു. ഒരു ഫലവും ഉണ്ടായില്ല. ഇരുട്ട് വ്യാപിച്ച് തൊഴുത്തിലെത്തുവാൻ വെമ്പൽകൊണ്ട് നിൽക്കുന്ന ആ പശുവിൻെറ രൂപം അപ്രത്യക്ഷമായി. ഉടമസ്ഥൻ അതിൻെറ കാര്യം മറന്നിരിക്കുമോ? രാത്രി മുഴവനും ആ സാധുമൃഗം അവിടെ നിൽക്കേണ്ടിവരുമോ? കാട്ടുമാടുകരംക്ക് ഇങ്ങനെയുള്ള അസ്വസ്ഥതയില്ല. മനു ഷ്യൻ മെരുക്കിവളർത്തുന്ന ജന്തുക്കളും അവൻെറ മനോവികാ രങ്ങരം അനുഭവിക്കുന്നു. ദുഃഖങ്ങരം മാത്രമല്ല സുഖങ്ങളും സാത്വിക ഭാവങ്ങളും. തപസ്വിമാരുടെ സംസർഗ്ഗംകൊണ്ട് അടക്കം വന്ന മൃഗങ്ങളോടുകൂടിയ തപോവനങ്ങളെപ്പററി കാളിദാസൻ പറയുന്നുണ്ടല്ലോ.

Digitized by Kerala Sahitya Akademi

മനുഷ്യൻ കണ്ണിൽചോരയില്ലാത്ത ക്രൂരതകഠം കാണി ക്കുകയും ഒടുങ്ങാത്ത കഷ്ടപ്പാടുകഠം അനുഭവിക്കുകയും ചെയ്യു ന്നെങ്കിലും ഈ ലോകം എത്ര മനോഹരമാണെന്ന് ആ അവിസ്മരണീയമായ സായാഹ്നത്തിൽ ഞാൻ ആലോ ചിച്ചു. എന്തു വലിയ സൗന്ദര്യസമ്പത്താണ് പ്രകൃതി ലക്ഷ്മി നമ്മുടെ മുമ്പിൽ വാരി നിരത്തിയിരിക്കുന്നത്. യാതൊരു ദുർഭിക്ഷവുമില്ല. ആക്കുവേണമെങ്കിലും ഇഷ്ടം പോലെ അനുഭവിക്കാവുന്ന സമ്പത്താണ് ഇത്. പക്ഷേ, ഒരു സ്വാർത്ഥമൂർത്തിക്കും അത് അപഹരിക്കാൻ സാധ്യമല്ല. തൻെറ പേരിൽ ആധാരം എഴുതിച്ച് നാലുചുററും മതിലു കെട്ടി സ്വന്തമാക്കുവോനോ വിദേശബാങ്കുകളിൽ നിക്ഷേ പിക്കുവാനോ ഇരുമ്പുപെട്ടിയിൽ പൂട്ടിവയ്ക്കുവാനോ സ്വന്ത ക്കാക്കും സ്വജനങ്ങഠംക്കും മാത്രമായി ദാനകരണം ചെയ്ത് അവകാശപ്പെടുത്തുവാനോ കഴിയാത്ത സമ്പത്ത്. അക്ഷയ മായ ആനന്ദത്തിൻെറയും അഭംഗുരമായ ശാന്തിയുടേയും ഉറവിടം. ഇതനുഭവിക്കാൻ കഴിയുന്നവന് മനുഷ്യൻെറ സ്വാർത്ഥലോഭവും മദമാത്സര്യങ്ങളും നീചവും, ഹീനവു മായേ തോന്നുകയുള്ളൂ. അതനുഭവിച്ചില്ലെങ്കിൽ ജീവിതം വ്യർത്ഥമാണ്. എത്ര വലിയ കുബേരനും ദരിദ്രനാണ്. ലോകയാത്ര നരകയാതനയുമാണ്.

ആ സായംകാലത്ത് ഒരു പശുവിനെയല്ലാതെ മററൊരു ജീവിയേയും എനിക്കു കാണുവാൻ സാധിച്ചി ല്ലെങ്കിലും അതിൻെറ ഉടമസ്ഥനേയും അയാളുടെ കുടുംബ ത്തേയും അവരുടെ അനേകം തലമുറക്കാലത്തെ ജീവിതാ നുഭവങ്ങളേയും എനിക്ക് സങ്കല്പിക്കുവാൻ കഴിയും. അതെല്ലാം ഞാൻ അടുത്തറിഞ്ഞിട്ടുള്ള വസ്തുതകളാണ്. അവിടെ സിനിമയും ടെലിവിഷനും മോട്ടോർകാറും, തീവണ്ടിയും വിമാനവും ഒന്നും ഇല്ല. ധാരാളം കഷ്ടപ്പാടു കളും ഉണ്ട്. പക്ഷേ, ആരും മുഴപ്പട്ടിണിയിൽ കഴിയുന്നു ണ്ടെന്ന് പറഞ്ഞുകൂടാ. അത്ര വലിയ ആ പാടത്തും അതിൻെറ കരയ്ക്കും മനുഷ്യന് തിന്നാവുന്ന സാധനങ്ങളാ ണല്ലോ വിളയുന്നത്. ഉടമസ്ഥാവകാശം ആക്കായാലും അവിടെയുള്ളവരുടെ അദ്ധ്വാനമില്ലാതെ ഇതൊന്നും വിള

Digitized by Kerala Sahitya Akademi

യുകയില്ല. എങ്ങനെയായാലും ഈ വിഭവങ്ങളുടെ ഒരംശം അവിടെത്തന്നെ വിതരണം ചെയ്യപ്പെടുമെന്നുള്ളത് തീർച്ചയാണ്. അടുത്തറിഞ്ഞതെങ്കിലും ആ ജീവിതത്തിന്റെ ആകെക്കൂടിയുള്ള ഒരു ദർശനം അന്നാണ് എനിക്ക് ലഭിച്ചത്. അത് സ്ഥലകാലങ്ങളുടെ അനാദ്യന്തമായ പശ്ചാത്തലത്തിനെതിരെ പ്രപഞ്ചസൃഷ്ടിയിൽ എഴുതപ്പെട്ട ഒരു ചിത്രംപോലെ എനിക്ക് കാണുവാൻ സാധിച്ചു. അതൊരിക്കലും മറക്കാത്ത ഒരനുഭവമാണ്.

ലോകത്തിലെ ഏറ്റവും വലിയ വ്യവസായസ്ഥാപനമായ ജനറൽ മോട്ടോഴ്സിന്റെ മിച്ചിഗനിലുള്ള ഫാക്ടറിയിൽ വെൽഡിംഗ് ജോലി ചെയ്യുന്ന ഹെൻട്രി വെൽച്ചർ എന്ന നാല്പതു വയസ്സായ നീഗ്രോ മണിക്കൂർ ഒന്നിന് 28.65 രൂപ സമ്പാദിക്കുന്നു. പക്ഷേ, ദിവസം 8 മണിക്കൂർ സമയം താനും ഒരു യന്ത്രഭാഗമായി മാറിപ്പോകുന്നുവെന്നും വല്ല വിധവും ഈ ഘോരദുരിതത്തിൽനിന്നു മോചനം കിട്ടിയാൽ മതി എന്നും അയാൾ എഴുതിയത് ഞാൻ വായിക്കുകയുണ്ടായി. മണിക്കൂറിൽ 62 കാറുകളാണ് അയാളുടെ മുമ്പിൽക്കൂടി കടന്നുപോകുന്നത്. അതിൽ ഓരോന്നിലും അയാൾക്ക് നിർദ്ദിഷ്ടമായ ജോലിയുണ്ട്. ആ ജോലിക്ക് അണുമാത്രമായ വ്യത്യാസം പോലും വരുത്തുവാൻ പാടില്ല. വെള്ളം കുടിക്കുവാനോ പുറം ഒന്ന് ചൊറിയുവാനോ ഇടകിട്ടുകയില്ല. ചെവിക്കല്ലുപൊട്ടുന്ന ശബ്ദവും ഭയങ്കരമായ ചൂടും സഹിക്കണം. അതും അദ്ധ്വാനമാണ്. ഐശ്വര്യമെന്നും പരിഷ്കാരമെന്നും വാഴ്ത്തപ്പെടുകയും ചെയ്യുന്നു. ഈ രണ്ട് ചിത്രങ്ങളും താരതമ്യപ്പെടുത്തി നോക്കുക.

അമ്മേ! ദേവി! ലോകാധീശ്വരി! പ്രപഞ്ചജനനി! അന്നത്തെ ആ വിശിഷ്ടദർശനം എനിക്ക് നല്കിയ അവിടുത്തേയ്ക്ക് ആയിരമായിരം പ്രണാമങ്ങൾ. മനുഷ്യജീവിതത്തിൽ വന്ന്കേറുന്ന മനംമടുപ്പിക്കുന്ന മാററങ്ങൾ കണ്ട് വിവശനായ എന്നെ അവിടുന്ന് അനുഗ്രഹിക്കുകയല്ലേ ചെയ്തത്? ഭൂമുഖത്ത് മനുഷ്യൻ നിർമ്മിച്ച നഗരങ്ങൾ പ്രകൃതിയുടെ നേർക്കുള്ള വെല്ലുവിളിയുടെ പ്രതീകങ്ങളാ

Digitized by Kerala Sahitya Akademi

ണ്. അവളെ കീഴടക്കുവാൻ ചെയ്ത യത്നത്തിൽ കൈവന്ന തത്ക്കാല വിജയത്തിൻെറ സ്മാരകങ്ങളം. നാട്ടുമ്പുറങ്ങളും അതേമട്ടിൽ മാറുകയല്ലേ എന്ന് ഞാൻ സംശയിച്ചു; ഖേദിച്ചു. അങ്ങിങ്ങു കണ്ട വ്രണങ്ങളും വടുക്കെട്ടുകളും എന്നെ അസ്വസ്ഥനാക്കി. പക്ഷേ, എനിക്ക് തെററു പററിയെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇന്നും ഈ നാട്ടിൻ പുറം ഒരു സൗന്ദര്യക്ഷേത്രമായിത്തന്നെ ശേഷിക്കുന്നുവല്ലോ. പ്രകൃതിയും മനുഷ്യജീവിതവും പരസ്പരം പൊരുത്തപ്പെട്ട്, അത്യഗാധമായ ഇണക്കമൊന്ന്, അന്യോന്യം ധന്യമാക്കി. പരാജയബോധമോ വിജിഗീഷുഭാവമോ ഇല്ലാതെ, പ്രേക്ഷകർക്കുപോലും മനഃശാന്തി നല്കി, ഭൂമിക്കു ചാരിതാർത്ഥ്യമേകി, പിറന്ന മണ്ണിനെ സഫലമാക്കി, സ്വർഗ്ഗലോകത്തിൻെറ സൗന്ദര്യത്തെ പ്രതിഫലിപ്പിച്ച് വർത്തിക്കുന്ന കാഴ്ചയല്ലേ ഈ കണ്ണുകൾ കണ്ടത്! മനുഷ്യജീവിതത്തിന് ഭൂമുഖത്ത് ലഭിക്കാവുന്നതിൽവച്ച് ഏററവും ഹിതകരവും ദോഷരഹിതസുന്ദരവും സുസ്ഥിരവുമായ സംവിധാനം ഇതാണെന്ന് ഞാൻ മനസ്സിലാക്കുന്നു. അത് തീർച്ചയായും ഒരു നേട്ടമാണ്.

# ശ്രീ ചട്ടമ്പിസ്വാമികൾ

ഈ നൂററാണ്ടിൻെറ ആദ്യപാദത്തിൽ ദക്ഷിണകേരളത്തെ മുഴുവനും ആധ്യാത്മികതേജസ്സുകൊണ്ട് പ്രശോഭിപ്പിക്കുകയും വലിയ ജനസമൂഹങ്ങളുടെ ആരാധനാപാത്രമായി യശസ്സുനേടുകയും ചെയ്ത മഹാപുരുഷനാണ് പരമഭട്ടാരക ശ്രീ വിദ്യാധിരാജതീർത്ഥപാദ ചട്ടമ്പിസ്വാമി തിരുവടികൾ. 'ചട്ടമ്പിസ്വാമി' എന്ന ചുരുക്കപ്പേരിലാണ് അദ്ദേഹം സാമാന്യജനങ്ങളുടെ ഇടയ്ക്ക് അറിയപ്പെട്ടിരുന്നത്. ഇന്നും ആ പേരുതന്നെ പ്രചാരത്തിലിരിക്കുന്നു. ചട്ടമ്പിള്ള എന്ന പദം ലോപിച്ചാണ് ചട്ടമ്പി എന്ന പേരുണ്ടായത്. അതിൻെറ അർത്ഥം സതീർത്ഥ്യ

Digitized by Kerala Sahitya Akademi

രുടെ മേൽനോട്ടക്കാരൻ (ഇംഗ്ലീഷിലെ മോണിററർ) എന്നാണ്. അച്ഛനമ്മമാരിട്ട കുഞ്ഞൻ എന്ന പേര് ജാതിനാമം ചേർത്ത് കുഞ്ഞൻപിള്ള എന്നാവുകയും പിന്നീട് വിദ്യാലയത്തിൽവച്ച് കുഞ്ഞൻപിള്ള ചട്ടമ്പി എന്ന് ആയിത്തീരുകയും ചെയ്തു. മഹാത്മാക്കളുടെ ലൌകികജീവിതത്തിന്റെ വിശദവിവരങ്ങൾ അറി ഞ്ഞതുകൊണ്ട് ഒരു പ്രയോജനവും നേടുവാനില്ലെങ്കിലും, നമ്മുടെ സാധാരണ ജിജ്ഞാസയെ തൃപ്തിപ്പെടുത്തുന്നതിനു വേണ്ടി ഏതാനും വസ്തുതകൾ രേഖപ്പെടുത്തട്ടെ. തിരുവ നന്തപുരം നഗരത്തിന്റെ വടക്കുപടിഞ്ഞാറുഭാഗത്തുള്ള കണ്ണമ്മൂല എന്ന സ്ഥലത്ത് താമരശ്ശേരി ഇല്ലത്ത് വാസു ദേവൻ നമ്പൂതിരിയുടെയും ഉള്ളൂർക്കോട്ട് വീട്ടിൽ നങ്ങമ്മ പ്പിള്ളയുടെയും ആദ്യസന്താനമായി 1853 ആഗസ്റ്റ് 25-നാണ് അദ്ദേഹം ജനിച്ചത്. വീട്ടിലെ ഘോരദാരിദ്ര്യം മൂലം വിദ്യാലയത്തിൽ ചേർന്നു പഠിക്കാൻ സാധിച്ചില്ല. എങ്കിലും അയൽപക്കത്തുള്ള വിദ്യാർത്ഥികളുടെ ഓലകൾ നോക്കി സ്വപ്രയത്നംകൊണ്ടുതന്നെ മലയാളം, സംസ്കൃതം, തമിഴ് എന്നീ ഭാഷകളും കണക്കും പഠിച്ചു. 15-ാമത്തെ വയസ്സിൽ പേട്ടയിൽ രാമൻപിള്ളയാശാൻ എന്ന പണ്ഡി തന്റെ പാഠശാലയിൽ ചേർന്ന് സംഗീതം പഠിച്ചു. അവിടെവച്ചാണ് ചട്ടമ്പി എന്ന സ്ഥാനപ്പേരു കിട്ടി യത്. പിന്നീട് കുറെക്കാലം ആധാരമെഴുത്ത്, ഹജ്ജൂർ കച്ചേരിയിൽ കണക്കെഴുത്ത്, വക്കീൽഗുമസ്തൻ എന്നീ ജോലികളിൽ ചെലവഴിച്ചു. ഇതിനിടയ്ക്കുതന്നെ സന്ന്യാ സിമാരും യോഗികളും ശാസ്ത്രപണ്ഡിതന്മാരുമായ പലരു ടേയും ശിക്ഷണം ലഭിക്കുകയും ആധ്യാത്മികവിഷയങ്ങ ളിൽ അഗാധമായ താല്പര്യം ജനിക്കുകയും ചെയ്തു. സംസ്കൃ തത്തിലും തമിഴിലുമുള്ള യോഗശാസ്ത്രഗ്രന്ഥങ്ങളിൽ അവ-ഗാഹവും നേടി. തമിഴ്നാട്ടിലെ കല്ലടക്കുറിച്ചി എന്ന സ്ഥലത്ത് മഹാപണ്ഡിതനായ ഒരു ജടാപാഠികളുടെകൂടെ മൂന്നുവർഷം ഗുരുകുലവാസം ചെയ്തതായും പറയുന്നു. ആയിടയ്ക്ക് അദ്ദേഹം ദക്ഷിണേന്ത്യ മുഴവനും ചുററി സഞ്ച രിക്കുകയും പുണ്യസ്ഥലങ്ങൾ സന്ദർശിക്കുകയും പല

Digitized by Kerala Sahitya Akademi

മഹാത്മാക്കളുടെയും അനുഗ്രഹം നേടുകയും ചെയ്തു. ഇതെല്ലാം കഴിഞ്ഞ് ഏകദേശം 28 വയസ്സായപ്പോഴാണ് തിരുവനന്തപുരത്ത് മടങ്ങിയെത്തിയത്. അല്പകാലത്തിനുശേഷം മാതാവ് ചരമമടഞ്ഞു. അതോടെ അദ്ദേഹം വീടുവിട്ട് പരിവ്രാജകനായി.

പിന്നീടുണ്ടായ ദേശാടനത്തിനിടയ്ക്ക് കന്യാകുമാരി ജില്ലയിലെ വടിവീശ്വരം എന്ന സ്ഥലത്തുവച്ച് ഒരു അവധൂതഗുരുവിനെ കണ്ടുമുട്ടുകയും ആ ജീവന്മുക്തനിൽ നിന്ന് അത്യുന്നതമായ ആത്മജ്ഞാനം നേടുകയുംചെയ്തു എന്നാണ് സ്വാമികൾ തന്നെ പറഞ്ഞിട്ടുള്ളത്. മുപ്പതിനോടടുത്ത് പ്രായമുള്ളപ്പോൾ അണിയൂർ എന്ന സ്ഥലത്തെ ക്ഷേത്രസന്നിധിയിൽവച്ച് ചെമ്പഴന്തിക്കാരനായ നാണു ആശാൻ എന്ന മുമുക്ഷുവുമായി അദ്ദേഹം പരിചയപ്പെട്ടു. അവർ ആത്മമിത്രങ്ങളായി. പിന്നത്തെ മൂന്നുനാലു വർഷം അവർ രാമലക്ഷ്മണന്മാരെപ്പോലെയോ അശ്വിനീദേവതകളെപ്പോലെയോ, സന്തതസഹചാരികളായിട്ടാണ് ജീവിച്ചത്. അധ്യാത്മസംസ്കാരത്തിന്റെ മേരുശൃംഗങ്ങളായി ഉയർന്നുനിൽക്കുന്ന ഈ മഹാപുരുഷന്മാരുടെ സാന്നിദ്ധ്യമാണ് കേരളീയജീവിതത്തെ അക്കാലത്ത് സമ്പൂർണ്ണവിനാശത്തിൽനിന്ന് രക്ഷിച്ചത് എന്ന് ഇന്നു നമുക്ക് മനസ്സിലാകുന്നു. പാശ്ചാത്യവിദ്യാഭ്യാസത്തിന്റെയും വൈദേശികസംസ്കാരത്തിന്റെയും പ്രലോഭനങ്ങൾ ഒരുവശത്തും, അങ്ങേയററം ജീർണ്ണിച്ചുപോയ ദേശീയപാരമ്പര്യങ്ങൾ മറുവശത്തുംനിന്ന് ജനസമുദായങ്ങളെ ആഞ്ഞുവലിക്കുകയും, വഴിയറിയാതെ വിഷമിപ്പിക്കുകയും ചെയ്ത കാലഘട്ടമായിരുന്നു അത്. ആ പ്രതിസന്ധിയിൽ, ജീവിതത്തിന്റെ അർത്ഥമെന്തെന്നും ലക്ഷ്യമെന്തെന്നും ശാശ്വതമായ ശാന്തി ലഭിക്കുവാനുള്ള മാർഗമെന്തെന്നും ഈ മഹാത്മാക്കൾ സ്വന്തം ജീവിതമാതൃകകൊണ്ട് ഈ രാജ്യത്തെ ജനങ്ങളെ പഠിപ്പിക്കുകയും ബോധ്യപ്പെടുത്തുകയും ചെയ്തു. വലിയ വലിയ സ്ഥാനമാനങ്ങൾ നേടിയവരും കുബേരപദവി അനുഭവിച്ചവരും ഇംഗ്ലീഷ് പഠിച്ചവരും ഇംഗ്ലണ്ടിൽപോയി പഠിച്ചവരും നഗരവാ

Digitized by Kerala Sahitya Akademi

സികളും നാട്ടിൻപുറത്തുകാരും സമൂഹത്തിലെ ബഹുഭൂരിപക്ഷമായ സാധാരണജനങ്ങളും എന്നു വേണ്ട കുററവാളികളും കൊലപാതകികൾപോലും അവരെ അങ്ങേയററം ബഹുമാനിച്ചു. അവരുടെ സിദ്ധികൾ കണ്ട് അദ്ഭുതപരതന്ത്രരായി. അധ്യാത്മികജീവിതം ഭോഷ്ക്കല്ലെന്ന് മനസ്സിലാക്കി. മഹാപുരുഷസംശ്രയം എന്ന് ശങ്കരാചാര്യർ പറയുന്ന അദ്ഭുതാനുഭവത്തിൻെറ രഹസ്യം ഇതാണ്. അത് സദ്വൃത്തിയുടെ മേന്മയെക്കുറിച്ചുള്ള അനുഭവബോധം ജനിപ്പിക്കുന്നു. സംശയങ്ങളേയും അവിശ്വാസത്തേയും ദൂരീകരിക്കുന്നു.

ഈ സഹവാസം അവസാനിച്ചതിനുശേഷം അവരുടെ പ്രവർത്തനങ്ങൾ രണ്ടു വഴിക്കു തിരിഞ്ഞു. അധ്യാത്മജീവിതത്തോടൊപ്പം സാമൂഹികസേവനവും ആവശ്യമാണെന്ന് കാണുകയാൽ നാണു ആശാൻ, അനല്പമായ വൈമനസ്യത്തോടുകൂടിയാണെങ്കിലും, അതിന് സന്നദ്ധനായി. അദ്ദേഹം ശ്രീനാരായണഗുരു എന്ന പേരിൽ കേരളത്തിന് അകത്തും പുറത്തും നിസ്തുലമായ യശസ്സു നേടി. ഈ രാജ്യത്തെ സാമൂഹികജീവിതത്തെ അധഃപതനത്തിൽനിന്നും അന്ധതാമിസ്രങ്ങളിൽനിന്നും ഉദ്ധരിക്കുന്നതിന് അദ്ദേഹം ചെയ്ത മഹായത്നം നമ്മുടെ ചരിത്രത്തിലെ ഏററവും ദീപ്തിമത്തായ അധ്യായമാകുന്നു. ചട്ടമ്പിസ്വാമിയാകട്ടെ. ഏറെക്കുറെ അവധൂതനെപ്പോലെ തന്നെ ആയുശ്ശേഷം നയിക്കുകയും, വ്യക്തികളുടെ മുക്തിയിൽമാത്രം ശ്രദ്ധിച്ച് ശുദ്ധമായ ആധ്യാത്മികമാർഗത്തിൽ, നിസ്സംഗനായി, നിത്യമുക്തനായി, ജീവിതം തുടരുകയും ചെയ്തു. അദ്ദേഹം കാഷായവും കമണ്ഡലുവും സ്വീകരിച്ചില്ല. ആശ്രമങ്ങൾപോലും സ്ഥാപിച്ചില്ല. ഓരോ മനുഷ്യനും അവനവൻെറ അധ്വാനംകൊണ്ടുതന്നെ മുക്തി നേടണമെന്നും, വ്യക്തികൾ നന്മയിൽ ശ്രദ്ധയുള്ളവരായി ജീവിച്ചാൽ സമൂഹവും നന്നായിക്കൊള്ളുമെന്നും ആയിരുന്നു അദ്ദേഹത്തിൻെറ അന്തർഗതമെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. വിടർന്ന കണ്ണുകളോടെ മാതാവിൻെറ ശരീരത്തിൽ വിടാതെ മുറുകെപ്പിടിച്ച് ആകാശം മുട്ടി

Digitized by Kerala Sahitya Akademi

നിൽക്കുന്ന മഹാവൃക്ഷങ്ങളുടെ ഉന്നതശിഖരങ്ങളിലെത്തുന്ന മർക്കടകിശോരങ്ങളെപ്പോലെ സ്വപ്രയത്നം കൊണ്ട് മനുഷ്യൻ മുക്തിനേടണം. കണ്ണുതുറക്കാതെ നിസ്സഹായാവസ്ഥയിൽ തള്ളപ്പൂച്ച കടിച്ചെടുത്തുകൊണ്ടു പോകുവാൻ കാത്തുകിടക്കുന്ന മാർജ്ജാരകിശോരങ്ങളെപ്പോലെ ആകരുത്. ഭുവനഭോഗങ്ങളുടെ അർത്ഥശൂന്യതയും സാധാരണ മനുഷ്യരുടെ ലോഭമോഹങ്ങളും ഒത്ത് എപ്പോഴും പുഞ്ചിരി തൂകിക്കൊണ്ട്, സർവഭൂതഹിതേരതനായി, സമലോഷ്ടാശ്മകാഞ്ചനനായി തൻെറ സാന്നിദ്ധ്യം കൊണ്ടുതന്നെ എവിടെയും അധ്യാത്മപ്രകാശം പരത്തി ലോകത്തിന് മാർഗദർശനം നൽകി 71 വർഷങ്ങൾ അദ്ദേഹം ചെലവഴിച്ചു. അനുഗൃഹീതകവിയായ എം.പി. അപ്പൻ എഴുതിയതുപോലെ

> സ്നേഹിച്ചു സമമായ് സമസ്തവുമൃഷി–
> പ്രൗഢൻ ഭവാനെങ്കിലും
> മോഹിച്ചീലൊരു വസ്തുവും ധരണിയിൽ–
> ത്തൻ കീർത്തിപോലും പ്രഭോ!
> ആഹാ! സുപ്രതിഭാനിധേ, പുളകമാ–
> ർന്നീടാത്തതാര്,ങ്ങതൻ
> മാഹാത്മ്യങ്ങളനോപമങ്ങളിതുപോ–
> ലോരോന്നുമോർത്തീടുകിൽ

ചട്ടമ്പിസ്വാമി സകലകലാവല്ലഭനായിരുന്നു. അനേകം വിഷയങ്ങളിൽ അഗാധപണ്ഡിതനും. ''സ്വാമികൾക്ക് ഏതാണ്ട് 39 വയസ്സ് പ്രായമുള്ളപ്പോൾ എറണാകുളത്തുവെച്ച്, അദ്ദേഹത്തേക്കാൾ പത്തുവയസ്സിന് പ്രായക്കുറവുള്ള വിവേകാനന്ദസ്വാമിയുമായി ഒരു സമാഗമം ഉണ്ടായി. വിവേകാനന്ദൻെറ അഭിലാഷപ്രകാരം 'ചിന്മുദ്ര'യുടെ രഹസ്യതത്വം മനസ്സിലാക്കിക്കൊടുത്തതു ഈ സന്ദർഭത്തിലാണ്. കേരളത്തിൽ താൻ കണ്ട ഒരേയൊരു 'പരിണതപ്രജ്ഞൻ' എന്ന് വിവേകാനന്ദസ്വാമി ശ്രീ വിദ്യാധിരാജസ്വാമികളെപ്പററിയും, 'വിവേകാനന്ദൻ, വായ് തുറന്നാൽ മണൽത്തരിപോലും മധുരിച്ചു പോകും' എന്ന് പരമഭട്ടാരകസ്വാമികൾ അദ്ദേഹത്തെപ്പ

Digitized by Kerala Sahitya Akademi

ററിയും അഭിപ്രായപ്പെടുകയുമുണ്ടായിട്ടുണ്ട്'' 'എന്ന് ഒരു ജീവചരിത്രത്തിൽരേഖപ്പെടുത്തിയിരിക്കുന്നു. അദ്ദേഹത്തിൻെറ അത്ഭുതസിദ്ധികളെപ്പററി ദൃക്സാക്ഷികളുടേയും അനുഭവസ്ഥന്മാരുടെയും അനേകം കഥകളുണ്ട്. അവയൊന്നും ഇവിടെ വിസ്തരിക്കേണ്ട ആവശ്യമില്ല. സംഗീതം, നൃത്തം, കായികാഭ്യാസം എന്നിവയിലെല്ലാം അദ്ദേഹം കൃതഹസ്തനായിരുന്നു. പലതരം വാദ്യോപകരണങ്ങൾ വായിച്ച് പ്രസിദ്ധരായ വിദഗ്ദ്ധന്മാരെപ്പോലും അദ്ദേഹം അത്ഭുതപരതന്ത്രരാക്കിയിട്ടുണ്ട്. അനവധി ഗ്രന്ഥങ്ങളും എഴുതുകയുണ്ടായി. പക്ഷെ, അവയൊന്നും അച്ചടിപ്പിക്കുന്നതിലോ, പ്രചരിപ്പിക്കുന്നതിലോ താല്പര്യം കാണിച്ചില്ല. അതുകൊണ്ട് പലതും നഷ്ടപ്പെട്ടുപോയിട്ടുണ്ട്. കിട്ടിയിട്ടുള്ളവ നിസ്തുലമായ പാണ്ഡിത്യത്തിൻെറയും അഗാധമായ സ്വതന്ത്രചിന്തയുടെയും പ്രതീകങ്ങളായി ഇന്നും ആദരിക്കപ്പെട്ടുപോരുന്നു. ഇവയിൽ വേദാധികാരനിരൂപണം പ്രാചീന മലയാളം എന്നീ ഗ്രന്ഥങ്ങൾ വളരെ പ്രസിദ്ധങ്ങളാണ്. വൈദ്യശാസ്ത്രത്തിലും ഭാഷാശാസ്ത്രത്തിലുമെല്ലാം അദ്ദേഹം പ്രാമാണികമായ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടെന്നാണ് പറയുന്നത്. അവയൊന്നും കണ്ടുകിട്ടിയിട്ടില്ല. എന്നാലും തിരുവനന്തപുരത്തു ജീവിച്ചിരുന്ന വളരെ പ്രസിദ്ധനായ ഒരു ആയുർവ്വേദവൈദ്യൻ പറഞ്ഞ അനുഭവകഥ ഞാൻ ഓർമ്മിക്കുന്നുണ്ട്. പിൽക്കാലത്ത് അഖിലലോകപ്രശസ്തിനേടിയ ഒരു അദ്ധ്യാത്മികാചാര്യൻ യോഗവിദ്യയിലെ ഉപരിസാധനകൾ പരിശീലിച്ചുകൊണ്ടിരുന്ന ചെറുപ്പകാലത്ത് എന്തോ തെററു പററുകയാൽ നിദ്രാവിഹീനനായിത്തീർന്നു. അദ്ദേഹം പല ഡോക്ടർമാരെക്കൊണ്ടും ചികിത്സിപ്പിച്ചിട്ട് ഫലം കിട്ടാതെ നിരാശപ്പെട്ട് മേല്പറഞ്ഞ വൈദ്യനെ സമീപിച്ചു. അദ്ദേഹവും പല മരുന്നുകൾ പ്രയോഗിച്ചുനോക്കി. ഒരു ഗുണവും കിട്ടിയില്ല. ഈ വൈദ്യൻ ചട്ടമ്പിസ്വാമിയുടെ ശിഷ്യനായിരുന്നു. അദ്ദേഹം ചികിത്സാവിധിയിലുണ്ടായ തൻെറ പ്രയത്നത്തെപ്പററി സ്വാമിയോട് പറഞ്ഞു. അവിടുന്നു അതൊരു നിസ്സാരകാര്യമാണെന്ന് പറഞ്ഞ്

Digitized by Kerala Sahitya Akademi

ഒരു പച്ചമരുന്ന് നിർദ്ദേശിച്ചുകൊടുത്തു. അത് അരച്ച് മുലപ്പാലിൽ കലർത്തി കാലിൻെറ വെള്ളയിൽ തേക്കു വാൻ പറഞ്ഞു. വൈദ്യൻ ഉടനെപോയി ആ മരുന്ന് പ്രയോഗിച്ചു. അത് പുരട്ടിയ മാത്രയിൽ തന്നെ രോഗി യായ യോഗി ഉറക്കത്തിൽ ലയിച്ചു. ആ ഉറക്കം നാല് രാത്രിയും, നാല് പകലും അഭംഗമായി തുടർന്നുവത്രെ! തൻെറ വാദ്ധക്യത്തിൽ അത്ഭുതപരതന്ത്രരായി, രോമാ ഞ്ചകഞ്ചുകിതനായി, ആദരാതിരേകത്താൽ നിമീലിത നേത്രനായിട്ടാണ് വൈദ്യൻ ഈ അനുഭവകഥ പറഞ്ഞ ത്. അദ്ദേഹം സംസ്കൃത ശ്ലോകങ്ങളിൽ ചട്ടമ്പിസ്വാ മിയുടെ ഒരു സംക്ഷിപ്ത ജീവചരിത്രം പ്രസിദ്ധീകരിച്ചി ട്ടുണ്ട്. (ബാലാഹസ്വാമി ചരണാരേണം അഥവാ സദ്ഗുരു സർവ്വസ്വം ഗ്രന്ഥകർത്താ: കവിദീപൻ ആറന്മുള എം. കെ. നാരായണപിള്ള.)

സുധാകരഗുണാദ്രീന്ദു—
മിതേഃ തു, ശകവൽസരേ. ;
നാരായണാഖ്യവൈദ്യേന
ചരിത്രമിദമുദ്ധൃതം

എന്ന് അതിൽ കവിയുടെ മുദ്രയും ചേർത്തിരിക്കുന്നു.

അത്ഭുതപ്രതിഭനായ ഈ മഹർഷിവര്യൻെറ പ്രസി ദ്ധീകരിക്കപ്പെട്ട കൃതികളിൽ 'അദ്വൈതചിന്താപദ്ധതി' എന്ന വേദാന്തഗ്രന്ഥമാണ് സർവ്വോൽകൃഷ്ടമായി നിൽക്കു ന്നതു്. കോട്ടയത്ത് വാഴൂരിലുള്ള തീർത്ഥപാദാശ്രമ ത്തിൽ നിന്ന് സ്വാമിയുടെ പ്രശിഷ്യനായ ശ്രീ വിദ്യാ നന്ദതീർത്ഥപാദസ്വാമി ദീർഘമായ ഒരു പ്രസ്താവനയോട് കൂടി 1946—ൽ ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചു. 1970—ൽ ഒരു രണ്ടാം പതിപ്പും ഉണ്ടായി. വേദാന്തശാസ്ത്രത്തിൻെറ ആഴങ്ങൾ കാണണമെങ്കിൽ ഈ ഗ്രന്ഥം പഠിക്കാൻ ശ്രമി ക്കണം. മലയാളത്തിലും ഇംഗ്ലീഷിലും നാം കണ്ടിട്ടുള്ള പ്രസിദ്ധമായ പല ഗ്രന്ഥങ്ങളും ഈ വിഷയത്തിലെ ബാലപാഠങ്ങൾ മാത്രമാണെന്ന് ബോദ്ധ്യമാകും. വെറു തെ ഓടിച്ചു വായിച്ചതുകൊണ്ടൊന്നും ഒരു പിടിയും കിട്ടുക യില്ല. അറിവ് മനസ്സിൽ ഉറയ്ക്കുക മാത്രമല്ല അനുഭൂതി

Digitized by Kerala Sahitya Akademi

യായിത്തീരുകയും ചെയ്ത ലോകോത്തരപ്രതിഭയിൽ നിന്നു മാത്രമേ ഇത്തരം ഗ്രന്ഥങ്ങരം ജനിക്കുകയുള്ളു. അതിനോട് കിടനിൽക്കത്തക്കതായി മഹർഷിവര്യനായ ശ്രീ. അരവിന്ദൻെറ ഇംഗ്ളീഷിലുള്ള യോഗശാസ്ത്രഗ്രന്ഥങ്ങരം മാത്രമേ എനിക്ക് ഓർമ്മിക്കാൻ കഴിയുന്നുള്ളു. അവ ഭാരതീയമായ അടിസ്ഥാനതത്വങ്ങളെ പാശ്ചാത്യരുടെ സാങ്കേതികരീതിയിൽ വിചിന്തനം ചെയ്തും തൻെറ ദീർഘവും ഗഹനവുമായ നിദിദ്ധ്യാസംകൊണ്ട് കണ്ടെത്തിയ നൂതനമായ ആശയങ്ങളെയും സങ്കല്പങ്ങളേയും ആഖ്യാനം ചെയ്തും ഒരു പണ്ഡിത കവിയുടെ വാഗ്വൈഭവത്തോടെ രചിച്ചിട്ടുള്ള ബൃഹദ്ഗ്രന്ഥങ്ങളാണ്. ചട്ടമ്പിസ്വാമിയുടെ കൃതിയാകട്ടെ ചിരപുരാതനമായ അദ്വൈതവേദാന്തമാണ് പ്രതിപാദിക്കുന്നത്. അതും മലയാളത്തിൽ. പക്ഷെ, ഈ വിഷയത്തിൻെറ മറെറങ്ങും കിട്ടാത്ത ഗഹനഭാവങ്ങരം വെളിപ്പെടുത്തുവാൻ അദ്ദേഹം ശ്രമിച്ചിരിക്കുന്നു. ഇത് സന്ന്യാസിമാക്കുവേണ്ടി പാഠപുസ്തകംപോലെ എഴുതിയതല്ലെ എന്ന് സംശയമുണ്ട്. പ്രതിപാദനത്തിൽ ഒരു കക്ശത്വം കാണുന്നു. സ്വാമിയുടെ സഹജമായ മാധുര്യവും. കാവ്യസൗന്ദര്യവും അനുഭവപ്പെടുന്നില്ല.

ചട്ടമ്പിസ്വാമി ശിശുനാമധരൻ (കുഞ്ഞൻപിള്ള) മാത്രമല്ല ശിശുഭാവവിലോലനും പ്രേമസ്വരൂപനും ആയിരുന്നു. കുട്ടികളുടെ കൂടെ കളിക്കുന്നതും അവരെ രസിപ്പിക്കുന്നതും അദ്ദേഹത്തിന് വളരെ ഇഷ്ടമായിരുന്നു. മഹാകവി കുമാരനാശാനെ 'പൊന്നുംകുടമേ' എന്നാണ് അദ്ദേഹം വിളിച്ചിരുന്നത് എന്ന് പറയുന്നു. കവിത അദ്ദേഹത്തിന് സ്വയമേവാഗതയായിരുന്നു.

വാണീദേവി കനിഞ്ഞൊരാരംക്കുമിതുപോൽ
വൈചിത്ര്യസമ്പന്നയാ—
യൂനം വിട്ടു നിരന്തരം വശഗയായ്
നിന്നില്ല, നിസ്സംശയം

എന്ന് എം. പി. അപ്പൻ എഴുതിയത് സത്യമാണ്. അദ്ദേഹം ധാരാളം പാട്ടുകളും ശ്ലോകങ്ങളും എഴുതാറുണ്ടായിരുന്നുവെന്നും അതൊന്നും ആരും സൂക്ഷിച്ചുവെച്ചില്ല എന്നും

Digitized by Kerala Sahitya Akademi

ഭാഷക്ക് അത് വലിയ നഷ്ടമായിപ്പോയി എന്നും പറയപ്പെടുന്നു. ഏതാനും ശ്ലോകങ്ങൾ മാത്രമേ നമുക്ക് കിട്ടിയിട്ടുള്ളു. ഒരെണ്ണം ഉദ്ധരിക്കട്ടെ (ഒരു ശിഷ്യന് നൽകിയ അനുഗ്രഹമാണ്.)

ലോലക്കണ്ണാം സുമത്തിൻചെറുമുനയണവോളം
  ചുളിച്ചൊന്നു നോക്കും
കാലത്തെല്ലാ പ്രപഞ്ചങ്ങളുമരനൊടിയിൽ
  തോന്നിനിന്നങ്ങുമായും;
ക്ലലം വിട്ടോരു ശക്തിക്കുടയവളവളെൻ
  ചിത്തരംഗത്തിലാടും
ബാലപ്പെൺ കല്പകപ്പൂങ്കൊടി തവ മനമാം
  ദാരുവിൽ ചുററിടട്ടെ.

1913—ൽ ഈ മഹാത്മാവിൻെറ ഷഷ്ടിപൂർത്തി ദക്ഷിണകേരളത്തിൽ മുഴുവനും ആഘോഷിച്ചു. പ്രിയശിഷ്യനായ തീർത്ഥപാദ പരമഹംസസ്വാമികളാണ് അതിനുവേണ്ടി അത്യദ്ധ്വാനം ചെയ്തത്. സ്വാമിക്ക് പ്രചാരണവും ആഘോഷങ്ങളും ഒന്നും ഇഷ്ടമല്ലായിരുന്നു. കീർത്തിക്കുവേണ്ടിയും മോഹിച്ചില്ല. ഗുരുശിഷ്യബന്ധത്തെപ്പററിയും മററും അന്നുതന്നെ ഉണ്ടായ വാദപ്രതിവാദങ്ങളെപ്പററി കേൾക്കുവാൻ ഇടയായപ്പോൾ 'നമുക്ക് ആരുടെയും ഗുരുവാകേണ്ട. എല്ലാവരുടേയും ശിഷ്യനായാൽമതി' എന്ന് അദ്ദേഹം പറഞ്ഞുവത്രെ. എന്നാലും ശിഷ്യഗണങ്ങളുടെയും ആരാധകന്മാരുടെയും നിർബ്ബന്ധംമൂലം അദ്ദേഹം തൻെറ ഷഷ്ടിപൂർത്തി ആഘോഷിക്കുവാൻ സമ്മതിച്ചു. അതോടെ കേരളീയക്ക് ഏററവും അഭിമതനായ ആചാര്യൻ എന്ന പദവിയിൽ അദ്ദേഹം അവരോധിക്കപ്പെട്ടു. അന്നാണ് മഹാകവി ഉള്ളൂർ,

പ്രത്യങ്ങ്മുഖക്കു പരിചിൽ പരചിത്സ്വരൂപം
പ്രത്യക്ഷമാക്കിന വിഭോ, പരിപക്വഹൃത്തേ
പ്രത്യഗ്രശങ്കര! ഭവാൻെറ ചരിത്രമെന്നും
പ്രത്യക്ഷരം പരമപാവനമായ് വിളങ്ങും.

എന്ന് അദ്ദേഹത്തെ വാഴ്ത്തിയത്. പിന്നെയും പതിനൊന്നുവർഷം അദ്ദേഹം ജനസഞ്ചയത്തിൻെറ ആശാകേന്ദ്ര

Digitized by Kerala Sahitya Akademi

മായി, അഭയസ്ഥാനമായി, ആത്മാരാമനായി. ഈ രാജ്യത്ത് ജീവിച്ച് ഈ പുണ്യഭൂമിയെ പൂർവ്വാധികം പവിത്രമാക്കി. 1924 മെയ്മാസം 5—ാംതീയതിയാണ് അദ്ദേഹം അപുനർഭവമായ മഹാസമാധിയിൽ ലയിച്ചത്. കൊല്ലം നഗരത്തിനു പത്തുപന്ത്രണ്ട് മൈൽ വടക്ക് മാറി പന്മന എന്ന സ്ഥലത്ത് തന്റെ അവസാന വിശ്രമത്തിനുവേണ്ട സ്ഥാനം അദ്ദേഹം നേരത്തെ നിർദ്ദേശിച്ചിരുന്നു. അവിടെ ആകർഷകമായ ഒരു സമാധിമന്ദിരം പണിഞ്ഞിട്ടുണ്ട്. അത് മഹാജനങ്ങളുടെ തീർത്ഥാടനകേന്ദ്രമായിത്തീർന്നിരിക്കുന്നു.

അന്ന് ശിവഗിരിയിൽ സ്ഥിരതാമസമാക്കിയിരുന്ന ശ്രീനാരായണഗുരുദേവൻ ഈ വാർത്തയറിഞ്ഞപ്പോൾ ധ്യാനനിമഗ്നനായി. അദ്ദേഹത്തിന് ചട്ടമ്പിസ്വാമിയെക്കാൾ രണ്ടു വയസ്സിന്റെ പ്രായക്കുറവേ ഉണ്ടായിരുന്നുള്ളൂ. നാലുവർഷംകൂടി കഴിഞ്ഞപ്പോൾ സമാധിയടയുകയും ചെയ്തു. ചട്ടമ്പിസ്വാമിയെപ്പററിയുള്ള വിവരം ലഭിച്ചപ്പോൾ ഗുരുദേവൻ അന്തേവാസികൾക്ക് പറഞ്ഞുകൊടുത്തതും, സുപ്രസിദ്ധവും ഉപനിഷദ്സൂക്തംപോലെ ഉദാത്തസുന്ദരവും അർത്ഥഗർഭവുമായ സംസ്കൃതശ്ലോകങ്ങൾ ഉദ്ധരിച്ച് ഈ ലേഖനത്തിന്റെ പോരായ്മകൾ പരിഹരിക്കട്ടെ.

സർവ്വജ്ഞ ഋഷിരുൽക്രാന്തഃ
സദ്ഗുരുഃ ശുകവർത്മനാ
ആഭാതി പരമവ്യോമ്നി
പരിപൂർണ്ണകലാനിധിഃ
ലീലയാ കാലമധികം
നീത്വാന്തേ സ മഹാപ്രഭുഃ
നിസ്സ്വം വപുഃ സമുൽസൃജ്യ
സ്വം ബ്രഹ്മവപുരാസ്ഥിതഃ

(സർവ്വജ്ഞനും ഋഷിയുമായ സദ്ഗുരു ശുകമാർഗ്ഗത്തിലൂടെ ഉയർന്ന് ഉത്തുംഗമായ ചിദാകാശത്തിൽ പരിപൂർണ്ണ കലാനിധിയായി ശോഭിക്കുന്നു.

Digitized by Kerala Sahitya Akademi

ആ മഹാപ്രഭു മായാദേഹത്തെ സ്വീകരിച്ച് കളിയിൽ വളരെ നാരം കഴിച്ചതിനുശേഷം തൻേറതല്ലാത്ത ആ ശരീരത്തെ ഉപേക്ഷിച്ചു തനിക്കു സ്വന്തമായ ബ്രഹ്മവപുസ്സിനെ കൈക്കൊണ്ടു.)

# മാമ്മൻ പറഞ്ഞ കഥ

മാമ്മൻ മുപ്പതോ മുപ്പത്തിയഞ്ചോ വയസ്സുള്ളപ്പോരം അച്ഛൻെറ ആശ്രിതനായി വന്നതാണ്. അമ്പതു വർഷത്തോളം കുടുംബത്തിലെ ഒരംഗമെന്നപോലെ കൂടെത്തന്നെ താമസിച്ചു. എഴുത്തും വായനയും പഠിച്ചിരുന്നില്ല. വിവാഹം ചെയ്തില്ല. അടുത്ത ബന്ധുക്കളും ഇല്ലായിരുന്നു. ശരിയായ പേര് പത്മനാഭൻ. അച്ഛൻ 'പപ്പു' എന്നു വിളിക്കും. മററുള്ളവർ ആദ്യമൊക്കെ പപ്പുമ്മാവൻ എന്നാണ് വിളിച്ചതെങ്കിലും പിൽക്കാലത്ത് എങ്ങനെയോ അത് മാമ്മൻ എന്നു ചുരുങ്ങി. മരിക്കുന്നതിനു പതിന്നാലു വഷം മുമ്പു തന്നെ കണ്ടതായ ഓർമ്മയുണ്ടെങ്കിലും അന്നും ഒരു വൃദ്ധൻെറ ലക്ഷണങ്ങരം ആണ് ഉണ്ടായിരുന്നത്. എന്നെക്കാരം പ്രായംകൂടിയ കുടുംബാംഗങ്ങളുടെ സ്മരണയിലും ആ ചിത്രമേ ഉള്ളൂ. പൊക്കം കുറഞ്ഞ് ഉറച്ച ശരീരം, ഉച്ചിക്കുടുമ, ഒററമുണ്ട്, പാദങ്ങളിലും മുഴങ്കാലിലും അരക്കെട്ടിലും കൂത്ത എല്ലുമുഴകരം. കുട്ടിക്കാലത്ത് കിളച്ചും ചുമടെടുത്തും വളരെയധികം കഷ്ടപ്പെട്ടു എന്ന് പറയാറുണ്ടായിരുന്നു. അച്ഛൻെറ മുൻകോപത്തിൽ ഒരു വലിയ പങ്ക് ആ സാധുമനുഷ്യനാണ് അനുഭവിച്ചത്. 'അവൻ നാക്കെടുത്താൽ കള്ളമേ പറയൂ. തരം കിട്ടിയാൽ കള്ളും കുടിക്കും. മലയ്ക്കുപോകുന്നവരുടെകൂടെ ചേന്ന് കഞ്ചാവു വലിക്കാറില്ലേ എന്നും സംശയമുണ്ട്'' എന്ന് ശകാരം കഴിഞ്ഞ് ശാന്തനാകുമ്പോരം പറയുന്നത് കേട്ടിട്ടുണ്ട്. ഇതൊക്കെ സാധാരണ സംഭവങ്ങളായിരുന്നെങ്കിലും അവരുടെ സ്നേഹബന്ധത്തിന് അൻപതു വഷത്തിനിടയ്ക്ക് ഒരിക്കൽ

Digitized by Kerala Sahitya Akademi

പോലും ഉലച്ചിൽ തട്ടിയില്ല. വെററില മുറുക്കുന്നതി ലാണ് അതിൻെറ സുന്ദരഭാവങ്ങൾ തെളിഞ്ഞുകണ്ടത്. മാമ്മനും മുറുക്കും. നാലുകൂട്ടവും ചെല്ലത്തിൽ ഒരുക്കിവെ യ്ക്കുന്നതും വയസ്സുകാലത്ത് വെററില ഇടിച്ചുകൊടുക്കുന്നതും 'പപ്പു'വിൻെറ ചുമതലയായിരുന്നു. മാമ്മന് ഏററവു മധികം ആനന്ദം നൽകിയ ജീവിതകൃത്യവും അതായി രുന്നു എന്ന് പറയേണ്ടിയിരിക്കുന്നു. ഇങ്ങനെയുള്ള ഒരു മുറുക്കുവേളയിലാണ് ഈ കഥയുടെ ആരംഭം.

സമയം രാത്രി. അത്താഴം കഴിഞ്ഞുള്ള മുറുക്കിൻെറ സന്ദർഭം. ചെല്ലം തുറന്നുനോക്കിയപ്പോൾ അതിൽ പാക്കില്ല. മാമ്മൻ മറന്നതല്ല. വൈകുന്നേരം വലിയ മുറുക്കുകാരായ കുറെയധികം സന്ദർശകർ വന്നതുകൊണ്ട് ഒരുക്കിവച്ചിരുന്നതെല്ലാം തീർന്നുപോയതാണ്. മുറിക്ക കത്തു കലയോടെ കെട്ടിത്തൂക്കാറുള്ള കരുതൽനിക്ഷേ പവും തീർന്നുപോയി. പറമ്പിലുള്ള കവുങ്ങിൽ ഒരു പക്ഷേ, പഴുത്ത പാക്കു കണ്ടേയ്ക്കാമെങ്കിലും ഇരുട്ടത്ത് അതു പറിക്കുന്നതെങ്ങനെ? അല്ലെങ്കിൽത്തന്നെ, കാലിൽ മുഴയുള്ളതുകൊണ്ടു മാമ്മനു മരംകയറുവാൻ സാധ്യമല്ല. ആകപ്പാടെ വലിയ ഒരു പ്രതിസന്ധിയായി. അച്ഛനും മാമ്മനും അത്യധികം വിഷമിച്ചു മുഖത്തോടുമുഖം നോക്കി കുറച്ചുനേരം മിണ്ടാതിരുന്നു. ഒരു ഭൂകമ്പം ഉണ്ടാകുമോ എന്നു ബാലനായ എനിക്കു ഭയമായി. സമയത്തിനു മുറുക്കാൻ സാധിച്ചില്ലെങ്കിൽ ഉണ്ടാകുന്ന കലാപം ഞാൻ കണ്ടിട്ടുള്ളതാണ്. പക്ഷേ, ആ സന്ദർഭത്തിൽ അച്ഛനല്ല അന്തേവാസിയായ മാമനാണ് ക്ഷോഭംകൊണ്ടു ജ്വലിക്കു ന്നതുപോലെ കാണപ്പെട്ടത്. സൗമ്യപ്രകൃതിയായ ആ സാധുമനുഷ്യൻെറ മുഖം പിംഗളപ്രഭമാകുന്നതും ശരീരം നിന്ന നില്പിൽ ക്ഷണനേരത്തേയ്ക്ക് സ്തംഭിക്കുന്നതും ഞാൻ കണ്ടു. അതു കഴിഞ്ഞ് എല്ലാ സന്ധികളിലുംനിന്ന് ഞൊട്ടപൊട്ടിച്ച ഭയങ്കരമായ ഒരു ഞെട്ടലോടെ കുനിഞ്ഞ് 'ദേണ്ടേ പാക്ക്'' എന്നു പറഞ്ഞ് അഞ്ച് പാക്ക് അച്ഛൻെറ മുമ്പിൽ ചെല്ലത്തിനടുത്ത് നിരത്തിവച്ചു. പക്ഷേ, അതിൽ ഒരെണ്ണംപോലും വെട്ടിക്കൊടുക്കുവാനോ

Digitized by Kerala Sahitya Akademi

ബാക്കി കാര്യങ്ങരം നോക്കവാനോ നിൽക്കാതെ മാമൻ അവിടെനിന്ന് പോവുകയും ചെന്നപാടെ പായവിരിച്ച് മാടിപ്പുതച്ച് കിടന്നുറങ്ങുകയും ചെയ്തു. 'ആഹാരം കഴിക്കാൻപോലും അവനെ വിളിച്ചുണർത്തരുത്'' എന്ന് അച്ഛനാജ്ഞാപിച്ചതുകൊണ്ട് ആരും അടുത്തു പോയില്ല.

ഈ കാഴ്ച കണ്ടപ്പോഴല്ല ഉറങ്ങാൻകിടന്ന് അതെപ്പററി ഓർമ്മിച്ചപ്പോഴാണ് എനിക്ക ഞെട്ടലുണ്ടായത്. പാവംപോലെ നടക്കുന്ന ഈ മാമ്മൻ ഭയങ്കരനാണല്ലോ! ഇല്ലാത്ത പാക്ക് നിന്നനില്പിൽ ഉണ്ടാക്കി എടുത്തല്ലോ; അത് ഒളിച്ചുവച്ചിരുന്നതല്ല എന്നു തീർച്ച. പിന്നെ എങ്ങനെയുണ്ടായി? ചെപ്പടി വിദ്യയോ? കൺകെട്ടോ? പക്ഷേ, ആ പാക്ക് അച്ഛൻ മുറുക്കവാൻ ഉപയോഗിച്ചല്ലോ. എന്താണ് മാമനെ വിളിച്ചുണർത്തരുത് എന്നു പറഞ്ഞത്? അച്ഛൻ പിന്നെ സംസാരിക്കുന്നത് കേട്ടില്ല. ഈ ചിന്തകളുടെ വ്യാമർദ്ദത്തിൽ ഒന്നിനും ഉത്തരം കിട്ടാതെ ഞാൻ ഉറങ്ങിപ്പോയി. വീണ്ടും നേരം വെളുത്തു. ഉണർന്ന ഉടനെതന്നെ ഞാൻ ചെല്ലത്തിൽ ചെന്നു നോക്കി. സംശയമൊന്നുമില്ല—നാലര പാക്ക് ബാക്കിയുണ്ട്. പിന്നെ മാമനെ നോക്കി. തൊഴുത്തിൽ പശുക്കളുടെ അടുത്ത് സുഹൃത്തുക്കളോടെന്നപോലെ അവയോട് എന്തൊക്കെയോ സംസാരിച്ചുകൊണ്ടു നിൽക്കുന്നു. ഒരു വ്യത്യാസവുമില്ല. പഴയ മനുഷ്യൻതന്നെ. എന്നാലും എന്തുകൊണ്ടോ തലേദിവസം രാത്രിയിൽ നടന്ന സംഭവത്തെപ്പററി ആ സന്ദർഭത്തിൽ സംസാരിക്കുവാൻ എനിക്ക ശങ്ക തോന്നി. മററുള്ളവരോട് ചോദിച്ചപ്പോരം അവരാരും അതു കണ്ടില്ലെന്നു പറഞ്ഞു. ഒടുവിൽ അച്ഛനോടുതന്നെ ചോദിച്ചു. 'എങ്ങനെന്ന് പറയാൻ വയ്യ. അവൻെറ ശക്തികൊണ്ട് വരുത്തിയതാണ്. അവരുടെ കുടുംബത്തിൽ പണ്ടു വലിയ മന്ത്രവാദികളുണ്ടായിരുന്നു' എന്നാണ് മറുപടി കിട്ടിയത്. ഇതുകൊണ്ടും എനിക്ക തൃപ്തിയായില്ല. അതുകൊണ്ട് മാമ്മനോട് നേരിട്ടു ചോദിച്ച് ഇതിൻെറ രഹസ്യം അറിയുവാൻ നിശ്ചയിച്ചു. മററാരുമില്ലാതെ തനിയേ ഇരിക്കുമ്പോരം

Digitized by Kerala Sahitya Akademi

ചോദിക്കണം. നല്ല ശീലത്തിലും ആയിരിക്കണം. അല്ലെങ്കിൽ 'ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ' എന്നു ഭാവിച്ചുകളയും. അങ്ങനെയുള്ള സൗകര്യം കിട്ടിയപ്പോഠം സ്നേഹത്തോടെ അടുത്തുചെന്ന് പ്രകടമായ ആദരഭാവത്തിൽ. 'അന്നു രാത്രി അച്ഛൻ മുറുക്കാൻ നിവൃത്തിയില്ലാതെ വിഷമിച്ചിരുന്നപ്പോഠം മാമ്മൻ പാക്കുണ്ടാക്കി കൊടുത്തത് എങ്ങനെയാണെന്ന് ചോദിച്ചു. ചുററുമൊന്നു കണ്ണോടിച്ചു മററാരും കേഠക്കുന്നില്ലെന്നു നിശ്ചയം വരുത്തിയശേഷം തുറന്ന ഹൃദയത്തോടെ ആ മനുഷ്യൻ മറുപടി പറഞ്ഞു.

'കുഞ്ഞേ, നിങ്ങളൊക്കെ പള്ളിക്കൂടത്തിൽ പഠിക്കുന്നവരാ. വിശ്വാസം വരത്തില്ല. എന്നാലും പറയാം. എനിക്കൊരു വല്യ ചേട്ടനുണ്ട്.'

'മാമ്മനോ?' ഞാൻ അക്ഷമനായി ചോദിച്ചു. 'അമ്മയും അച്ഛനും ചേട്ടനും അനിയനും ആരുമില്ലെന്നല്ലേ ഞങ്ങളോടു പറഞ്ഞിട്ടുള്ളത്.'

'പറേട്ടെ, അങ്ങേര് പണ്ടേ ചത്തുപോയി. എന്നാലും ഇപ്പോഴും ഉണ്ട്. ഞാൻ മനസ്സുനൊന്തു വിളിച്ചാൽ കേഠക്കും. ഓടിവരും. ചോദിക്കുന്നത് ഉടനെ തരും. ഞാൻ കൊച്ചായിരുന്നപ്പോഠം അങ്ങനെ പറഞ്ഞോണ്ടാ കണ്ണടച്ചത്.'

ഞാൻ ചോദിച്ചു. 'മരിച്ചുപോയ ആഠം എങ്ങനെയാ മാമ്മാ വിളിച്ചാൽ വരുന്നത്?'

മാമ്മൻ: 'അതാ പറഞ്ഞത് വിശ്വാസം വരത്തില്ലെന്ന്. വരും കുഞ്ഞേ; വരും വിളിക്കാണ്ടും വരും. കണ്ടിട്ടില്ല്യോ?'

ഞാൻ: 'എന്ത്?'

മാമ്മൻ: 'വെറുതെയിരിക്കുന്ന എന്നെ പിടിച്ച് കൊടയുന്നത്.'

ശരിയാണ്. മാമ്മനു ചിലപ്പോഠം ഭൂതാവേശം ഉണ്ടാകുന്നതു കണ്ടിട്ടുണ്ട്. ആ സമയത്ത് ആളിന്റെ ഭാവമേ മാറും. മറെറാരുസ്വരത്തിൽ വളരെ ഗൗരവത്തിലാണ് പിന്നത്തെ സംസാരം. പറയുന്നത് അധികവും

Digitized by Kerala Sahitya Akademi

മാമ്മൻെറ കാര്യങ്ങളാണ്. പ്രയാസങ്ങളും ആവശ്യങ്ങളും ദുഃഖങ്ങളും എല്ലാം വിസ്തരിക്കും. കുറ്റങ്ങളും കുറവുകളും പറഞ്ഞ് തന്നത്താൻ അടിക്കുന്നതും കണ്ടിട്ടുണ്ട്. ഇടയ്ക്കിടയ്ക്ക് കരിക്കിൻവെള്ളം വേണമെന്നു പറയും. തുള്ളലിൻെറ ആരംഭം കാണുമ്പോൾത്തന്നെ അതു തയ്യാറാക്കിയിട്ടുണ്ടാവും. മുന്നേമുക്കാൽ നാഴിക (ഒന്നരമണിക്കൂർ) നേരത്തേയ്ക്ക് മാത്രമേ ഈ ആവേശം നിൽക്കുകയുള്ളു. പക്ഷേ അതിനിടയ്ക്ക് പത്തുമുപ്പത് കരിക്കിൻെറ വെള്ളം കുടിച്ചു തീർക്കും. ആദ്യമൊക്കെ അതു കാണുമ്പോൾ കുട്ടികളായ ഞങ്ങൾ പേടിച്ചു വിറച്ചിരുന്നുവെങ്കിലും ക്രമേണ ഭയം നീങ്ങുകയും ഒരു മതകമ്മത്തിൻെറ ഉത്സാഹം തോന്നുകയും ചെയ്തു. അച്ഛനും മറ്റു മുതിർന്നവരും വളരെ ബഹുമാനത്തോടുകൂടി മാത്രമേ ആ സമയത്ത് സംസാരിച്ചിരുന്നുള്ളു. മാമ്മൻെറ കാര്യങ്ങൾ പറഞ്ഞശേഷം വീട്ടിൽ ആർക്കെങ്കിലും ദീനമോ ദണ്ഡമോ വിഷമങ്ങളോ ഉണ്ടോ എന്നു ചോദിക്കാറുണ്ട്. അങ്ങനെ എന്തെങ്കിലും ഉണ്ടെന്ന് പറഞ്ഞാൽ അതിനുള്ള പരിഹാരവും ഉടനെ നിർദ്ദേശിക്കും. അതിഭയങ്കരമായ ഈ ആയാസത്തിനു ശേഷം തള്ളിയിട്ടതുപോലെ നിലത്തു വീഴുകയാണ് പതിവ്. അരമണിക്കൂറോളം അങ്ങിനെ മരിച്ചതുപോലെ കിടക്കും. അതു കഴിയുമ്പോൾ സൗമ്യപ്രകൃതിയായ പഴയ മാമ്മൻ ഒന്നുമറിയാത്തതുപോലെ എഴുന്നേററ് വരും.

'ഞാൻ തുടർന്നു: 'കണ്ടിട്ടുണ്ട്, പേടിച്ചുപോകും'

മാമ്മൻ: 'എനിക്കും പേടിയാ. എന്നാലും അങ്ങേരു കൂടെയുള്ളതുകൊണ്ടാ ഞാൻ ഇങ്ങനെ നടക്കുന്നത്. അല്ലെന്നു വരികില് പണ്ടേ ചത്തേനെ. കുഞ്ഞോർക്കുന്നില്ലേ എന്നെ പാമ്പുകടിച്ചത്.'

ഞാൻ: 'ഓർക്കുന്നു. മാമ്മൻ തുള്ളിപറഞ്ഞപ്പോഴാണ് ഞങ്ങൾ അറിഞ്ഞത്. സുഖമില്ലെന്നു പറഞ്ഞപ്പോൾ പനിയായിരിക്കുമെന്നു വിചാരിച്ചു. പക്ഷേ, രാത്രിയായപ്പോൾ മൂടിപ്പുതച്ചുകിടന്ന മാമ്മൻ എഴുന്നേററു തുള്ളി. മുതിരക്കാലായിൽ പശുക്കിടാവിനു പുല്ലുപറിക്കാൻ

Digitized by Kerala Sahitya Akademi

പോയസമയത്ത് പാമ്പുകടിച്ചതും, കല്ലുകൊണ്ടു പാമ്പിൻെറ തലചതച്ചു കൊന്നതും,എല്ലാം വെളിവാക്കുന്നു.'

മാമൻ: 'അയ്യോ; എൻെറ കുഞ്ഞേ അതു പറയുമ്പം മേലു പെരുക്കുന്നു. അതുപോലെ എന്തെല്ലാം ആപത്തിൽ നിന്നു രക്ഷിച്ചു. എനിക്ക് ഒരു ദീനവും വന്നിട്ടില്ല. വരത്തുമില്ല. ഞാൻ മസൂരിയുള്ള വീട്ടിൽക്കിടന്ന് ഉറങ്ങിയിട്ടുണ്ട്. മററാരുമില്ലാത്തതുകൊണ്ട് ദീനക്കാരനെ കുളിപ്പിച്ചതും ഞാനാ. എന്നിട്ടും എനിക്ക് ദീനം വന്നില്ല. ആനയും കടുവയും ഉള്ള കൊടുംകാട്ടിലൂടെ ഉച്ചയ്ക്ക് നടന്നിട്ടുണ്ട്. കണ്ണിൽ ഇരുട്ടുകയറി വലിയ വായിൽ നിലവിളിച്ചിട്ടുണ്ട്. അന്നേരത്ത് അങ്ങേര് വരും.'

ഞാൻ: 'വരുന്നതു കാണാമോ മാമാ?'

മാമൻ: 'എന്തോന്നിന് കാണുന്നു? അറിഞ്ഞാപ്പോരയോ? കണ്ടതുകൊണ്ട് ഒരു കൃതോം ഇല്ല.'

ഞാൻ: 'അതു പോകട്ടെ അന്ന് പാക്കുകൊണ്ടു വന്നത് എവിടെന്നാണ്?'

മാമൻ: 'ഹാ! എനിക്കറിയാമോ? അങ്ങൂന്ന് വെററില തിന്നാഞ്ഞ് വിഷമിക്കുന്നത് കണ്ടപ്പോ എനിക്ക് സഹിച്ചില്ല. ഞാൻ ഉള്ളിൽ തട്ടി ഒന്നു വിളിച്ചു—പാക്കും കിട്ടി.'

ഞാൻ: 'ആട്ടെ മാമൻ, മാമൻെറ ചേട്ടനെ എനിക്കൊന്ന് കാണുകയോ അറിയുകയോ ചെയ്യണമെന്നുണ്ട്. സാധിക്കുമോ?'

മാമൻ: 'സാധിക്കും, പക്ഷേങ്കിലു നല്ല കരുത്തു വേണം. അല്ലേൽ താങ്ങത്തില്ല. തകർന്നുപോകും. കുറെ കഴിയട്ടെ. കുഞ്ഞിനെ വിറങ്ങലിപ്പിച്ച് വിഴുങ്ങാൻ വരുന്ന ആ കാഴ്ച ഞാൻ കാണിച്ചുതരാം.

മാമൻ പിന്നേയും ദീർഘകാലം ജീവിച്ചിരുന്നെങ്കിലും എൻെറ ജീവിതം, പഠിത്തവും പുസ്തകവും, ഉദ്യോഗവും മററുമായി മറെറാരു വഴിക്ക് തിരിഞ്ഞതുകൊണ്ട് ആ വാഗ്ദാനം പ്രയോജനപ്പെടുത്താൻ സാധിച്ചില്ല. ശാന്തനും സൗമ്യപ്രകൃതിയുമായ ആ സാധുമനുഷ്യൻ വാർദ്ധ

Digitized by Kerala Sahitya Akademi

കൃത്തിലെ പരിദേവനങ്ങളോ ശീലക്കേടുകളോ രോഗ പീഡകളോ ഇല്ലാതെ, ശിശുതുല്യനായി, 85 വയസ്സു വരെ ജീവിച്ചു. ഇക്കാലങ്ങളിൽ ഒരേയൊരു ആഗ്രഹം മാത്രമേ പ്രകടിപ്പിച്ചിരുന്നുള്ളു — 'അങ്ങുന്നിനെക്കാറം മുമ്പേ പോണം' എന്ന്. അത് ആഗ്രഹമെന്നതുപോലെ ജഗന്നിയന്താവിനോടുള്ള പ്രാർത്ഥനയും ആയിരുന്നു. ആ പ്രാർത്ഥന 'കീച്ചംപറമ്പിൽ കീഴക്കേതിൽ നാരായണൻ നാരായണൻ' (തിരുവാമ്പുളയപ്പൻ) കേട്ടു. അച്ഛൻ മരിക്കുന്നതിന് മൂന്നുവർഷം മുമ്പ്, 1963–ൽ മാമൻ കാലഗതിയെ പ്രാപിച്ചു. ദുഃഖവാർത്ത അറിയിച്ചുകൊണ്ട് അച്ഛൻ അന്നെഴുതിയ കത്ത് എന്നെ കരയിച്ചു.

മാമ്മൻ പറഞ്ഞ കഥയുടെ തത്ത്വം നേരിട്ടറിയുവാൻ സാധിച്ചില്ലെങ്കിലും, അതുപോലെയുള്ള പ്രതിഭാസങ്ങളെപ്പററി പില്ക്കാലത്തു നടത്തിയ അന്വേഷണത്തിനിടയ്ക്ക് ശാസ്ത്രീയ ചിന്തയ്ക്കു സമ്മതമായ ഒരു വ്യാഖ്യാനം കിട്ടുകയുണ്ടായി. ഈ വ്യാഖ്യാനം ഒററവാക്കിൽ അടങ്ങുന്നതാണ് 'എപ്പിലപ്സി' (അപസ്മാരം) അതിനെ അറിയുന്നതും അതിനെപ്പററി അറിയുന്നതും ഒന്നുതന്നെയാണെന്നുള്ള ധാരണയിൽനിന്ന് ജനിക്കുന്ന എല്ലാ വ്യാഖ്യാനങ്ങളേയുംപോലെ ഇതും വാക്കുകളെക്കൊണ്ടുള്ള കളിയാണ്. എന്നാലും അതിൽനിന്ന് ഒരു കാര്യം വ്യക്തമായി. ഈ പ്രതിഭാസം സാർവത്രികമാണ്. എല്ലാ സംസ്കാരങ്ങളിലും അതിൻെറ ആവിഷ്കരണങ്ങളുണ്ട്. അവയെല്ലാം ഏറെക്കുറെ സമസ്വഭാവങ്ങളുമാണ്. നാമരൂപങ്ങളിലൂടെ പ്രപഞ്ചരൂപമായ ഈ പ്രഹേളികയുടെ ആത്യന്തികസത്തയെ അവധാരണം ചെയ്യുവാൻ ശ്രമിക്കുന്ന എല്ലാ തത്ത്വജിജ്ഞാസുകളും ഒടുവിൽ കണ്ടുപിടിക്കുന്നതുപോലെ (ഇവയിൽ വേദാന്തചിന്ത മുതൽ പരമാണുശാസ്ത്രംവരെയുള്ള ഭഗീരഥപ്രയത്നങ്ങൾ മുഴുവനും ഉൾപ്പെടുന്നു) ഇതും അനുഭവിച്ചറിയുകയല്ലാതെ മറെറാരു വിധത്തിലും ഗ്രഹിക്കുവാൻ കഴിയുന്നതല്ല. അതിനുപകരം മാമ്മൻ പ്രദർശിപ്പിച്ചത് അപസ്മാരബാധയാണെന്നും, അച്ഛനുകൊടുത്ത പാക്ക് കൈയടക്കമായിരുന്നു എന്നും വല്യ

Digitized by Kerala Sahitya Akademi

ചേട്ടന്റെ ആവേശം മിഥ്യാപ്രലപനമാണെന്നും വ്യാഖ്യാനിക്കുന്നതുകൊണ്ട് യഥാർത്ഥമായ തത്ത്വബോധം ഉണ്ടാവുകയില്ല. ഈ മഹാസത്യത്തിന്റെ ഏററവും മനോഹരമായ ഉദീരണമാണ്, കാർലോസ് കാസ്റ്റനേഢ മെക്സിക്കൻ മരുഭൂമിയിലെ മന്ത്രവിദ്യാപാരമ്പര്യത്തെക്കുറിച്ച് ഈയിടെ പ്രസിദ്ധപ്പെടുത്തിയ നാലാമത്തെ പുസ്തകത്തിൽ* കാണുന്നത്.

ഡോൺ ജുവാൻ എന്ന വൃദ്ധമാന്ത്രികന്റെ ശിഷ്യത്വം സ്വീകരിച്ച് പത്തു വർഷക്കാലം നടത്തിയ ക്ലേശഭൂയിഷ്ഠമായ പരിശീലനത്തിന്റെ കലാശമാണ് അതിന്റെ വിഷയം. ഏതു കാര്യത്തെക്കുറിച്ചും യുക്തിവാദം നടത്തുവാനും ഗുരുമുഖത്തുനിന്ന് വീഴുന്നതു മുഴുവനും കടലാസിലാക്കുവാനും ആദ്യംമുതലേ വ്യഗ്രനായിരുന്ന ഗ്രന്ഥകാരനു തന്റെ യത്നം വ്യർത്ഥമാണെന്നും, മാന്ത്രികവിദ്യയുടെ രഹസ്യം ഗ്രഹിക്കുക എന്ന ലക്ഷ്യത്തിൽ എത്തുവാൻ തന്നെ സഹായിക്കുകയില്ലെന്നും അവസാനം ബോധ്യമാകുന്നു. ശിഷ്യനിൽ ആ ബോധോദയം കൈവരുത്തുവാനും നേരിട്ടുള്ള അനുഭൂതിയിലൂടെ താൻ പ്രതിനിധാനം ചെയ്യുന്ന ഗൂഢോപാസനയുടെ അദ്ഭുതശക്തികളും ആത്യന്തികരഹസ്യങ്ങളും അവനിൽ കൈപകരുവാനും ഡോൺ ജുവാൻ കരുതിക്കൂട്ടി ചെയ്യുന്ന ശ്രമം വിജയിക്കുകയും ചെയ്യുന്നു. ഗുരുവും ശിഷ്യനും മാത്രമല്ല വേറെയും രണ്ടു മൂന്നു വ്യക്തികൾ ഈ ഗ്രന്ഥത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. അതിലൊന്ന് ഡോൺ ജിനാറോ എന്ന മറെറാരു മാന്ത്രികനാണ്. മറെറാരാൾ ഈ മാന്ത്രികന്റെ ശിഷ്യനായ പാബ്ലിറേറാ. പിന്നെയൊന്ന് നെസ്റ്റോർ എന്ന ഒരു ആദ്യപാഠക്കാരൻ. ഇവരിൽ കാസ്റ്റനോഢ മാത്രമാണ് പാശ്ചാത്യ സംസ്കാരത്തിന്റെ പാരമ്പര്യത്തിൽ വളർന്നവൻ. ഒരു മാന്ത്രികനെ രൂപപ്പെടുത്തുന്ന പ്രക്രിയയിൽ ഗുരുവിന്റെ ശിക്ഷണം മാത്രം പോരെന്നും ഒരു മാതൃകാ

---

* Tales of Power by Carlos Castaneda, Hodder & Stoughton London, 1975.

Digitized by Kerala Sahitya Akademi

പുരുഷൻെറ അഭീഷ്ടദാനവും ആവശ്യമുണ്ടെന്നും ഡോൺ ജുവാൻ പറയുന്നുണ്ട്. ഈ സേവനമാണ് ജിനാറോ നിർവഹിക്കുന്നത്. ഗ്രന്ഥത്തിൽ വിവരിക്കുന്ന മാന്ത്രികശക്തി പ്രകടനങ്ങൾ അധികവും കാണിക്കുന്നത് ഈ സിദ്ധനാണ്. അതുപോലെ പാബ്ലിറോറോ എന്ന വിദ്യാർത്ഥിക്ക് ഡോൺ ജുവാൻ അഭീഷ്ടദായകനായി വർത്തിക്കുന്നു. അദ്ഭുതകരങ്ങളായ ശക്തിപ്രകടനങ്ങളുടെ വർണ്ണനകളോടൊപ്പം വളരെയധികം തത്ത്വജ്ഞാനവും വായനക്കാരനെ കോരിത്തരിപ്പിക്കുന്ന വികാരനിർഭരങ്ങളായ അനേകം മാനുഷികരംഗങ്ങളും ഈ ഗ്രന്ഥത്തിൽ കാണാവുന്നതാണ്. അല്പമൊരു ചരിത്രകഥനവുമുണ്ട്. നാനൂറുവഷം മുമ്പ് സ്പെയിനിൽനിന്ന് വന്ന നിഷ്ഠുരന്മാരായ പരാക്രമികൾ മെക്സിക്കോയിലെ ആദിവാസികളായ സ്വവർഗക്കാരെ നശിപ്പിച്ച കഥ ഡോൺ ജുവാൻ സൂചിപ്പിക്കുന്നു. വെള്ളക്കാരൻെറ അധിനിവേശം അവരിൽ ഭൂരിപക്ഷത്തേയും നരകദുഃഖം അനുഭവിപ്പിക്കുകയാണ് ചെയ്തതെങ്കിലും വിചിത്രമെന്നു പറയട്ടെ, അവരിൽ ഒരു കൂട്ടർക്ക് അതു പരമാനന്ദമായിരുന്നു. അവരാണ് നാടൻജനതയുടെ ഇടയ്ക്കുള്ള മാന്ത്രികന്മാർ. ഇക്കൂട്ടരുടെ ജീവിതത്തിലെ അതിപ്രധാന ഘടകങ്ങൾ വെള്ളക്കാരന് അജ്ഞാതവും ദുർഗ്രഹവും ആയിരുന്നു. അവയുടെ ഒരു സൂചനപോലും അവനു കിട്ടിയില്ല. നിസ്തുലമായ ഈ സൗകര്യത്തെ മാന്ത്രികന്മാർ പരമാവധി പ്രയോജനപ്പെടുത്തുകയും, തങ്ങളുടെ ഉപാസനയിൽ പൂർവാധികം ഉറച്ചുനിന്ന് പരാൽപരമായ ജീവിതാനന്ദം അനുഭവിക്കുകയും ചെയ്തു.

ഈ ചരിത്രകഥനത്തിനിടയ്ക്കാണ് ഡോൺ ജുവാൻ തൻെറ ശിഷ്യന്ന് ടോണൽ എന്നും നാഹ്വാൽ എന്നും ഉള്ള അടിസ്ഥാനഭൂതമായ മാന്ത്രികതത്ത്വങ്ങൾ ഉപദേശിച്ചുകൊടുക്കുന്നത്. ഇവയിൽ ആദ്യത്തേത് 'ജ്ഞാത'വും മററത് 'അജ്ഞാത'വുമാണെന്ന് നമ്മുടെ സാമാന്യരീതിയിൽ പറയാം. ഓരോ മനുഷ്യൻെറയും ടോണാൽ (ഇത് തോന്നൽ, തോററം എന്നൊക്കെയുള്ള പദങ്ങളോട് ബന്ധ

Digitized by Kerala Sahitya Akademi

പ്പെട്ടതാണോ എന്ന് ആർക്കറിയാം?) അവന്റെ ജനന ത്തോടുകൂടി ആരംഭിക്കുകയും മരണസമയത്ത് ഇല്ലാതാവു കയും ചെയ്യുന്നു. പക്ഷെ, നാഹവാൽ നാശമില്ലാത്ത താണ്. അതിന്നുമാത്രമേ സൃഷ്ടിക്കുവാൻ കഴിവുള്ളൂ. ഇതുകേട്ട മാത്രയിൽ കാസ്റ്റനേദ പറഞ്ഞു: 'ഈ സങ്കല്പം യൂറോപ്യൻ ചിന്തയിൽ സുപരിചിതമാണ്. നാഹവാൽ എന്നതിന് ഞങ്ങൾ ട്രാൻസെൻഡെൻറൽ ഈഗോ (Trancendental Ego) എന്നു പറയും.'

ഡോൺ ജുവാൻ: 'അതേ, പറയും. നീയും നിന്റെ പറച്ചിലും! നിന്റെ വാക്കുകൾക്ക്, ആരുടേയും വാക്കു കൾക്ക് നാഹവാൽ എന്ന അനിർവചനീയമായ സത്തയെ പ്രാപിക്കുവാൻ കഴിയില്ല. അത് മനുഷ്യന്റെ ബുദ്ധിക്ക് പിടിക്കാൻ കിട്ടാത്തതാണ്.'

കാസ്തനേദ: 'പറയുക മാത്രമല്ല, ഞങ്ങൾ സൃഷ്ടി ക്കുകയും ചെയ്യും. ഈ വമ്പിച്ച വാസ്തുശില്പങ്ങളും അത്ഭുത കരങ്ങളായ യന്ത്രവിശേഷങ്ങളും സത്യത്തിൽ സൃഷ്ടി യല്ലേ?'

ഡോൺ ജുവാൻ: 'അത് സൃഷ്ടിയോ? നീ എന്ത റിഞ്ഞു. അതിൽ വെറും ആക്കലും അഴിക്കലും അല്ലാതെ എന്തിരിക്കുന്നു? സാരഹീനമായ രൂപപരിവർത്തനം!'

കാസ്തനേദ: 'പിന്നെ എന്താണ് സൃഷ്ടി?'

'ഇതാ ഇതുതന്നെ.' എന്ന് പറഞ്ഞുകൊണ്ട് ഡോൺ ജുവാൻ തന്റെ കൈത്തലങ്ങൾ വളച്ചുപിടിച്ചു കാണിച്ചു. കണ്ടിട്ടോ കേട്ടിട്ടോ ഇല്ലാത്ത ഒരു വിചിത്ര ജന്തുവിനെ യാണ് കാസ്തനേ അതിനുള്ളിൽ കണ്ടത്. എന്ത് കാരണത്താലോ, അനല്പമായ ആയാസത്തിനുശേഷമേ അതിന്റെ രൂപം തെളിഞ്ഞുകണ്ടുള്ളൂ. അതൊരുതരം അണ്ണാനാണെന്ന് തോന്നി. പക്ഷേ, വാലിൽ മുള്ളുകളു ണ്ടായിരുന്നു. ഒന്നുകൂടി സൂക്ഷിച്ചുനോക്കിയപ്പോൾ അതിന് കണ്ണടകളും വലിയപല്ലുകളും ഉണ്ടെന്നുകണ്ടു. ഈ വിചിത്ര ജീവി ഡോൺ ജുവാന്റെ കൈയിലിരുന്ന് വലുതാകു വാൻ തുടങ്ങി. വളന്ന് വളന്ന് ഭീമാകാരമായി അത് ഇല്ലാ താവുകയും ചെയ്തു.

Digitized by Kerala Sahitya Akademi

ഡോൺ ജുവാൻ, അങ്ങേയററത്തെ പുച്ഛരസത്തിൽ, വചോവിദ്യയേയും കാസ്തനേദയുടെ തീരാത്ത നോട്ടെഴത്തിനേയും ഇടിച്ച് പറയുന്നുണ്ടെങ്കിലും കണ്ണു തെളിയാത്ത ശിഷ്യൻെറ പരാധീനതകളേയും പ്രയാസങ്ങളേയും പരിപൂർണ്ണമായി മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് പെരുമാറിയത്. വർണ്ണനകളും ഉപാഖ്യാനങ്ങളും ഉൽപ്രേക്ഷകളും ഉചിതമായി പ്രയോഗിച്ച് ശിഷ്യന് സംശയനിവൃത്തിവരുത്തുവാൻ ആ വൃദ്ധമാന്ത്രികൻ നിരന്തരം ശ്രമിക്കുന്നു. ഇത് അമേരിന്ത്യൻ മാന്ത്രികപാരമ്പര്യത്തിൻെറ സവിശേഷതയായി തോന്നുന്നു. മററ് സംസ്കാരങ്ങളിലെ മാന്ത്രികന്മാർ രൂക്ഷപ്രകൃതികളും മൃദുലവികാരങ്ങൾ ഇല്ലാത്തവരും ഹിംസാശീലരുമായിട്ടാണ് വർണ്ണിക്കപ്പെട്ടിട്ടുള്ളത്. റാസ്പുട്ടിൻ എന്ന പേരിൽ കുപ്രസിദ്ധി നേടിയ സൈബീരിയക്കാരനായ മാന്ത്രികൻ ഇക്കൂട്ടർക്ക് ഒരു മാതൃകയാണെന്ന് പറയാം. ഇക്കാരണത്താൽ എല്ലാ മാന്ത്രികന്മാരും ദുർമന്ത്രവാദികളും ആഭിചാരപ്രയോഗക്കാരും വർജ്ജിക്കപ്പെടേണ്ടവരാണെന്ന ധാരണയും സാർവ്വത്രികമായിത്തീർന്നിട്ടുണ്ട്. ഡോൺ ജുവാനും ഡോൺ ജിനാറോയും ഈ മാതൃകയിൽനിന്ന് എത്രയോ ഭിന്നരായിരിക്കുന്നു. ശ്രീകൃഷ്ണൻ അർജ്ജുനനോടെന്നപോലെ കുഞ്ഞേ, മകനേ, പൊന്നുംകുടമേ, എന്നൊക്കെ വിളിച്ച് സ്നേഹാമൃതത്താൽ അഭിഷേകം ചെയ്തുകൊണ്ടാണ് അവർ ശിഷ്യന്മാരെ മാന്ത്രികലോകത്തിലേയ്ക്ക് ആനയിക്കുന്നത്. അതോടൊപ്പം തങ്ങൾ ഉപദേശിക്കുന്ന ഗൂഢവിദ്യയെ കുട്ടിക്കളിയായോ നിസ്സാരകാര്യമായോ കരുതരുതെന്ന താക്കീതും നൽകുന്നുണ്ട്. ചില സന്ദർഭങ്ങളിൽ അത് മരണവുമായുള്ള മൽപ്പിടുത്തമാണെന്ന പ്രതീതിയും ജനിക്കുന്നു.

'മരണത്തെക്കുറിച്ചുള്ള ബോധമില്ലെങ്കിൽ ഇക്കാണുന്നതെല്ലാം കഥയില്ലായ്മയും അന്തസ്സാരശൂന്യവുമാണ്. വേട്ടപ്പട്ടിയെപ്പോലെ മരണം നമ്മെ പിന്തുടരുന്നതുകൊണ്ടാണ് ഈ ലോകം അത്യഗാധമായൊരു അത്ഭുതമായിരിക്കുന്നത്.'

Digitized by Kerala Sahitya Akademi

'നാം തേജോമയരായ ജീവികളാണ്. ഓരോ മനുഷ്യനും രണ്ട് ശക്തിവലയങ്ങളോടുകൂടിയാണ് ജനിക്കുന്നത്. എന്നാലും അവയിൽ ഒന്നുമാത്രമേ ഈ ലോകത്തെ സൃഷ്ടിക്കുവാൻ നാം ഉപയോഗിക്കുന്നുള്ളു. ജനനത്തോടൊപ്പം നമ്മെ കൊളുത്തിപ്പിടിക്കുന്ന ഈ വലയമാണ് യുക്തി; അതിൻെറ സഹയാത്രികൻ ഭാഷണവും. ഇവ രണ്ടുംകൂടി ഈ ലോകത്തെ പണിഞ്ഞുണ്ടാക്കി നിലനിർത്തിക്കൊണ്ടുപോകുന്നു.'

'നിനക്ക് മനസ്സിലാകുന്നില്ലെങ്കിൽ നീ ഭാഗ്യവാനാണ്. മനസ്സിലായി എന്ന് കരുതുമ്പോഴാണ് നീ കുഴപ്പത്തിൽ വീഴുന്നത്. ഇതുപക്ഷേ, മാന്ത്രികൻെറ വീക്ഷണമാണ്. സാധാരണ മനുഷ്യൻെറ ദൃഷ്ടിയിൽ, മനസ്സിലാക്കുവാൻ കഴിഞ്ഞില്ലെങ്കിൽ ജീവിതം വ്യർത്ഥമായി എന്നാണ് അർത്ഥം.' നാഹ്വാൽ അനുഭവിക്കാനുള്ളതാണ്. വർണ്ണിക്കുവാനോ വ്യാഖ്യാനിക്കുവാനോ ഉള്ളതല്ല എന്ന തത്ത്വം ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടി ഡോൺ ജുവാൻ പറയുന്ന വാക്കുകളാണിവ. ആ ഉപദേശം ഇങ്ങിനെ തുടരുന്നു. 'നാം ഒരു കുമിളക്കകത്താണെന്ന് മാന്ത്രികന്മാർ പറയുന്നു. ഭൂമിയിൽ പിറക്കുമ്പോൾ നാം അതിൻെറ ഉള്ളിലേക്കാണ് നേരെ വീഴുന്നത്. ആദ്യം ഈ കുമിള തുറന്നിരിക്കുന്നു. പിന്നെ അത് അടയുവാൻ തുടങ്ങുകയും അവസാനം നമ്മെ മുഴുവനും മൂടിക്കളയുകയും ചെയ്യുന്നു. അതിൻെറയുള്ളിലാണ് നമ്മുടെ പിന്നത്തെ ജീവിതം. ഈ കുമിള നമ്മുടെ ബോധമാണ്. അതിൻെറ വർത്തുളമായ ഭിത്തിയിൽ നാം കണ്ടുകൊണ്ടിരിക്കുന്നതു നമ്മുടെ പ്രതിച്ഛായ മാത്രവും.'

കേംബ്രിഡ്ജ് സർവ്വകലാശാലയിൽ തത്ത്വജ്ഞാനം പഠിപ്പിക്കുകയും മഹാചിന്തകനായ ബർട്രൻഡ് റസ്സലിനെപ്പോലും ഉത്തരം മുട്ടിക്കുകയും ചെയ്ത വിററ്ഗൻസ്റ്റൈൻ ഒരിക്കൽ പറഞ്ഞു, അറിവ് ദഹനമാണെന്ന്. വിദ്യാഭ്യാസത്തെക്കുറിച്ചുള്ള വിചിന്തനത്തിനിടയ്ക്ക് ചെയ്ത ഈ പ്രസ്താവന വെറും ഉൽപ്രേക്ഷയാണെന്ന് തോന്നുന്നില്ല. ജ്ഞാനസമ്പാദനത്തിൽ മനസ്സും ബുദ്ധിയും മാത്രമെ

Digitized by Kerala Sahitya Akademi

അന്തർഭവിക്കുന്നുള്ള എന്ന സങ്കല്പത്തെ ഭഞ്ജിക്കുവാനുള്ള പ്രയോഗമാണ് അതെന്ന് ഞാൻ കരുതുന്നു. ഏതായാലും മെക്സിക്കൻ മരുഭൂമിയിലെ മാന്ത്രികന്മാർ കാർളോസ് കാസ്റ്റനേദക്ക് അനുഭവഗോചരമാക്കിയ മഹാസിദ്ധികൾ മനസ്സിനേക്കാൾ ശരീരത്തോട് എത്രയോ കൂടുതൽ ബന്ധപ്പെട്ടവയാണെന്ന പ്രതീതിയാണ് ഈ ഗ്രന്ഥം ജനിപ്പിക്കുന്നത്. മാന്ത്രികന്മാർ യോദ്ധാക്കളാണെന്നും കരുത്തുള്ളവരായിരിക്കണമെന്നും മരണത്തെപ്പോലും ഭയപ്പെടരുതെന്നും ഡോൺ ജുവാൻ കൂടെക്കൂടെ തന്റെ ശിഷ്യന്മാരെ ഉപദേശിക്കുന്നുമുണ്ട്. ഗൂഢശക്തികളുമായുള്ള ആദ്യത്തെ സമ്പർക്കത്തിൽ കാസ്റ്റനേദക്ക് ഇക്കാരണത്താൽ ബീഭത്സമായ ഒരനുഭവമുണ്ടായി. മാന്യമായി വസ്ത്രധാരണംചെയ്ത് കാറിൽ യാത്ര ചെയ്ത് ചെന്ന ആ മനുഷ്യനു ഗുരുസന്നിധിയിൽ വിജനപ്രദേശത്തുവെച്ചുണ്ടായ ഭൂതാവേശത്തിന്റെ ആഘാതത്താൽ അറിയാതെ വയറൊഴിയുകയും, തന്റെ വസ്ത്രങ്ങളുപേക്ഷിച്ച് നഗ്നനായി നടന്നുവന്ന് കാറിൽ കയറി മടങ്ങിപ്പോരുകയും ചെയ്യേണ്ടിവന്നു. അതിനുശേഷം വസ്ത്രങ്ങൾ അഴിച്ചുമാററിയിട്ടേ ഉപാസനാകർമ്മത്തിൽ ഏർപ്പെട്ടിരുന്നുള്ളു എന്ന് പറയുന്നു.

ഇങ്ങനെ സുദീർഘവും ക്ലേശകരവും അനന്യസാധാരണവുമായ ശിക്ഷണത്തിന്റെ പരിസമാപ്തിയിൽ ലോസാഞ്ജലസ്സിലെ ഈ സർവ്വകലാശാലാ ഗവേഷകൻ ഗുരുസമ്മതനായ ഒരു മാന്ത്രികനായിത്തീർന്നു. അജ്ഞാതശക്തികളുടെ അങ്കതലത്തിലേയ്ക്കുള്ള തീർത്ഥയാത്രയുടെ അത്ഭുതസിദ്ധികൾ നേടി, തന്റെ ഉപകർത്താക്കളോടും സതീർത്ഥ്യരോടും യാത്ര പറയുന്ന അവസാനരംഗം ഏററവും ഹൃദയസ്പൃക്കമാണ്. തനിക്ക് തന്റെ വസ്ത്രങ്ങൾ മാത്രമല്ല, വിശ്വമോഹനമെന്നു താൻ കരുതിയിരുന്ന തന്റെ യുക്തിവിചാരവും അക്ഷരവിദ്യയുംകൂടി അഴിച്ചുകളയേണ്ടിവന്നു എന്ന് കാസ്റ്റനേദ പ്രസ്താവിക്കുന്നു. അതിൽ അദ്ദേഹത്തിനു ഖേദമില്ലെന്നു മാത്രമല്ല, അവാച്യമായ ആനന്ദവും സംതൃപ്തിയും കൈവന്നതായും കാണുന്നു. എന്നാൽ അജ്ഞാതത്തിന്റെ ബന്ധനസ്ഥനായിത്തീർന്ന ആ മനുഷ്യനു താൻ

Digitized by Kerala Sahitya Akademi

കൂട്ടുപിരിയുകയാണെന്നും, ഇനിമേൽ ഞാൻ ഏകാകിയാണെന്നും ഓർമ്മിച്ചപ്പോൾ എന്തെന്നില്ലാത്ത സങ്കടമുണ്ടായി. 'ഒരു യോദ്ധാവിനു ദുഃഖവും വേദനയും ഒഴിവാക്കുവാൻ സാധിക്കുകയില്ല. അവസ്ഥക്ക് അടിമപ്പെട്ട് വിവശനാകാതിരിക്കുവാനേ കഴിയൂ' എന്ന് ഡോൺ ജുവാൻ നേരത്തേ പറഞ്ഞത് എത്രയോ ശരിയാണെന്ന് കാസ്റ്റനേദയ്ക്ക് ബോദ്ധ്യമായി.

'ഞങ്ങളെല്ലാം ഏകാകികളാണ്, കാർളിറേറാസ്. അതാണ് ഞങ്ങളുടെ സ്ഥിതി' എന്ന് ഡോൺ ജിനാറോ പറഞ്ഞു. 'പക്ഷേ ഏകാകിയായി മരിക്കുകയെന്നാൽ നിസ്സഹായതയിൽ മരിക്കുക എന്നല്ല അർത്ഥം' എന്ന് ഡോൺ ജുവാൻ കൂട്ടിച്ചേർത്തു.

നേരം രാത്രിയായി. ആ സമയത്ത് അങ്ങകലെനിന്നു മരുഭൂമിയിലെ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ട് ഒരു പട്ടിയുടെ മോങ്ങൽ അവിടെ മുഴങ്ങിക്കേട്ടു. അത് തെക്കുഭാഗത്തുള്ള താഴ്വരയിൽ സ്ഥിതിചെയ്യുന്ന ഒരു ഭവനത്തിൽ നിന്ന് വരുന്നതാണെന്നും, വാസ്തവത്തിൽ അതിലൂടെ ഒരു മനുഷ്യന്റെ രോദനമാണ് കേൾക്കുന്നതെന്നും ഡോൺ ജുവാൻ വിശദീകരിച്ചു. ആ മനുഷ്യനും അവന്റെ പട്ടിയും ഒരുപോലെ, ജീവിതത്തിൽ തളക്കപ്പെട്ടു കിടക്കുകയാണ്. അതിന്റെ ദുഃഖവും മടുപ്പുമാണ് ആ കരച്ചിലിൽ നിറഞ്ഞു നിൽക്കുന്നത്. ഇതാണ് ഭൂരിപക്ഷം മനുഷ്യരുടെയും ജീവിതാനുഭവം. സാമാന്യം സുഖത്തിൽ കഴിഞ്ഞ ഒരു ആയുഷ്ക്കാലത്തിന്റെ അവസാനത്തിൽ തങ്ങളുടെ ജീവിതം ഏതാനും മണിക്കൂറുകൾ മാത്രമേ നീണ്ടുനിന്നുള്ളുവെന്ന് അവക്ക് തോന്നും. നിസ്സാരങ്ങളായ ശല്യങ്ങളുടേയും വിട്ടുമാറിയിട്ടില്ലാത്ത ക്ഷീണത്തിന്റെയും സ്മരണകൾ മാത്രം ശേഷിക്കും. ഒരു ജോലിയുമില്ലാതെ ചെലവഴിച്ച ഒരു മുഷിപ്പൻ സായാഹ്നംപോലെ പെട്ടെന്ന് അതും തീരും. ആകപ്പാടെ ഇരുട്ട് വീഴുകയുംചെയ്യും.

'ഈ വിഷബാധയ്ക്കുള്ള പ്രത്യൗഷധം ഇതാ ഇവിടെയുണ്ട്.' തന്റെ മുമ്പിലുള്ള ഭൂമിയെ തലോടിക്കൊണ്ട് ഡോൺ ജുവാൻ പറഞ്ഞു. ശിഷ്യന്മാർ രണ്ടുപേരും കണ്ണു

Digitized by Kerala Sahitya Akademi

നീരിൽ കളിച്ച് വിഷാദമൂകരായി നില്ക്കുകയാണ്. 'നിങ്ങൾക്ക് അഭീഷ്ടസിദ്ധി കൈവന്നുവെങ്കിലും, അതിന്റെ യാതൊരു ലക്ഷണവും കാണുന്നില്ല. നിങ്ങൾ എന്നത്തേക്കാളും അധികം നിസ്സഹായരായിത്തീർന്നിരിക്കുന്നു. നിങ്ങളെ സംരക്ഷിക്കുന്ന ഈ ഭൂമിയുടെ നേർക്ക് അചഞ്ചലമായ സ്നേഹമില്ലെങ്കിൽ ഏകാന്തത പരമദുസ്സഹമായ നിസ്സഹായതയാണ്.'

അവസാനത്തെ ഈ ഉപദേശത്തോടുകൂടി ഗുരുഭൂതന്മാർ എഴുന്നേററു. അവർ ആദ്യം പാബ്ലിറേറായുടെ അടുത്തുചെന്ന് അവന്റെ കണ്ണുകളിൽ എന്തോ മന്ത്രിച്ചു. അതു കഴിഞ്ഞു, കാസ്റ്റനേദയുടെ അടുത്തുവന്നു ഡോൺ ജിനാറോ പറഞ്ഞു. 'ഞങ്ങളിതാ പെരുവഴിയിലെ പൊടിപടലങ്ങളായി മാറുന്നു. ഒരുപക്ഷേ, എന്നെങ്കിലുമൊരിക്കൽ അത് വീണ്ടും നിന്റെ കണ്ണുകളിൽ കയറിയേയ്ക്കാം.'

ആ രണ്ടു മാന്ത്രികരും പിന്നോട്ടു നീങ്ങി മരുഭൂമിയെ ആവരണം ചെയ്ത ഇരുട്ടിൽ അപ്രത്യക്ഷരായി. പാബ്ലിറേറാ കാസ്റ്റനേദയുടെ കൈത്തണ്ടയിൽ പിടിച്ചുകൊണ്ട് യാത്രപറഞ്ഞു.

അതിനുശേഷം അവർ രണ്ടുപേരും അടക്കുവാൻ കഴിയാത്ത ഒരു ശക്തിയുടെ തള്ളലാൽ മുന്നോട്ടു പാഞ്ഞ് താഴ്‌വരയിലേയ്ക്ക് കുതിച്ചു ചാടി. അടുത്ത മാത്രയിൽ താൻ ഒററയ്ക്കു നിൽക്കുന്നതാണ് കാസ്റ്റനേദ കണ്ടത്.

ഭുവനഗോളത്തിന്റെ മറുവശത്ത്, മെക്സിക്കൻ മരുഭൂമിയിൽ കൈയുയർത്തി നിൽക്കുന്ന ഭീമാകാരങ്ങളായ മനുഷ്യസത്വങ്ങളെപ്പോലെ കള്ളിച്ചെടികളുടെ ഇടയ്ക്ക്, വിജനവും നിശ്ചലവുമായ രാത്രിയിൽ കാസ്റ്റനേദയ്ക്കുണ്ടായ ആത്മാനുഭൂതികളുടെ കണികയല്ലേ, കുന്നും വയലും കരിമ്പിൻതോട്ടങ്ങളും കേരവൃക്ഷങ്ങളും നിറഞ്ഞ പമ്പാതീരത്തെ ഗ്രാമീണഭവനത്തിൽവച്ച്, എന്റെ ബാല്യകാലത്ത് ആരോരുമില്ലാത്ത മാമ്മൻ പറഞ്ഞ പഴങ്കഥയുടെ പൊരുളിലും ലയിച്ചു കിടക്കുന്നത്?

Digitized by Kerala Sahitya Akademi

# ശ്രീരാമകൃഷ്ണപരമഹംസൻ

ഒരു നൂററാണ്ടിനുമുമ്പ്, ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണം ഉറയ്ക്കുകയും, ലോകമേധാവിത്വം നേടിയ പാശ്ചാത്യരാജ്യക്കാരുടെ ജീവിതവീക്ഷണവും ലൗകികാദർശങ്ങളും ജനങ്ങളുടെ ഇടയ്ക്കു പ്രചരിക്കുകയും ചെയ്ത കാലത്താണ് വിശ്വവന്ദ്യനായ ശ്രീരാമകൃഷ്ണപരമഹംസൻ ജീവിച്ചത്. 1836 മുതൽ 1886 വരെ, അമ്പതുവർഷം മാത്രമേ ആ മഹാപുരുഷൻെറ ആയുസ്സ് നീണ്ടുനിന്നുള്ളൂ എങ്കിലും അതിനകംതന്നെ അദ്ദേഹം മനുഷ്യരാശിക്ക് മാർഗദീപമായിത്തീർന്ന്, ഈ പ്രാചീന രാജ്യത്തിൻെറ ചരിത്രത്തെ ഒരു പുതിയ ലക്ഷ്യത്തിലേയ്ക്ക് തിരിച്ചുവിട്ടു.

ബംഗാളിലെ ഒരു കുഗ്രാമത്തിൽ, യാഥാസ്ഥിതിക പാരമ്പര്യം പുലർത്തിയ ഒരു വൈഷ്ണവ ബ്രാഹ്മണകുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. അച്ഛനമ്മമാരിൽനിന്നു കിട്ടിയ പേര് ഗദാധര ചട്ടോപാധ്യായൻ, അഥവാ ഗദാധർ ചാററർജി എന്നായിരുന്നു. രാമകൃഷ്ണൻ എന്ന പേര് എങ്ങനെ വന്നുകൂടി എന്നും ആരു നൽകി എന്നും തീർച്ചയില്ല. പക്ഷേ, ആ പേരിലാണ് അദ്ദേഹം പില്ക്കാലത്ത് അറിയപ്പെട്ടത്. ജന്മദേശത്തെ ഗ്രാമീണ വിദ്യാലയത്തിൽ ചേർന്നു എങ്കിലും കഷ്ടിച്ച് എഴുതാനും വായിക്കാനും മാത്രമേ അദ്ദേഹം പഠിച്ചുള്ളു. പിതാവിൻെറ മരണശേഷം മൂത്ത ജ്യേഷ്ഠൻെറ കൂടെ അദ്ദേഹം കൽക്കത്തയിൽ പോയി. ആയിടയ്ക്ക് റാണി രാസ്മണി എന്ന പ്രഭ്വി, കൽക്കത്തയ്ക്ക് നാലുമൈൽ വടക്കുമാറി, ഗംഗാനദിയുടെ തീരത്ത് ദക്ഷിണേശ്വരം എന്ന സ്ഥലത്ത് ഒരു വലിയ ക്ഷേത്രം പണിയിച്ചു. 1885–ലാണിത്. അവിടുത്തെ കാളിപ്രതിഷ്ഠയുടെ പൂജാരിയായിട്ടാണ് ശ്രീരാമകൃഷ്ണൻ ശേഷമുള്ള ആയുഷ്കാലം കഴിച്ചത്. റാണിയും അവരുടെ ജാമാതാവായ മഥുർ ബാബുവും ശ്രീരാമകൃഷ്ണൻെറ സംരക്ഷണത്തിനുവേണ്ടി എല്ലാ സൗകര്യങ്ങളും ഉദാരമായി ചെയ്തുകൊടുത്തു.

Digitized by Kerala Sahitya Akademi

ദക്ഷിണേശ്വരത്ത് താമസം തുടങ്ങി അല്പകാലത്തിനിടയ്ക്ക് ഏറെക്കുറെ നിരക്ഷരനെന്നുതന്നെ പറയേണ്ട ഈ ശാന്തിക്കാരൻ നിരന്തരമായ ധ്യാനവും, അതികഠിനമായ തപശ്ചര്യകളുംകൊണ്ട് ഈശ്വരസാക്ഷാത്കാരം നേടുകയും, അമ്പതുവർഷംമാത്രം നീണ്ടുനിന്ന തന്റെ ആയുഷ്കാലത്തിനുള്ളിൽതന്നെ മഹാത്മാവെന്നും ലോകാചാര്യനെന്നും അവതാരപുരുഷനെന്നും ഉള്ള പദവികളെ പ്രാപിക്കുകയും ചെയ്തു. തന്റെ പൂജാവിഗ്രഹമായ കാളി അദ്ദേഹത്തിന്റെ അന്തർനേത്രങ്ങൾക്കു മാത്രമല്ല, മാംസചക്ഷുസ്സുകൾക്കും ജന്തുസന്താനചിന്താമണിയായ ജഗദംബികയായി രൂപാന്തരപ്പെട്ടു. അമ്മയെ മുഖത്തോടുമുഖം കാണുക മാത്രമല്ല, ആ പ്രേമവാത്സല്യമൂർത്തിയോട് ദൈനംദിന സംഭാഷണങ്ങൾ നടത്തുക എന്നതും അദ്ദേഹത്തിന്റെ പതിവായിത്തീർന്നു. നിഷ്കന്മഷബുദ്ധിയായ ശിശുവിനെപ്പോലെ കളിച്ചും ചിരിച്ചും കരഞ്ഞും ശാഠ്യംപിടിച്ചും തുള്ളിക്കളിച്ചും അമ്മയുടെ കാരുണ്യചന്ദ്രികയിൽ ആറാടി അദ്ദേഹം ദിനരാത്രങ്ങൾ കഴിച്ചു. അന്നത്തെ കാലത്തു മാത്രമല്ല, ഇന്നത്തെ കാലത്തും ഈ അനുഭൂതികളും തൽഫലമായ ചേഷ്ടാവിശേഷങ്ങളും മററുള്ളവരുടെ സംശയത്തിനും അവിശ്വാസത്തിനും ആക്ഷേപത്തിനും വിഷയമാകുമെന്ന് പറയേണ്ടതില്ലല്ലോ. സാധാരണ മനുഷ്യൻ ജനനം മുതൽക്ക് കണ്ടറിഞ്ഞും കേട്ടുശീലിച്ചും രൂപവൽക്കരിച്ചിരിക്കുന്ന പ്രപഞ്ചചിത്രത്തെ ഭഞ്ജിക്കുന്ന ഇത്തരം പെരുമാററം മററുള്ളവരെ അരിശം കൊള്ളിക്കുന്നു. അത് ചിത്തരോഗത്തിന്റേയും ഭ്രാന്തിന്റേയും ലക്ഷണങ്ങളായി വ്യാഖ്യാനിക്കപ്പെടുന്നു. ശ്രീരാമകൃഷ്ണനും ഈ അപഖ്യാതിക്കു പാത്രമാകാതിരുന്നില്ല. അദ്ദേഹത്തിനുതന്നെയും അതിന്റെ അർത്ഥമഹത്വം ആദ്യമൊന്നും ഗ്രഹിക്കുവാൻ സാധിച്ചില്ല. അല്പമൊരു വികാരാവേശമുണ്ടായാൽ ആ നിമിഷത്തിൽ അദ്ദേഹം പരിസരങ്ങൾ മറന്ന് ശരീരബോധം നശിച്ച്, സമാധിയിൽ ലയിക്കും. കുറെനേരം കഴിഞ്ഞ് അതിൽനിന്നും ഉണർന്നുവരുമ്പോൾ സാധാ

Digitized by Kerala Sahitya Akademi

രണരീതിയിൽ പെരുമാറുകയും ചെയ്യും. ഒന്ന രണ്ടല്ല പന്ത്രണ്ട സംവത്സരങ്ങളാണ് അദ്ദേഹം ഈ ദിവ്യാനുഭൂതികളിൽ ലയിച്ച്, രമിച്ച് അവയുടെ ആഹ്ലാദത്താൽ പരവശനായി ജീവിച്ചത്. റാണി രാസ്മണിയുടെയും മഥുർ ബാബുവിൻെറയും സ്നേഹാദരപൂർണ്ണമായ സംരക്ഷണവും, സഹോദരീപുത്രനായ ഹൃദയചന്ദ്രമുഖർജിയുടെ പരിചരണവുമാണ് ദൈവശക്തിയുടെ ലീലാവേദിയായിത്തീർന്ന ആ ദുർബലശരീരത്തെ അക്കാലങ്ങളിൽ നിലനിർത്തിയത്.

ഇങ്ങനെ നാലുവർഷങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹം എന്തെന്നില്ലാതെ ക്ഷീണിച്ചു. ദക്ഷിണേശ്വരത്തെ ദിനചര്യകളിൽനിന്ന് ഒരു മാററവും കുറച്ചുകാലത്തെ വിശ്രമവും ലഭിക്കുന്നതിനുവേണ്ടി ശ്രീരാമകൃഷ്ണൻ താൻ ജനിച്ചു വളർന്ന ഗ്രാമത്തിലേയ്ക്കു പോയി. പക്ഷേ, അവിടെയും കാളി അദ്ദേഹത്തെ കൈവിട്ടില്ല. ഇങ്ങനെയൊരു ജീവിതം കണ്ടിട്ടില്ലാത്ത ബന്ധുമിത്രാദികൾ പരിഭ്രാന്തരായി. പലതരം ചികിത്സകൾ നടത്തിനോക്കി. ഒരു ഫലവും ഉണ്ടായില്ല. അപ്പോൾ വിവാഹം ചെയ്യിക്കാമെന്ന് നിശ്ചയിച്ചു. വൃദ്ധയായ മാതാവിൻെറ അഭ്യർത്ഥനകൾക്കു വശംവദനായി ശ്രീരാമകൃഷ്ണൻ സമ്മതിച്ചു. എന്നല്ല, അദ്ദേഹംതന്നെ വധുവിനെ നിർദ്ദേശിക്കുകയും ചെയ്തു. അടുത്തൊരു ഗ്രാമത്തിലുള്ള വെറും അഞ്ചുവയസ്സുമാത്രം പ്രായമായ ശാരദാമണിദേവി എന്ന ബാലികയായിരുന്നു അത്. പ്രായപൂർത്തിയെ പ്രാപിച്ചശേഷം ഈ വധുരത്നം ദക്ഷിണേശ്വരത്തുവരികയും ശ്രീരാമകൃഷ്ണൻെറ ആരാധികയായി മാത്രം ജീവിച്ച് തൻെറ ജീവിതം ധന്യമാക്കി പരിപൂർണ്ണമായ ആത്മസംതൃപ്തി നേടുകയും ചെയ്തു.

വിവാഹം കഴിഞ്ഞ് ശ്രീരാമകൃഷ്ണൻ വീണ്ടും ദക്ഷിണേശ്വരത്തു വന്നു. ആയിടയ്ക്കു് ഭൈരവി ബ്രാഹ്മണി എന്നൊരു വൈഷ്ണവയോഗിനി തൻെറ തീർത്ഥാടനങ്ങൾക്കിടയിൽ അവിടെ വരികയും ശ്രീരാമകൃഷ്ണൻെറ മാഹാത്മ്യം മനസ്സിലാക്കി അതേപ്പററി സൂക്ഷ്മനിരീക്ഷണം നട

Digitized by Kerala Sahitya Akademi

ത്തുകയും ചെയ്തു. അവരാണ് അദ്ദേഹം അവതാരപുരുഷ നാണെന്ന് ആദ്യം പ്രഖ്യാപിച്ചത്. ഇത് വലിയ വിവാദത്തിന് ഇടയാക്കി. അക്കാര്യം തീരുമാനിക്കുന്ന തിനുവേണ്ടി മതപണ്ഡിതന്മാരുടെ ഒരു തക്പെരിഷത്ത് നടത്തി. അവിടെവച്ച് വൈഷ്ണവചരൻ, ഗൗരീകാന്തൻ, എന്ന രണ്ടു മഹാപണ്ഡിതന്മാർ ബ്രാഹ്മണിയുടെ പ്രഖ്യാപനം ശരിവച്ചു. ഇതുകേട്ടപ്പോൾ 'രോഗമല്ലെന്നു അറിഞ്ഞത് വളരെ സന്തോഷം' എന്നാണ് ശ്രീരാമകൃഷ്ണൻ പറഞ്ഞത്. ഇതോടെ അദ്ദേഹത്തിന്റെ അത്ഭുതജീവിതത്തെക്കുറിച്ചുള്ള കഥകൾ പ്രസിദ്ധമായി. സംഭാഷണം കേൾക്കുന്നതിനും, അദ്ദേഹത്തെ നേരിൽ കാണുന്നതിനും വേണ്ടി ധാരാളമാളുകൾ ദക്ഷിണേശ്വരത്തു വന്നുതുടങ്ങി. ഇക്കൂട്ടത്തിൽ സംശയാലുക്കളോടൊപ്പം യഥാർത്ഥ ജിജ്ഞാസുക്കളുമുണ്ടായിരുന്നു. സമാധിയും ദിവ്യാനുഭൂതികളും മാത്രം ലഭിച്ചതുകൊണ്ടു തൃപ്തിപ്പെടാതെ യോഗവിദ്യയിലെ സങ്കീർണ്ണസാധനകൾ പരിശീലിച്ച് ആത്മികജീവിതത്തിന്റെ പരമോന്നതശൃംഗങ്ങളെ പ്രാപിക്കുവാൻ ശ്രീരാമകൃഷ്ണൻ നിശ്ചയിച്ചു. ഭൈരവി ബ്രാഹ്മണിതന്നെ ആറുവർഷം അദ്ദേഹത്തിന്റെ അന്തികത്തിൽ താമസിച്ച് മാന്ത്രികസാധനകൾ അഭ്യസിപ്പിച്ചു. പിന്നീട് തോതാപുരി എന്ന ദിഗംബരനായ അവധൂതൻ അദ്ദേഹത്തിനു സന്ന്യാസദീക്ഷ നൽകി നിർവികൽപ്പസമാധിയുടെ പരിപാടികൾ പരിശീലിപ്പിക്കുകയും പരാൽപരമായ ആ യോഗാനുഭൂതിയിലേയ്ക്കു് അദ്ദേഹത്തെ ആനയിക്കുകയും ചെയ്തു. അടച്ചുപൂട്ടിയ ഒരു മുറിയിൽ മൂന്നു രാത്രിയും, മൂന്നു പകലും ശ്രീരാമകൃഷ്ണൻ നിഷ്പന്ദചേഷ്ടനായി സ്ഥിതി ചെയ്തുവത്രെ! തോതാപുരി ഈ സമയമത്രയും മുറിക്കു വെളിയിൽ കണ്ണുപൂട്ടാതെ കാവൽ നിന്നു. വീണ്ടും മുറി തുറന്നപ്പോൾ ആ ദിവ്യശരീരം അദ്ധ്യാത്മപ്രകാശത്തിൽ ആറാടി ആനന്ദതുന്ദിലമായി സ്ഥിതിചെയ്യുന്നതായിട്ടാണ് കണ്ടത്. ആ ചിദാനന്ദശൃംഗത്തിൽനിന്ന് ചെവിയിൽ ഓംകാരമന്ത്രം ജപിച്ച് തോതാപുരി അദ്ദേഹത്തെ

Digitized by Kerala Sahitya Akademi

പതുക്കെപ്പതുക്കെ സാധാരണ ലോകത്തിലേയ്ക്ക് ഇറക്കി ക്കൊണ്ടുവന്നു.

ഹൈന്ദവസാധനകളുടെ വിവിധ സമ്പ്രദായങ്ങളി ലൂടെ മാത്രമല്ല ശ്രീരാമകൃഷ്ണൻ ഈശ്വരസാക്ഷാൽക്കാരം നേടിയത്. ഇസ്ലാമിന്റേയും ക്രിസ്തുമതത്തിന്റേയും അദ്ധ്യാത്മമാർഗ്ഗങ്ങൾ സ്വീകരിച്ച് അദ്ദേഹം ദിവ്യാനുഭൂതി കളിൽ ചെന്നെത്തി. അങ്ങനെ എല്ലാ മതങ്ങളും മുക്തിയി ലേയ്ക്കുള്ള രാജപാതകളാണെന്ന് അദ്ദേഹം പ്രായോഗിക മായി തെളിയിച്ചു. ഭൗതികവാദവും നിരീശ്വരചിന്തകളും അദ്ധ്യാത്മികസംസ്കാരത്തെ കടപുഴക്കുമോ എന്നു സംശയി ച്ചിരുന്ന ആ കാലത്ത് ദക്ഷിണേശ്വരത്ത് ഈ ദിവ്യാവ താരം ഭാരതഭൂമിക്കും ലോകത്തിനുതന്നെയും നേർവഴി കാട്ടുന്ന അത്ഭുതതേജസ്സായി ശോഭിച്ചു. ചരിത്രത്തിലെ ആ ദശാസന്ധിയിൽ ശ്രീരാമകൃഷ്ണന്റെ ആവിർഭാവമാണ് ഈ രാജ്യത്തെ രക്ഷിച്ചത്. അദ്ദേഹം തത്ത്വജ്ഞാനം പ്രസംഗിക്കുകയോ, ഗഹനങ്ങളായ ഗ്രന്ഥങ്ങളെഴുതുകയോ ചെയ്തില്ല. ആകെ കോടിയിൽ നാല്പതു കോടിയും നിര ക്ഷരരായി അവശേഷിക്കുന്ന ഇന്നത്തെ ഇന്ത്യയിൽപ്പോലും അക്ഷരവിദ്യയുടെയും, പുസ്തകജ്ഞാനത്തിന്റെയും കഴിവു കൾക്ക് ഗുരുതരമായ പരിമിതികളുണ്ട്. സത്യത്തിൽ ഇതൊന്നുമല്ല മഹാപുരുഷസംശ്രയം കൊണ്ടുണ്ടാകുന്ന ഹൃദയാനുഭൂതികളാണ് ജനസാമാന്യത്തിന്റെ കണ്ണുതുറപ്പി ക്കുന്നത്. സത്യമെന്തെന്നും മിഥ്യയേതെന്നും മുക്തിമാർഗ്ഗം എവിടെയാണെന്നും അവർ ക്ഷണേന മനസ്സിലാക്കുന്നു. എഴുത്തച്ഛൻ പാടിയതുപോലെ:

'ഏകാന്തയോഗികളിലാകാംക്ഷകൊണ്ടു പര—
മേകാന്തമെന്നവഴി പോകുന്നിതെൻ മനവും
കാകൻ പറന്നു പുനരന്നങ്ങൾ പോയ വഴി
പോകുന്നപോലെ, ഹരിനാരായണായ നമഃ'

അതിവിസ്തൃതമായ ജനപദങ്ങളെയും തുഷാരശേഖരങ്ങ ളായ ഗിരിനിരകളെയും പിന്നിട്ട് ആകാശനീലിമയി ലേയ്ക്ക് പറന്നുയർന്നുപോകുന്ന അരയന്നങ്ങൾ മററു പക്ഷി കൾക്ക് മാർഗ്ഗദർശനം ചെയ്യുന്നതുപോലെ, പരമഹംസ

Digitized by Kerala Sahitya Akademi

പദത്തെ പ്രാപിച്ച് മഹാപുരുഷന്മാരുടെ അദ്ധ്യാത്മ സിദ്ധികൾ നിത്യസത്യങ്ങളുടെനേക്ക് ജനസഞ്ചയത്തി ൻെറ ശ്രദ്ധയേയും ഹൃദയങ്ങളേയും നയിക്കുന്നു. കാല ത്തിൻെറ കൺകെട്ടുവിദ്യകൾക്ക് വിധേയവും നിസ്സഹാ യവും ജനിമൃതിസ്വരൂപവുമായ ഐഹികജീവിതമെന്ന പ്രഹേളികയിൽനിന്ന് ആ വഴിക്കുമാത്രമേ മോചനമുള്ളു എന്ന് അവക്ക് ബോദ്ധ്യമാകുന്നു.

ആധുനികവിദ്യാഭ്യാസം സിദ്ധിച്ചവരും ബുദ്ധി ശാലികളും ജിജ്ഞാസുക്കളുമായ എത്രയോ യുവജനങ്ങൾ രക്ഷാകർത്താക്കളുടെ വിരോധവും വിലക്കുകളും വിഗ ണിച്ച് അദ്ദേഹത്തിൻെറ ശിഷ്യന്മാരും ഭക്തന്മാരും ആയി ത്തീൎന്നു. അവർ ലൗകികബന്ധങ്ങൾ ത്യജിച്ചു സന്ന്യാസം സ്വീകരിക്കുകയും ശ്രീരാമകൃഷ്ണൻെറ മഹാസമാധിക്കു ശേഷം വിവേകാനന്ദസ്വാമികളുടെ നേതൃത്വത്തിൽ ഇന്ത്യ യിലും വിദേശരാജ്യങ്ങളിലും ആ മഹാത്മാവിൻെറ സന്ദേശം പ്രചരിപ്പിച്ച് അതിമഹത്തായ ഒരു ആദ്ധ്യാ ത്മികപ്രസ്ഥാനം നിലവിൽ വരുത്തുകയും ചെയ്തു. പിൽ ക്കാലത്ത് ഈ രാജ്യത്തുണ്ടായ രാഷ്ട്രീയവും സാംസ്കാരി കവും സാമൂഹികവുമായ ഉണർവിൻെറയും ഉജ്ജീവനത്തി ൻെറയും പ്രചോദനം ഇതായിരുന്നു. അടിമത്തത്തിൻെറയും കഷ്ടപ്പാടുകളുടെയും നടുവിൽപ്പോലും അത് നമ്മുടെ ജന ങ്ങളിൽ ആത്മാഭിമാനവും ജീവിതസാഫല്യം നേടുവാ നുള്ള അഭിവാഞ്ഛയും, ജനിപ്പിച്ചു. രാഷ്ട്രീയനേതാക്ക ന്മാരുടേയും, വിദ്യാഭ്യാസവിദഗ്ദ്ധന്മാരുടേയും, പണ്ഡിത ശ്രേഷ്ഠന്മാരുടേയും നേട്ടങ്ങൾ അതിൻമുൻപിൽ നിഷ്പ്രഭ മാണ്. ഇക്കൂട്ടരാണ് ഭാരതീയരെ ഇരുട്ടിൽനിന്നു് വെളി ച്ചത്തിലേയ്ക്കു് നയിച്ചതെന്ന വീരവാദമാണ് നാം സാധാ രണ കേൾക്കാറുള്ളത്. നമ്മുടെ കുഞ്ഞുങ്ങൾ വിദ്യാഭ്യാസ മെന്ന പേരിൽ പഠിക്കുന്നതും അതാണ്. പക്ഷെ ഇപ്പറഞ്ഞ ജനനേതാക്കന്മാർ കണ്ട വെളിച്ചം ഭുവനഭോഗങ്ങളുടെ അന്തസ്സാരശൂന്യമായ തിളക്കം മാത്രമായിരുന്നു എന്നും അതിൽ ഭ്രമിച്ചുപോയാൽ ദുഃഖത്തിൽനിന്ന് കരേറുവാൻ സാധിക്കുകയില്ലായെന്നും പിൽക്കാലത്തെ തിക്താനുഭവ

Digitized by Kerala Sahitya Akademi

ങ്ങളിൽനിന്നു് നമുക്കിന്നു് ബോദ്ധ്യമായിരിക്കുന്നു. ഭാരതീയർക്കു മാത്രമല്ല മനുഷ്യരാശിക്കു മുഴുവനും, ഈ മഹാസത്യത്തെ തൻെറ ജീവിതംകൊണ്ടു് അനുഭവഗോചരമാക്കുകയാണു് ശ്രീരാമകൃഷ്ണൻ ചെയ്തതു്. അദ്ദേഹത്തോടു് ലോകാവസാനംവരെ നാം കടപ്പെട്ടിരിക്കുന്നു.

# അവധൂതനായ മഹാകവി

മഹാകവി പി. കുഞ്ഞിരാമൻനായർ മരിച്ചിട്ടു് 1980 മെയ് 27–നു രണ്ടുവർഷം തികഞ്ഞു. ജീവിതകാലത്തു് കവിതയുംകൊണ്ടു് കേരളത്തിൽ അങ്ങോളമിങ്ങോളം അലഞ്ഞുനടന്നപ്പോഴം അദ്ദേഹത്തിൻെറ കലാസൃഷ്ടികളിലേക്കാറം കൂടുതലായി സ്വകാര്യജീവിതത്തിലാണു് സഹൃദയന്മാരും നിരൂപകന്മാരും പരിചയക്കാരുമെല്ലാം ശ്രദ്ധിച്ചതു്. ഇന്നിപ്പോഴം ആ മനോഭാവം മാററുവാൻ കാലമായി. മരണം ആ ജീവിതത്തിലെ ഭാഗ്യദോഷങ്ങളെ പവിത്രീകരിച്ചിരിക്കുന്നു. അദ്ദേഹത്തിൻെറ അമൃതനിഷ്യന്ദിയായ കവിത മാത്രമേ ഇന്നു് നമ്മുടെ മുമ്പിലുള്ളു. കാലത്തിൻെറ കരിനീലനിറമായ മൂടുപടത്താൽ ആച്ഛാദിതമായ ആ ജീവിതത്തിൻെറ ഉല്പന്നങ്ങളിൽ അതു മാത്രമേ ശ്രദ്ധാർഹമായി ഉള്ളു. അദ്ദേഹം ഇടതടവില്ലാതെ എഴുതിക്കൂട്ടിയതിൽ വലിയ ഒരംശം നഷ്ടപ്പെട്ടുപോയിട്ടുണ്ടു്. എന്നാലും അവശേഷിച്ചിട്ടുള്ളതു തന്നെ ആ നാമത്തെ മലയാളഭാഷയുള്ള കാലത്തോളം യശശ്ചന്ദ്രഹാരം ചാർത്തി നിലനിർത്തുവാൻ ധാരാളം മതിയാകുന്നതാണു്. അതു് കലപ്പുകളൊന്നുമില്ലാത്ത ശുദ്ധമായ കവിതയുമാണു്. തത്ത്വജ്ഞാനമോ രാഷ്ട്രീയതാല്പര്യങ്ങളോ, സാമൂഹികലക്ഷ്യങ്ങളോ ഒന്നും കൂട്ടിച്ചേർക്കാതെ, ബ്രഹ്മാനന്ദസഹോദരമെന്നു് നിർവ്വചിച്ചിട്ടുള്ള രസാനുഭൂതിക്കുവേണ്ടിമാത്രം രചിച്ച വാങ്മയങ്ങളാറ. സാഹിത്യത്തിൻേറയും, സംസ്കാരത്തിൻേറയും സാരസർവ്വ

Digitized by Kerala Sahitya Akademi

സ്വമാണതു്. കുഞ്ഞിരാമൻനായർ ഇതിഹാസമോ മഹാകാവ്യമോ, ഖണ്ഡകാവ്യം പോലുമോ നിർമ്മിക്കാതെ, കവിത എന്നു പറയുമ്പോൾ നാം സ്വാഭാവികമായി സങ്കല്പിക്കുന്ന രൂപത്തിലുള്ള ഗീതങ്ങൾ മാത്രം ആയിരക്കണക്കിൽ രചിച്ചു് സംതൃപ്തി നേടിയതിന്റെ രഹസ്യവും ഇതാകുന്നു.

സാഹിത്യത്തിൽ മാത്രമല്ല, എല്ലാ കലകളിലും രസാനുഭൂതിക്കു് സ്ഫുലിംഗരൂപമായ ഒരു നൈമിഷിക സ്വഭാവമുണ്ടു്. തുടർച്ചയായി അതിനെ ദീർഘനേരം നിലനിർത്തുവാൻ ആർക്കുംകഴിവില്ല. ഭൗതികശാസ്ത്രത്തിലെ ക്വാൺടം സിദ്ധാന്തം കൈകാര്യം ചെയ്യുന്നതുപോലെയുള്ള ഒരു പ്രതിഭാസമാണിതു്. തിരിത്തുമ്പു ചുഴററി അലാതചക്രം നിർമ്മിക്കുന്നതുപോലെ നൈമിഷികങ്ങളും പരിച്ഛിന്നങ്ങളുമായ ഈ ബോധാഗ്നിബിന്ദുക്കളെ പലപല രൂപങ്ങളിൽ സംവിധാനംചെയ്തു് കവികളും കലാകാരന്മാരും, കാവ്യങ്ങളും ചിത്രങ്ങളും ശില്പങ്ങളും സൃഷ്ടിക്കുന്നു. ഈ സൃഷ്ടികർമ്മത്തിൽ പ്രതിഭാവിലാസവും, ഭാവനാശക്തിയും ബുദ്ധിവൈഭവവും മററും അന്തർഭവിക്കുന്നുണ്ടെങ്കിലും അതിന്റെ മർമ്മസ്ഥാനീയമായ ഘടകം ഇപ്പറഞ്ഞ രസാനുഭൂതിയുടെ കണികകളാണു്. അവയെ കൈവരുത്തുവാൻ തപസ്സും സാധനയുമല്ലാതെ മററുപായങ്ങളില്ല. ഈ മഹായത്നം എങ്ങനെ സഫലമാകുന്നു എന്നുള്ളതു് ആർക്കും മനസ്സിലായിട്ടില്ലാത്ത കാര്യമാണു്. ആദ്ധ്യാത്മികജീവിതത്തിൽ മോക്ഷപ്രാപ്തിക്കെന്നപോലെ കലയുടെ ലോകത്തിൽ ഈ അനുഭൂതിക്കുവേണ്ടി സർവ്വവും മറന്നു്, സർവ്വവും ത്യജിച്ചു് ജീവിതം ഹോമിക്കുവാൻ സന്നദ്ധരാകുന്നവരുണ്ടു്. അതുകൊണ്ടു് ലക്ഷ്യത്തിന്റെ സ്വഭാവത്തിൽ മാത്രമല്ല, മാർഗ്ഗത്തിന്റെ പരിപാടികളിലും 'ബ്രഹ്മാനന്ദസഹോദരം' എന്ന രസാസ്വാദക നിർവ്വചനം അർത്ഥവത്താണെന്നു കാണാം.

ആദ്ധ്യാത്മികമായ ഉൽക്കർഷത്തിന്നുവേണ്ടിയുള്ള യത്നത്തിന്നു ആറു പടികളുണ്ടെന്നു് ബ്രഹ്മവാദികൾ പറയുന്നു.

Digitized by Kerala Sahitya Akademi

ഇവയിൽ ഏററവും ഉയൎന്നതും അവസാനത്തേതുമാണ്, അവധൂതൻ എന്ന പദവി.

ഹംസൻ, പരമഹംസൻ, തുര്യാതീതൻ എന്നിവയ്ക്കും അപ്പുറത്തുള്ള സ്ഥാനമാണിത്. അവിടെ എത്തിയാൽ മാന്യനായ മനുഷ്യൻ തനി ഭ്രാന്തനായി മാറും. ലൗകിക ജീവിതത്തിലെ മര്യാദകളും മാനദണ്ഡങ്ങളും ആചാരങ്ങളുമെല്ലാം ഉപേക്ഷിക്കും. ഉറക്കത്തിലും ഉണർവ്വിലും ചിദാനന്ദം അനുഭവിക്കും. ശരീരബോധം നശിക്കുകയാൽ വസ്ത്രം പോലുമില്ലാതെ, നായ്ക്കളുടെകൂടെ എച്ചിലുംതിന്ന്, വീടും കുടിയുമില്ലാതെ, കാട്ടിലും ശ്മശാനങ്ങളിലും കിടന്നുറങ്ങി, ഭിക്ഷക്കാരിലും കഷ്ടമായി, ജീവൻ ഭൗതികവസ്തുവിൽ തങ്ങിനിൽക്കുന്ന ചൈതന്യമാണ് എന്ന ബന്ധം കൊണ്ടുമാത്രം ഈ ലോകത്തിൽ അലഞ്ഞുതിരിയുന്ന ഇത്തരം ജീവൻമുക്തന്മാർ അവതാരപുരുഷന്മാർക്കുപോലും അഭിവന്ദ്യരാണ്. ദക്ഷിണേശ്വരത്തുവന്നു, വെറും ഭ്രാന്തനെപ്പോലെയിരുന്ന ഒരു ഭിക്ഷക്കാരന്റെ പിറകെ തന്റെ ഭാഗിനേയനും അന്തേവാസിയുമായ ഹൃദയകുമാറിനെ ശ്രീ രാമകൃഷ്ണപരമഹംസൻ ഉന്തിത്തള്ളി ഓടിച്ച കഥ പ്രസിദ്ധമാണല്ലോ. അയാൾ പിന്നാലെ വരുന്നതുകണ്ടു ഭിക്ഷക്കാരൻ ഓടാൻ തുടങ്ങി. എന്നിട്ടും പോകുന്നില്ല എന്നു കണ്ടപ്പോൾ കല്ലെടുത്ത് എറിഞ്ഞു. ഹൃദയകുമാർ വിട്ടില്ല. ഇങ്ങനെ വളരെ ദൂരം പോയി വിജനമായ ഒരു സ്ഥലത്ത് എത്തിയപ്പോൾ ആ മനുഷ്യൻ നിന്നു. താൻ മുമുക്ഷുത്വം കൊണ്ട് വരുന്നതാണെന്നും തന്നെ അനുഗ്രഹിക്കണമെന്നും പറഞ്ഞ് ഹൃദയകുമാർ സാഷ്ടാംഗപ്രണാമം ചെയ്തു. അപ്പോൾ അവധൂതൻ അടുത്തു കണ്ട ചളിക്കുഴിയിലെ മലിനജലം ചൂണ്ടിക്കാണിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞുവത്രെ. 'ഈ അഴുക്കുവെള്ളവും ഗംഗാതീർത്ഥവും തമ്മിലുള്ള ഭേദബുദ്ധി ഇല്ലാതാകുമ്പോൾ നിനക്കു മോക്ഷം ലഭിക്കും. വെറുതെ ഓടണ്ട. അതിനു കുറുക്കുവഴിയൊന്നുമില്ല.'

കവിയുടെ ജീവിതത്തിലും ഇതിനു തുല്യമായ ഒരു അവസ്ഥാവിശേഷമുണ്ടെന്ന് കരുതേണ്ടിയിരിക്കുന്നു. ആ

Digitized by Kerala Sahitya Akademi

നിലയിലെത്തിയാൽപിന്നെ ഉരിയാടുന്നത് മുഴുവനും ഉത്തുംഗമായ കവിതയാകും. 'നൂറാമത്തെ വയസ്സിൽ ഞാനൊരു വിസ്മയമാകും, നൂററിപ്പത്തിൽ എൻെറ തൂലി കയിൽനിന്നു വീഴുന്ന ഓരോ പൊട്ടും വരയും സജീവ മാകും' എന്ന് ജാപ്പനീസ് ചിത്രകാരനായ ഹോക്കു സായി പറഞ്ഞത് കലാജീവിതത്തിലെ ഈ അവധൂത പദവിയെ മനോനേത്രങ്ങൾക്കു മുമ്പിൽ കണ്ടപ്പോഴുണ്ടായ അഭിലാഷംകൊണ്ടാണ്. ഈ പരമോന്നതലക്ഷ്യത്തി ലെത്തുവാൻ വേണ്ടിയാണ് കുഞ്ഞിരാമൻനായർ എഴുപ ത്തിരണ്ടുവർഷം പാടുപെട്ടത്. പറഞ്ഞാലൊടുങ്ങാത്ത മഹാസങ്കടങ്ങൾ സഹിച്ചത്. കവിത അസഹിഷ്ണു വായ ഒരു കാമിനിയാണെന്നും, സൗകര്യം കിട്ടുമ്പോൾ മാത്രം കാണാൻ ചെന്നാൽ കലഹിക്കുമെന്നും തൻെറ ഹൃദയം തുറന്ന് അനുഗ്രഹിക്കുകയില്ലെന്നും അദ്ദേഹം ആദ്യം തന്നെ മനസ്സിലാക്കിയതുപോലെ തോന്നുന്നു. ലൗകിക ജീവിതവും കവിതക്കു വേണ്ടിയുള്ള ജീവിതവും പൊരുത്ത പ്പെടുത്തി രണ്ടിലും മേന്മ നേടുവാൻ ശ്രമിച്ചാൽ വിജയി ക്കുകയില്ല. ലക്ഷ്മിയേയും സരസ്വതിയേയും ഒരുമിച്ച് ഉപാസിക്കുവാൻ സാദ്ധ്യമല്ല. ഈ വൈരുദ്ധ്യം ബോദ്ധ്യ മായപ്പോൾ അദ്ദേഹം സംശയമോ ശോകഭാരമോ ഇല്ലാതെ കവിതയുടെ കമനീയ മാർഗ്ഗത്തിലേയ്ക്കു പൂർണ്ണമായും തിരിഞ്ഞു. പിന്നെ പിന്തിരിഞ്ഞുനോക്കിയിട്ടില്ല. പശ്ചാ ത്തപിച്ചിട്ടുമില്ല. ദീർഘവും ഏകാഗ്രവുമായ ഈ ഉപാ സനയുടെ ഫലമായി തൻെറ ജീവിതസായാഹ്നത്തിൽ അദ്ദേഹം കവിതയുടെ ലോകത്തിലെ അവധൂതനായി ത്തീർന്നു. വീടുമില്ല, ജോലിയുമില്ല, ഭാര്യയുമില്ല, മക്കളെ മില്ല. കവിതയല്ലാതെ ജീവിതത്തിൽ മറെറാരു താല്പര്യ വുമില്ല. സാഹിത്യത്തിൻെറ പുരോഗതിയിലോ പുസ്ത കങ്ങളുടെ പ്രചാരത്തിലോപോലും ശ്രദ്ധയില്ല. ദൈനം ദിന ജീവിതംതന്നെ ഒരുതരം സ്വപ്നാടനമായിത്തീർന്നു. ഇതായിരുന്നു കുഞ്ഞിരാമൻനായരുടെ പ്രപഞ്ചയാത്രക്കു ണ്ടായ അന്ത്യപരിണാമം.

Digitized by Kerala Sahitya Akademi

വിണ്ണിൻ വെളിച്ചം പടരും
മന്നിൻ രംഗത്തിലെങ്ങുമേ
കാൽച്ചിലമ്പൊലിയോടും നീ
നൃത്തം ചെയ്യുന്ന സുന്ദരീ!

പൂർണ്ണചന്ദ്രനുദിക്കുമ്പോൾ
നിൻെറ പുഞ്ചിരിയോപ്പു ഞാൻ
ഉഷസ്സിൻെറ പതക്കത്തിൻ
തനിത്തങ്കനിറത്തെയും

വികാസോന്മുഖമാമാത്മ—
നാദത്തിൻ നളിനങ്ങളിൽ
വിലസുന്നിതു നീ ദേവി,
സച്ചിദാനന്ദരൂപിണീ.

എന്നാണ് തൻെറ ഉപാസനാമൂർത്തിയായ കവിതയെ പ്പററി 1972—ൽ അദ്ദേഹം എഴുതിയത്. ഇങ്ങനെ രസാനുഭൂതിയെ പരമപുരുഷാർത്ഥമായി പൂജിച്ച്, പരിപൂർണ്ണമായി സാക്ഷാത്കരിച്ച്, അവധൂതനെപ്പോലെ ജീവിച്ച ഈ മനുഷ്യൻ എഴുതുന്നതു മുഴുവനും കവിതയായി—മധുരാനന്ദസ്വരൂപവും അനുഭൂതിപ്രധാനവുമായ സാക്ഷാൽ സാരസ്വതപ്രപഞ്ചം. 'അചുംബിതങ്ങളായ അലങ്കാരങ്ങളും' അതിനൂതനമായ ആശയങ്ങളും ബുദ്ധിപരമായ 'അഭ്യാസ'ങ്ങളും ശാസ്ത്രവും അർത്ഥശാസ്ത്രവും എല്ലാം പ്രയോഗിച്ചു മിടുക്കുകാണിക്കുവാൻ അദ്ദേഹം ശ്രമിച്ചില്ല. പക്ഷേ, എന്തെഴുതിയാലും അതു വായിക്കുമ്പോൾ, പണ്ട് സെയിൻറ്സ്ബറി എന്ന പ്രസിദ്ധനായ ആംഗലനിരൂപകൻ ഉദ്ഘോഷിച്ചതുപോലെ, 'അബദ്ധമോ സുബദ്ധമോ, ഇതു കവിതയാണ്' ('Sense or Nonsense, this is Poetry!') എന്നു മലയാളം മനസ്സിലാകുന്ന സഹൃദയൻ മുദിതചിത്തനായി തലകുലുക്കി സമ്മതിക്കും. ആയുഷ്കാലം മുഴുവനും തപസ്സുചെയ്തു നേടിയ 'ഉജ്ജ്വല മാധുരിത്തഴപ്പായ' ഈ കവിതയുടെ വിളനിലമായ മലയാളസാഹിത്യം ഇന്ന് ആധുനികം, അത്യാധുനികം, അത്യന്താധുനികം, ആധുനികോത്തരം, ഉത്തരോത്തരം എന്നൊക്കെയുള്ള പേരുകളിൽ, ഒരുതരം പരസ്പര പ്രശംസാസംഘത്തിൽ

Digitized by Kerala Sahitya Akademi

പ്പെട്ട ആളുകഠം എഴുതിവിടുന്ന വികൃതരചനകഠം ചുമക്കേണ്ടിവന്നിരിക്കുന്നതു കാണുമ്പോഠം സങ്കടം തോന്നുന്നു. മേലുദ്ധരിച്ച ആംഗലനിരൂപകനെ അനുകരിച്ച് 'അത്യന്തമായാലും എന്തു കുന്തമായാലും ഇത് അസംബന്ധമാണ്' എന്ന് ഭാഷാസ്നേഹികഠംക്ക് പറയേണ്ടിവന്നിരിക്കുന്നു.

കവിത ആശയമല്ല. അലങ്കാരവുമല്ല. തത്ത്വജ്ഞാനമാണെന്നു കരുതുന്നതും തെററാണ്. അനുഭൂതിയാണ് സാക്ഷാൽ കവിത. അതിൻെറ പ്രഭവസ്ഥാനവും പ്രാപ്യസ്ഥാനവും ബുദ്ധിയല്ല, ഹൃദയമാണ്. അതുപോലെ കാവ്യവും കവിതയും കലയാണ്. നൈസർഗികമാണ്. കാവ്യം, ബുദ്ധിവ്യാപാരത്തിൻേറയും സാഹിത്യവിദ്യയുടേയും കൃത്രിമസൃഷ്ടിയും. അതിൻെറ രൂപവും ഘടനയും മാതൃകയും കാലത്തിൻെറ ഗതിയനുസരിച്ച് മാറുന്നതും മാറേറണ്ടതുമാണ്. പക്ഷേ, ശുദ്ധമായ കവിതയ്ക്ക് കാലഭേദവും രുചിഭേദവും ഇല്ല. അത് നിത്യനൂതനമാണ്. അരവിന്ദമഹർഷി (അദ്ദേഹം അദ്ഭുതപ്രതിഭനായ കവിയുമാണ്) പറയുന്നത് മനുഷ്യൻെറ ബോധമണ്ഡലത്തിന് അതീതമായി നിൽക്കുന്ന ഒരു മഹാചൈതന്യത്തിൻെറ കൃപാകടാക്ഷംകൊണ്ടാണ് ശ്രേഷ്ഠമായ കവിത ജനിക്കുന്നതെന്നാണ്. ഈ വ്യത്യാസം ഗ്രഹിച്ചാൽ മാത്രമേ 'കാവ്യേഷുമാഘഃ കവി കാളിദാസഃ' എന്ന സംസ്കൃതക്കാരുടെ നിർവചനം മനസ്സിലാവുകയുള്ളു. നല്ല കവി നല്ല കാവ്യം രചിക്കണമെന്നില്ല. പക്ഷേ, നല്ല കവിയേ നല്ല കവിത എഴുതൂ. അതാണ് കുഞ്ഞിരാമൻനായരുടെ മഹത്ത്വം, നോക്കുക:

പൊട്ടാത്ത പാല്ക്കുതിർനൂലിൽ മണിമുല്ല—
മൊട്ടുകഠം കോർക്കുന്ന വൈശാഖസന്ധ്യയിൽ
തോരാത്ത വെണ്ണിലാവെണ്ണും പുളകങ്ങഠം
കോരിച്ചൊരിയുമൊരാതിരരാത്രിയിൽ
മാമ്പൂററ സൗരഭമേററിയിളംകാററു
മാമ്പൂവിതറുമാ ഗ്രീഷ്മദിനങ്ങളിൽ

Digitized by Kerala Sahitya Akademi

ഓർപ്പൂ ഞാൻ ദിവ്യപ്രണയമഹസ്സിനെ—
യോർപ്പൂ ഞാൻ സച്ചിദാനന്ദത്തിടമ്പിനെ.

എന്നും,

പൊരുളറിയാതെ കരിംചളിമണ്ണു പുരട്ടിയും
മറവിയാൽ പതനങ്ങളനുഭവിച്ചും
ഉടയാത്ത കുടമിടക്കുടെമിഴിക്കുളിർനീരാൽ
അടിമുടി നനച്ചു പെൺകൊടിയാൾ ചൊല്ലി

എന്നും,

എങ്ങുനിന്നീ മന്നിൽ വന്നു മംഗളാംഗി—
മാരേ, നിങ്ങൾ?
തെങ്ങിനത്തിൽ തങ്ങിനില്ക്കും പൊൻ—
കുലയിൽ നിന്നോ വന്നു?
നല്ലിളയ വെൺകവുങ്ങിന്നല്ലികളിൽ—
നിന്നോ വന്നു?
കാററിലാടും നീർകരിമ്പിൻ നീരിൽ—
നിന്നോ നിങ്ങൾ വന്നു?
പ്രേമരൂപൻ ശ്രീമുകുന്ദൻ ഓമനിച്ചു
മാററണയ്ക്കും
താമരപ്പൂമാല കോർക്കും
ശ്യാമളാംഗിമാരോ നിങ്ങൾ?

എന്നും,

പൂനിലാവൊളിയാം കാട്ടു—
പൂഞ്ചോലച്ചാർത്തിനപ്പുറം
തിങ്ങിനിൽക്കും മഹാരണ്യ—
ഗോപുരങ്ങൾക്കുമപ്പുറം
പൊൻതാഴികക്കുടം ചൂടി
നില്ക്കുന്നു ദേവപൂജതൻ
വാദ്യഘോഷം മുഴങ്ങുന്ന
വെളിച്ചത്തിൻെറയമ്പലം

എന്നും,

ചീറിപ്പായട്ടെ കല്പാന്ത—
മേഘം നിൻ കുന്തളങ്ങളിൽ

Digitized by Kerala Sahitya Akademi

ചിലമ്പിൽനിന്നു സംഹാര—
രണദുന്ദുഭിനാദവും
പള്ളിവാളിൽനിന്നു മിന്നൽ—
പ്പട പായട്ടെ മേൽക്കുമേൽ
തിളങ്ങുട്ടേ കടക്കണ്ണിൽ
നിന്നു തീക്കടൽ ചുററിലും!'

എന്നും എഴുതിയ മനുഷ്യൻ കാവ്യങ്ങരം നിർമ്മിച്ച് കേമനാകുവാനല്ല ശ്രമിച്ചത്, കവിതയെ മുക്തിസാധനയാക്കി മാററുവാനും, സ്വപ്നസന്നിഭവും നിരർത്ഥവുമായ നരജന്മത്തിൻെറ മായാവലയം ഭേദിച്ചു പ്രപഞ്ചത്തിൻെറ കേന്ദ്രത്തിൽ കുടികൊള്ളുന്ന സച്ചിദാനന്ദം അനുഭവിച്ച് ചരിതാൎത്ഥനാകുവാനുമാണ്. തൻെറ ഷഷ്ടിപൂർത്തി കൊണ്ടാടിയപ്പോരം അദ്ദേഹം പ്രാർത്ഥിച്ചു.

ഉടച്ചുവാർക്കുകൊന്നെന്നെ
നീലവാനിൻ വിഭാതമേ,
ചിറകേകു, തുറക്കു, നിൻ
ധ്രുവനക്ഷത്രഗോപുരം.

ആ പ്രാൎത്ഥന ഫലിച്ചു എന്നുതന്നെ ഞാൻ കരുതുന്നു. അദ്ദേഹത്തിൻെറ ആത്മാവ് കവിതയുടെ പൊൻചിറകുകളിൽ, നക്ഷത്രലോകത്തിനും അപ്പുറത്തുള്ള തേജോമയമായ ചിദാനന്ദസാമ്രാജ്യത്തെ പ്രാപിച്ചിരിക്കണം; നിശ്ചയം.

# അഞ്ചിൽ ഒന്ന്

## ഒരു ഗ്രാമീണസമ്മേളനവും ഒരു കാലഘട്ടത്തിൻെറ ഓർമ്മകളും

1971 മാർച്ച് മാസം 14—ാംതീയതി ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ, ആറന്മുളപകുതിയിൽപ്പെട്ട ഇടയാറന്മുള എന്ന ഗ്രാമപ്രദേശത്ത് ഏറെക്കുറെ അസാധാ

Digitized by Kerala Sahitya Akademi

രണമാണെന്ന് പറയേണ്ട ഒരു പൊതുകാര്യം നടന്നു. അവിടത്തെ നാട്ടുകാർ ഒത്തുചേർന്ന് തങ്ങളുടെ ഇടയ്ക്ക് ജനിച്ചുവളർന്നവരും വളരെക്കാലമായി സാഹിത്യപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുമായ 5 വ്യക്തികൾക്ക് സ്നേഹപൂർണ്ണവും ആവേശകരവുമായ ഒരു സ്വീകരണം നൽകി. രാഷ്ട്രീയക്കാർക്കും പണത്തിനുപിമ്പേ പരക്കം പായുന്നവർക്കുമല്ലാതെ മററാർക്കും ജീവിക്കുവാൻപോലും അവകാശം ഇല്ലെന്ന് തോന്നിപ്പിക്കുന്ന ഇന്നത്തെ സാമൂഹിക വ്യവസ്ഥിതിയിൽ, സംസ്കാരത്തോടുള്ള ബഹുമാനത്തിലും സഹജാതരോടുള്ള അകമഴിഞ്ഞ സ്നേഹത്തിലുംനിന്ന് സംജാതമായ ഈ പരിപാടി അസാധാരണമെന്നപോലെ അർത്ഥവത്തുമാണെന്ന് ഞാൻ കരുതുന്നു. ആഗോളപരിഷ്കാരവും അതിൽനിന്നു ജനിക്കുന്ന മനുഷ്യപ്പററില്ലാത്ത മനോഭാവങ്ങളും പടർന്നുപിടിക്കുകയാണെങ്കിലും അയൽപക്കത്തുകാരനെ സ്വന്തത്തിൽ സ്വന്തമായും രക്തത്തിൽ രക്തമായും കരുതി സ്നേഹിക്കുന്ന ശ്രേഷ്ഠപാരമ്പര്യം നമ്മുടെ നാട്ടിൻപുറത്തുകാരെങ്കിലും മറന്നിട്ടില്ലെന്നാണ് അതു തെളിയിച്ചത്. അതുകൊണ്ട് അതേപ്പററി രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ.

ശ്രീ ഇടയാറന്മുള കെ. എം. വർഗ്ഗീസ്, അദ്ദേഹത്തിൻെറ അനുജൻ പ്രൊ. കെ. എം. ഡാനിയൽ, ശ്രീ. എൻ. കെ. ദാമോദരൻ, ഡോ. കെ. എം. ജോർജ്ജ് എന്നിവരോടൊപ്പം ഞാനും ആ ബഹുമതിയ്ക്കും സ്നേഹാഭിഷേകത്തിനും പാത്രമായി. ഒന്ന് രണ്ട് മാസത്തെ ശ്രമത്തിനുശേഷമെ ഞങ്ങൾക്ക് എല്ലാവർക്കും ഒരേദിവസം അവിടെ എത്തിച്ചേരുവാൻ സൗകര്യപ്പെടത്തക്കവണ്ണം ഒരു പരിപാടി സംഘടിപ്പിക്കുവാൻ സാധിച്ചുള്ളു. എന്നിട്ടും പെട്ടെന്ന് സുഖമില്ലാതെ വരികയാൽ ശ്രീ ഡാനിയലിന് പ്രസ്തുത ചടങ്ങിൽ പങ്കെടുക്കുവാൻ കഴിഞ്ഞില്ല. അതുകൊണ്ടുള്ള കുണ്ഠിതം അവശേഷിക്കുന്നെങ്കിലും, അച്ഛനമ്മമാരെയും കൂടപ്പിറപ്പുകളേയുംപോലെ ഞങ്ങൾ സ്നേഹിയ്ക്കുകയും, ഞങ്ങളെ സ്നേഹിക്കുകയും ചെയ്യുന്ന ആ നാട്ടിൻപുറത്തെ ജനങ്ങൾ ഞങ്ങൾക്കു നൽ

Digitized by Kerala Sahitya Akademi

കിയ ഗംഭീരമായ സ്വീകരണത്തിൻെറ സ്മരണ ജീവാവ സാനംവരെ ഞങ്ങളുടെ ആത്മാവിനെ ധന്യമാക്കുമെന്ന് പറയേണ്ടിയിരിക്കുന്നു.

ചെങ്ങന്നൂർ എന്ന ചെറുപട്ടണത്തിൽ നിന്ന് 4 മൈൽ കിഴക്ക് പമ്പാനദിയുടെ തെക്കെക്കരെയ്ക്കാണ് ഇടയാറന്മുള ഗ്രാമം സ്ഥിതിചെയ്യുന്നത്. കോഴഞ്ചേരിക്കും പത്തനം തിട്ടയ്ക്കുമുള്ള റോഡ് അതിൻെറ വടക്കെ അരികിലൂടെ പുഴയ്ക്ക് സമാന്തരമായി കിഴക്കോട്ട് നീണ്ടുപോകുന്നു. ആ വഴിയെ 2 മൈൽകൂടി സഞ്ചരിച്ചാൽ ആറന്മുള ക്ഷേത്രത്തിൽ എത്തും. കുന്നിൻപുറവും, വയലും ഇട കലർന്ന, പ്രകൃതിമനോഹരമായ നാട്ടിൻപുറമാണ്. രണ്ട് ചെറിയ ക്ഷേത്രങ്ങളും ഒരു പള്ളിയും, നാല് പ്രൈമറി സ്കൂളുകളും, ഒരു ഹൈസ്കൂളുമുണ്ട്. നായന്മാരും ഈഴവരും, മാർത്തോമസമുദായക്കാരായ ക്രൈസ്തവാനികളും അവിടെ കൃഷിചെയ്ത് ജീവിക്കുന്നു. ഹരിജനങ്ങളും ധാരാളമുണ്ട്.

ഞങ്ങൾ പഠിക്കുന്ന കാലത്ത് അവിടുത്തെ വിദ്യാ ലയം ഹൈസ്കൂൾ ആയിരുന്നില്ല. 3–ാം ഫാറം വരെയുള്ള മിഡിൽസ്കൂൾ ക്ലാസ്സുകൾക്കുശേഷം, ചെങ്ങന്നൂരോ, കോഴ ഞ്ചേരിയിലോ ആണ് പഠിച്ചത്. അതിനുവേണ്ടി കാലത്ത് 4 മൈൽ സ്കൂളിലേയ്ക്കും, വൈകുന്നേരം അത്രയും ദൂരം തിരികെ വീട്ടിലേയ്ക്കും, നടക്കേണ്ടിയി രുന്നു. മഴക്കാലത്ത് പമ്പയാററിലെ വെള്ളപ്പൊക്കംമൂലം നാട്ടുവഴികൾ മുങ്ങിപ്പോകുന്നതുകൊണ്ട് ചെറിയ ഒററ ത്തടിവള്ളത്തിൽ വയലും തോടുംവഴിയും പോയി ട്ടുണ്ട്. പിൽക്കാലത്ത് കോളേജ് വിദ്യാഭ്യാസത്തിനും അതിനുശേഷം ഉപജീവനത്തിനും വേണ്ടി ഞങ്ങൾ അഞ്ചു പേരും നാട്ടിൻപുറം വിട്ടു എങ്കിലും ഈ നീണ്ട 40–ൽ പ്പരം വർഷങ്ങൾ കഴിഞ്ഞിട്ടും ഞങ്ങൾക്ക് നാട്ടിനോടും നാട്ടുകാർക്ക് ഞങ്ങളോടുമുള്ള സ്നേഹബന്ധം ശക്തിമത്താ യിത്തന്നെ നിൽക്കുന്നുവെന്നാണ് അന്നത്തെ സ്വീകരണം തെളിയിച്ചത്.

ആ ഗ്രാമത്തിലെ ആബാലവൃദ്ധം ജനങ്ങളും അതിൽ പങ്കെടുത്തു. അവരിൽ ആർക്കെങ്കിലും എന്തെങ്കിലും

Digitized by Kerala Sahitya Akademi

സഹായം ചെയ്തുകൊണ്ടോ, നാട്ടിനെ നന്നാക്കുവാൻ വേണ്ടി വലിയ സേവനം ചെയ്തുകൊണ്ടോ അല്ല അവർ ഞങ്ങളെ സ്വീകരിയ്ക്കാൻ വന്നത്. ഇളംതലമുറയിൽ പലരും ഞങ്ങളെ കണ്ടിട്ടുപോലുമില്ല. അവരുടെ ആവേശത്തിൻെറ പ്രചോദനം അന്നത്തെ ഘോഷയാത്രയിൽ പാടിയ വഞ്ചിപ്പാട്ടിൽ പറഞ്ഞതുപോലെ 'ഇവരെല്ലാം നമുക്കുള്ളോർ' എന്ന സ്നേഹചിന്തയല്ലാതെ മററൊന്നുമല്ല. വലിയ പ്രതിഫലങ്ങളോ സമ്മാനങ്ങളോ ഒന്നും നേടിയവരല്ലെങ്കിലും നിരന്തരം പ്രയത്നിച്ച് ധാരാളം ഗ്രന്ഥങ്ങൾ എഴുതിയവരാണെന്നും സ്വന്തം ജീവിതത്തിൽ അത്രത്തോളമെങ്കിലുമുള്ള നിസ്സ്വാർത്ഥത പ്രദർശിപ്പിച്ചവരാണെന്നും ഉള്ള വസ്തുതയാണ് ഞങ്ങളെപ്പററി അവരുടെ മനസ്സിൽ അഭിമാനം ജനിപ്പിച്ചതെന്ന് ഞാൻ കരുതുന്നു. പരപ്രേരണയില്ലാതെ, ആത്മസംതൃപ്തിയൊഴികെ മററൊരുദ്ദേശവുമില്ലാതെ ഈ വസ്തുതയെ മാനിക്കുകയും അതിൻെറ പേരിൽ കൂട്ടത്തോടെയുള്ള സ്നേഹപ്രകടനം നടത്തുകയും ചെയ്ത ജനങ്ങൾ ഈ രാജ്യത്തിൻെറയും നമ്മുടെ സംസ്കാരത്തിൻെറയും ആശാദീപങ്ങളും ആപൽബന്ധുക്കളുമാണ്; സംശയമില്ല.

യശഃശരീരനായ മഹാകവി മൂലൂർ പത്മനാഭപണിക്കർ ഉദ്ഘാടനം ചെയ്ത 'സഹോദരൻ വായനശാല'യുടെ ആഭിമുഖ്യത്തിലാണ് സ്വീകരണം നടന്നത്. എത്രയോ വർഷം മുമ്പ് നടന്ന ആ ഉദ്ഘാടനയോഗം ഞാൻ ഓർമ്മിക്കുന്നുണ്ട്. മൂലൂര് മാത്രമല്ല ശ്രീ അയ്യപ്പനും അതിൽ പങ്കെടുക്കുകയുണ്ടായി. വിദ്യാർത്ഥിയായിരുന്ന ശ്രീ എൻ. കെ. ദാമോദരൻ അന്ന് പ്രസംഗിച്ചതും ഓർക്കുന്നു. വായനശാലയുടെ സമീപത്തുതന്നെയാണ് ഞങ്ങളുടെ സ്വീകരണയോഗവും ഏർപ്പാട് ചെയ്തിരുന്നത്. ചെങ്ങന്നൂർ—കോഴഞ്ചേരി റോഡിൽ ചെറുപുഴയ്ക്കാട് ഭഗവതി ക്ഷേത്രത്തിൻെറ മുമ്പിലുള്ള ആൽത്തറമുക്കിൽവെച്ച് പൂമാലയണിയിച്ച് ഞങ്ങളെ യോഗസ്ഥലത്തേയ്ക്ക് ഘോഷയാത്രയായി ആനയിച്ചു. മുത്തുക്കുടകളും, പഞ്ചവാദ്യങ്ങളും ഉത്രട്ടാതിക്ക് കേരക്കാറുള്ളതുപോലെ ദിങ്മുഖങ്ങളിൽ

Digitized by Kerala Sahitya Akademi

പ്രതിധ്വനിക്കുന്ന വഞ്ചിപ്പാട്ടും, കതിനവെടിയും എല്ലാം കൂടി ഘോഷയാത്ര പൊടിപൊടിച്ചു. കുന്നിൻപുറത്തുകൂടി വളഞ്ഞുപോകുന്ന ആ നാട്ടുവഴിയിലൂടെ കാഴ്ചക്കാരായി ഇരുവശത്തും കൂടിനിന്ന സുഹൃജ്ജനങ്ങളെ അഭിവാദനം ചെയ്തുകൊണ്ട് അരമുക്കാൽ മൈൽ ദൂരം നടന്നപ്പോഴം ബാല്യകാലസ്മരണകളുടെയും വികാരങ്ങളുടേയും വേലിയേററത്താൽ എനിക്ക് വീർപ്പുമുട്ടി. എന്തൊരു മഹാഭാഗ്യമാണിത്. ഇത് അർഹിക്കുവാൻ തക്കവണ്ണമുള്ള സാഹിത്യസേവനമൊന്നും ചെയ്തില്ലല്ലോ; എനിയെങ്കിലും അതിനുവേണ്ട കഴിവും സൗകര്യവും ഈശ്വരൻ നൽകുമോ; ഏതായാലും പിറന്നമണ്ണിൽവെച്ച് സ്വന്തക്കാരിലും ബന്ധുക്കളിലും അടുത്തറിഞ്ഞവരിലും നിന്ന് ആക്ഷേപമോ അവഗണനയോ അല്ല, അഭിനന്ദനമാണ് ലഭിച്ചതെന്നോർക്കുമ്പോഴം ജീവിതം വ്യർത്ഥമല്ല എന്ന ചാരിതാർത്ഥ്യത്തിന്ന് അവകാശമുണ്ട്. ഇത് കണ്ട് സന്തോഷിക്കുവാൻ അച്ഛനും അമ്മയും ഇല്ലാതെ പോയല്ലോ: നമുക്ക് ഊഹിക്കുവാൻപോലും കഴിയാത്ത ഏതോ രീതിയിൽ അവരുടെ പുണ്യാത്മാക്കൾ ഇത് അറിയുന്നുണ്ട്, തീർച്ച; എന്നിങ്ങനെയുള്ള വിചാരങ്ങളോടുകൂടിയാണ് ഞാൻ നടന്നത്. കൂടെ നടന്ന എൻെറ മാന്യസുഹൃത്തുക്കളും വികാരപരവശരാകുന്നത് ഞാൻ കണ്ടു. ആർക്കാണ് ഈ വികാരങ്ങളും വിചാരപരമ്പരകളും ഉണ്ടാകാത്തത്? വാഗ്ദേവതയെ ഉപാസിക്കുകയും അവളുടെ അനുഗ്രഹത്തെ പരമപുരുഷാർത്ഥമായി കരുതുകയും ചെയ്യുന്ന സാഹിത്യപ്രേമികളുടെ കാര്യം പറയേണ്ടതുണ്ടോ?

## നാട്ടിൻപുറത്തെ യോഗം

പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ രാമകൃഷ്ണൻനായരുടെ അദ്ധ്യക്ഷതയിൽ സന്ധ്യയോടടുത്തു കൂടിയ മഹായോഗത്തിൽ കുട്ടിക്കാലം മുതൽക്കുതന്നെ പൊതുക്കാര്യപ്രസക്തനായി ജീവിച്ചുപോരുന്ന ശ്രീ പി. ആർ. കൊച്ചുകുഞ്ഞ് സ്വാഗതം പറഞ്ഞു. അങ്ങേയററം പ്രശംസാർഹവും

Digitized by Kerala Sahitya Akademi

ഏത്തും ദേശത്തിന്നും അഭിമാനകരവുമായ അച്ചടക്കവും ഗൗരവബുദ്ധിയും ശ്രദ്ധയുമാണ് പല പ്രായത്തിലുള്ള ജനങ്ങൾ നിറഞ്ഞിരുന്ന ആ മഹാസദസ്സ് പ്രദശിപ്പിച്ചത്. സ്വാഗതപ്രസംഗവും അദ്ധ്യക്ഷപ്രസംഗവും ഞങ്ങൾ അഞ്ചുപേരെയും മലയാളം പഠിപ്പിച്ച ഗുരുനാഥനും എൺപതോടടുത്ത പ്രായത്തിലും പൂണ്ണമായ ആരോഗ്യത്തിൽ കഴിയുന്ന ദേഹവുമായ ശ്രീ. പി. കെ, ഡാനിയൽ ചെയ്ത ആശംസാപ്രസംഗവും ഒരുപോലെ സാഹിത്യഭംഗിയും മധുരസ്മരണകളും സ്നേഹാഭിമാനങ്ങളും അഭിനന്ദനങ്ങളും മംഗളാശംസകളും നിറഞ്ഞവയായിരുന്നു. ഞങ്ങളെഴുതിയ ഗ്രന്ഥങ്ങൾ വായിക്കുകയും രസിക്കുകയും മാത്രമല്ല, അവയുടെ കാതലായ ഭാഗങ്ങൾ ഓമ്മിക്കുകയും ചെയ്യുന്നുണ്ടെന്ന് അവർ ഓരോരുത്തരും വ്യക്തമാക്കി. നാട്ടിൻപുറത്തെ യോഗങ്ങളെപ്പററി ഈ. വി. കൃഷ്ണപ്പിള്ള പണ്ടെഴുതിയ ഫലിതങ്ങൾ പഴങ്കഥകളാണെന്ന് ആ യോഗം തെളിയിച്ചു. പട്ടണങ്ങളിലേയും പഠിത്തക്കാരുടേയും യോഗങ്ങളല്ലേ ഇക്കാലത്ത് അച്ചടക്കവും അന്തസ്സുമില്ലാതെ അലങ്കോലപ്പെട്ടുപോകുന്നതെന്ന് സംശയം തോന്നുന്നു. അവിടെ പ്രസംഗത്തിലും ആശയാവിഷ്കരണത്തിലും മധുരോദാരമായ ഭാഷാപ്രയോഗത്തിലും ഒന്നും ആർക്കും താല്പര്യമില്ല. കലാപരിപാടികൾക്കു വേണ്ടിയാണ് സദസ്യർ അക്ഷമരായി കാത്തിരിക്കുന്നത്. സ്വാഗതവും ഉപക്രമവും ആശംസയും മറുപടിയും കൃതജ്ഞതയുമെല്ലാം വെറും ശല്യമായി കരുതപ്പെടുന്നു.

മറുപടിപ്രസംഗത്തിന് ആദ്യം എന്നെയാണ് വിളിച്ചത്. അതു വലിയ പ്രയാസമായിത്തീർന്നു. വികാരഭാരത്താൽ ഞാൻ അത്യധികം വിവശനായി ഇരിക്കുകയായിരുന്നു. സദസ്സിനു മുമ്പിൽ എഴുന്നേററുനിന്നിട്ട് അല്പനേരത്തേയ്ക്ക് സംസാരിക്കാൻ കഴിഞ്ഞില്ല. എങ്കിലും കൈകൂപ്പിനിന്ന് ഈശ്വരധ്യാനം ചെയ്തപ്പോൾ മനഃസ്വാസ്ഥ്യം വീണ്ടുകിട്ടുന്നതുപോലെ തോന്നി. എൻെറ സുഹൃത്തുക്കൾക്കും ഇതേ അനുഭവംതന്നെയുണ്ടായി. എല്ലാ

Digitized by Kerala Sahitya Akademi

വരും ആത്മാർത്ഥതനിറഞ്ഞ വാക്കുകളിൽ ഹൃദയംഗമമായ രീതിയിൽ സംസാരിച്ചു. അല്പം സംഗീതം വശമുള്ളതുകൊണ്ടും കവിയായതുകൊണ്ടും ശ്രീവറുഗീസിൻെറ പ്രസംഗത്തിന് സാമാന്യം കൊഴുപ്പുകിട്ടി. അദ്ദേഹം സ്വന്തം കവിതകളിലെ ചില ഭാഗങ്ങൾ ശ്രുതിമധുരമായ രീതിയിൽ ചൊല്ലി. അവരുടെ പ്രസംഗങ്ങൾ ഓർമ്മയിൽ നിന്ന് സംഗ്രഹിച്ചെഴുതുവാൻ പ്രയാസമുണ്ട്. ഭാവങ്ങളും ആശയങ്ങളും വാക്കുകളും യഥാർത്ഥമായി പകർത്തുവാനും സാധിക്കുകയില്ല. അതുകൊണ്ട് അതിനായി ഞാൻ യത്നിക്കുന്നില്ല. എൻെറ വാക്കുകൾമാത്രമേ വല്ലതുമെങ്കിലും ഞാൻ ഓർമ്മിക്കുന്നുള്ളൂ. മററുള്ളവർക്കുവേണ്ടി കൂടി ഏതാനും കുറെ കാര്യങ്ങൾ മുഖവുരയായി പറഞ്ഞതുകൊണ്ട് എൻെറ പ്രസംഗം സംഗ്രഹിച്ചു ചേർക്കുന്നത് പ്രസക്തമായിരിക്കുമെന്ന് വിശ്വസിക്കുന്നു.

ഗുരുജനങ്ങളേ, അമ്മമാരേ, കൂടപ്പിറപ്പുകളേ, എൻെറ ഹൃദയവും കണ്ണുകളും നിറഞ്ഞു കവിയുന്നു. ഞാൻ ഗദ്ഗദകണ്ഠനായും തീർന്നിരിക്കുന്നു. എൻെറ വാക്കുകൾക്കുണ്ടാകുന്ന പോരായ്മകൾ സ്നേഹപൂർവം ക്ഷമിക്കണം. എൻെറ ജീവിതത്തിലെ അനർഘസന്ദർഭങ്ങളിൽ ഏററവും പ്രധാനപ്പെട്ടതാണ് ഇത്. ഇവിടെ ഇത്ര ഉദാരമായി സ്നേഹാമൃതം വർഷിച്ച നിങ്ങളുടെ മുമ്പിൽ നിൽക്കുമ്പോൾ എൻെറ ആദ്യത്തെ കർത്തവ്യം ദിവംഗതരായ എൻെറ അച്ഛനമ്മമാരെ സ്മരിക്കുകയാണ്. ഇന്നു കാലത്ത് ഉണർന്നപ്പോൾ മാത്രമല്ല ഈ യോഗസ്ഥലത്ത് എത്തുന്നതുവരെയും ഞാനത് നിരന്തരം ചെയ്യുകയായിരുന്നു. പുണ്യചരിതരായ അവരുടെ അനുഗ്രഹംമൂലമാണ്, നിങ്ങൾക്ക് അവരോടുള്ള മതിപ്പുമൂലമാണ്, എനിക്ക് ഈ സ്വീകരണം ലഭിച്ചത്.

ഇവിടെ കൂടിയിരിക്കുന്ന ഗുരുജനങ്ങളുടെയും അമ്മമാരുടെയും മുമ്പിൽ ഞാൻ സാഷ്ടാംഗപ്രണാമം ചെയ്യുന്നു. ഇളയതലമുറക്കാർക്ക് ആത്മാർത്ഥമായ സ്നേഹാശംസകൾ നൽകുന്നു. രോഗഗ്രസ്തനായതുമൂലം ഞങ്ങളോടൊപ്പം ഇവിടെ വന്നെത്താൻ കഴിയാത്ത പ്രിയസഹോദരൻ

Digitized by Kerala Sahitya Akademi

ശ്രീ ഡാനിയലിൻെറ സുഖപ്രാപ്തിക്കായി നിങ്ങാംക്ക വേണ്ടിയും, ഞങ്ങാംക്കവേണ്ടിയും ഞാൻ പ്രാർത്ഥിക്കുന്നു.

സ്നേഹാമൃതംകൊണ്ടുള്ള ഈ കുംഭാഭിഷേകത്തിന് നന്ദി പറയുവാൻ ഞങ്ങാംക്ക വാക്കുകളില്ല. ഞങ്ങളിൽ രണ്ടുപേർ ഷഷ്ടിപൂർത്തി കഴിഞ്ഞവരും രണ്ടുപേർ അതി നോടടുത്തവരും, ഒരാം അതിൽനിന്നും അകലെയല്ലാതെ നിൽക്കുന്നവരുമാണ്. ഞങ്ങാം നേടിയ സ്ഥാനമാന ങ്ങളോ, ഉദ്യോഗങ്ങളോ, പദവികളോ ഒന്നും നിങ്ങാം പരിഗണിച്ചില്ല. കാര്യമായി കരുതിയിട്ടില്ലെന്നും സ്പഷ്ടമാണ്. എളിയതോതിൽ ഉള്ളതാണെങ്കിലും ഞങ്ങാം ചെയ്ത സാഹിത്യപരിശ്രമങ്ങളെ മുൻനിറുത്തി യാണ് നിങ്ങാം ഇത്ര ഉദാരമായ രീതിയിൽ ബഹുമാനി ച്ചത്. 'നഹി കല്യാണകൃത് കശ്ചിദ്ദുർഗതിം താത, ഗച്ഛതി' എന്ന ഗീതാവചനത്തിൻെറ സാധൂകരണ മാണിത്. ഞങ്ങാം ഞങ്ങളുടെ ഉൽക്കർഷത്തിനുവേണ്ടി എത്രയോ അധികം പ്രയത്നിച്ചിട്ടുണ്ടെങ്കിലും അതൊന്നു മല്ല, ലോകത്തിനുവേണ്ടി ചെയ്ത എളിയ സേവനമാണ് നിങ്ങാം അനുസ്മരിക്കുന്നത്.

## ആധ്യാത്മികപാരമ്പര്യം

നമ്മുടെ ദേശത്തിന് ഈ വിഷയത്തിൽ അഭിമാനക രമായ ഒരു പാരമ്പര്യമുണ്ട്. ആദ്യം സ്മരിക്കേണ്ടത് ആധ്യാത്മികമായ സേവനം അനുഷ്ഠിച്ചവരേയാണ്. ആയുഷ്കാലം മുഴുവനും വേദപ്രചരണം നടത്തി ഈശ്വര സേവനം ചെയ്ത മൂത്താംപാക്കൽ കൊച്ചുകുഞ്ഞുപദേശി യുടെ ജന്മഭൂമിയാണിത്. സ്വന്തം ജീവിതത്തെ അനു സ്യൂതമായ തപസ്യയായി രൂപാന്തരപ്പെടുത്തി, ഈശ്വ രനെ മുഖത്തോടുമുഖം കണ്ട ആ മഹാ സിദ്ധൻെറ നാമം കേരളത്തിനു വെളിയിൽപ്പോലും ഇന്നു് പ്രസിദ്ധമാണ്. അദ്ദേഹം എന്നെ പുത്രനിർവ്വിശേഷം സ്നേഹിക്കുകയും അനുഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്.

ഇന്നു ജീവന്മുക്തൻെറ തുരീയാവസ്ഥയെ പ്രാപിച്ച്, എത്രയോ ഭക്തജനങ്ങാംക്ക ജ്ഞാനോപദേശം നൽകി, ആധ്യാത്മികമായ അത്യുന്നതപദവിയിൽ, ഒററപ്പാലത്തെ

Digitized by Kerala Sahitya Akademi

ശ്രീരാമകൃഷ്ണാശ്രമത്തിൻെറ അധ്യക്ഷനായിരുന്ന ശ്രീമദ് വിശദാനന്ദസ്വാമികഠം ജനിച്ചതും ഇവിടെയാണ്. പൂർവാശ്രമത്തിൽ അദ്ദേഹം എൻെറ മാതൃസഹോദരീപുത്ര നാണെന്ന വസ്തുത നിങ്ങളിൽ പ്രായമായവർക്കെങ്കിലും അറിയാമെന്ന് ഞാൻ കരുതുന്നു. അദ്ദേഹത്തിൻെറ യശസ്സ് വിദൂരരാജ്യങ്ങളിൽപ്പോലും ചെന്നെത്തിയിരി ക്കുന്നു. ലോകത്തിൻെറ പല ഭാഗങ്ങളിൽനിന്നും ജിജ്ഞാ സുക്കഠം ഒററപ്പാലത്തേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഭക്ത്യാദരങ്ങഠം പ്രകടിപ്പിക്കുന്നതിനുവേണ്ടി അവർ അദ്ദേ ഹത്തിന് ഭൗതികസമ്പത്തുകഠം കാഴ്ചവയ്ക്കുന്നു. അദ്ദേഹം അതെല്ലാം തിരസ്കരിക്കുന്നു. 'നിങ്ങഠംക്ക് നാശമില്ലാത്ത അധ്യാത്മസമ്പത്തിൽ അല്പമെങ്കിലും നൽകുവാൻ കഴി യുമോ എന്നാണ് ഞാൻ ആലോചിക്കുന്നത്. നിങ്ങ ളിൽനിന്ന് യാതൊന്നും എനിക്ക് ആവശ്യമില്ല' എന്നാ ണ് അദ്ദേഹം നൽകുന്ന മറുപടി. അദ്ദേഹത്തിൻെറ മുഖ ഭാവംപോലും മാറിയിട്ടുള്ളതായി സന്ന്യാസിമാർതന്നെ എന്നോടു പറയുകയുണ്ടായി. അപാരമായ ആഭ്യന്തര ചൈതന്യത്തിൻെറ കാന്തിപൂരം അതിൽനിന്ന് പ്രസരി ക്കുന്നതായി അവർ കണ്ടുവത്രേ. ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചിട്ടില്ലാത്ത അദ്ദേഹം ഇരുന്നയിരുപ്പിൽ പറഞ്ഞു കൊടുത്ത് ഇംഗ്ലീഷിലും, മലയാളത്തിലും, ഗദ്യത്തിലും, പദ്യത്തിലും, രചിച്ച അനേകം ഗ്രന്ഥങ്ങഠം പ്രസിദ്ധീക രിച്ചിട്ടുണ്ട്. സുകൃതം ചെയ്ത പ്രദേശങ്ങളിൽ മാത്രമേ ഇങ്ങനെയുള്ള മഹാത്മാക്കഠം ജനിക്കുകയുള്ളൂ.

അത് ആദ്ധ്യാത്മിക പാരമ്പര്യം, ഇനി സാഹിത്യ സാംസ്കാരിക കാര്യങ്ങളിലേക്കു കടന്നാൽ നമ്മുടെ നാടിന് എടുത്തുപറയാവുന്ന നേട്ടങ്ങളുണ്ട്. യശഃശരീരനായ മഹാ കവി കെ. വി. സൈമൺ ഈ ദിക്കിലുള്ളവക്ക് മുഴുവനും ആചാര്യനായി ജീവിച്ച പ്രതിഭാശാലിയാണ്. അദ്ദേഹ ത്തിൻെറ ഭവനം പ്രസിദ്ധമായ ഒരു ഗുരുകുലമായിരുന്നു. കവിതയും സാഹിത്യവും മതകാര്യങ്ങളും തത്ത്വജ്ഞാനവും മലയാളവും സംസ്കൃതവും, എല്ലാം അവിടെ എന്നും ചർച്ചാവിഷയങ്ങളായിരുന്നു. അദ്ദേഹത്തിൻെറ പ്രിയ

Digitized by Kerala Sahitya Akademi

ഭാഗിനേയരായ വറുഗീസും ഡാനിയലും അവിടുത്തെ പരിലാളനത്തിൽ വളൎന്നവരാണ്. ശ്രീ ദാമോദരനും സൈമൺ സാറിൻെറ സ്നേഹപൂൎണ്ണമായ ശിക്ഷണം ലഭിച്ചിട്ടുണ്ട്. സംസ്കാരത്തെ വിലമതിക്കുവാനും സഹൃദയത്വത്തെ പരിപോഷിപ്പിച്ച് അതിലൂടെ ജീവിതത്തിൽ സംതൃപ്തി കണ്ടെത്തുവാനും ഒരു തലമുറയെ മുഴുവനും അദ്ദേഹം പഠിപ്പിച്ചു. തൻെറ ആയുസ്സിൻെറ ഒരു വലിയ ഭാഗം മതപരമായ വാദപ്രതിവാദങ്ങൾക്കുവേണ്ടി വിനിയോഗിച്ചെങ്കിലും ഒടുവിൽ അദ്ദേഹം കാവ്യദേവതയുടെ ഉപാസന ജീവിതവ്രതമായി സ്വീകരിച്ചു. ഇതിൻെറ ഫലമായിട്ടാണ് 'വേദവിഹാരം' എന്ന മഹാകാവ്യം മലയാള ഭാഷയ്ക്കു് ലഭിച്ചത്.

## പഴയ ഏടുകൾ

സാഹിത്യരസികത്വത്തിൽ അഭിനിവേശം പൂണ്ട അന്നത്തെ യുവജനങ്ങളിൽ ചിലരെങ്കിലും കവിതയെഴുതുവാനും സ്വന്തം കൃതികൾ പ്രസിദ്ധപ്പെടുത്തുവാനും ഉൽസുകരായി. ഇക്കൂട്ടത്തിൽ ഒരാളുടെ കാര്യം ഈ സന്ദൎഭത്തിൽ നമ്മുടെ അനുസ്മരണത്തെ അൎഹിക്കുന്നു. അത് മുൻപു പറഞ്ഞ വിശദാനന്ദസ്വാമികളുടെ ജ്യേഷ്ഠസഹോദരനും, 1935—ൽ പേപ്പട്ടി കടിച്ച് അകാലചരമം പ്രാപിച്ച ദേഹവുമായ ഇടയാറന്മുള പി. സി. രാമൻപിള്ളയാണ്. അത്ഭുതകരമായ കവിത്വശക്തിയാൽ അനുഗൃഹീതനായിരുന്ന അദ്ദേഹം 'ഭാഗ്യഹീനയായ മുല്ലവല്ലി'. 'ശ്രീ ചിത്രാവതാരം' എന്നിങ്ങനെ രണ്ട് പദ്യകൃതികൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വലിയ കഷ്ടപ്പാടുകൾ സഹിച്ച്, നൂറോ ഇരുന്നൂറോ പ്രതികൾ മാത്രം അച്ചടിച്ച്, ബന്ധുക്കളുടെയും മിത്രങ്ങളുടെയും ഇടയ്ക്കു് പാരിതോഷികങ്ങളായി വിതരണംചെയ്ത പ്രസ്തുത കൃതികൾ ഇപ്പോൾ മഷിയിട്ട് നോക്കിയാലും കണ്ടുകിട്ടുകയില്ല. ഇത് അദ്ദേഹത്തിനു മാത്രം ഉണ്ടായ ഭാഗ്യദോഷം അല്ല. നമ്മുടെ രാജ്യത്ത് ഒട്ടധികം ഗ്രന്ഥങ്ങളുടെയും ഗതിയിതാണ്. കുഗ്രാമങ്ങളിൽ മുൻകാലത്ത് ജീവിച്ച അപ്രശസ്തരായ സാഹിത്യ

Digitized by Kerala Sahitya Akademi

കാരന്മാരുടെ കൃതികൾ മാത്രമല്ല ചിരംജീവികൾ എന്ന് പ്രശസ്തിനേടിയവരുടെ ഗ്രന്ഥങ്ങൾക്കും, ഇക്കാലത്ത്, ഈ ഭാഗ്യദോഷം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അച്ച ടിച്ച് വച്ചതുകൊണ്ടോ, അച്ചടിച്ച് ഇറക്കിയതുകൊണ്ടോ, അനേകം പ്രാമാണികന്മാർ പ്രശംസിച്ചതുകൊണ്ടോ പാഠ പുസ്തകമായി അംഗീകരിച്ചതുകൊണ്ടോ ഒരു കൃതിയും എന്നെന്നും ജീവിക്കുമെന്നു് വ്യാമോഹിക്കേണ്ടതില്ല. കാലപ്രവാഹം സകലത്തിനെയും നശിപ്പിക്കുന്നു. ഗ്രന്ഥ കാരന്മാരുടെ കാലം കഴിഞ്ഞാൽ അവരുടെ മക്കൾപോലും അവയിൽ താല്പര്യമില്ലാതാകുന്നു. ഈ നാശധാരയിൽ എന്നെങ്കിലും ഒരിക്കൽ ഏതെങ്കിലും ഒരു സഹൃദയന് രസാനുഭൂതി ഉളവായി എന്നതുമാത്രമാണ്, ഏതുകൃതിയു ടെയും വിജയത്തിന്റെ മാനദണ്ഡം. ബാക്കിയെല്ലാം ഏറിയകൂറും അച്ചടിക്കുവാൻ ഉപയോഗിച്ച കടലാസി ന്റെയും മഷിയുടെയും മേന്മയെ ആശ്രയിച്ചിരിക്കുന്നു. മുൻപറഞ്ഞവയെ കൂടാതെ 'കണ്ണുനീർക്കടൽ' എന്നൊരു കൃതിയും പി. സി. രാമൻപിള്ള എഴുതുകയുണ്ടായി. പക്ഷെ അത് അച്ചടിച്ചിട്ടില്ല, ഞാൻ കണ്ടിട്ടുണ്ട്. തന്റെ ഒരു സഹോദരൻ പെട്ടെന്ന് മരിച്ചതിനെപ്പററിയുള്ള വിലാപകാവ്യമാണ് അതിലെ വന്ദനശ്ലോകം. എനിക്കു് ഓർമ്മയുണ്ട്, ചൊല്ലാം.

മായാലോകമഹാർണ്ണവോന്നത—
തരംഗാന്തർനിമഗ്ന പ്രഭാ—
ശ്രീയേ! മാമറയാം മറഞ്ഞ തിര—
തന്നുള്ളിൽക്കളിക്കും നടീ,
തായേ! താപസമഗ്രഘോരദഹന—
പ്രോച്ചാടനീ, ചിദ്ഘനേ
മായേ! ഭീകരമാഹിഷഘ്നി സതതം
ഭദ്രേ! കടാക്ഷിക്ക മാം.

ഇങ്ങനെ ധന്യധന്യമായ ഈ ഗ്രാമപ്രദേശത്ത് ജനിച്ചു വളർന്ന ഞങ്ങൾക്ക് സാഹിത്യത്തിൽ താല്പര്യമുണ്ടായത് സ്വാഭാവികമാണ്. ആത്മസംതൃപ്തിക്കും ആനന്ദാനു ഭൂതിക്കും അതിനോളം ഉപകരിക്കുന്ന മറെറാരുപാധിയില്ല.

Digitized by Kerala Sahitya Akademi

ജീവിതത്തിലെ വിഷമങ്ങളേയും വ്യാകുലതകളേയും വ്യസനങ്ങളേയും അതിജീവിക്കുവാൻ അത് സഹായിക്കുന്നു. നമ്മുടെ ദുഃഖം മാത്രമല്ല ആനന്ദവും അതിലൂടെ മററുള്ളവരുമായി പങ്കിട്ടനുഭവിക്കാം. സാഹിത്യത്തിൻെറ സംസ്പർശമേല്ക്കുമ്പോൾ ഏതുവലിയ ദുഃഖത്തിനും ഒരു മാധുര്യം കൈവരുന്നു. അത് പ്രകാശിപ്പിക്കുന്നതും, സഹൃദയന്മാർക്ക് അനുഭവവേദ്യമാക്കുന്നതും ലോകസേവനമായിത്തീരുന്നു.

## മാർത്തോമക്കാരൻ

ഇവിടെനിന്നു പഠിച്ച സമുദായമൈത്രിയും ഉന്നതാദർശങ്ങളും മറക്കാതിരിക്കുവാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ഒരു അനുഭവകഥ പറയട്ടേ; കുറച്ചുനാൾമുൻപ് കേരളത്തിനു വെളിയിൽ നടന്ന ഒരു സമ്മേളനത്തിൽ ഞാൻ പങ്കെടുക്കുകയുണ്ടായി. അവിടെവെച്ച് മറെറാരു സംസ്ഥാനത്തിൽനിന്ന് പ്രതിനിധിയായി വന്ന ഒരു കേരളീയ സ്ത്രീയെ ഒരു സ്നേഹിതൻ പരിചയപ്പെടുത്തി. അവർ നാട്ടിൽനിന്ന് പോയിട്ട് വളരെ നാളായെന്നും നല്ല ഒരു ഉദ്യോഗത്തിൽ ഇരിക്കുകയാണെന്നും മനസ്സിലായി. വീട് എവിടെയാണെന്ന് ചോദിച്ചപ്പോൾ അയിരൂരാണെന്നും മാർത്തോമസമുദായത്തിലെ അംഗമാണെന്നും പറഞ്ഞു. ഇതുകേട്ടപ്പോൾ 'ഞാനും മാർത്തോമ്മാക്കാരനാണ്' എന്ന് ഞാൻ തട്ടിവിട്ടു. പരിചയപ്പെടുത്തിയ സ്നേഹിതന് തെറുപററിയോ എന്നു സംശയിച്ച് അല്പമൊരു അത്ഭുതത്തോടെ അവർ ചോദിച്ചു, 'പേരു്'? എൻെറ മറുപടി 'പേരു് ഭാസ്കരൻനായരെന്നാണ്. പക്ഷേ, മാർത്തോമ്മാക്കാരനാണ്.' കളി പറയുകയാണെന്നു കണ്ടു അവർ ചിരിച്ചു. കളിയല്ലെന്നും, ശരിയായ മാർത്തോമ്മാ സമ്പ്രദായത്തിൽ, സുന്ദരമായ സുറിയാനി ഭാഷയിൽ ഒരു കുബ്ബാന നടത്തുവാൻ കഴിയുമെന്നും പ്രസ്താവിച്ചുകൊണ്ട്, കുട്ടിക്കാലത്ത് ആനിക്കാട്ടച്ചൻ ചൊല്ലുന്നതുകേട്ട് ഹൃദിസ്ഥമാക്കിയ അല്പം സുറിയാനി വാക്യങ്ങൾ ഞാൻ ഉരുവിട്ടു. 'അയ്യോ! ഞങ്ങളുടെ ഇന്നത്തെ വൈദിക

Digitized by Kerala Sahitya Akademi

ന്മാക്കുപോലും ഇതു് അറിഞ്ഞുകൂടല്ലോ!' എന്നു് അവർ ആശ്ചര്യപ്പെട്ടു. ഞാൻ പറഞ്ഞു: 'അതാണു് ഇടയാറന്മുളക്കാരുടെ സവിശേഷത. ഇവിടെ ഭാസ്കരൻനായർ സുറിയാനി ചൊല്ലും. മത്തായി മാപ്പിള ഹരിനാമകീർത്തനവും ചൊല്ലും.'

ഗുരുജനങ്ങളെ, സഹോദരങ്ങളെ, നിങ്ങൾക്കു് സ്നേഹാദരങ്ങൾ അർപ്പിക്കുകയല്ലാതെ എന്താണു് എന്നെപ്പററി നിങ്ങളോടു് പറയേണ്ടതു്? എൻെറ 57 വർഷത്തെ ജീവിതം വ്യർത്ഥമായില്ലെന്നു് നിങ്ങളുടെ അകമഴിഞ്ഞ ഈ വാത്സല്യപ്രകടനം എന്നെ ബോദ്ധ്യപ്പെടുത്തുന്നു. സാഹിത്യത്തിലും സാംസ്കാരികപ്രവർത്തനങ്ങളിലും മററും എനിക്കു് വലിയ നേട്ടങ്ങളൊന്നുമില്ല. അല്ലെങ്കിൽ തന്നെയും, സാഹിത്യവാസന ജന്മസിദ്ധവും ഈശ്വരദത്തവും ആണെന്നാണു് പറയുന്നതു്. അതിനെ കൈവിട്ടുകളഞ്ഞില്ല എന്നും, പരിപോഷിപ്പിക്കുവാൻ കഴിവതൊക്കെ ചെയ്തു എന്നും, മാത്രമേ ആക്കും അഭിമാനിക്കുവാൻ അവകാശമുള്ളു. ഓരോ ജീവിതത്തിൻെറയും ചുററുപാടുകളും ഭാഗധേയങ്ങളും അനുസരിച്ചു് പ്രസ്തുത യത്നത്തിൽ ഏർപ്പെടുവാനുള്ള സൗകര്യങ്ങൾ വ്യത്യാസപ്പെടുകയും ചെയ്യുന്നു. അതുകൊണ്ടു് നിങ്ങൾ നൽകിയ അഭിനന്ദനങ്ങൾക്കു് പ്രശ്രയപൂർവ്വം നന്ദി പറയുകയല്ലാതെ മററൊന്നിനും ഞാൻ ഒരുമ്പെടുന്നില്ല.

## ഒരു ചരിത്രകഥ

പക്ഷേ, ഓരോ മനുഷ്യനും പരിപൂർണ്ണമായ ചുമതലയുള്ള മറെറാരു കാര്യമുണ്ടു്. അതു് തൻെറ ജീവിതത്തിൽ അവൻ പുലർത്തിയ ധാർമ്മികമൂല്യങ്ങളുടെ കാര്യമാണു്. ഇതേപ്പററി ചിന്തിക്കുമ്പോൾ ഞാൻ ഒരു ചരിത്രകഥ ഓർമ്മിച്ചുപോകുന്നു. ക്രിസ്തുവർഷം 16—ാം നൂററാണ്ടിൽ സ്പെയിനിലെ രാജാവിനുവേണ്ടി മെക്സിക്കോരാജ്യം വെട്ടിപ്പിടിച്ച പരാക്രമികളിൽ ഒരാൾ അതിപ്രസിദ്ധനും കുബേരനും വലിയ സ്ഥാനമാനങ്ങളാൽ അലംകൃതനും ആയിത്തീർന്നു. അയാൾ കീർത്തിമാ

Digitized by Kerala Sahitya Akademi

നായി ജനിച്ചു വളർന്ന ഗ്രാമത്തിലെ ജനങ്ങൾ ഗംഭീര മായ ഒരു സ്വീകരണം നൽകി. അവർ ഏർപ്പാടുചെയ്തി രുന്ന ഘോഷയാത്രയിൽ പങ്കുകൊള്ളുവാൻ ധീരോദാത്ത നായകൻെറ വേഷത്തിൽ അയാൾ വന്നെത്തി. ബന്ധു മിത്രാദികളുടെ ആവേശം ഉച്ചകോടിയെ പ്രാപിച്ചു. അയാൾ ആ രംഗം ആകെയൊന്ന് സമീക്ഷിച്ചു. ഉത്തര ക്ഷണത്തിൽ അയാൾ അവിടെനിന്ന് പലായനം ചെയ്യു ന്നതാണ് അവർ കണ്ടത്. ആ ഓട്ടം ഗ്രാമത്തിലെ ചെറിയ പള്ളിയെ ലക്ഷ്യമാക്കിയായിരുന്നു. ഇതുകണ്ട് അമ്പരന്ന സ്വീകരണക്കാർ പുറകെ ചെന്നപ്പോൾ കണ്ടത് മഹാപരാക്രമിയായ ആ മനുഷ്യൻ പള്ളിക്കകത്ത്, വിശുദ്ധ കന്യാമറിയത്തിൻെറ വിഗ്രഹത്തിനുമുമ്പിൽ, വെറും നിലത്തു കിടന്ന് പൊട്ടിക്കരയുന്ന കാഴ്ചയാണ്. 'അമ്മേ! ഞാൻ മനുഷ്യാധമനാണ്. മഹാപാപി യാണ്. ഞാൻ ചെയ്ത നരമേധങ്ങൾക്കും നാരീമേധ ങ്ങൾക്കും കണ്ണിൽ ചോരയില്ലാത്ത ക്രൂരതകൾക്കും വഞ്ച നകൾക്കും മഹാദ്രോഹങ്ങൾക്കും കണക്കില്ല. അളവററ ഈ പാതകങ്ങൾക്ക് ഏതു നരകത്തിൽ നീറിയാലും പ്രായ ശ്ചിത്തമാവുകയില്ല. അമ്മേ ദൈവമാതാവേ! കളങ്കമി ല്ലാത്തവളേ! ഈ മഹാപാപിക്ക് മാപ്പുതരണമേ!' എന്നാണ് അയാൾ നിലവിളിച്ചത്.

ഞാൻ പുതിയ സാമ്രാജ്യങ്ങൾ വെട്ടിപ്പിടിച്ചവനോ, കീർത്തി നേടിയവനോ, നാടിൻെറ അഭിമാനം വളർത്തി യവനോ ഒന്നുമല്ല. എങ്കിലും നിങ്ങൾ സംഘടിപ്പിച്ച ഘോഷയാത്രയിൽ പങ്കെടുത്തു കൂട്ടിക്കൊണ്ടുവന്ന് മാല ചാർത്തിയപ്പോൾ ഞാൻ നിൽക്കുന്നത് അമ്മയുടെ തിരു മുമ്പിലാണെന്ന വസ്തുത എന്നെ ഞെട്ടിയുണർത്തി. ചെറു പ്പുഴയ്ക്കാട്ടു കാവിലെ ആ അമ്മ എനിക്കു പെററമ്മയെ പ്പോലെ പ്രത്യക്ഷയാണ്. ആ അമ്മയോട് മാപ്പുചോദി ക്കേണ്ട ഒരു കൃത്യവും ഞാൻ ചെയ്തിട്ടില്ല. സ്വഭാവ ശുദ്ധിക്കും, ധർമ്മബോധത്തിനും, നീതിനിഷ്ഠയ്ക്കും ഒരു ചെറിയ കളങ്കംപോലും പററാതിരിക്കുവാൻ ഞാൻ പരമാ വധി ശ്രദ്ധിച്ചിട്ടുണ്ട്. അതിൽ വിജയിച്ചുവെന്നും

Digitized by Kerala Sahitya Akademi

വിശ്വസിക്കുന്നു. അന്തരാത്മാവിൻെറ ശ്രീകോവിലിൽ മനഃസാക്ഷിയുടെ പ്രദീപ്തസന്നിധിയിൽ, അമ്മയോട് ഈ വസ്തുത ഉണർത്തിച്ചിട്ടുതന്നെയാണ് ഇന്നത്തെ ഘോഷയാത്രയിൽ ഞാൻ ആദ്യത്തെ ചുവടുവച്ചത്. ഒരു മനുഷ്യനും, ഒരിക്കലും, ഒരുവിധത്തിലും, ഒഴിഞ്ഞുമാറുവാൻ കഴിയാത്ത ഈ ഉത്തരവാദിത്വം, ഇതുവരെയുള്ള ജീവിതത്തിൽ തികച്ചും നിറവേററിയെന്ന് ഞാൻ വിനയപൂർവം അവകാശപ്പെടുന്നു. ജീവിതം സ്വപ്നമാണ്. നമ്മുടെ മുൻതലമുറകളെപ്പോലെ നമ്മളും ഈ രംഗത്തുനിന്ന് മാഞ്ഞുപോകും. നമ്മുടെ നേട്ടങ്ങളുടെയും നാം മുറുകെപ്പിടിക്കുന്ന ഭൗതികസമ്പത്തുകളുടെയും ഗതിയും ഇതുതന്നെയാണ്. സൽകൃത്യങ്ങളും സന്മനോഭാവങ്ങളും അവയുടെ ഫലമായി ഉളവാകുന്ന സദ്വികാരങ്ങളുമാണ് ഈ മായാദീപ പ്രദർശനത്തിൽ വല്ലപ്പോഴുമെങ്കിലും ഒരു സത്യാനുഭൂതി ജനിപ്പിക്കുന്നത്. അങ്ങനെയുള്ള ഒരു അദ്ഭുതദർശനത്തിൽ മുഴുകി ഞാൻ കോരിത്തരിച്ചു നില്ക്കുകയാണ്. നിത്യതയിലെ തേജോമയമായ നിശ്ചല ലോകം ഞാൻ കാണുന്നു. സ്നേഹധാമങ്ങളായ നിങ്ങൾ നൽകിയ ഈ മഹാ അനുഗ്രഹത്തിന് യഥായോഗ്യം നന്ദിപറയുവാൻ ഞാൻ അശക്തനാണ്. അത് സല്പാത്രത്തിലാണ് നൽകിയതെന്നുമാത്രം അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. മരിച്ചാലും മറക്കാത്ത ഈ മംഗളമുഹൂർത്തത്തിൽ, പമ്പാതീർത്ഥത്തിലെന്നപോലെ കരിമ്പിൻനീരിലും കുതിർന്ന ഈ മണ്ണിൽനിന്ന് രൂപംപൂണ്ട എൻെറ എളിയ ജീവിതത്തെ ഇക്കാലമത്രയും ശുദ്ധചര്യയുടെ പൂജാപാത്രത്തിൽ പരിരക്ഷിച്ചു എന്ന ആത്മസംതൃപ്തിയാണ് ഈ നിവേദനത്തിലൂടെ പ്രാണപ്രിയരായ നിങ്ങൾക്ക് ഞാൻ തിരുമുൽക്കാഴ്ചവയ്ക്കുന്നത്. തിരുവാറന്മുളയപ്പൻ നമുക്ക് സുഖം തരട്ടെ. സാഷ്ടാംഗം നമസ്കാരം.

അഞ്ചു മക്കളിൽ ഒന്നായിട്ടാണ് ഞാൻ ജനിച്ചത്. അഞ്ചുപേരും ആയുസ്സോടെ ഇരിക്കുന്നു. അമ്പത്തിയേഴു വർഷത്തിനുശേഷം ഞങ്ങളുടെ നാട്ടുകാർ അഭിമാനഭാജന

Digitized by Kerala Sahitya Akademi

ങ്ങളായി കരുതിയ അഞ്ചു വ്യക്തികളിൽ ഒരുവനായി എണ്ണപ്പെട്ടവെന്നത് ദുരൂഹമെങ്കിലും അനുഭവൈകവേദ്യമായ ഏതോ കാവ്യനീതിയുടെ സാക്ഷാത്കാരമാണെന്ന എനിക്കു തോന്നുന്നു. മരം അരച്ചുണ്ടാക്കിയ കടലാസിനല്ലാതെ ഒരു മനുഷ്യജീവിക്കും ചെറിയ പോറലുപോലും ഉണ്ടാക്കാതെ യഥാശക്തി ചെയ്ത യത്നത്തിന്റെ ഫലമായി, ജനിച്ച ദിക്കിൽനിന്ന് ഇങ്ങനെയൊരു അഭിനന്ദനം ലഭിച്ചതിൽ അവാച്യമായ കൃതാർത്ഥതയും തോന്നുന്നു.

★

Digitized by Kerala Sahitya Akademi

# അമ്മയുടെ തിരുമുമ്പിൽ

## ഡോ. കെ. ഭാസ്കരൻനായർ

ഡോ. കെ. ഭാസ്കരൻനായർ ജീവിതസായാഹ്നത്തിൽ (1970—1982) എഴുതിയതും ഗ്രന്ഥരൂപത്തിൽ മുൻപ് സമാഹരിക്കപ്പെട്ടിട്ടില്ലാത്തതുമായ പത്തു ലേഖനങ്ങളാണ് ഇതിൽ ചേർത്തിരിക്കുന്നത്. നമ്മുടെ സംസ്കാരപാരമ്പര്യത്തിൽ അഭിമാനിക്കുന്നവരും, സംസ്കാരലോപത്തിൽ ദുഃഖിക്കുന്നവരുമായ സഹൃദയരിൽ സഗൗരവമായ ചിന്തകളെ ഉണർത്തുന്ന വിശിഷ്ടനിബന്ധങ്ങളാണിവ. ''ഇവയിൽ മിക്കതിലും സ്വന്തം അനുഭവങ്ങളും വീക്ഷണഗതികളുമാണ് ഗ്രന്ഥകർത്താവ് വിവരിക്കുന്നത്. താൻ ജനിച്ചു വളർന്ന ഇടയാറന്മുള എന്ന ഗ്രാമത്തിലെ ജീവിതത്തിലും, ആളുകളുടെ മനോഭാവത്തിലും ഉണ്ടായിവന്ന മാററങ്ങൾ അദ്ദേഹം വ്യക്തമായി കണ്ടു. പുരോഗതിയുടെ പേരിൽ വന്ന ഈ മാററങ്ങൾ ആ ഗ്രാമത്തിലെ ജീവിതത്തെ കുറേയൊക്കെ എളുപ്പവും സുഖപ്രദവും ആക്കിയെങ്കിലും, അതോടൊപ്പംതന്നെ സാംസ്കാരികവും ആധ്യാത്മികവുമായ അധഃപതനത്തിനും അവ വഴി തെളിച്ചു. ഭൗതികപുരോഗതിയുടെ ഈ മറുവശം അദ്ദേഹത്തെ വളരെയധികം വേദനിപ്പിച്ചു; കാരണം, പണം കൊടുത്തു വാങ്ങാൻ കഴിയാത്ത ചില കാര്യങ്ങളാണ് ഈ ജീവിതത്തിൽ അനല്പമായ ചാരിതാർത്ഥ്യവും ധന്യതയും കലർത്തുന്നത്. അവയില്ലെങ്കിൽ ജീവിതം തുച്ഛവും സ്വപ്നസന്നിഭവുമാണെന്ന് അദ്ദേഹം കണ്ടു.'' ഡോ. ഭാസ്കരൻനായരുടെ ഓജസ്സും പ്രസാദവും കലർന്ന, ആത്മവത്തയെ പ്രതിഫലിപ്പിക്കുന്ന, ഗദ്യശൈലിയും പ്രതിപാദനവൈശദ്യവും ഈ പ്രബന്ധങ്ങളിലാണേററവും തെളിഞ്ഞു കാണുന്നത്.

വില: ക. 30.00

ഒരു മാതൃഭൂമി പ്രസിദ്ധീകരണം

Digitized by Kerala Sahitya Akademi